ശ	ശാ	ശി	ശീ	ശു	ശൂ	ശൃ	ശൄ	ശൢ	ശൣ
ഷ	ഷാ	ഷി	ഷീ	ഷു	ഷൂ	ഷൃ	ഷൄ	ഷൢ	ഷൣ
സ	സാ	സി	സീ	സു	സൂ	സൃ	സൄ	സൢ	സൣ
ഹ	ഹാ	ഹി	ഹീ	ഹു	ഹൂ	ഹൃ	ഹൄ	ഹൢ	ഹൣ
ള	ളാ	ളി	ളീ	ളു	ളൂ	ളൃ	ളൄ	ളൢ	ളൣ
ക്ഷ	ക്ഷാ	ക്ഷി	ക്ഷീ	ക്ഷു	ക്ഷൂ	ക്ഷൃ	ക്ഷൄ	ക്ഷൢ	ക്ഷൣ
ഴ	ഴാ	ഴി	ഴീ	ഴു	ഴൂ				
റ	റാ	റി	റീ	റു	റൂ				

I. *(continued.)*

എ	ഏ	ഐ	ഒ	ഓ	ഔ	അം	അഃ
പെ	പേ	പൈ	പൊ	പോ	പൌ	പം	പഃ
ഫെ	ഫേ	ഫൈ	ഫൊ	ഫോ	ഫൌ	ഫം	ഫഃ
ബെ	ബേ	ബൈ	ബൊ	ബോ	ബൌ	ബം	ബഃ
ഭെ	ഭേ	ഭൈ	ഭൊ	ഭോ	ഭൌ	ഭം	ഭഃ
മെ	മേ	മൈ	മൊ	മോ	മൌ	മം	മഃ
യെ	യേ	യൈ	യൊ	യോ	യൌ	യം	യഃ
രെ	രേ	രൈ	രൊ	രോ	രൌ	രം	രഃ
ലെ	ലേ	ലൈ	ലൊ	ലോ	ലൌ	ലം	ലഃ
വെ	വേ	വൈ	വൊ	വോ	വൌ	വം	വഃ
ശെ	ശേ	ശൈ	ശൊ	ശോ	ശൌ	ശം	ശഃ
ഷെ	ഷേ	ഷൈ	ഷൊ	ഷോ	ഷൌ	ഷം	ഷഃ
സെ	സേ	സൈ	സൊ	സോ	സൌ	സം	സഃ
ഹെ	ഹേ	ഹൈ	ഹൊ	ഹോ	ഹൌ	ഹം	ഹഃ
ളെ	ളേ	ളൈ	ളൊ	ളോ	ളൌ	ളം	ളഃ
ക്ഷെ	ക്ഷേ	ക്ഷൈ	ക്ഷൊ	ക്ഷോ	ക്ഷൌ	ക്ഷം	ക്ഷഃ
ഴെ	ഴേ	ഴൈ	ഴൊ	ഴോ	ഴൌ	ഴം	
റെ	റേ	റൈ	റൊ	റോ	റൌ	റം	

II. *Consonants*

a)	്യ	്ര	്ല	്വ	ൎ
	ക്യ	ക്ര	ക്ല	ക്വ	ൎക്ക
	ഖ്യ	ഖ്ര	ഖ്ല	ഖ്വ	ൎക്ഖ
	ഗ്യ	ഗ്ര	ഗ്ല	ഗ്വ	ൎഗ്ഗ
	ഘ്യ	ഘ്ര	ഘ്ല	ഘ്വ	ൎഗ്ഘ
	ങ്യ	ങ്ര	ങ്ല	ങ്വ	ൎങ്ങ
	ച്യ	ച്ര	ച്ല	ച്വ	ൎച്ച
	ഛ്യ	ഛ്ര	ഛ്ല	ഛ്വ	ൎച്ഛ
	ജ്യ	ജ്ര	ജ്ല	ജ്വ	ൎജ്ജ
	ഝ്യ	ഝ്ര	ഝ്ല	ഝ്വ	ൎജ്ഝ
	ഞ്യ	ഞ്ര	ഞ്ല	ഞ്വ	ൎഞ്ഞ
	ട്യ	ട്ര	ട്ല	ട്വ	ൎട്ട
	ഠ്യ	ഠ്ര	ഠ്ല	ഠ്വ	ൎഠ
	ഡ്യ	ഡ്ര	ഡ്ല	ഡ്വ	ൎഡ്ഡ
	ഢ്യ	ഢ്ര	ഢ്ല	ഢ്വ	ൎഡ്ഢ
	ണ്യ	ണ്ര	ണ്ല	ണ്വ	ൎണ്ണ
	ത്യ	ത്ര	ത്ല	ത്വ	ൎത്ത
	ഥ്യ	ഥ്ര	ഥ്ല	ഥ്വ	ൎത്ഥ
	ദ്യ	ദ്ര	ദ്ല	ദ്വ	ൎദ
	ധ്യ	ധ്ര	ധ്ല	ധ്വ	ൎദ്ധ
	ന്യ	ന്ര	ന്ല	ന്വ	ൎന്ന
	പ്യ	പ്ര	പ്ല	പ്വ	ൎപ്പ
	ഫ്യ	ഫ്ര	ഫ്ല	ഫ്വ	ൎപ്ഫ
	ബ്യ	ബ്ര	ബ്ല	ബ്വ	ൎബ്ബ
	ഭ്യ	ഭ്ര	ഭ്ല	ഭ്വ	ൎബ്ഭ
	മ്യ	മ്ര	മ്ല	മ്വ	ൎമ്മ
	യ്യ	യ്ര	യ്ല	യ്വ	ൎയ്യ

with Consonants. **II.**

യ	ര	ല	വ	ര
റ്യ	റ്ര	റ്ല	റ്വ	ർറ
ല്യ	ല്ര	ല്ല	ല്വ	ർല
വ്യ	വ്ര	വ്ല	വ്വ	ർവ
ശ്യ	ശ്ര	ശ്ല	ശ്വ	ർശ
ഷ്യ	ഷ്ര	ഷ്ല	ഷ്വ	ർഷ
സ്യ	സ്ര	സ്ല	സ്വ	ർസ
ഹ്യ	ഹ്ര	ഹ്ല	ഹ്വ	ർഹ
ള്യ	ള്ര	ള്ല	ള്വ	ർള
ക്ഷ്യ	ക്ഷ്ര	ക്ഷ്ല	ക്ഷ്വ	ർക്ഷ

b)

ക്ത	ഗ്ഗ	ഗ്ദ	ഗ്ന	ഗ്മ	ഘ്ന	ങ്മ
ജ്ഞ	ഞ്ജ	ഞ്ഞ	ങ്ക	ണ്ഠ	ണ്ഡ	ത്ഥ
ത്ന	ത്മ	ത്സ	ദ്ധ	ന്ഥ	ന്ദ	ന്ധ
ന്ന	പ്ത	പ്ന	പ്പ	ബ്ദ	ബ്ബ	മ്ന
	യ്ക	യ്ത	യ്വ	യ്മ	യ്പ	
	ല്ക	ല്പ	ല്മ	ശ്വ	ശ്ന	
	ശ്ച	ശ്മ	ഷ്ക	ഷ്ട	ഷ്ഠ	
	ഷ്ണ	ഷ്പ	ഷ്ഫ	ഷ്മ	സ്ക	
		സ്ഖ	സ്ത	സ്ഥ		
		സ്ന	സ്പ	സ്ഫ		
		സ്മ	ഹ്ന	ഹ്മ		

ക്ഷ്ണ ക്ഷ്മ

ഴ്ക ഴ്ച ഴ്ത ഴ്മ ഴ്വ

c)

ക്ത്യ	ക്ത്ര	ക്ത്ര്യ	ക്ത്വ	ഘ്ന്യ	ന്ത്ര	
ഷ്ട്യ	ഷ്ട്ര	ഷ്ട്വ	ഷ്ഠ്യ	ഷ്ഠ്വ	ന്ത്ര	ഹ്വ്യ

Fourth Lesson.

How to ask.

1. ഇതു എന്തു (in short ഇതെന്തു) (idendu)? what (is) this?
Literally: This what?

2. മുനിഷി എപ്പോൾ വരും (Munishi eppōḷ varum)? when will the Munshi come?

Lit. Munshi when will come?

വരും future of വരിക to come. ഞാൻ വരുന്നു I come (ńāń = I); ഞാൻ വന്നു I came; I shall come = ?

3. ആർ വന്നു (ār vannu)? who did come? (came വന്നു.)

4. നിന്റെ പേർ എന്തു (niṅde pēr yendu)? what is thy name?
Lit. Thy name what?

നിന്റെ genitive of നീ thou.

§ 27. The Genitive of the Personal Pronoun (of thee നിന്റെ) is used instead of the *Possessive Pronoun* "thy".

§ 28. Ex. 1. and 4. show, that the Auxiliary Verb "*to be*" is often omitted in Malayalam.

§ 29. The *Interrogative Pronoun* in general is placed before the Verb, so that, if the Auxiliary Verb is omitted (as in Ex. 1 and 4), its place will be at the end of the question (see § 36. 102).

Exercise 1.

Commit the following words to memory: 1. പേർ name; 2. വരിക (വരുന്നു, വന്നു, വരും) to come; 3. എന്തു what; 4. എപ്പോൾ when; 5. ആർ who; 6. ഞാൻ I; 7. നീ thou; 8. ഇതു this (thing).

Exercise 2.

Translate the following sentences:

1. When wilt thou come?
   നീ എപ്പോൾ വരും
2. When did this come?
   ഇതു എപ്പോൾ വന്നു
3. Who comes?
   ആർ വരുന്നു
4. When did I come?
   ഞാൻ എപ്പോൾ വന്നു
5. When wilt thou come?
   നീ എപ്പോൾ വരും

5. ഒരു വീടു എവിടെ (oru vīḍu eviḍē)? where is a house?
Lit. A house where?

വീടു house; എവിടെ where, ഒരു a, one.

6. അവൻ എവിടെ പാൎക്കുന്നു (avaṅ eviḍē pārkkunnu)? where does he live (dwell)?
Lit. He where lives?

അവൻ he; പാൎക്ക (പാൎക്കുന്നു present, പാൎത്തു past tense, പാൎക്കും future) to dwell, live.

7. നിങ്ങൾ ഇതു എങ്ങിനേ ചെയ്യുന്നു (niṅṅaḷ idu eṅṅinē čeyyunnu)? how do you do this?

Lit. You this how do?

നിങ്ങൾ you, എങ്ങിനേ how, ചെയ്യുന്നു to do (present tense; past. ചെയ്തു, fut. ചെയ്യും).

§ 30. In Malayalam (as in German) not everybody is *addressed* with the Pronoun നിങ്ങൾ you. Grown up people and superiors are to be addressed with "നിങ്ങൾ", children and inferiors (and as such is also considered the wife in comparison with her husband)—in prayer also God—by നീ (thou).

§ 31. The Present Tense terminates in ഉന്നു (വരുന്നു, പാൎക്കുന്നു, ചെയ്യുന്നു), in forming *the Future Tense* ഉന്നു is changed into ഉം (വരും, പാൎക്കും, ചെയ്യും).

§ 32. Ex. 5. shows the *Indefinite Article* in Malayalam. ഒരു is originally the number "one" (*see* ex. 8). It is used in general like the English Indefinite Article; ഒരു പേർ a name, etc.

Exercise 1.

9. വീടു house; 10. പാൎക്കുക (പാൎക്കുന്നു, പാൎത്തു, പാൎക്കും) dwell; 11. ചെയ്ക (ചെയ്യുന്നു, ചെയ്തു, ചെയ്യും) to do; (ഒരു one); 12. എവിടേ where; 13. എങ്ങിനേ how; 14. അവൻ he; 15. നിങ്ങൾ you.

Exercise 2.

1. What do you do? നിങ്ങൾ (നീ) എന്തു ചെയ്യുന്നു?	4. Where will you live? നിങ്ങൾ എവിടേ പാൎക്കും?
2. How did you come? നിങ്ങൾ എങ്ങിനേ വന്നു?	5. Who shall do this? ഇതു ആർ ചെയ്യും?
3. When did he do this? അവൻ ഇതു എപ്പോൾ ചെയ്തു?	6. How shall I do this? ഞാൻ ഇതു എങ്ങിനേ ചെയ്യും?

Exercise 3.

Personal Pronouns.

ഞാൻ I; ഞങ്ങൾ we; നീ thou; നിങ്ങൾ you; അവൻ he; അവർ they.

8. എത്ര ആൾ ഇവിടേ പാൎക്കുന്നു (etra āḷ ividē pārkkunnu)? how many people live here? ഒരു ആൾ (=ഒരാൾ) one person.

Lit. How many person here live?

എത്ര how much, how many?

9. നിങ്ങൾ എന്തിന്നു വന്നു (niṅṅaḷ endinnu vannu)? why did you come?

Lit. You why came?

We may also say: നിങ്ങൾ എന്തിന്നായി വന്നു? or എന്തായി വന്നു? or എന്താ (=എന്താകുന്നു or എന്താണ്) വന്നതു? (see § 102.) എന്തായി what for; എന്തിന്നു is the Dative of "to what (purpose)".

10. രണ്ടു ആളുകൾ (രണ്ടാളുകൾ) ഇതു എന്തുകൊണ്ടു ചെയ്യുന്നു (randu āḷugaḷ idu endukondu čeyyunnu)? why are two persons doing this?

Lit. Two persons this why do?

രണ്ടു two; ആളുകൾ is the plural of ആൾ; എന്തുകൊണ്ടു why.

§ 33. In colloquial language the *Verb* is employed without personal affixes; Personal Pronouns before the Verb in its present, past or future tenses, indicate the personal relations. As to Poetry see § 244.

§ 34. ഒരാൾ and രണ്ടാളുകൾ (ex. 8) show, that ഉ in ഒരു, രണ്ടു and other Numerals before a vowel is usually omitted, *f. e.* ഒരിടി (ഒരു ഇടി) a thunder, ഒരൊലി (ഒരു ഒലി) a sound, ഒരടി a slap, a step.

§ 35. എന്തിന്നു (what for?) shows, that the *Dative* in Malayalam expresses also "Purpose" or "Intention" and is employed, where in English the Preposition "for" is used (see ex. 30).

Exercise 1.

16. ആൾ (*plur.* ആളുകൾ) person; 17. എത്ര how much, how many; 18. എന്തിന്നു or എന്തായി or എന്തുകൊണ്ടു why; 19. ഇവിടേ here; 20. രണ്ടു two; 21. ഒരു a (ex. 3), one (ex. 8).

1. How many people came?
   എത്ര ആളുകൾ വന്നു?
2. Why do *two* persons live here?
   എന്തുകൊണ്ടു രണ്ടു ആളുകൾ ഇവിടെ പാൎക്കുന്നു?
3. How many persons did this?
   എത്ര ആളുകൾ ഇതു ചെയ്തു?
4. When did the two persons come here?
   രണ്ടു ആളുകൾ എപ്പോൾ ഇവിടെ വന്നു?
5. Why came the two persons here?
   രണ്ടു ആളുകൾ എന്തിന്നായിട്ടു ഇവിടെ വന്നു?

Exercise 2.

(Conjugation of the Verbs.)

a.

ഞാൻ പാൎക്കുന്നു — ഞങ്ങൾ പാൎക്കുന്നു.
നീ പാൎക്കുന്നു — നിങ്ങൾ പാൎക്കുന്നു.
അവൻ പാൎക്കുന്നു — അവർ പാൎക്കുന്നു.

b.			*c.*		
ഞാൻ	ആകുന്നു	I am.	ഞാൻ	വന്നു	I came.
നീ	ആകുന്നു	thou art.	നീ	വന്നു	thou camest.
അവൻ	ആകുന്നു	he is.	അവൻ	വന്നു	he came.
ഞങ്ങൾ	ആകുന്നു	we are.	ഞങ്ങൾ	വന്നു	we came.
നിങ്ങൾ	ആകുന്നു	you are.	നിങ്ങൾ	വന്നു	you came.
അവർ	ആകുന്നു	they are.	അവർ	വന്നു	they came.

Fifth Lesson.

Questions *(continued)*.

11. തീൻ തയ്യാറായോ (tīǹ tayyārāyō)? is the dinner ready?

തീൻ dinner; തയ്യാറായോ? തയ്യാർ + ആയി + ഓ; തയ്യാർ ready; ആയി is a participle form* of ആകുക (to be) being; as to its form it is identical with the past tense of the Verb. ഓ indicates the question.

12. ചായ തയ്യാറായോ (čāya tayyārāyō)? is the tea ready?

ചായ tea.

13. നിങ്ങൾ വീട്ടിൽ പോകുന്നുവോ (niṅṅaḷ vīṭṭil pōgunnuvō)? do you go home (into the house)?

വീട്ടിൽ (from വീടു) means "in the house"; പോകുന്നു present tense of പോകുക (to go), past tense പോയി, future tense പോകും; ഓ joined by the consonant വ to the final ഉ of പോകുന്നു (see § 39).

14. ഇറച്ചി കൊണ്ടുവന്നുവോ (iṟačči koṇḍu vannuvō)? did you bring the meat?

ഇറച്ചി meat; combining the Participle കൊണ്ടു with this verb വരുക we get the Malayalam for "to bring". So കൊണ്ടുവന്നുവോ (did you bring?) is the interrogative form of the past tense.

§ 36. *In asking for an affirmation or for a denial* ഓ is affixed to the word in question. നീ പോകുന്നു (thou goest) becomes നീ പോകുന്നുവോ (doest thou go)? In German and in some cases also in English this kind of question is expressed by a different position of the words or only by an interrogative pronunciation. In English generally (*cf.* ex. 3. 4) the Verb "do" is employed. ഓ in Malayalam is affixed to the word, most pronounced in the sentence.

ഓ is affixed to the present tense ഉന്നു or the past tense ന്നു (ത്തു or ട്ടു) by inserting the consonant വ between ഉ and ഓ; ex. 1 and 2 show, that ഇ (in ആയി) is changed into ഓ.

In all questions for an affirmation the Interrogative Verb will be the last word of the sentence.

§ 37. ആയി is the past tense of ആകുന്നു, the copula (it is used in the sentences above as an Adverb, see § 76); hence ഞാൻ ആയി means I was. The Future Tense is formed by adding ഉം: ആകും shall be (see § 31).

ഞാൻ	ആയി I was.	ഞാൻ	ആകും I shall be.
നീ	ആയി thou wast.	നീ	ആകും thou shalt be.
അവൻ	ആയി he was.	അവൻ	ആകും he shall be.
ഞങ്ങൾ	ആയി we were.	ഞങ്ങൾ	ആകും we shall be.
നിങ്ങൾ	ആയി you were.	നിങ്ങൾ	ആകും you shall be.
അവർ	ആയി they were.	അവർ	ആകും they shall be.

* "Seiend" in German, "being" in English; see § 138.

Remark: ആയി as past tense is scarcely used; "I was" is in general translated by ഞാൻ ആയിരുന്നു (see §99).

Exercise 1.

1. തീൻ dinner; 2. ചായ tea; 3. ഇറച്ചി meat; 4. തയ്യാർ ready; 5. ആകുക to be; 6. പോകുക to go; 7. കൊണ്ടുവരുക to bring.

Exercise 2.

1. Did you bring the tea?
   ചായ കൊണ്ടുവന്നോ?
2. Do you stay at home?
   നിങ്ങൾ വീട്ടിൽ പാൎക്കുന്നുവോ?
3. Do you do this?
   നിങ്ങൾ ഇതു ചെയ്യുന്നുവോ?
4. Did you come?
   നിങ്ങൾ വ(ന്നുവോ?)ന്നോ?
5. Did he bring water?
   വെള്ളം കൊണ്ടുവന്നുവോ?
6. When will you bring the meat?
   ഇറച്ചി എപ്പോൾ കൊണ്ടുവരും?
7. Did he go?
   അവൻ പോയോ?
8. Do two persons dwell in the house?
   വീട്ടിൽ രണ്ടാൾ പാൎക്കുന്നുവോ?

Exercise 3.

Present Tense.

ഞാൻ പോകുന്നു—പോകുന്നുവോ? ഞങ്ങൾ പോകുന്നു—പോകുന്നുവോ?
നീ പോകുന്നു—പോകുന്നുവോ? നിങ്ങൾ പോകുന്നു—പോകുന്നുവോ?
അവൻ പോകുന്നു—പോകുന്നുവോ? അവർ പോകുന്നു—പോകുന്നുവോ?

Past Tense.

ഞാൻ പോയി—പോയോ? ഞാൻ പോകും—പോകുമോ?
നീ പോയി—പോയോ? നീ പോകും—പോകുമോ?
അവൻ പോയി—പോയോ? etc. അവൻ പോകും—പോകുമോ? etc.

15. നിന്റെ അച്ഛൻ ഈ വീട്ടിൽ പാൎക്കുന്നുവോ? പാൎക്കുന്നില്ല (ninḍ'e aččhaṅ ī vīṭṭil pārkkunnuvo? pārkkunnilla) does thy father live in this house? he does not live (here).

അച്ഛൻ father; ഈ this; ഇല്ല not.

16. നമ്മുടെ അമ്മ ഈ വീട്ടിൽ ഉണ്ടോ? ഇല്ല, അമ്മ തലശ്ശേരിയിലേക്കു പോയി (nammuḍe amma ī vīṭṭil uṇḍō? illa, amma talaššēriyilēkku pōyi) is our mother in this house? No, she went (has gone) to Tellicherry.

നമ്മുടെ gen. of നാം our; നാം does include the person whom we address; അമ്മ mother; ഉണ്ടു is present; തലശ്ശേരി Tellicherry; തലശ്ശേരിയിൽ (like വീട്ടിൽ) means "in Tellicherry" and തലശ്ശേരിയിലേക്കു into Tellicherry or to Tellicherry (see § 104).

17. നിങ്ങൾ ആ ആളെ അറിയുന്നുവോ? അതേ അവനെ അറിയുന്നു (niṅṅaḷ ā āḷe aṙiyunnuvō? adē avane aṙiyunnu) do you know that man? yes, I know him.

നിങ്ങൾ you; ആളെ *Accusative* Case of ആൾ (person, man); അറിയുക to know; അവനെ Accusative of അവൻ (him); അതേ yes.

§ 37. *The answer in Malayalam* usually is given by repeating the word in question; if the question must be denied, ഇല്ല is affixed to that word, but also അതേ (yes) and ഇല്ല (no) may be used.

§ 38. ഈ and ആ are two *Demonstrative Pronouns,* employed only before a Noun. They have neither Gender nor Number and may be put before any case of a Noun. (Not so the German: dieser, diese, dieses; jener, jene, jenes, but the English "this" and "that"); ആ points to what is remote, ഈ to what is near.

§ 39. The English Preposition "in" is rendered in Malayalam by a special case: "ഇൽ" being affixed to the word. The name of this case is *Locative.* It denotes chiefly place with different shades of meaning. The Noun വീടു shows, that words ending in ഉ form this case by eliding ഉ (what is called *Elision*), *f. e.* വീടു, വീട്ടിൽ; Nouns ending in ഇ like തലശ്ശേരി (ex. 16) insert the consonant യ between the two vowels (what is called *Augmentation*) തലശ്ശേരി, തലശ്ശേരിയിൽ. Mark, that also the ട in വീടു is doubled: വീട്ടിൽ (see § 179).

§ 40. ആളെ and അവനെ in ex. 17 show, that the Objective or *Accusative* is formed by affixing എ to the Nominative, if the word ends with a Consonant (ആളെ, അച്ഛനെ, അവനെ).

Exercise 1.

8. അച്ഛൻ father; 9. അമ്മ mother; 10. ഉണ്ടു is present; 11. അറിയുക to know; 12. ഈ this; 13. ആ that; 14. അതേ yes; 15. ഇല്ല no; 16. ഞങ്ങൾ we.

I. *Translate.*

1. How many people live in this house?
   എത്ര ആൾ ഈ വീട്ടിൽ പാൎക്കുന്നു?
2. When did the father come home?
   അച്ഛൻ എപ്പോൾ വീട്ടിൽ വന്നു?
3. Doest thou know thy name?
   നിന്റെ പേർ അറിയുന്നുവോ?
4. Do you know this man?
   I do not know him
   നീ ഈ ആളെ അറിയുന്നുവോ?
   ഞാൻ അവനെ അറിയുന്നില്ല.
5. Is your father at Tellicherry?
   No, he is (in the house) at home
   നിന്റെ അച്ഛൻ തലശ്ശേരിയിൽ ഉണ്ടോ?
   ഇല്ല, അവൻ* വീട്ടിൽ ഉണ്ടു.
6. How much meat did you bring?
   I did not bring any meat
   നീ എത്ര ഇറച്ചി കൊണ്ടുവന്നു?
   ഞാൻ ഇറച്ചി കൊണ്ടുവന്നില്ല.

18. അച്ഛൻ ഇന്നു വരുമോ? (അച്ഛൻ) നാളേ വരും (aččhaṅ innu varumō? nāḷē varum) will your father arrive to-day? he will arrive to-morrow.

ഇന്നു today; നാളേ to-morrow.

19. നിങ്ങൾക്കു കുട്ടികൾ ഉണ്ടോ? ഞങ്ങൾക്കു മൂന്നു കുട്ടികൾ ഉണ്ടു (niṅṅaḷkku kuṭṭigaḷ uṇḍō? ṅaṅṅaḷkku mūnnu kuṭṭigaḷ uṇḍu) have you got any children? we have got three children.

---

*Note, that children speaking of father or mother will say: "അവർ" plur. of അവൻ (see § 66).

നിങ്ങൾക്ക Dative of നിങ്ങൾ (to you); കുട്ടികൾ is the plural of കുട്ടി (child). ഞങ്ങൾക്ക is the Dative of ഞങ്ങൾ (we) (exclusive of the addressed); മൂന്നു three.

Lit. Are children to you? Three children are to me (us), "to us are", we have.

20. നിങ്ങൾക്കും കുട്ടികൾക്കും സൌഖ്യം ഉണ്ടോ? അവൎക്ക സൌഖ്യം ഇല്ല (niṅṅaḷkkum kuṭṭigaḷkkum saukhyam uṇḍō? avarkku saukhyam illa) are you and the children well? they are not well.

ഉം, ഉം at the end of നിങ്ങൾക്കും കുട്ടികൾക്കും means "and"; കുട്ടികൾക്ക is the Dative plural of കുട്ടി; സൌഖ്യം health; അവൎക്ക is the Dative of അവർ (they).

Lit. Is to you and to the children health? no health to them.

§ 41. There is no Verb like "*to have*" in Malayalam. Instead of this "to be" with Dative is employed. Thus: I have = to me is; thou hast = to thee is; he has = to him is; you have = to you is; we had = to us was etc. Hence: have you? നിങ്ങൾക്ക ഉണ്ടോ? we have ഞങ്ങൾക്ക ഉണ്ടു; have you got a hat? നിങ്ങൾക്ക ഒരു തൊപ്പി ഉണ്ടോ?

എനിക്കുണ്ടു I have.	ഞങ്ങൾക്കുണ്ടു we have.
നിണക്കുണ്ടു thou hast.	നിങ്ങൾക്കുണ്ടു you have.
അവനുണ്ടു he has.	അവൎക്കുണ്ടു they have.

§ 42. In comparing examples 16 and 19, we see, that in Malayalam two words for the Personal Pronoun "*we*" are employed: നാം includes the people, that are addressed, ഞങ്ങൾ (the regular plur. of ഞാൻ) excludes the people addressed. Great care must be taken in using these words. For instance a missionary in addressing heathens in the following manner: "ഞങ്ങൾ പാപികൾ" (sinners)തന്നേ will meet with unanimous consent, as he excludes all his hearers and alludes only to himself and to those with him.

§ 43. Examples 9 and 10 show, that some Nouns form *the Dative* by adding ക്ക to the Nominative Case. കുട്ടികൾ—കുട്ടികൾക്ക; നിങ്ങൾ—നിങ്ങൾക്ക; ആൾ—ആൾക്ക; ആളുകൾ—ആളുകൾക്ക.

§ 44. Examples 10 shows, that ഉം (= *and*) must be added to both of the words, joined together; thus: I and you ഞാനും നിങ്ങളും; father and child അച്ഛനും കുട്ടിയും. It is something like "que" in Latin, affixed to the second word to be joined.

EXERCISE 1.

17. കുട്ടി child; 18. സൌഖ്യം health; 19. ഇന്നു to-day; 20. നാളെ to-morrow; 21. അവർ they.

2. *Translate.*

1. Have you got a hat? I have none
   നിങ്ങൾക്ക ഒരു തൊപ്പി ഉണ്ടോ? എനിക്ക ഒരു തൊപ്പിയും ഇല്ല.
2. Will the father bring the children to-morrow?
   അച്ഛൻ നാളെ കുട്ടികളെ കൊണ്ടുവരുമോ?

3. Will the children know this? They don't know this
   കുട്ടികൾ ഇതു അറിയുമോ? അവർ ഇതു അറിയുന്നില്ല.
4. How many children are in that house? Three children
   ആ വീട്ടിൽ എത്ര കുട്ടികൾ ഉണ്ടു? മൂന്നു കുട്ടികൾ.
5. Where do thy children live? They live at (in) Tellicherry
   നിന്റെ കുട്ടികൾ എവിടെ പാൎക്കുന്നു? അവർ തലശ്ശേരിയിൽ പാൎക്കുന്നു.
6. What will he do to-morrow? He will go to Tellicherry
   അവൻ നാളെ എന്തു ചെയ്യും? അവൻ തലശ്ശേരിയിലേക്കു പോകും.

Repetition.

1. What is the Locative of: പേർ, വീടു, ആൾ, ഇറച്ചി, അച്ഛൻ, കുട്ടി? പേരിൽ, വീട്ടിൽ, ഇറച്ചിയിൽ, അച്ഛനിൽ, കുട്ടിയിൽ.

2. Accusative of: ആൾ, അച്ഛൻ, അവൻ, നിങ്ങൾ, അവർ? ആളെ, അച്ഛനെ, അവനെ, നിങ്ങളെ, അവരെ.

3. Dative of: മുനിഷി, ആൾ, ചായ, ഇറച്ചി, അമ്മ, കുട്ടി, നിങ്ങൾ, ഞാൻ? മുനിഷിക്കു, ആൾക്കു, ചായെക്കു, ഇറച്ചിക്കു, അമ്മെക്കു, കുട്ടിക്കു, നിങ്ങൾക്കു, എനിക്കു.

4. What is the past tense and future of: വരുക, അറിക, പാൎക്ക, ചെയ്യു?

5. Name all the persons of the three tenses of "പോക". See § 37, ex. 3.

6. Name all the persons of the Verbs under 4. in their three tenses, *f. e.*

Present Tense.

ഞാൻ	ചെയ്യുന്നു—ഞങ്ങൾ, നാം		ചെയ്യുന്നു.
നീ	ചെയ്യുന്നു—നിങ്ങൾ		ചെയ്യുന്നു.
അവൻ	ചെയ്യുന്നു—അവർ		ചെയ്യുന്നു.

Past Tense.		*Future Tense.*	
ഞാൻ ചെയ്തു—ഞങ്ങൾ, നാം	ചെയ്തു.	ഞാൻ ചെയ്യും—ഞങ്ങൾ, നാം	ചെയ്യും.
നീ ചെയ്തു—നിങ്ങൾ	ചെയ്തു.	നീ ചെയ്യും—നിങ്ങൾ	ചെയ്യും.
അവൻ ചെയ്തു—അവർ	ചെയ്തു.	അവൻ ചെയ്യും—അവർ	ചെയ്യും.

7. Numbers: ഒന്നു one; രണ്ടു two; മൂന്നു three.

Sixth Lesson.

How to order something.

21. രാമുണ്ണി പങ്ക വലിക്ക! (Rāmuṇṇi paṅka valikka) Ramunni pull the punkah!

വലിക്ക means "to pull". Pres. വലിക്കുന്നു, Past. വലിച്ചു, Fut. വലിക്കും.

22. പണിക്കാരേ! വേഗം മുത്താഴം (തേമേശ) കൊണ്ടുവരുവിൻ! (paṇikkārē vēgam muttāḷam (tēmēša) koṇḍuvaruvin) servants! get the breakfast ready at once!

"പണിക്കാരേ" is *the vocative* Plur. of പണിക്കാരൻ; Plur. പണിക്കാർ; വേഗം quickly; മുത്താഴം breakfast, usually the word തേമേശ is used in European houses; കൊണ്ടുവരുവിൻ is the Plur. Imperative.

§ 45. There is no *Definite Article* in Malayalam (ex. 21, 22), *f. e.* പണിക്കാരൻ പങ്ക വലിക്കും (the servant will pull the punkah). If the English Article is employed more emphatically, as in ex. 23 "the money," in Malayalam the Demonstrative Pronoun (ഈ പണം) is to be taken. Also the Article in Greek is only a weakened modern form of the Demonstrative Pronoun.

23. ആ ആൾ ഈ പണം എനിക്കു കൊടുക്കട്ടേ! (ā āḷ ī paṇam yenikku koḍukkaṭṭē); അവന്നു പണം ഇല്ല (avannu paṇam illa) that man shall give me the money; he has got no money.

പണം money; കൊടുക്കട്ടേ is the third person of the Imperative; the Infinitive is കൊടുക്ക to give, Past കൊടുത്തു and Fut. കൊടുക്കും; അവന്നു Dat. of അവൻ. Under certain circumstances (see § 208) the Verb തരിക (construed like വരിക or വരുക) will be preferred to കൊടുക്ക: തരിക, തരുന്നു, തന്നു, തരും, താ (തരിക) തരുവിൻ; especially, if I receive something തരിക must be used.

§ 46. The stem or the Infinitive of the Verb is used as the *Imperative Singular.* വലിക്ക, വരുക, പോക, പാൎക്ക, ചെയ്യു, ആക, കൊണ്ടുവാ, അറി, അറിയ; go thou (gehe du); the Imperative *Plur.* second Person is known by ഇൻ added to the Verb. The *third person* sing. and plur. of the Imperative are formed by adding ട്ടേ to the Infinitive or crude form of the Verb (വലിക്കട്ടേ, പോകട്ടേ, പാൎക്കട്ടേ, ചെയ്യട്ടേ, ആകട്ടേ, അറിയട്ടേ).

In English and German: he shall go, er soll gehen (er gehe); they shall go, they shall know etc. Whether Sing. or Plur. third person, we only know by the Personal Pronoun: അവൻ പോകട്ടേ, അവർ പോകട്ടേ!

§ 47. Whilst in English and German *the Imperative* is always to be put at the beginning of the sentence, in Malayalam the commanding word is the last in the sentence. This is a very natural construction. In saying "pull the punkah", the Englishman begins with "pull" and having heard this, the thoughts of the servant have full play to ponder over all things possible, that may be pulled. In beginning with "പങ്ക" the mind of the hearer is fixed at once upon the object being required and so the man is ready for further information.

Exercise.

Bring water! Bring the meat! Give this to mother! Go quickly to Tellicherry! Stay (dwell) in your house! Do this to-morrow! Know that! Children pull the punkah! Come home! Go to Tellicherry to-day! Servants bring the dinner! Let a servant pull the punkah! Let a child give me that tea! Let them go home! Let three men do this! Let him know that! Let the child go!

Translation.

വെള്ളം കൊണ്ടുവാ! (Instead of വരുക we say in general വാ, which is the crude form of the verb). ഇറച്ചികൊണ്ടുവാ! ഇതു അമ്മെക്കു കൊടുക്ക! വേഗം തലശ്ശേരിയിലേക്കു പോക! നിന്റെ വീട്ടിൽ പാൎക്ക! ഇതു് നാളെ ചെയ്യു! അതു അറിക! (അതറിക!) കുട്ടികളേ പങ്ക വലിപ്പിൻ! വീട്ടിൽ വരുവിൻ! ഇന്നു തലശ്ശേരിയിലേക്കു പോകുവിൻ! പണിക്കാരേ തീൻ കൊണ്ടുവരുവിൻ! ഒരു പണിക്കാരൻ പങ്ക വലിക്കട്ടേ! ഒരു കുട്ടി എനിക്കു ആ ചായ തരട്ടേ! അവർ വീട്ടിലേക്കു പോകട്ടേ! മൂന്നാൾ ഇതു ചെയ്യട്ടേ! അവൻ അതു അറിയട്ടേ! ആ കുട്ടി പോകട്ടേ!

24. അച്ഛന്റെ പേർ എന്നോടു പറക! (aččand'e pēr yennōḍu paṙaka) tell me the name of thy father!

അച്ഛന്റെ gen. of അച്ഛൻ; എന്നോടു to me; അച്ഛനോടു to the father. പറ is the Imperative of the Verb പറക to speak; Pres. ഞാൻ പറയുന്നു; Past പറഞ്ഞു; Fut. പറയും.

25. ഈ കത്തു ഗോവർസായ്പ്പിന്റെ അടുക്കലേക്കു കൊണ്ടുപോ! (ī kattu gōvarsāyppiṅd'e aḍukkalēkku koṇḍupō) take this letter to Mr. Gover!

കത്തു letter; സായ്പ്പു gentleman, also used instead of Mr.; അടുക്കൽ near (= near of Mr. Gover); കൊണ്ടുപോ take away. The crude form is പോ, still we also may say കൊണ്ടു പോക.

26. അവന്റെ മനസ്സു പോലേ ചെയി! അതു എനിക്കു മനസ്സില്ല (avaṅd'e manassu pōlē čeyi! adu yenikku manassilla) do as he likes (it)! I have no mind for it (I don't like).

അവന്റെ gen. of അവൻ; മനസ്സു will, inclination; പോലേ as, like, according; ചെയി is the crude form of ചെയ്യു, which Infinitive also may be used as an Imperative.

Lit. Of his will according do! That to me inclination not.

§ 48. If the *Attribute* of a Noun or Pronoun stands in the Possessive case (The love of God, God's love; die Allmacht Gottes, Gottes Allmacht) it is always put *before* the governing Noun in Malayalam; *f.i.* അമ്മയുടെ പേർ, എന്റെ വീടു. In English the Attribute in general stands behind the Noun, only the Saxon Genitive in the case of persons and high placed animals is analogous to the Malayalam Attribute (girl's apron; wolves' quarrel).

§ 49. Most Verbs take *one* and the same form for their *Infinitive* and *Imperative* (so all the Sanskrit Verbs ending in ഇക്ക in Malayalam സ്നേഹിക്ക do love; വിശ്വസിക്ക do believe; hence സ്നേഹിക്ക means "do love" and "to love"). There are a great many Verbs, the crude form of which is employed as Imperative; still for a more emphatic Imperative the full form of the Infinitive (or the modern Infinitive) can be employed too. So പറ, പറക; പോ, പോക; ചെയി, ചെയ്യു; കൊടു, കൊടുക്ക; വാ, വരുക; കേൾ, കേൾക്ക; നില്ലു (നിൽ), നില്ക്ക (stand); നല്കു, നല്കുക (give); നോക്കു, നോക്കുക (look); വെക്കു, വെക്കുക (put, lay); താ, തരിക (give); വലി, വലിക്ക (pull); പിടി, പിടിക്ക (seize).

§ 50. As to the *Genitive of Nouns ending* in ൻ it is formed by placing ൻ between െ and ം; so അച്ഛൻ—അച്ഛന്റെ; അവൻ—അവന്റെ; ൻ at the end of a Noun indicates always the *Masculine Gender.*

§ 51. Words showing the relation of Nouns (or Pronouns) to the Predicate, are in European languages placed generally before their Noun, hence they are called *Prepositions.* In Malayalam words serving the same purpose, are placed behind the Nouns they govern. We better call them *Postpositions.* അടുക്കൽ with Genitive; പോലേ in *general* preceded by an Accusative. These words are in most cases Verbs or Nouns and are used but occasionally like the English Prepositions or Adverbs.

Exercise.

Give me three Rupees! Take that away to my father! Bring me this tea! Come to (see) me to-morrow! Tell me your name! Give these two Rupees to mamma! Do as he did! Bring my clothes immediately! Bring the black coat! Where are my stockings and boots? Bring the towel! Where is the comb? Hold the umbrella! Bring the eggs! Bring me pepper and salt! Give me bread and butter! Bring rice and curry! Give me those plantains!

Translation.

എനിക്കു മൂന്നു ഉറുപ്പിക താ! അതു അച്ഛന്റെ അടുക്കൽ കൊണ്ടുപോ! ഈ ചായ എന്റെ അടുക്കൽ കൊണ്ടുവാ! നാളെ എന്റെ അടുക്കൽ വാ! നിന്റെ പേർ എന്നോടു പറക! ഈ രണ്ടു ഉറുപ്പിക അമ്മെക്കു കൊടു! അവനെപോലേ ചെയ്കി. എന്റെ വസ്ത്രങ്ങൾ വേഗം കൊണ്ടുവാ. ആ കറുത്ത കുപ്പായം കൊണ്ടുവാ. എന്റെ കാൽഉറകളും ചെരിപ്പുകളും എവിടേ? തുവാല കൊണ്ടുവാ. ചീപ്പു എവിടേ? കുട പിടിക്ക. മുട്ടകൾ കൊണ്ടുവാ. കുരുമുളകും ഉപ്പും കൊണ്ടു വാ. അപ്പവും വെണ്ണയും തരിക. ചോറും കറിയും കൊണ്ടുവാ. ആ വാഴപ്പഴങ്ങൾ എനിക്കു തരിക (താ).

27. എനിക്കു തൊപ്പിയും ഒരു കുടയും വേണം (yenikku toppiyum oru kuḍayum vēṇam) I want a hat and an umbrella.

തൊപ്പി hat; കുട umbrella (in general pronounced കൊട; see § 21); വേണം I ought, I want; with Dative of person in Malayalam (I must have = to me is wanted; he wants അവനു വേണം; you want നിങ്ങൾക്കു വേണം etc.).

28. നാളെ രാവിലേ അഞ്ചു ആളുകൾ ഇങ്ങോട്ടു വരേണം എന്നു പോയി പറ (nāḷe rāvilē añcu āḷugaḷ iṅṅōṭṭu varēṇam ennu pōyi paṟa). നാലു ആളുകൾ മാത്രം വരും (nālu āḷugaḷ mātram varum) go and bid five men to come here tomorrow morning! Only four will come.

രാവിലേ morning; അഞ്ചു five; ഇങ്ങോട്ടു hither; വരേണം (വരിക + വേണം to come is desired) must come; എന്നു so (but really a Verb, see § 134); നാലു four; മാത്രം only (മാത്രം always behind the word to which it belongs).

Lit. To-morrow morning five men hither must come, so tell!

29. നിങ്ങൾക്ക എന്തു വേണം? എനിക്ക ഒന്നും വേണ്ടാ; എങ്കിലും ഭാൎയ്യക്ക മരുന്ന വേണം; അവൾക്ക ദീനം ഉണ്ട് (niṅṅaḷkku yendu vēṇam? yenikku onnum vēṇḍā, eṅgilum bhāryakku marunnu vēṇam, avaḷkku dīnam uṇḍu) what do you want? I do not want anything, but (my) wife wants medicine; she is ill.

ഒന്ന one thing; the neuter of ഒരു, which is used before a Noun; വേണ്ടാ is the Negative of വേണം and means "want not"; എങ്കിലും but (see § 134); ഭാൎയ്യ wife; മരു ന്ന medicine; അവൾ (fem. of അവൻ) she; അവൾക്ക to her; ദീനം sickness.

Lit. To you what is wanted? to me one thing is not wanted, but to wife medicine is wanted, to her sickness is (she has a sickness).

30. തേമേശെക്ക എനിക്ക ചോറും കറിയും വേണം, വൈകുന്നേരത്തു അതു കൊണ്ടുവരേണ്ടാ! കേട്ടോ? (tēmēšakku enikku čōṙum kaṙiyum vēṇam, veikunnērattu adu koṇḍuvarēṇḍa! kēṭṭō?) for breakfast I want rice and curry, in the evening you need not bring that! Did you hear?

ചോറു boiled rice; വൈകുന്നേരത്തു in the evening, വൈകുന്നേരം evening; വരേണ്ടാ (വ രുക + വേണ്ടാ) to come is not wanted; do not come, you must not come; കൊണ്ടുവരേണ്ടാ do not bring, you must not bring; കേട്ടു is past tense of കേൾക്ക to hear; Pres. കേൾ ക്കുന്നു; Fut. കേൾക്കും; "breakfast" see § 35. കറിയും see § 39 (Augmentation).

§ 52. The Defective Verbs വേണം and വേണ്ടാ are employed to indicate, that some thing is required or that it is superfluous. These words are either connected with the Nominative of a Noun (ചോറു വേ ണം—വേണ്ട) or with the crude form of the Verb (വരു + വേണം = വരേണം, പോകേണം, വലിക്കേണം), in which case "വ" generally is dropped. The person, that requires, takes the Dative case "അവക്കു വേണം".— വേണം and വേണ്ടാ, if affixed to a Verb, no longer seem to govern a Dative, but the Dative is to be understood. നീ പോകേണം = നീ പോക (എനിക്കു) വേണം. ഞാൻ പോകേണം = ഞാൻ പോക (to somebody) വേണം I have to go, forced by somebody or something. എനിക്കു പോകേണം = ഞാൻ പോക (to me) വേണം I must go, because I wish, will.

There is another form of the same Defective Verb, not very much different from വേണം namely വേണ്ടു "must", "ought to be"; *f.e.* ഇനി എന്തു വേണ്ടു? what is farther to be done? ഇതിന്ന എന്തു ചികിത്സ വേണ്ടു? which medical treatment ought to be (undertaken) for this? ഞാൻ എന്തു ചെയ്യേണ്ടു? what shall I do? ഞാൻ എവിടെ പോകേണ്ടു whereto shall I go? John 6, 68.

The examples above show, that വേണ്ടു (the negation of which is വേണ്ടാ) in colloquial language is chiefly employed *in Interrogative sentences.*

ഞാൻ ചെയ്യേണം	—	ഞാൻ എന്തു ചെയ്യേണ്ടു?
നീ ചെയ്യേണം	—	നീ എന്തു ചെയ്യേണ്ടു?
. . . .		. . . .
അവർ ചെയ്യേണം	—	അവർ എന്തു ചെയ്യേണ്ടു?

ഞാൻ ചെയ്യേണ്ടു.	നിങ്ങൾ ചെയ്യേണ്ടു.
നീ ചെയ്യേണ്ടു.	അവർ ചെയ്യേണ്ടു.

Exercise.

Will you and your wife and children come here to-morrow evening? I shall come, but my wife and my children are not well. I must give them medicine. Do you want medicine? I do not want (any), I have got medicine. When will your wife come here? I do not know, she will know it. Give this money to your wife. Let your children soon come here. I must go, give me my umbrella. Salam! What is your salary a month? What o'clock is it? Do not call the barber today! I want my watch. The water does boil. I do not want hot water. Do you want cold water? I want the bullock-coach. Have you given gram to the bullocks? Yes, just now. Do not shut the venetians today. You must open the door now. When shall I do this? Now. How shall I open the door? Do not ask this.

Translation.

നീയും ഭാൎയ്യയും കുട്ടികളും നാളെ വൈകുന്നേരത്തു ഇങ്ങോട്ടു വരുമോ? ഞാൻ വരും എങ്കിലും എന്റെ ഭാൎയ്യെക്കും കുട്ടികൾക്കും ദീനം ഉണ്ടു (or സൌഖ്യം ഇല്ല). ഞാൻ അവൎക്കു മരുന്നു കൊടുക്കേണം. നിണക്കു മരുന്നു വേണമോ? എനിക്കു വേണ്ട, എനിക്കു മരുന്നു ഉണ്ടു. നിന്റെ ഭാൎയ്യ എപ്പോൾ ഇങ്ങോട്ടു വരും? ഞാൻ അറിയുന്നില്ല; അവൾ അറിയും. ഈ പണം നിന്റെ ഭാൎയ്യെക്കു കൊടു. നിന്റെ കുട്ടികൾ വേഗം ഇങ്ങോട്ടു വരട്ടേ. എനിക്കു പോകേണം, എന്റെ കുട (എനിക്കു) തരിക! സലാം. നിണക്കു എത്ര മാസപ്പടി ഉണ്ടു? എത്ര മണിയായി? ഇന്നു ക്ഷൌരക്കാരനെ വിളിക്കേണ്ടാ. എന്റെ ഗഡിയാരം വേണം. വെള്ളം പതെക്കുന്നു. ചൂട്ടവെള്ളം വേണ്ട. പച്ചവെള്ളം വേണമോ? വണ്ടി വേണം. മൂരികൾക്കു മുതിര കൊടുത്തുവോ? കൊടുത്തു-ഇപ്പോൾ തന്നേ! ഇന്നു കിളിവാതിലുകളെ അടെക്കേണ്ട. ഇപ്പോൾ വാതിൽ തുറക്കേണം. ഞാൻ ഇതു എപ്പോൾ ചെയ്യേണ്ടു? ഇപ്പോൾ തന്നേ (see Ex. 35). ഞാൻ വാതിൽ എങ്ങിനേ തുറക്കേണ്ടു. ഇതു ചോദിക്കേണ്ടാ!

Seventh Lesson.

How to assert.

31. ആ പുരുഷൻ എന്റെ ജ്യേഷ്ഠനാകുന്നു that man is my elder brother.

പുരുഷൻ man (distinguished from woman); ജ്യേഷ്ഠൻ the elder brother; Malayalam people use the word "*brother*" but seldom, they distinguish always between an elder and a younger brother. "ആകുന്നു" (*cf.* ex. 1. Less. 5) is the Malayalam *Copula* or the Auxiliary Verb joining the Subject to the Predicate in a sentence. Its meaning is "to be that".

32. നിങ്ങളുടെ മകൻ നല്ലവനാകുന്നു your son is a good one.

നിങ്ങളുടെ gen. of നിങ്ങൾ; മകൻ son.

§ 53. നല്ല is one of the few words employed just like the European *Adjectives* and means "good", "fine", "true". The word has no gender

at all and may be put before any Noun (നല്ല അച്ഛൻ good father; നല്ല അമ്മ good mother; നല്ല വെള്ളം good water), but by affixing the Personal Pronoun (അവൻ അവൾ അതു) to this Adjective it is made a Noun (*cf.* in Greek or German ὁ, ἡ, τὸ ἀγαθός, ἡ, όν; der gute, die gute, das gute). Thus നല്ല becomes നല്ലവൻ (ഒരു നല്ല അവൻ) a good man; നല്ലവൾ (ഒരു നല്ല അവൾ) a good woman; നല്ലതു (ഒരു നല്ല അതു) a good thing.

33. അവരുടെ വീട്ടു ഭംഗിയുള്ളതാകുന്നു their house is pretty.
അവരുടെ gen. plur. of അവർ.

§ 54. ഭംഗിയുള്ളതാകുന്നു = ഭംഗി + ഉള്ള + അതു + ആകുന്നു. As we said above there are only a few Adjectives in Malayalam and one of the ways to procure the necessary substitutes is to affix the Participle ഉള്ള ("in which, to which there is") to the Noun, thus forming an Adjective without Number or Gender: ഭംഗിയുള്ള. In joining to this Adjective the Personal Pronouns അവൻ, അവൾ, അതു we get Personal Nouns: ദീനമുള്ളവൻ, ദീനമുള്ളവൾ, ദീനമുള്ളതു. In affixing to such the Copula ആകുന്നു, the vowel ഉ must be elided (§ 34. 39). In the same manner we form in the sentence "അവന്റെ അച്ഛൻ സൌഖ്യമുള്ളവനാകുന്നു" the word സൌഖ്യമുള്ളവൻ from the Noun സൌഖ്യം. But instead of this construction more frequently we see the Noun construed with ഉണ്ടു, as in ex. 29 "അവരുടെ കുട്ടിക്കു ദീനം ഉണ്ടു, or അച്ഛന്നു സൌഖ്യം ഉണ്ടു". (see § 58).

§ 55. *The copula* "ആകുന്നു" is not to be placed between Subject and Predicate, but at the end of the sentence; *f. e.* ഈ വീട്ടു നല്ലതു (ആകുന്നു) this is a nice house.

§ 56. *Subject and Predicate agree* in Number and Gender. (അച്ഛൻ നല്ലവനാകുന്നു, അമ്മ നല്ലവളാകുന്നു, വീട്ടു നല്ലതാകുന്നു, ആളുകൾ നല്ലവരാകുന്നു, വീട്ടുകൾ നല്ലവയാകുന്നു, അവ being the plural of അതു*, according to § 39 യ must be inserted). To denote the gender of the Adjective the Personal Pronoun അവൻ, അവൾ, അതു is affixed and so the Adjective becomes a Personal Noun. (*Cf.* in English: "your son is a good *one*", in German the Adjective Predicate is inflexible, but it can be transformed into a Noun by the Article: "er ist ein tapferer"; "sie ist eine schlimme"; in Latin: "rosa pulchra est"; Greek: "ἡ ἀρετὴ καλή ἐστιν".

§ 57. "നിങ്ങളുടെ and അവരുടെ" show that there is a *second form of the Genitive.* The Nominative ending in ർ, അ, ഇ, ഈ and ഐ the Genetive is formed by adding ഉടെ. Of course if the word ends in a vowel യ must be inserted (see § 34. 39) അവരുടെ, പുത്രരുടെ, അമ്മയുടെ, ഭാൎയ്യയുടെ, കുട്ടിയുടെ, കൈയുടെ etc. Nouns ending in ൾ take either ഉടെ or ന്റെ *f. e.* മകളുടെ, നിങ്ങളുടെ, മരങ്ങളുടെ, തോളുടെ, but: മുള്ളിന്റെ (from മുൾ or മുള്ളു thorn);

* In the South of Malabar also a regular form അതുകൾ (അതകൾ) is in use.

people in general say വാളിന്റെ (of the sword) and നാളിന്റെ (of the day), although വാളുടെ and നാളുടെ would be more correct (*cf.* നാൾക്കു Dat.). As to Nouns terminating in ൽ both ന്റെ and ഉടെ may be employed, but the one or the other Gen. has become customary: കാലുടെ (കാല്ക്കു Dat.), sometimes also കാലിന്റെ, പൈതലുടെ, വാതിലുടെ, but പാലിന്റെ, വയലിന്റെ of the field, വില്ലിന്റെ (Dat. വില്ലിന്നു, Nom. വിൽ a bow.) Still with exception of മുള്ളിന്റെ and വില്ലിന്റെ, where a secondary form ending in ഉ (മുള്ളു and വില്ലു; hence also Dat. മുള്ളിന്നു and വില്ലിന്നു) has been taken as the base of Declension, the Genitive of all the Nouns ending in ൾ and ൽ may be and perhaps ought to be formed by ഉടെ.

§ 58. In comparing the examples: 1. എനിക്കു മൂന്നു കുട്ടികൾ ഉണ്ടു (Lesson 5. ex. 19). 2. അച്ഛൻ വീട്ടിൽ ഉണ്ടു (ex. 16). 3. ആ പുരുഷൻ എന്റെ ജ്യേഷ്ഠനാകുന്നു, we may come to understand *the difference between* ഉണ്ടു *and* ആകുന്നു. It is not identical with the difference between "to have" (No. 1) and "to be" (No. 2, 3) (haben and sein), but a comparison between No. 2 and 3 shows, that in Malayalam ഉണ്ടു as well as ആകുന്നു may be translated in English by "is". "ഉണ്ടു" (ist) denotes further the existence of something: "there is", "exists"; ആകുന്നു is only copula and indicates, "what" and "how something is", and thus it means "to become", "to be such", "to be that".

Exercise 1.

a.

എനിക്കു ഉണ്ടു I have (എനിക്കുണ്ടു).	നമുക്കു ഉണ്ടു we have (നമുക്കുണ്ടു).
നിണക്കു ഉണ്ടു thou hast (നിണക്കുണ്ടു).	നിങ്ങൾക്കു ഉണ്ടു you have നിങ്ങൾക്കുണ്ടു).
അവന്നു ഉണ്ടു he has (അവന്നുണ്ടു).	അവൎക്കു ഉണ്ടു they have (അവൎക്കുണ്ടു).
ഞാൻ ആകുന്നു I am.	നാം ആകുന്നു we are.
നീ ആകുന്നു thou art.	നിങ്ങൾ ആകുന്നു you are.
അവൻ ആകുന്നു he is.	അവർ ആകുന്നു they are.

b.

എനിക്കുണ്ടോ? — എനിക്കില്ല.	നമുക്കുണ്ടോ? — നമുക്കില്ല.
നിണക്കുണ്ടോ? — നിണക്കില്ല.	നിങ്ങൾക്കുണ്ടോ? — നിങ്ങൾക്കില്ല.
അവന്നുണ്ടോ? — അവന്നില്ല.	അവൎക്കുണ്ടോ — അവൎക്കില്ല.

Exercise 2.

Is this man your elder brother? Yes; he is a good brother. I know him. How do you know him? I do not tell you. Why do you not tell me? I do not like to do it. (I have no mind for it). Is your brother well? He is pretty well (he has good health). How are you (this means: Are you well? *lit.* Is to you health)? I am pretty well. My shoes are very dirty. Have I got no clean shoes? Pour some milk in this cup. This milk is not

good. This water is dirty. I do not want mustard to-day. I want two potatoes. I have got very good pickles. This knife is dirty; take it away! You are very idle; take care! Oh sir, do not beat me. I shall take care.

Translaton.

ഈ പുരുഷൻ നിങ്ങളുടെ ജ്യേഷ്ഠനാകുന്നുവോ? അതേ; അവൻ ഒരു നല്ല ജ്യേഷ്ഠനാകുന്നു. ഞാൻ അവനെ അറിയുന്നു. നിങ്ങൾ അവനെ എങ്ങിനേ അറിയുന്നു? അതു ഞാൻ നിങ്ങളോടു പറയുന്നില്ല. എന്തിന്നു അതു നിങ്ങൾ എന്നോടു പറയുന്നില്ല? എനിക്കു മനസ്സില്ല. നിങ്ങളുടെ ജ്യേഷ്ഠൻ സൌഖ്യമുള്ളവനാകുന്നുവോ? (നിങ്ങളുടെ ജ്യേഷ്ഠന്നു സൌഖ്യം ഉണ്ടോ?) അവന്നു നല്ല സൌഖ്യം ഉണ്ടു. നിങ്ങൾക്കു സൌഖ്യമുണ്ടോ? എനിക്കു നല്ല സൌഖ്യം ഉണ്ടു. നിന്റെ ചെരിപ്പുകൾ അഴകുള്ളവയാകുന്നു (better അഴകായി th. m. അഴകു + ആയി, see ex. 11). വെടിപ്പുള്ള ചെരിപ്പുകൾ എനിക്കു ഇല്ലയോ? ഈ കോപ്പയിൽ അല്പം പാൽ പകര് (പകരുക). ഈ വെള്ളം ചേറായി (ചേറുള്ളതാകുന്നു). എനിക്കു ഇന്നു കടു (കടുക) വേണ്ട. എനിക്കു രണ്ടു ഉരുളക്കിഴങ്ങുകൾ വേണം. എനിക്കു എത്രയോ നല്ല അച്ചാറുണ്ടു. ഈ കത്തി ചേറുള്ളതാകുന്നു better (ചേറായിരിക്കുന്നു); അതു കൊണ്ടുപോക! നീ എത്രയോ മടിയുള്ളവൻ; സൂക്ഷിക്ക! അയ്യോ സായ്പ്പേ, എന്നെ അടിക്കേണ്ട! ഞാൻ സൂക്ഷിക്കും.

34. നിങ്ങൾ ഈ സ്ത്രീയുടെ ഭൎത്താവാകുന്നു. ഞാൻ അല്ല, വേറേ ഒരാൾ ആകുന്നു you are the husband of this woman. Not I, another man is (this).

സ്ത്രീയുടെ Gen. of സ്ത്രീ woman (corresponding with പുരുഷൻ man); ഭൎത്താവു husband (ഭാൎയ്യ wife), "ഉ" omitted by elision; അല്ല not, Negation of ആകുന്നു; വേറേ other.

35. അവൾ വിടക്കു കുട്ടി ആകുന്നുവോ? ഒരു വിടക്കു മകൾ തന്നേ is she a naughty child? A naughty daughter indeed.

വിടക്കു bad, naughty; മകൾ daughter (മകൻ = ?); തന്നേ just, indeed, even, yes. The copula, being often omitted, frequently തന്നേ is employed; but we may also say: ഒരു വിടക്കു മകൾ തന്നേ ആകുന്നു.

36. അതു ആരാണ് (അതാരാണ്)? ഒരു അമ്മയും ആറു ചെറിയ കുട്ടികളും പുറത്തു നില്ക്കുന്നു who is that? a mother and six little children are standing outside.

ആരാണ് = ആർ + ആകുന്നു, in colloquial language this expression generally is used; ആറു six; ചെറിയ small, little; പുറത്തു outside; നില്ക്കുക to stand, Pres. നില്ക്കുന്നു, Past നിന്നു, Fut. നില്ക്കും.

37. ആ വലിയ മരത്തെ കാണുന്നുവോ? ഈ തോട്ടത്തിൽ നല്ല മരങ്ങളും പുഷ്പങ്ങളും (പൂക്കളും) ഉണ്ടു do you see that large tree? In this garden are nice trees and flowers.

വലിയ large, great, big; മരം tree, Acc. മരത്തെ; കാണുക to see, Pres. കാണുന്നു, Past കണ്ടു, Fut. കാണും; തോട്ടം garden, Loc. തോട്ടത്തിൽ; മരങ്ങൾ Plur. of മരം; പുഷ്പങ്ങൾ Plur. of പുഷ്പം flower; പൂ Plur. പൂക്കൾ, the same.

§59. ഇല്ല is the Negative of ഉണ്ടു and means "there is not to it", "in it", or "does not exist". 34th ex. shows, that അല്ല is the negative

of ആക and so it means "not to be such", "not to be that". As we have in our European languages only one word for this distinction ("not" or "no"—"nicht" or "nein"), one must be very careful in distinguishing ഇല്ല and അല്ല. അല്ല denies the quality, ഇല്ല the existence of something. So we say നിന്റെ ജ്യേഷ്ഠൻ നല്ലവനല്ല, but അച്ഛൻ വീട്ടിൽ ഇല്ല; എനിക്കു പണം ഇല്ല.

ഞാൻ	ആകുന്നുവോ	ഞാൻ	അല്ല.
നീ	ആകുന്നുവോ	നീ	അല്ല.
. . . .		. . . . . .	. . .
നിങ്ങൾ	ആകുന്നുവോ	നിങ്ങൾ	അല്ല.
അവർ	ആകുന്നുവോ	അവർ	അല്ല. *Cf.* page 32, Ex. 1, b.

§ 60. കുട്ടികൾ (from കുട്ടി) ആളുകൾ (from ആൾ) show, that *the Plural* is formed by affixing കൾ to the singular number. If the noun ends in അം (മരം, പുഷ്പം) അം + കൾ becomes അങ്ങൾ; thus മരങ്ങൾ, പുഷ്പങ്ങൾ. The plural of പൂ = പൂക്കൾ shows, that after a long ഊ "ക" is doubled, the same occurs after long ā (ആ) ō (ഓ) and ṛ (ഋ). For another affix to denote the plural number see § 81.

§ 61. *Nouns ending in* അം form their Genitive (and the other oblique cases) by omitting "ം" and substituting ത്തു; so, മരം, Gen. മരത്തിന്റെ; പുഷ്പം, Gen. പുഷ്പത്തിന്റെ; പണം, Gen. പണത്തിന്റെ. ഉ in ടു is dropped and ഇ substituted (as വീടു, വീട്ടിന്റെ).

Exercise 1.

a.

Nom.	കുട്ടി	the child.	കുട്ടികൾ	the children.
Acc.	കുട്ടിയെ	,,	കുട്ടികളെ	,,
Dat.	കുട്ടിക്കു to	,,	കുട്ടികൾക്കു to	,,
Gen. or Poss.	കുട്ടിയുടെ of	,,	കുട്ടികളുടെ of	,,
Loc.	കുട്ടിയിൽ in	,,	കുട്ടികളിൽ in	,,

b.

Nom.	അച്ഛൻ	the father.
Acc.	അച്ഛനെ	,,
Dat.	അച്ഛന്നു to	,,
Poss.	അച്ഛന്റെ of	,,
Loc.	അച്ഛനിൽ in	,,

c.

Nom.	തോട്ടം	the garden.	തോട്ടങ്ങൾ	the gardens.
Acc.	തോട്ടത്തെ	,,	തോട്ടങ്ങളെ	,,
Dat.	തോട്ടത്തിന്നു to	,,	തോട്ടങ്ങൾക്കു to	,,
Poss.	തോട്ടത്തിന്റെ of	,,	തോട്ടങ്ങളുടെ of	,,
Loc.	തോട്ടത്തിൽ in	,,	തോട്ടങ്ങളിൽ in	,,

d.

Nom.	വീട്		the house.	വീടുകൾ		the houses.
Acc.	വീടിനെ		,,	വീടുകളെ		,,
Dat.	വീടിന്നു	to	,,	വീടുകൾക്കു	to	,,
Poss.	വീടിന്റെ	of	,,	വീടുകളുടെ	of	,,
Loc.	വീട്ടിൽ	in	,,	വീടുകളിൽ	in	,,

Exercise 2.

What does that woman do? She goes to Tellicherry. Do you know her? Yes, I know her. Who is her husband? His name is Rāman. Where does he live? Not here, in another house. Is he a bad man? No, he is rather a good man. I must see him. What for? He is not well, I hear. I did not hear that. I saw him this morning. You saw him? Yes, in his very house; he is pretty well. Has he got children? Yes, he has got three. Are they nice children? They are naughty children indeed. Will they come here? Yes, this morning I saw them (standing) outside of the house. I shall see them. They shall not come here! Do you hear? Has my Munshee come? Yes, he is waiting (താമസിക്ക) in the verandah (കോലായി). Is this a nice story (കഥ)? It is not a nice story. Is this word a Noun (നാമം)? It is not a Noun, it is a Verb (ക്രിയ). Shall I come here to-morrow? I have no time.

Translation.

ആ സ്ത്രീ എന്തു ചെയ്യുന്നു? അവൾ തലശ്ശേരിയിലേക്കു പോകുന്നു. നിങ്ങൾ അവളെ അറിയുന്നുവോ? അതേ, ഞാൻ അവളെ അറിയുന്നു. അവളുടെ ഭർത്താവു ആരാണ്? അവന്റെ പേർ രാമൻ എന്നു തന്നേ. അവൻ എവിടേ പാർക്കുന്നു? ഇവിടേ അല്ല (അല്ല because we think "this is not the place") വേറേ ഒരു വീട്ടിൽ തന്നേ. അവൻ ഒരു വിടക്കു ആൾ ആകുന്നുവോ? അല്ല, അവൻ ഒരു നല്ല ആൾ തന്നേ. ഞാൻ അവനെ കാണേണം. അതെന്തിന്നു? അവന്നു സൌഖ്യം ഇല്ല എന്നു ഞാൻ കേട്ടു. ഞാൻ അതു കേട്ടില്ല. ഇന്നു രാവിലേ ഞാൻ അവനെ കണ്ടു. നിങ്ങൾ അവനെ കണ്ടോ? അതേ, അവന്റെ വീട്ടിൽ തന്നേ. അവന്നു നല്ല സൌഖ്യം ഉണ്ടു. അവന്നു കുട്ടികൾ ഉണ്ടോ? അതേ, മൂന്നു കുട്ടികൾ. അവർ നല്ല കുട്ടികൾ ആകുന്നുവോ? അവർ വിടക്കു കുട്ടികൾ തന്നേ. അവർ ഇങ്ങോട്ടു വരുമോ? അതേ, ഇന്നു രാവിലേ വീട്ടിന്റെ പുറത്തു ഞാൻ അവരെ കണ്ടു. ഞാൻ അവരെ കാണും. അവർ ഇങ്ങോട്ടു വരേണ്ട! കേട്ടോ? എന്റെ മുനിഷി വന്നുവോ? അവൻ വന്നു കോലായിൽ താമസിക്കുന്നു. ഇതു നല്ലൊരു കഥയോ? അതു നല്ല കഥയല്ല. ഈ വാക്കു ഒരു നാമമോ? അതു നാമമല്ല, ക്രിയയാകുന്നു. ഞാൻ നാളെ ഇവിടേ വരേണമോ? എനിക്കു സമയമില്ല.

38. ഈ യജമാനൻ എല്ലാപ്പണിക്കാരെ വളരേ ഉപദ്രവിക്കുന്നു this master maltreats all (his) servants very much.

യജമാനൻ master; എല്ലാ all (before a Noun); പണിക്കാർ Plur. of പണിക്കാരൻ, Acc. പണിക്കാരെ (like അവൻ, അവർ); വളരേ much; ഉപദ്രവിക്ക (ഉപദ്രവിച്ചു, ഉപദ്രവിക്കും) maltreat.

39. ഞാൻ ഇന്നലേ പട്ടണത്തിൽനിന്നു വന്നു; ഞാൻ നാളെ വീണ്ടും അങ്ങോട്ടു പോകയില്ല നിശ്ചയം I came yesterday from the town, and I shall not go thither again to-morrow surely.

ഇന്നലേ yesterday; പട്ടണം city; പട്ടണത്തിൽ Loc. in the city; പട്ടണത്തിൽനിന്നു from the city (*the Ablative in Latin*); അങ്ങോട്ടു thither (ഇങ്ങോട്ടു?); പോകയില്ല instead of പോകുമില്ല, which is very seldom; നിശ്ചയം is a Noun, meaning certainty, but also used as an Adverb = surely.

40. മനുഷ്യന്റെ ശരീരത്തിന്നു വളരേ രോഗങ്ങളും ഒടുക്കം മരണവും തന്നേ വരുന്നു the body of man is exposed to many diseases and at last to death even.

Lit. To man's body many diseases and at last death even comes.

ശരീരം body, Dat. ശരീരത്തിന്നു; വളരേ much, many; രോഗം disease; ഒടുക്കം at last; മരണം death; in affixing ഉം to words ending in അം "o" is omitted and വ substituted.

§ 62. The two Verbs വലിക്ക and സ്നേഹിക്ക show, that if *double* ക്ക *is preceded by the vowel* ഇ "ക്കുന്നു" of the Present Tense becomes ച്ചു in the Past Tense and ക്കും in the Future. Thus, വലിക്കുന്നു, വലിച്ചു, വലിക്കും, വലിപ്പിൻ; സ്നേഹിക്കുന്നു, സ്നേഹിച്ചു, സ്നേഹിക്കും, സ്നേഹിപ്പിൻ; most of these Verbs are of Sanskrit origin.

§ 63. By joining the Participle നിന്നു (from നില്ക്കുന്നു stand) to the Locative of a Noun we get a new case, *the Ablative*, which indicates "Removal from" or "Origin from" somewhere. Thus പട്ടണത്തിൽനിന്നു from the city; വീട്ടിൽനിന്നു from the house; അച്ഛനിൽനിന്നു etc.

§ 64. In comparing *the Genitive and the Dative* of the Nouns or Pronouns, employed till now, we see, that there are two forms of the Genitive (ന്റെ and ഉടെ) and of the Dative (ക്കു § 43 and ന്നു ex. 23, 40). കുട്ടികളുടെ, കുട്ടികൾക്കു, നിങ്ങളുടെ, നിങ്ങൾക്കു; അവരുടെ, അവൎക്കു; but അവന്റെ, അവന്നു; ശരീരത്തിന്റെ, ശരീരത്തിന്നു; മനുഷ്യന്റെ, മനുഷ്യന്നു. So we may form the rule, that if *the Genitive* ends in ഉടെ (§ 57), *the Dative* is ക്കു, if it ends in ന്റെ, the Dative ends in ന്നു. There can be no doubt, that the inflection ഉടെ has its origin in the *root* ഉട, which signifies "belonging to", hence ഉടയവൻ owner. So the Genitive denotes chiefly *Ownership*, Possession; *f. e.* എന്റെ പുസ്തകം; രാജാവിന്റെ കിരീടം the crown of the king. Besides this case has literally the meaning of a Genitive th. m., it signifies "Descent"; *f. e.* ഇതിന്റെ സംഗതി the cause of this; മരത്തിന്റെ കൊമ്പു the branch of a tree. As in other languages we may also distinguish between a *Subjective Genitive* (രാജാവിന്റെ വരവു the coming of the king), in which case the Genitive is logically the Subject governing the following Nominative Case, and an *Objective Genitive* (മോശെയുടെ ചരിത്രം the history of Moses), in which case the Genitive logically is depending on the Nominative following. As to the Postpositions, preceded by Genitive see § 220.

§ 65. Ex. 38—40 show, that *the Predicate* or finite verb of a sentence is not placed behind the Subject as in English and German, but

that it is always the *last word* in the sentence; *f. e.* I saw such a nice flower ഞാൻ എത്രയും നല്ല ഒരു പൂ കണ്ടു.

Exercise.

Do you love your mother? Oh! how I love her! Are your father and mother enjoying good health? They are not quite well. Are they at home? Yes, they are at home. When did you come from the town? We came yesterday morning. What did you see in the city? I saw many people, beautiful flowers and trees. Have you brought some flowers hither? I did not bring any. Is your father well? He is pretty well. Bring the ink-bottle! Whose ink-bottle is this? I bought it yesterday in the bazaar. Mend this pen! Cut this paper! This ink is not black. Give some (കുറയ) nice ink. Copy this letter. Who stands outside there? How you do trouble (maltreat) me! Read this letter. Give this letter to my servant! Let all the servants come here!

Translation.

നീ അമ്മയെ സ്നേഹിക്കുന്നുവോ? ഞാൻ അവരെ എത്രയും സ്നേഹിക്കുന്നു. നിന്റെ അച്ഛനും അമ്മെക്കും സൌഖ്യം ഉണ്ടോ? അവൎക്കു നല്ല സൌഖ്യമില്ല. അവർ വീട്ടിൽ ഉണ്ടോ? അതേ, അവർ വീട്ടിൽ തന്നേ. നിങ്ങൾ പട്ടണത്തിൽനിന്നു എപ്പോൾ വന്നു? ഇന്നലേ രാവിലേ ഞങ്ങൾ* വന്നു. പട്ടണത്തിൽ നീ എന്തു കണ്ടു? ഞാൻ വളരേ മനുഷ്യരെയും നല്ല പുഷ്പങ്ങളെയും മരങ്ങളെയും കണ്ടു. നീ പൂക്കളെ ഇങ്ങോട്ടു കൊണ്ടുവന്നോ? ഞാൻ കൊണ്ടുവന്നില്ല. മഷിക്കുപ്പി കൊണ്ടുവാ! അതാരുടെ മഷിക്കുപ്പി? ഞാൻ അതു ഇന്നലേ അങ്ങാടിയിൽനിന്നു വാങ്ങി. ഈ തൂവൽ നന്നാക്ക! ഈ കടലാസ്സ് മുറിക്ക! ഈ മഷിക്കു കറുത്ത നിറമില്ല. കുറയ നല്ല മഷി തരിക. ഈ കത്തു പകൎക്ക†. പുറത്തു ആർ നില്ക്കുന്നു! നീ എന്നെ എത്രയോ ഉപദ്രവിക്കുന്നു! ഈ കത്തു വായിക്ക! ഈ കത്തു എന്റെ പണിക്കാരന്നു കൊടുക്ക! എല്ലാപണിക്കാർ ഇങ്ങോട്ടു വരട്ടേ!

§66. Observe that in the case of parents and other grown up people *the third Person Plural is* used. Hence not അവളെ (about a mother), just as servants in Germany sometimes use to speak about their master or mistress: "Sie sind nicht zu Haus, sie sind ausgegangen."

Eighth Lesson.

How to assert (*II. Part*).

41. കോഴിക്കോടു തലശ്ശേരിയെക്കാൾ വലിയതാകുന്നു. അല്ലേ? കേരളദേശത്തിൽ കോഴിക്കോടു ഏററവും വലിയ പട്ടണം തന്നേ ആകുന്നു Calicut is greater than Tellicherry. Is it not? In Malabar Calicut is the biggest place.

---

* This means "my parents and I" but not the persons who asked. See § 42.

† Pres. പകൎക്കുന്നു, Past T. പകൎത്തു, Fut. പകൎക്കും.

കാൾ indicates the Comparative; അല്ലേ as much as അല്ലയോ? ഏറ്റവും usually used as Adverb to indicate a Superlative as much as, "most"; കേരളം the most common name for Malabar; ദേശം country.

42. എല്ലാപുസ്തകങ്ങളെക്കാൾ ഞങ്ങളുടെ വേദപുസ്തകം അധികം സാരമുള്ളതാകുന്നു our Bible is fuller of meaning than all other books.

പുസ്തകം book; വേദപുസ്തകം Bible; അധികം more; സാരം essence; to form an adjective like "significant" or "full of meaning", ഉള്ള is joined, which must be in the Neuter Gender (§ 56), why?

43. കുട്ടികളെക്കാൾ അമ്മയച്ഛന്മാർ അധികം ബുദ്ധിയുള്ളവരല്ലയോ? are the parents not wiser than the children?

അമ്മയച്ഛന്മാർ (അമ്മ + അച്ഛൻ) parents; ബുദ്ധി understanding; ബുദ്ധിയുള്ള clever, the personal noun ബുദ്ധിയുള്ളവൻ clever one (man), a wise one.

§ 67. To form a *Comparative* the person or thing, to which I compare something, takes the Accusative and കാൾ is affixed to it. കാൾ takes in the place of "than" or "als" in English and German ("quam" and "ἤ" in Latin and Greek), the comparative form of the Adjective is expressed by placing അധികം before it (but this is not absolutely necessary, see ex. 41).

To express the *Superlative,* we place the Adverb ഏറ്റവും before the Adjective ഏറ്റവും നല്ലവൻ. The persons or things, amongst which somebody or something is the first, take the Locative case, *f. e.* അവന്റെ സഹോദരന്മാരിൽ അവൻ ഏറ്റവും ബുദ്ധിയുള്ളവനാകുന്നു he is the most clever amongst his brothers.

§ 68. Instead of the *Interrogative* ഓ at the end of the word in question (§ 36) ഏ may also be employed, but in general we find it only in connexion with negative verbs, especially അല്ലേ or ഇല്ലേ *f. e.* നിണക്കു വീടില്ലേ? Have you not got a house? അതു നിണക്കു വേണ്ടേ? do you not want it? On the whole ഏ is seldom used in book language, but in colloquial language much more than ഓ.

Exercise 1.

അവൻ ആ ആളെക്കാൾ അധികം വലിയവനാകുന്നു.

He is greater than that man.

അവൻ ഏറ്റവും വലിയവനാകുന്നു.

He is the greatest.

Exercise 2.

a.

എനിക്കുണ്ടോ — എനിക്കില്ലയോ (എനിക്കില്ലേ)?

നിങ്ങൾക്കുണ്ടോ — നിങ്ങൾക്കില്ലയോ (നിങ്ങൾക്കില്ലേ)? etc.

b.

ഞാൻ ആകുന്നുവോ — ഞാൻ അല്ലയോ (അല്ലേ)?

അവർ ആകുന്നുവോ — അവർ അല്ലയോ (അല്ലേ)? etc.

Exercise 3.

Adjectives.

He is greater than his father. His father is *more clever* than he is. His house is *nicer* than yours. This cloth is *longer* than the other one. This letter is *larger* than that one. He is the *youngest* amongst his brothers. He is the greatest rogue amongst them. How much *higher* is this palm-tree than a mango tree! He is more *diligent* than his elder sister. He is more *idle* than his younger brother. Cut off that branch, it is too long. Kannan is the most *useful* amongst our servants. Is the Malayalam language more *difficult* than the English? These mountains are *higher* than the Nilgiris. This well is *deeper* than that tank. This new table is *broader* than the old one. This is the *most narrow* street in the town. How *sweet* this milk is! This mango is *sourer* than vinegar. This oil is *cheaper* than that. Your curry is too *hot*. How *bitter* this fruit is! He is *stouter* than his father. His stick is *dearer* than mine. Your hat is very *old*. Your house is *smaller* than that of your neighbour.

Translation.

അവൻ അച്ഛനെക്കാൾ വലിയവനാകുന്നു. അവനെക്കാൾ അച്ഛൻ ബുദ്ധിയുള്ളവനാകുന്നു. നിങ്ങളുടെ വീടിനെക്കാൾ അവന്റെ വീടു നല്ലതാകുന്നു. മറ്റു വസ്ത്രത്തെക്കാൾ ഇതു വലിയതാകുന്നു. അവന്റെ സഹോദരന്മാരിൽ അവൻ ഏറ്റവും ഇളയവൻ. അവൻ അവരിൽ ഏറ്റവും വലിയ ദുഷ്ടനാകുന്നു. ഒരു മാവിനെക്കാൾ ഈ തെങ്ങു എത്രയോ ഉയരമുള്ളതാകുന്നു! അവന്റെ ജ്യേഷ്ഠത്തിയെക്കാൾ അവൻ അധികം ഉത്സാഹമുള്ളവനാകുന്നു. അവന്റെ അനുജനെക്കാൾ അവൻ അധികം മടിവുള്ളവനാകുന്നു. ആ കൊമ്പിനെ മുറിക്ക, അതു അധികം നീളമുള്ളതാകുന്നു. നമ്മുടെ പണിക്കാരിൽ കണ്ണൻ ഏറ്റവും പ്രയോജനമുള്ളവനാകുന്നു. ഇംഗ്ലിഷ്ഭാഷയെക്കാൾ മലയാളം പ്രയാസമുള്ളതാകുന്നുവോ? നീലഗിരിയെക്കാൾ ഈ പർവ്വതങ്ങൾ അധികം ഉയരമുള്ളവയാകുന്നു. ആ കുളത്തെക്കാൾ ഈ കിണറു ആഴമുള്ളതു. പഴയ മേശയെക്കാൾ ഈ പുതിയ മേശ വീതിയുള്ളതു. പട്ടണത്തിൽ ഏറ്റവും ഇടുക്കുള്ള തെരുവീഥി ഇതാകുന്നു. ഈ പാൽ എത്രയോ മധുരമുള്ളതു! ഈ മാങ്ങ ചുറുക്കയെക്കാൾ അധികം പുളിക്കുന്നു. ആ എണ്ണയെക്കാൾ ഇതു സഹായമാണ് (see ex. 36). നിങ്ങളുടെ കറി അധികം ചൂടുള്ളതു. ഈ ഫലം എത്രയോ കൈപ്പുള്ളതു! അച്ഛനെക്കാൾ അവൻ അധികം പുഷ്ടിയുള്ളവൻ. എന്റെ വടിയെക്കാൾ അവന്റെ വടി അധികം വിലയുള്ളതു. നിങ്ങളുടെ തൊപ്പി വളരേ പഴയതു. നിങ്ങളുടെ അയല്ക്കാരന്റെ വീടിനെക്കാൾ നിങ്ങളുടെ വീടു ചെറിയതാകുന്നു.

44. ചൂടുവെള്ളം കുടിപ്പാൻ എനിക്കു ഇഷ്ടമില്ല, എനിക്കു പച്ചവെള്ളം വേണം I do not like to drink warm water, I want fresh water.

ചൂടു warm, hot; വെള്ളം water; കുടിക്ക to drink, കുടിപ്പാൻ is an Adverbial Participle (Fut. Tense), not an Infinitive, but something like the Latin *Supinum* (bibitum, bibitu, to drink; um zu trinken, zu trinken). ഇഷ്ടം wish, will; പച്ച greenness, freshness, forms (like ചൂടു) together with water (fresh water) a Compound.

45. പുസ്തകങ്ങളിൽ വായിപ്പാനും, ഓലയിൽ എഴുതുവാനും വേറെ കാൎയ്യങ്ങളെ പഠിപ്പാനും കുട്ടികൾ എഴുത്തുപള്ളിയിലേക്കു പോകുന്നു children go to school to read in books, to write on leaves and to learn other things.

വായിക്ക to read; വായിപ്പാൻ as well as എഴുതുവാൻ and പഠിപ്പാൻ are Adverbial Participles in the Future Tense (Supinum), expressing an intention; ഓല writing leaf; എഴുതുക to write; കാൎയ്യം thing; പഠിക്ക to learn; എഴുത്തുപള്ളി school.

46. തീൻ കഴിപ്പാൻ മുള്ളും കരണ്ടിയും കത്തിയും എനിക്കു വേണ്ടേ? അതുകൊണ്ടു അതു ദിവസേന മേശമേൽ വെക്ക! do I not want fork, spoon and knife to have (my) dinner? Therefore put them daily on the table.

കഴിക്ക to bring, pass, perform; തീൻ കഴിക്ക to eat; വേണ്ടേ must not, Interrogative of വേണ്ടു (§ 68, ex. 41 അല്ലേ); അതുകൊണ്ടു therefore, corresponding with എന്തുകൊണ്ടു wherefore (ex. 10); ദിവസം day, ദിവസേന daily, a Sanskrit case employed as an Adverb in Malayalam; മേൽ Adverb above, on, upon; വെക്കുക to put (വെക്കുന്നു, വെച്ചു, വെക്കും).

§ 69. *The Adverbial Participle of the Future Tense* is employed to express an "Intention" or the "Reason" for willingness. To complete the whole idea another Verb or a Noun must follow. This Participle has a similar meaning to the Dative in ex. 30 indicating also "Design".

To form this Supinum ക or ക്ക is dropped and either വാൻ or പ്പാൻ is affixed to the Verb (see § 174). So all the Verbs ending in ഉക്ക take പ്പാൻ in the Supinum, as well as പ്പിൻ in the Imper. Plur.; *f. e.* വെള്ളം കുടിപ്പാൻ എനിക്കു ആഗ്രഹം ഉണ്ടു I desire to drink water; *lit.* water to drink to me desire is.

§ 70. Not only in a simple sentence the position of the parts of speech is very different from English (see §§ 47. 55. 65), but also *the connexion of the parts in a Complex-sentence* is quite contrary to the practice in English. Remark, that first the reason, (the subordinate sentence) (ex. 44) or the intention (ex. 45, 46) is given and only afterwards the action (or the principle sentence) is added. So we say in English: We go to school (action) to learn (intention). In Malayalam: നാം പഠിപ്പാൻ (intention, aim) എഴുത്തുപള്ളിയിലേക്കു പോകുന്നു (action).

§ 71. എഴുത്തുപള്ളിയിലേക്കു shows the Locative in connection with a Dative (*the Locative Dative*). To combine both of the terminations (ഇൽ and കു) ഏക്കു is employed. This case expresses chiefly "motion" and is translated by "into" in English ("nach" in German; εἰς with Acc. in Greek); *f. e.* The father went to Tellicherry (see § 171, II). The Locative answers to the question "where" (wo), the Locative Dative to the question "whereto", "whither" (wohin) and the Ablative to the question "wherefrom", "where" (woher).

Exercise 1.

Whereto do you go? I go to school. Wherefore do you go there? I go there to read and to write. Do you like to go there? I like it very much indeed. When will you go home again? This evening. When do you go to school? Every day. I shall go to see you this evening. Do you wish to work here? Tell (him) to bring the fish. Give me water to wash my hands. Where did you get this mutton? Sir, I got it at the market. Go and get better mutton than this. Tell (them) to pull the Panka. The farrier is come. Tell (him) to shoe our bullocks. A man has come. What does he want? He came to sell a horse. Tell (him) to take it away, I do not want it.

Translation.

നിങ്ങൾ എവിടേക്കു പോകുന്നു? ഞാൻ എഴുത്തുപള്ളിയിലേക്കു പോകുന്നു. എന്തുകൊണ്ടു അങ്ങോട്ടു പോകുന്നു? അവിടേ വായിപ്പാനും എഴുതുവാനും ഞാൻ പോകുന്നു. അവിടേക്കു പോകുവാൻ നിങ്ങൾക്കു ഇഷ്ടമുണ്ടോ? എനിക്കു വളരേ ഇഷ്ടം തന്നേ. നിങ്ങൾ എപ്പോൾ വീണ്ടും വീട്ടിലേക്കു പോകും? ഇന്നു വൈകുന്നേരം. നിങ്ങൾ എപ്പോൾ എഴുത്തുപള്ളിയിലേക്കു പോകുന്നു? ദിവസേന. ഈ വൈകുന്നേരത്തു നിങ്ങളെ കാണ്മാൻ (instead of കാണുവാൻ) ഞാൻ വരും. ഇവിടേ പണി എടുപ്പാൻ ഇഷ്ടമുണ്ടോ? മീൻ കൊണ്ടുവരുവാൻ (കൊണ്ടുവരാൻ) പറ. എന്റെ കൈകളെ കഴുകുവാൻ വെള്ളം കൊണ്ടു വാ! ഈ ആട്ടിറച്ചി (ആടു sheep) നീ എവിടേനിന്നു വാങ്ങി? യജമാന, അതു ഞാൻ അങ്ങാടിയിൽനിന്നു വാങ്ങി. ഇതിനെക്കാൾ നല്ല ആട്ടിറച്ചി വാങ്ങുവാൻ പോക. പങ്ക വലിപ്പാൻ പറ. ലാടക്കാരൻ വന്നു. നമ്മുടെ കാളകൾക്കു ലാടം തറെപ്പാൻ (to nail) പറ (also ലാടം കെട്ടുവാൻ). ഒരാൾ വന്നു. അവന്നു എന്തു വേണം? ഒരു കുതിര വില്ക്കുവാൻ (വില്പാൻ) അവൻ വന്നു. അതിനെ കൊണ്ടുപോവാൻ (പോകുവാൻ) പറ; അതു എനിക്കു വേണ്ട.

Exercise 2.

Loc.	വീട്ടിൽ	in the house.
Abl.	വീട്ടിൽനിന്നു	from the house.
Loc. Dat.	വീട്ടിലേക്കു	into the house.

47. നാം കണ്ണാൽ കാണുന്നു, ചെവിയാൽ കേൾക്കുന്നു, മൂക്കിനാൽ മണക്കുന്നു, വായാൽ സംസാരിക്കുന്നു, കൈയാൽ എഴുതുന്നു, കാലാൽ നടക്കുന്നു we see with the eye, hear with the ear, smell with the nose, speak with the mouth, write with the hand, and walk with the foot.

The Nom. cases are: കണ്ണു, ചെവി, മൂക്കു, വായി, കൈ, കാൽ. ആൽ means "by", "with" മണക്കുന്നു, മണത്തു, മണക്കും; നടക്കുന്നു, നടന്നു, നടക്കും.

48. ഈ കാര്യം നിമിത്തം ഞാൻ നിന്റെ ഭൎത്താവിനോടും അച്ഛനോടും അമ്മയോടും സംസാരിക്കും on account of this matter (thing) I shall speak with your husband, with your father and with your mother.

നിമിത്തം because of, on account of; ഓടു indicates a community or association.

49. നിങ്ങളുടെ വീടിനെ ഞാൻ മുമ്പെ അറിഞ്ഞു; ഞാൻ ഇപ്പോൾ തന്നേ അതിനെ കാണ്മാൻ പോകും I did know your house before, I shall just now go to look at it.

മുമ്പേ before; ഇപ്പോൾ now (എപ്പോൾ?).

50. ഈ മുറിയിൽ പാൎക്കുവാനും രാത്രിയിൽ ഉറങ്ങുവാനും എനിക്ക ഇപ്പോൾ മനസ്സില്ല, ഞാൻ പിന്നേ മുറിയെ നോക്കും I do not like to live in this room and to sleep there at night; I shall look at the room afterwards.

മുറി room; instead of പാൎക്കുവാൻ we may say: പാൎപ്പാൻ; രാത്രി night; ഉറങ്ങുക sleep (ഉറങ്ങുന്നു, ഉറങ്ങി, ഉറങ്ങും); പിന്നേ afterwards; നോക്കുക to look at (നോക്കുന്നു, നോക്കി, നോക്കും); see കാണുക.

§ 72. Ex. 48 does represent a new Malayalam case, called the *Social Case.* It is formed by adding ഓടു to the stem. If the stem ends in അ, ഇ or ഐ, the consonant യ must be inserted (അമ്മയോടു, കുട്ടിയോടു, കൈയോടു), just as in Genitive, Accusative and Locative. If it ends in ഉ, ഉ is omitted and ഇൻ is substituted (ഭൎത്താവിനോടു, വീട്ടിനോടു). In a similar way we form the Social Case of Nouns *ending in* അം, where also ത്ത is inserted and ം before ഓടു will be omitted (§ 61); hence ദൈവത്തോടു, മരത്തോടു etc. Finally Nouns *ending in a consonant* add ഓടു to their Nominative Case അച്ഛനോടു, മകനോടു etc. This case is especially used with Verbs of "speaking, informing" etc.; *f. e.* ഞാൻ നിന്നോടു സംസാരിക്കും I shall speak with you. അങ്ങോട്ടു (ex. 39) ഇങ്ങോട്ടു (ex. 28) show a form, which seems to be similar to this Social Case, but it is something quite different from it (ട്ട). ഇങ്ങു here; അങ്ങു there; and എങ്ങു where (see § 179. II, 1).

§ 73. In ex. 47 another Case, called *the Instrumental Case,* does appear. To express the English prepositions "by", "with", "through" in Malayalam ആൽ is affixed to the word. It is added to the different terminations of the Nouns in the same manner as the ending of the Social Case. So we say: അമ്മയാൽ, ചെവിയാൽ, കൈയാൽ, ഭൎത്താവിനാൽ, വീട്ടിനാൽ, ദൈവത്താൽ, മരണത്താൽ, അച്ഛനാൽ, പുരുഷനാൽ etc.

§ 74. Ex. 49, 50 give an opportunity for completing what we have begun to learn about the *Accusative Case* under § 40. The "എ" of the Accusative is affixed according to the rules laid down for the Social and Instrumental Cases. Thus: അമ്മയെ, മുറിയെ, കൈയെ, വീട്ടിനെ, ഭൎത്താവിനെ, ദൈവത്തെ, ശരീരത്തെ, മകനെ, മകളെ, അവരെ etc.

I. As to the way in which *the Accusative* or *Objective Case* is employed, the following examples will give the necessary hints.

1. നീ അമ്മയച്ഛന്മാരെ ബഹുമാനിക്കേണം (thou shalt honor father and mother). Although in general the Nominative Case is thought sufficient to express the object of a sentence (എന്റെ തൊപ്പി എടുക്ക), Transitive Verbs are frequently construed with the Accusative, especially if the Object is a living being, and ought to be pointed out.

2. അവൻ എന്നെ സേവിച്ചു (serve); നീ ഗുരുനാഥനെ (schoolmaster) അനുസരിക്കേണം (obey); ശിഷ്യന്മാർ (disciples) യേശുവിനെ പിഞ്ചെന്നു (അനുഗമിച്ചു follow); ഞാൻ

ദൈവത്തെ പ്രതീക്ഷിക്കുന്നു (കാത്തിരിക്കുന്നു wait upon). സേവിക്ക, പിഞ്ചെല്ലുക, അനുസരിക്ക, സൂക്ഷിക്ക (take care), എതിൎക്ക, മറുക്ക (resist) and other Verbs take the Accusative. Not so in English and German.

3. കുട്ടികൾ വന്നു ഒരു പാട്ടു പാടി (the children came and sang a song); അവൻ അനേക വാക്കുകളെ പറഞ്ഞു (he spoke many words); അവൻ തന്റെ ഓട്ടത്തെ ഓടി (he did run his course); ഒരു ശബ്ദം ശബ്ദിച്ചു (he uttered a sound). The Object has now and then the same or a similar meaning to the Verb and may stand in the Nominative or Accusative Case.

4. പാപം അവനെ കുരുടനാക്കി (sin made him a blind man). The Verbs "make", "elect", "appoint", "declare", crown", proclaim", "know", "consider", "teach" etc. are construed with two Objective Cases (just as in English and German). The person in question takes the Accusativs Case, the other Object the Nominative Case. അവൻ അവനെ രാജാവായി തെരിഞ്ഞെടുത്തു (he selected him as a king). This example shows that "as", "for", "to be" before the second Verb in English (*as* a king) is rendered in Malayalam by ആയി (see § 76, 144). As to the Postpositions following the Accusative Case see § 219.

II. *The Nominative Case.*

1. വണ്ടിക്കാരൻ കുളിമുറിയിൽ ഒരു സൎപ്പം കണ്ടു (the bandyman saw a cobra in the bathroom). This subject (വണ്ടിക്കാരൻ) takes the Nominative Case. സൎപ്പം shows, that in general the Nominative is also sufficient to denote the Object, see I, 1.

2. ഭൂമിയിൽ ബ്രാഹ്മണന്മാർ ഈശ്വരന്മാരാകുന്നു (on the earth the Brahmans are gods). അവന്റെ പേർ യോഹന്നാൻ എന്നു എഴുതി (he wrote his name to be John). After the Verbs: "to be", "become", "remain", "seem", "to be called" the Object stands in the Nominative (as in English and German). About ആയി employed in connexion with most of these Verbs (നീ എന്റെ ആശ്വാസമായിരിക്കുന്നു thou art my consolation), see I, 4 and § 87.

3. ഞാൻ മൂന്നു ദിവസം അവന്റെ വീട്ടിൽ പാൎത്തു [I lived (stayed) in his house for three days]. രാവും പകലും അവൻ ദുഃഖിച്ചു (day and night he was distressed). These examples show, that the Nominative Case may also be employed adverbially (especially for indicating a duration of time). In the same manner we say in English: "he sings day and night"; "she comes here every day".

അങ്ങിനേ പറഞ്ഞു shows, that the Nominative is sometimes omitted just like the Copula, see § 28.

As to Postpositions construed with Nominative see § 220.

§ 75. The two Verbs അറിയുക (ex. 17, 49) and പറയുക (or അറിക and പറക) show, that if the Present Tense ends in യുന്നു, *the Past Tense ends in* ഞ്ഞു (അറിയുന്നു, അറിഞ്ഞു; പറയുന്നു, പറഞ്ഞു).

Exercise 1.

With the tongue we do taste. With the hand man does touch. We have got ten fingers. How beautiful his teeth are! Did you clean your teeth this morning? Call the barber to cut my hair. Tell the Catechist to come here. Tell the cobbler to mend my shoes. Tell the tailor to mend this coat. From the skin of animals we make leather. The peasant ploughs the field with a plough. From corn we make flour; from corn-flour we make dough; from dough we make bread. From cream we make butter; from butter we make ghee; from milk we make cheese. Make a pap of milk and flour! He did shoot the dog with this gun. Will you build the house with stones? No, only with bricks. Fill up this hole with stones and sand. You must cut this wood with an axe.

Translation.

നാവിനാൽ നാം രുചിക്കുന്നു. മനുഷ്യൻ കയ്യാൽ തൊടുന്നു (past തൊട്ടു). നമുക്കു പത്തു വിരൽ ഉണ്ടു. അവന്റെ പല്ലുകൾ എത്രയോ ഭംഗിയുള്ളവ. രാവിലേ പല്ലു തേച്ചുവോ? എന്റെ തലമുടി കത്രിപ്പാൻ ക്ഷൌരക്കാരനെ വിളിക്ക. ഉപദേശിയോടു ഇങ്ങോട്ടു വരുവാൻ പറ. എന്റെ ചെരിപ്പു നന്നാക്കുവാൻ (നന്നാക്കുന്നു) ചെരിപ്പുകാരനോടു (ചക്കിലിയനോടു) പറ. തുന്നക്കാരനോടു ഈ കുപ്പായത്തെ നന്നാക്കുവാൻ പറ. ജന്തുക്കളുടെ ചൎമ്മത്താൽ നാം തോൽ ഉണ്ടാക്കുന്നു. കൃഷിക്കാരൻ കരിയാൽ വയൽ ഉഴുകുന്നു. ധാന്യത്താൽ നാം പൊടിയുണ്ടാക്കുന്നു; പൊടിയാൽ മാവു ഉണ്ടാക്കുന്നു; മാവിനാൽ അപ്പം ചുടുന്നു. പാടയാൽ വെണ്ണ ഉണ്ടാക്കുന്നു; വെണ്ണയാൽ നൈ ഉണ്ടാക്കുന്നു; പാലാൽ പാലട (പാല്ക്കട്ടി) ഉണ്ടാക്കുന്നു. പാലാലും പൊടിയാലും ഒരു കഞ്ഞി ഉണ്ടാക്ക. അവൻ നായെ ഈ തോക്കുകൊണ്ടു വെടിവെച്ചു. വീടു കല്ലുകളാൽ കെട്ടുമോ? അല്ല കട്ടയാൽ മാത്രം. കല്ലുകളാലും പൂഴിയാലും ഈ കുഴിയെ നിറെക്ക. ഈ മരം ഒരു മഴുവിനാൽ വെട്ടേണം.

Exercise 2.

Nom.	വീടു		the house.	മഴ		the rain.
Acc.	വീടിനെ		,,	മഴയെ		,,
Dat.	വീട്ടിന്നു	to	,,	മഴെക്കു	to	,,
Gen.	വീടിന്റെ	of	,,	മഴയുടെ	of	,,
Loc.	വീട്ടിൽ	in	,,	മഴയിൽ	in	,,
Abl.	വീട്ടിൽനിന്നു	from	,,	മഴയിൽനിന്നു	from	,,
Loc. Dat.	വീട്ടിലേക്കു	into	,,	മഴയിലേക്കു	into	,,
Social	വീടിനോടു	with	,,	മഴയോടു	with	,,
Instr.	വീടിനാൽ	by	,,	മഴയാൽ	by	,,

Nom.	സ്നേഹം		love.	മകൻ		son.
Acc.	സ്നേഹത്തെ		,,	മകനെ		,,
Dat.	സ്നേഹത്തിന്നു	to	,,	മകന്നു	to	,,
Gen.	സ്നേഹത്തിന്റെ	of	,,	മകന്റെ	of	,,
Loc.	സ്നേഹത്തിൽ	in	,,	മകനിൽ	in	,,
Abl.	സ്നേഹത്തിൽനിന്നു	from	,,	മകനിൽനിന്നു	from	,,
Loc. Dat.	സ്നേഹത്തിലേക്കു	into	,,	മകനിലേക്കു	into	,,
Social	സ്നേഹത്തോടു	with	,,	മകനോടു	with	,,
Instr.	സ്നേഹത്താൽ	by	,,	മകനാൽ	by	,,

Ninth Lesson.

What shall be done or has happened successively.

51. എന്റെ ചൂരൽ എടുത്തു അതിനെക്കൊണ്ടു എന്റെ വസ്ത്രങ്ങളെ നല്ലവണ്ണം അടിക്ക! കേട്ടോ? take my cane and dust my clothes well! Did you hear?

Lit. My cane taken, it with my clothes well beat!

എടുത്തു Past Tense of എടുക്ക (എടുക്കുന്നു, എടുക്കും, എടുപ്പാൻ, എടുപ്പിൻ); കൊണ്ടു is the Past Tense or Part. of കൊള്ളുന്നു used like the Prepositions, "by", "with" in English, being another Instrumental case, it can be employed instead of ആൽ in the final translation of Chapter VIII.

What is the singular of വസ്ത്രങ്ങൾ? നല്ലവണ്ണം Adverb of നല്ല (well), see § 168.

52. ഏഴ എട്ടു ആളുകൾ ഇങ്ങു വന്നു ഞങ്ങളുടെ പറമ്പിൽ പണി ചെയ്യട്ടേ seven or eight men shall come here and work in our compound.

പറമ്പു compound; പണി work.

53. പണിക്കാര, ഗുരുവിന്റെ അടുക്കലേക്കു പോയി അവരുടെ ഭാൎയ്യക്കു സൌഖ്യം ഉണ്ടോ എന്നു ചോദിക്ക boy, go to the schoolmaster and ask whether his wife is well!

പണിക്കാര! *Vocative*; ഗുരുവിന്റെ Gen. of ഗുരു. The Inf. അടുക്കൽ of the Verb അടുക്ക (അടുക്കുന്നു, അടുത്തു, അടുക്കും) is used like the Preposition "near of" § 51; അവരുടെ Plur. why? § 66.

54. നായാട്ടിന്നു അവൻ കാട്ടിൽ ചെന്നു ഒമ്പതു മുയലുകളെയും രണ്ടു പന്നികളെയും മൂന്നു മാനുകളെയും കൊന്നു he went to the forest for hunting and killed nine hares, two hogs and three deer.

നായാട്ടു hunting; കാടു forest; ചെല്ലുന്നു, ചെന്നു, ചെല്ലും to go, proceed; മുയൽ (haro) and മാൻ (deer) usually insert ഉ in forming the *Plural* so all Nouns ending in ൽ, ൾ or in ൻ preceded by a long vowel: മീൻ fish, Plur. മീനുകൾ; ആൾ Plur. ആളുകൾ.—കൊല്ലുന്നു, കൊന്നു, കൊല്ലും kill.

§ 76. These four examples introduce a very remarkable form of speech in Malayalam.

എടുത്തു (51) വന്നു (52) പോയി (53) ചെന്നു (54) seem to be only the Past Tenses of the respective Verbs. Still these forms are not the general Past Tense, but *the Adverbial Past Participle*, a form similar to the Adverbial Future Participle, we have heard of (§ 69 കടിപ്പാൻ, എഴുതുവാൻ etc.). The first Verb എടുത്തു expresses not the full and chief action aimed at. What I want to say in ex. 51 is, that my clothes shall be dusted and to manage this the cane must be taken first. These two actions are two parts of what is considered to be only one performance, the first Verb expressing something, which must be done for the accomplishment of the whole action, suggesting *the instrument* or *mode* performing the design of the finite Verb. So *before* those men can take up the work in the compound (ex. 52), they must come here first of all etc. As in Malayalam the first Auxiliary Verb is considered to be a kind of Adverb (എടുത്തു, വന്നു etc.), the three sentences are *simple* sentences. In English and German we want as many Imperatives (or in the case of assertions as many sentences, No. 54) as actions are required and for indicating, that they altogether form one complicate action, we combine them generally by "and" with the final command (or the Finite Verb ex. 54). Thus: "Go and tell him"; "Geh und sage ihm"; Mal. നീ പോയി അവനോടു പറ; *having arrived* here again, I saw his letter (ഇവിടെ വീണ്ടും എത്തി ഞാൻ അവന്റെ കത്തു കണ്ടു); "Hier angekommen, fand ich seinen Brief vor". "μολόντες εὔξαντο τῷ Διΐ they came and prayed to Zeus".

§ 77. എന്നു ചോദിക്ക (ex. 53) shows, that the words, which are spoken or shall be spoken are given first and instead of "that" in English എന്നു joins them to the governing Verb: speak, ask, answer, etc. *f. e.* ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു യേശു പറഞ്ഞു I am the light of the world, so Jesus said. In English we use either the sign of quotation (in "oratia recta": He said: "I shall never forget this") or "that" (in "oratio obliqua": He said, that he never would forget this).

Exercise 1.

സ്നേഹിക്ക.

Pres.	സ്നേഹിക്കുന്നു.	*Imper. I.*	സ്നേഹിക്ക.
Past.	സ്നേഹിച്ചു.	„ *II.*	സ്നേഹിപ്പിൻ.
Fut.	സ്നേഹിക്കും.	„ *III.*	സ്നേഹിക്കട്ടേ.

Adverbial.

Part. Fut. സ്നേഹിപ്പാൻ. *Part. Past* സ്നേഹിച്ചു.

ആക.

ആകുന്നു	am.	ആവിൻ	be you.
ആയി	was.	ആകട്ടേ	let it be.
ആകും	shall.	ആവാൻ	for to be.
ആക	be.	ആയി (Ex. 11)	being.

Exercise 2. *House-building.*

Buy a piece of ground for me to build a house (on it). Close to the garden of Mr. Miller there is a piece of ground. What is the breadth and length of it? It is 50 yards broad and 60 yards long. Are there any trees on it? There are only some palm-trees, mango-trees and tamarind-trees. What does the owner ask for it? 100 Rupees. To-morrow evening at 5 o'clock I will come and settle (finish തീൎക്കുന്നു) the matter. Have you got all the materials to build the house? Let the people begin to work to-morrow. Did they lay the foundation yesterday? Not the whole, they will finish to-day. Is the chunnam ready to plaster the walls and to white-wash them. The walls are not dry. Shall we build an upstair? The wall-plate, the cross-beam, the beams, the ridge-beam, the cross-bars supporting the rafters and the rafters you must make of red timber. Where are the frames of the doors and windows? Are these pillars strong enough to bear the roof of the porch? Who stands there near the stair case? Let me sit down on (മേൽ with Gen.) the threshold. Where will you build the kitchen and the stable? Will you thatch the roof? I do intend to tile it. Wherefrom will you get the tiles? From Calicut. With this chisel, saw, hammer and borer you intend to do your work? Call a smith to make the hooks and hinges. What shall we do with this little hut? Remove it and level it with (Soc.) the ground. Have they begun to cut the stones? Shall I take the measure of those planks? Here we want a water-course. Those coolies shall take their hoes and repair this way. This way is too steep. There are a great many holes and rents in the wall, fill them up with mortar. It is not necessary to see all those joints in the wall.

Translation.

ഒരു വീടു കെട്ടുവാൻ എനിക്കു ഒരു സ്ഥലം വാങ്ങുക. മില്ലർസായ്വിന്റെ തോട്ടത്തിന്റെ (തോട്ടത്തിൻ) അടുക്കൽ (അടുക്കേ, അരികേ) ഒരു സ്ഥലം ഉണ്ടു. അതിന്റെ വീതിയും നീളവും എന്താകുന്നു? അതിന്നു നാല്പതു കോൽ വീതിയും അറുപതു കോൽ നീളവും ഉണ്ടു. അതിൽ പല മരങ്ങൾ (വൃക്ഷങ്ങൾ) ഉണ്ടോ? ചില തെങ്ങും മാവും പുളിയും മാത്രം അവിടേ ഉണ്ടു. ഉടയവൻ (or ഉടമസ്ഥൻ or ജന്മി) അതിന്നു എത്ര വില (എന്തു വേണം എന്നു) ചോദിക്കുന്നു? നൂറു ഉറുപ്പിക. നാളെ വൈകുന്നേരം അഞ്ചു മണിക്കു ഞാൻ അങ്ങോട്ടു വന്നു കാൎയ്യം തീൎക്കും. വീടു കെട്ടുവാൻ (പണിയിപ്പാൻ) നിങ്ങൾക്കു എല്ലാ സാമാനങ്ങളും ഉണ്ടോ? ആളുകൾ നാളെ പണി ചെയ്യാൻ തുടങ്ങട്ടേ! (ആരംഭിക്കട്ടേ!) അവർ ഇന്നലേ അടിസ്ഥാനം ഇട്ടുവോ? (ഇടുന്നു Pres.) മുഴുവനും ഇട്ടിട്ടില്ല*, ഇന്നു തീൎക്കും (മുഴുവൻ ആകും). ചുമരുകൾക്കു കമ്മായം ഇടുവാനും വെള്ളതേപ്പാനും (തേക്കുന്നു, തേച്ചു) ചുണ്ണാമ്പു തയ്യാറായോ? മതിലുകൾ ഉണങ്ങിയില്ല. ഒരു മാളിക കെട്ടേണമോ? ച്വരുത്തരത്തെയും വിട്ടത്തെയും

* ഇട്ടു + ഇട്ടു + ഇല്ല, see § 116.

ഉത്തരങ്ങളെയും മോന്തായത്തെയും കഴക്കോലുകളെയും വാരികളെയും ഇരുൾകൊണ്ടു ഉണ്ടാക്കേണം. വാതിലുകളുടെയും ജനവാതിലുകളുടെയും കട്ടിലകൾ എവിടേയാണ്? പൂമുഖത്തിന്റെ മേല്പുരയെ വഹിപ്പാൻ ഈ തൂണുകൾക്കു വേണ്ടുവോളം ബലം (strength) ഉണ്ടോ? പടിയുടെ അരികേ ആർ നില്ക്കുന്നു? ഞാൻ ഉമ്മരപ്പടിയിന്മേൽ ഇരിക്കട്ടേ! അടുക്കളയെയും ആലയെയും (or അടുക്കളയും ആലയും) എവിടേ പണിയിക്കും? നിങ്ങൾ പുരെക്കു ഓല കെട്ടുമോ? ഞാൻ അതിനെ ഓടുമേയുവാൻ ഭാവിക്കുന്നു. ഓടു എവിടേനിന്നു (എവിടുന്നു) കിട്ടും? കോഴിക്കോട്ടിൽനിന്നു. ഈ ഈൎച്ചവാളും മുട്ടിയും തമരും കൊണ്ടു നീ പണി ചെയ്വാൻ ഭാവിക്കുന്നുവോ? പൂട്ടുകളെയും ചുഴിക്കുററികളെയും ഉണ്ടാക്കുവാൻ ഒരു കൊല്ലനെ വിളിക്ക. ആ ചെറിയ കടിൽകൊണ്ടു നാം എന്തു ചെയ്യേണ്ടു? അതു നീക്കി നിലത്തോടു സമമാക്ക. കല്ലുകളെ ചെത്തുവാൻ അവർ തുടങ്ങിയോ? ആ പലകകളെ ഞാൻ അളവു ചെയ്യട്ടേ! ഇവിടേ നമുക്കു ഒരു തോടു വേണം. ആ കൂലിക്കാർ അവരുടെ കൈക്കോട്ടുകൾ എടുത്തു ഈ വഴിയെ നന്നാക്കട്ടേ! ഈ വഴി അധികം കുത്തനെ ആകുന്നു. മതിലിൽ വളരേ ദ്വാരങ്ങളും വിള്ളലുകളും ഉണ്ടു, അവയെ കൽക്കുമ്മായം (കക്കുമ്മായം) കൊണ്ടു അടെക്ക. ചുമരിൽ ഈ എല്ലാ ഏപ്പുകളെ കാണ്മാൻ ആവശ്യമില്ല.

Exercise 3.

Words and phrases used in connexion with *House-building*.

To measure out the ground for building a house	കുററി തറെക്ക.
To dig a hole for laying a foundation	കുഴിയാട്ടു കീറുക.
To lay a foundation	അടിസ്ഥാനമിടുക.
To raise a foundation-wall	തറ കെട്ടുക.
To break stones	കല്ലു കൊത്തുക.
To cut stones	കല്ലു ചെത്തുക.
To make bricks	കട്ട മുറിക്ക.
To burn lime	കുമ്മായം ചുടുക.
To slake lime	കക്ക നീററുക.
To saw the timber	മരം ഈരുക.
To cut timber	മരം ചെത്തുക.
To plane the plank	ചിപ്പുളി ഇടുക (ഉന്തുക).
To join the frames	കട്ടിള കൂട്ടുക.
To bore a hole	തുളെക്ക.
To file	രാകുക (a file അരം).
To drive in a nail	ആണി തറെക്ക.
To put on the roof	മോന്തായം കൂട്ടുക.
To lower down the cross-bars	കഴക്കോൽ താഴ്ത്തുക.
To nail on the rafters	വാരി (പട്ടിക) തറെക്ക.
To thatch the roof	ഓല കെട്ടുക.
To tile it	ഓടു മേയുക. [ട്ടുക).
To plaster the walls	ചുവർ കുപ്പാരിക്ക (കപ്പലാരിക്ക) (or രെഞ്ചി
To white wash	വെള്ള തേക്ക.
To fasten the bamboo mat	അത്താർ തറെക്ക.

The wall sags (sich senken)	ചുവർ ഇരുന്നു പോയി.
To remove and rebuild	പറിച്ചു കെട്ടുക.
The frame stands obliquely	കട്ടില കുത്തിപ്പോയി.
Make it straight (horizontal)	നിവിൎത്തുക.
The ceiling (roof in a native-house, used as a store room) has lowered itself. Raise (it).	അട്ടം ചാഞ്ഞുപോയി. പൊന്തിക്ക.
The chunam did slit off. Fill it up again	കുമ്മായം അടൎന്നുപോയി. അടെക്ക.
The beam (resting on the pillars of a verandah) is too long (നീളുന്നു, നീണ്ടു to be long)	ഇറയുത്തരം നീണ്ടുകിടക്കുന്നു.
Cut off $\frac{1}{4}$ of a kōl (one kōl = 28 inches)	അതു കാൽ കോൽ മുറിക്ക.
The ridge-beam is bent	മോന്തായം വളഞ്ഞിരിക്കുന്നു.
Make it straight	നേരെയാക്ക.
The eaves have lowered themselves. Raise them a little	ഇറ താണുപോയി. അല്പം പൊന്തിക്ക.
Remove and replace the tiles	ഓടു ഇളക്കി ഇടുക.
The pillar is sloping	തൂൺ ചരിഞ്ഞിരിക്കുന്നു.
Make it upright (perpendicular)	കുത്തനെ ആക്ക.
Compress the ground a little more (by beating it)	നിലം കുറേ അധികം ഒതുക്കുക (അടിക്ക).

55. കാളകളെ കെട്ടി വണ്ടിയെ കൊണ്ടുവാ എന്നു വണ്ടിക്കാരനോടു പറ tell the bandyman to get the bandy ready.

Lit. The bullocks having bound the coach bring so to the bandyman tell.

കെട്ടുക (കെട്ടുന്നു, കെട്ടി, കെട്ടും) bind, tie. The word കാരൻ means "doer", one who has to do with something. It corresponds to the English "man" affixed to many words in order to form names for different craftsmen. So വണ്ടിക്കാരൻ one, who has to do with the വണ്ടി, പണിക്കാരൻ has to do with work in general, തോണിക്കാരൻ with the തോണി (boat), കൂലിക്കാരൻ with the കൂലി (hire; therefore = labourer, cooly).

56. ഞാൻ കോഴിക്കോട്ടിലേക്കു പോയപ്പോൾ ദിവസേന മൂന്നുപ്രാവശ്യം അവനെ കണ്ടു when I went to Calicut I saw him every day three times.

Calicut is the English pronunciation of കോഴിക്കോടു (Hen-castle, Hühnerburg); പോൾ means when; it is put at the end of the adverbial sentence.

57. അവന്നു ഒമ്പതു അല്ലെങ്കിൽ പത്തു വയസ്സായപ്പോൾ അവൻ തന്റെ രാജ്യത്തെ വിട്ടു തെക്കോട്ടു യാത്രചെയ്തിട്ടില്ലേ? when he was nine or ten years of age, did he not leave his country and make a journey to the South?

അല്ലെങ്കിൽ if not; or; വയസ്സു age, years of life; ആയ from ആയി as പോയ (ex. 56) from പോയി is the Past Tense of ആകുന്നു. താൻ myself, Gen. തന്റെ Personal Pronoun. രാജ്യം country, kingdom; രാജാവു king; രാജ്ഞി queen; വിടുന്നു, വിട്ടു, വിടും,

വിടുക leave; വിട്ടു Adverbial Past Participle (ex. 51. 52. 53); തെക്ക *South* instead of തെക്കിലേക്ക, തെക്കോട്ടു to the South; വടക്ക *North* (വടക്കോട്ടു to the North); കിഴക്ക *East* (കിഴക്കോട്ടു to the East); പടിഞ്ഞാറു *West* (പടിഞ്ഞാറോട്ടു to the West). For ഓട്ടു see § 179. II. 2.

§ 78. To indicate the succession of two or more actions or occurrences the Noun പോൾ is employed. Though it means "time" (എപ്പോൾ what time; ഇപ്പോൾ this time; അപ്പോൾ that time; നല്ലപ്പോൾ at a good time, for the first time), it is used like the English "when" or the German "als". Therefore ex. 56 means literal: (In) I to Calicut going *time* I saw him etc. Again we see (§ 76), that an English complex sentence (when I went I saw) does form in Malayalam only a simple sentence with an Adverbial phrase; (in the to Calicut going time). But we may consider for the present പോൾ as a Conjunction and as the Malayalam equivalent for "when" or "as".

§ 79. The Genitive തന്റെ (ex. 57) of the Personal Pronoun താൻ is employed instead of അവന്റെ, if the person of the Pronoun and that of the Subject are one and the same—(σεαυτοῦ in Greek). തന്റെ is also employed for അവളുടെ and even അതിന്റെ, *f. e.* അമ്മ തന്റെ കുട്ടിയെ കണ്ടപ്പോൾ സന്തോഷിച്ചു when the mother saw her child she rejoiced.

So whilst the Demonstrative Pronoun അവൻ, ൾ, തു in general is employed as the Personal Pronoun, താൻ is used chiefly as the *Reflexive Pronoun*; "sich", "sein" in German, താൻ self; തന്റെ of self; തനിക്ക to self; തന്നെ self (Not തന്നേ ex. 35). Hence:

ഞാൻ താൻ	I myself	(also ഞാൻ തന്നേ I, of my own accord).
നീ താൻ	Thou thyself	(നീ തന്നേ).
അവൻ താൻ	he himself	(അവൻ തന്നേ).
അവൾ താൻ	she herself	(അവൾ തന്നേ).
അതു താൻ	it itself	(അതു തന്നേ).
നാം or ഞങ്ങൾ താൻ	we ourselves	(നാം തന്നേ).
നിങ്ങൾ താൻ	you yourselves	(നിങ്ങൾ തന്നേ).
അവർ താൻ	they themselves	(അവർ തന്നേ).
അവ താൻ	,, ,,	(അവ തന്നേ).

I myself shall go there	ഞാൻ താൻ അങ്ങോട്ടു പോകും.
I love myself	ഞാൻ എന്നെ തന്നേ സ്നേഹിക്കുന്നു.
Thou cheatest thyself	നീ നിന്നെ തന്നേ ചതിക്കുന്നു.
He himslf came down	അവൻ തന്നേ ഇറങ്ങി വന്നു etc.

§ 80. It is remarkable, that we cannot say അവൻ പത്തു വയസ്സായപ്പോൾ or അവനു പത്തു വയസ്സുണ്ടായപ്പോൾ, but അവനു പത്തു വയസ്സായപ്പോൾ etc.

Exercise 1.

Translate.

ഒരു നാൾ എത്രയും ബുദ്ധിയുള്ള ആളുകൾ യരുശലേംപട്ടണത്തിൽ വന്നു. അങ്ങോട്ടു വന്നപ്പോൾ അവർ യഹൂദരുടെ രാജാവിനെ കാണ്മാൻ പോയി. ആ രാജാവിന്റെ പേർ ഹെരോദാ എന്നു തന്നേ. അവർ അവനെ കണ്ടപ്പോൾ "യഹൂദർക്കു ഒരു വലിയ രാജാവു ജനിച്ചു (ജനിക്ക to be born), കിഴക്കിൽ ഞങ്ങൾ അവന്റെ നക്ഷത്രത്തെ (നക്ഷത്രം star) കണ്ടു വളരേ സന്തോഷിച്ചു (rejoice) അവനെ തൊഴുവാൻ (salute) ഞങ്ങൾ വന്നു" എന്നു രാജാവിനോടു പറഞ്ഞു. ആ വിടക്കു (bad) രാജാവു അതു കേട്ടപ്പോൾ അവന്നു ഭയം (fear) വന്നു, "നിങ്ങൾ ഈ കുട്ടിയെ നല്ലവണ്ണം അന്വേഷിക്കേണം (seek) പിന്നേ അതിനെ കാണും നിശ്ചയം. കുട്ടി എവിടേ എന്നു നിങ്ങൾ എന്നോടു അറിയിക്കേണം (അറിയിക്ക from അറിക to make known, announce), ഞാനും പോയി അതിനെ തൊഴും, കേട്ടോ" എന്നു രാജാവു പറഞ്ഞു. എങ്കിലും ഈ രാജാവു ചതിയനത്രേ (deceiver); ആ മാഗർ ബെത്ലെഹേമിലേക്കു പോയപ്പോൾ വേഗത്തിൽ ആ നക്ഷത്രത്തെ വീണ്ടും കണ്ടു എത്രയും സന്തോഷിച്ചു. ഈ നക്ഷത്രം വഴി നല്ലവണ്ണം കാണിച്ചു (show). ഒടുക്കം ഈ നക്ഷത്രം ഒരു വീട്ടിന്റെ മേല്ഭാഗത്തു (മേൽ above; ഭാഗം side; ഭാഗത്തു = ഭാഗത്തിൽ) നിന്നു. മാഗർ വീട്ടിൽ കടന്നു യേശു എന്ന കുട്ടിയെ കണ്ടു. യേശുവിനെയും അവന്റെ അമ്മയച്ഛന്മാരെയും കണ്ടപ്പോൾ അത്രയും സന്തോഷിച്ചു. അവർ "ഈ കുട്ടിയെ തൊഴുതു നല്ല സമ്മാനങ്ങളെ കൊടുത്തു." രാജാവിന്റെ അടുക്കൽ പോകേണ്ട എന്നു ദൈവം രാത്രിയിൽ അവരോടു പറഞ്ഞു, അതുകൊണ്ടു അവർ വേറൊരു വഴിയായി തങ്ങളുടെ (plur. of താൻ ex. 57) ദേശത്തിലേക്കു പോകയും ചെയ്യു.

Exercise 2.

On House-furniture.

Are there drawers in this table?	ഈ മേശെക്കു വലിപ്പുകൾ ഉണ്ടോ?
Who did make it? The carpenter	അതു ആർ ഉണ്ടാക്കി? ആശാരി.
Sit on that chair	ആ കസേലമേൽ ഇരിക്ക.
This chair has got no arms	ഈ കസേലെക്കു കൈ ഇല്ല.
What is the price of this easy-chair?	ഈ ചാരുകസേലയുടെ വില എന്തു?
From which wood shall I make this bedstead (cot)? Take blackwood	ഞാൻ ഈ കട്ടിൽ ഏതു മരംകൊണ്ടു ഉണ്ടാക്കേണം? കരിമരം എടുക്ക.
Put the bedding into the sun	കിടക്ക വെയിലിൽ (വെയിലത്തു) ഇടുക.
There are not enough fibers (of cocoanuts) in this pillow	ഈ തലയണയിൽ ചേരി (ചകിരി) പോര.
It is very hard	അതു വളരേ കട്ടിയായിരിക്കുന്നു.
Lower the curtains	മേലാപ്പു താഴ്ത്തുക.
This wardrobe is too large	ഈ ഉടുപ്പുപെട്ടി അധികം വലിയതാകുന്നു.
White ants have come into my box	എന്റെ പെട്ടിക്കു ചെതൽ പിടിച്ചിരിക്കുന്നു.
My clock is too late (goes too fast)	എന്റെ ഘടികാരം [വളരേ] താമസിച്ചു നടക്കുന്നു (വേഗത്തിൽ നടക്കുന്നു).
Washerman! do empty the basket and put everything on the floor	ഡോവീ! കൊട്ട ഒഴിച്ചു എല്ലാം നിലത്തു ഇടുക.

58. യേശു സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിവന്നപ്പോൾ രാജാക്കന്മാരെയും ഭിക്ഷക്കാരെയും ധനവാന്മാരെയും ദരിദ്രരെയും വലിയവരെയും ചുങ്കക്കാരെയും ഒരുപോലെ സ്നേഹിച്ചിരിക്കുന്നു when Jesus came down from heaven, he loved the kings and the beggars, the rich and the poor, the great and the tax gatherers (all) alike.

Nom. രാജാവു, ഭിക്ഷക്കാരൻ, ധനവാൻ, ദരിദ്രൻ, വലിയവൻ, ചുങ്കക്കാരൻ; സ്നേഹിച്ചിരിക്കുന്നു Perfect Tense. ഇറങ്ങി *Adverbial Past Participle* of ഇറങ്ങുക (descend), ഇറങ്ങുന്നു, ഇറങ്ങി, ഇറങ്ങും. It is evident, that this form of the Verb is a kind of Adverb, as it suggests the *mode*, in which Jesus came, and so it is translated best by "down" in English or "herab" in German. (§ 76 and 175.)

59. ഞാൻ പള്ളിയിലേക്കു പോവാൻ ഭാവിച്ചപ്പോൾ എന്റെ അച്ഛൻ എന്നോടു "അതു ഒരിക്കലും ചെയ്യരുതെന്നു പറഞ്ഞു" when I intended to go to church my father said to me: "Never do that".

ചെയ്യരുതേ = ചെയ്യേണ്ട (see § 92 and 197).

60. ഞാൻ ഈ സ്ഥലത്തു എത്തിയപ്പോൾ ആണ്കുട്ടികളും പെണ്കുട്ടികളും എന്നെ കാണ്മാൻ അവിടേ വന്നിരിക്കുന്നു when I reached this place boys and girls did come there to see me.

§ 81. Besides the *Plural* ending in കൾ, ക്കൾ, ങ്ങൾ (§ 60) there is another termination for the Plural employed for *rational beings*. It is the affix അർ in ദരിദ്രർ, വലിയവർ, മനുഷ്യർ; in the same manner അവൻ, അവർ; ദേവൻ, ദേവർ; ബ്രാഹ്മണൻ, ബ്രാഹ്മണർ; തീയൻ, തീയർ etc. In a similar way a more honorific kind of Plural is formed by adding മാർ as in പുരുഷന്മാർ, ധനവാന്മാർ; ഭാൎയ്യ, ഭാൎയ്യമാർ; അച്ഛൻ, അച്ഛന്മാർ; സായ്പ്, സായ്പന്മാർ; ജ്യേഷ്ഠൻ, ജ്യേഷ്ഠന്മാർ; അമ്മ, അമ്മമാർ. To form a still more honorifical Plural അവർ sometimes contracted into (ആർ) and കൾ are joined. So polite natives allude, in presence of a gentleman to another European in saying: സായ്പവർകൾ പറഞ്ഞു etc.

If the final ൻ is preceded by "r" as in the case of all the Personal Nouns ending in കാരൻ (ex. 55) ൻ is simply dropped in order to form the Plural. Thus: പണിക്കാർ, തോണിക്കാർ, ഭിക്ഷക്കാർ, ചുങ്കക്കാർ, കൂലിക്കാർ. Ex. 58 shows the Plurals of രാജാവു (രാജാ), പിതാവു (പിതാ) and ഭൎത്താവു; they are: രാജാക്കന്മാർ, പിതാക്കന്മാർ and ഭൎത്താക്കന്മാർ, in which case കൾ and മാർ are combined (കൾ + മാർ = ക്കന്മാർ).

§ 82. As seen in § 61, Nouns ending in അം have a secondary form (ത്തു) employed for the oblique cases. From ex. 60 follows, that this substituted form may also be used instead of the Locative and especially സ്ഥലം (place) സമയം (time) are frequently used this way: സ്ഥലത്തു (instead of സ്ഥലത്തിൽ) സമയത്തു (സമയത്തിൽ). Also പുറത്തു (ex. 36 പുറത്തിൽ from പുറം outside) and അകത്തു (inside from അകം). വൈകുന്നേരത്തു (നേരം time, നേരത്തിൽ); നിലത്തു on the ground; അവിടത്തു instead of അവിടേ (from അവിടം).

§ 83. *The Perfect* is formed (ex. 58) by joining the Auxiliary Verb ഇരിക്ക ("to sit", "remain", "be at a place") to the Past Tense of the Verb, so that ഇരിക്ക is used just like the Auxiliary "have" or "haben" in English or German. The Perfect Tense expresses a completed action (the point of view being the present tense). The Auxiliary Verb ഇരിക്ക is the proper word to render this meaning. ഇരിക്ക "to sit", "abide", "be stationary" indicates that the consequences of that, which has been done, will extend also over the Present Tense, *f. e.* അവർ വാതിൽ തുറന്നിരിക്കുന്നു they have opened the door (and it is opened) തുറക്കുന്നു, തുറന്നു open.

§ 84. We are going now to lay down some further rules about *the formation of the Past Tense* (see besides this § 62 and 75).

a. കിടക്കുന്നു, നടക്കുന്നു and the like show, that if ക്കുന്നു is preceded by ട, the Past Tense is ന്നു (ക്കുന്നു dropped) കടന്നു, നടന്നു, കിടന്നു (from കിടക്കുന്നു lie, rest). This rule holds true also for ക്കുന്നു preceded by റ, *f. i.* തുറക്കുന്നു (തുറന്നു) or പറക്കുന്നു, പറന്നു to fly.

b. A Verb ending in the Present Tense in ർക്കുന്നു (പാർക്കുന്നു) or ഉക്കുന്നു (എടുക്കുന്നു, കൊടുക്കുന്നു) forms the Past in ർത്തു (പാർത്തു) or ഉത്തു (എടുത്തു, കൊടുത്തു).

c. Verbs with ൾ *before* ക്കുന്നു (കേൾക്കുന്നു) form the past in ട്ടു (കേട്ടു), വേൾക്കുന്നു, വേട്ടു to marry.

d. When the Present Tense ends in ങ്ങുന്നു (ഉറങ്ങുന്നു, ഇറങ്ങുന്നു), or in ക്കുന്നു (നോക്കുന്നു) ട്ടുന്നു (കെട്ടുന്നു) തുന്നു (എഴുതുന്നു) ത്തുന്നു (എത്തുന്നു) the past is formed by omitting ഉന്നു and substituting ഇ, *f. i.* ഉറങ്ങി, ഇറങ്ങി, നോക്കി, കെട്ടി, എഴുതി, എത്തി etc.

Exercise 1.

Singular.

	അവൻ	കൂലിക്കാരൻ	അച്ഛൻ.

Plural.

Nom.	അവർ	കൂലിക്കാർ	അച്ഛന്മാർ
Acc.	അവരെ	കൂലിക്കാരെ	അച്ഛന്മാരെ
Dat.	അവർക്കു	കൂലിക്കാർക്കു	അച്ഛന്മാർക്കു
Gen.	അവരുടെ	കൂലിക്കാരുടെ	അച്ഛന്മാരുടെ
Loc.	അവരിൽ	കൂലിക്കാരിൽ	അച്ഛന്മാരിൽ
Abl.	അവരിൽനിന്നു	കൂലിക്കാരിൽനിന്നു	അച്ഛന്മാരിൽനിന്നു
Loc. Abl.	അവരിലേക്കു	കൂലിക്കാരിലേക്കു	അച്ഛന്മാരിലേക്കു
Soc.	അവരോടു	കൂലിക്കാരോടു	അച്ഛന്മാരോടു
Instr.	അവരാൽ	കൂലിക്കാരാൽ	അച്ഛന്മാരാൽ

Exercise 2.

Did you see my bullocks? I have seen them (they, neuter = അവ) yesterday. They are nice bullocks indeed. How old are they? Nine years of age. You must nourish (ex. 54) them very well. Whereto shall we go this evening? I would like to go to the town. How often have we gone there! Do you know another way? Do you know (പല) people in the town? I know only some poor people. Are many beggars coming to your house? They come here daily. Do you give them money? No, they must work in my compound. Are they willing to do so? Many beggars, on hearing about it, said: "We do not like to work [many beggars this heard when "to work to us mind is not" (ex. 26) so they said]. Truly many people never like to work. Shall we leave this place and go there? As you like (ഇഷ്ടം പോലെ). Whose house is this? It is the house of a rich man. Let us go inside! Salaam mother! We came to see you. I am very glad ("this to me much joy"). Are your children well? They are not quite well (ex. 20). Where are your boys? They have gone out and play in the compound (play കളിക്ക). Māta, go and ask what the boys are doing ("Māta gone, boys what do, so ask!"). When Māta came, what did she say? The boys play nicely. Did they see those two gentlemen? Yes, when they saw them, they were afraid ("to them fear came"). We must go. Bandyman! get the bandy ready (see ex. 55). Sahib, you never came here. I shall come again. Whereto do you go? I intend to go home. Please say many salaams to Missis. I shall say so. Salaam!

Translation.

നിങ്ങൾ എന്റെ കാളകളെ കണ്ടുവോ? (കണ്ടോ?) ഇന്നലേ ഞാൻ അവയെ കണ്ടിരിക്കുന്നു. അവ നല്ല കാളകൾ നിശ്ചയം. അവെക്കു എത്ര വയസ്സായി? (ex. 57) അവെക്കു ഒമ്പതു വയസ്സു തന്നേ. നിങ്ങൾ അവയെ നല്ലവണ്ണം രക്ഷിക്കേണം. നാം ഈ വൈകുന്നേരം എവിടേക്കു പോകും? എനിക്കു പട്ടണത്തിലേക്കു പോവാൻ ഇഷ്ടം ഉണ്ടു. നിങ്ങൾ എത്രവട്ടം അങ്ങോട്ടു പോകുന്നു! നിങ്ങൾ വേറൊരു വഴി അറിയുന്നുവോ? നിങ്ങൾ പട്ടണത്തിൽ പല ആളുകളെ അറിയുന്നുവോ? ഞാൻ ചില ദരിദ്രരെ മാത്രം അറിയുന്നു. നിങ്ങളുടെ വീട്ടിൽ പല ഭിക്ഷക്കാർ വരുന്നുവോ? അവർ ദിവസേന ഇങ്ങോട്ടു വരുന്നു. നിങ്ങൾ അവൎക്കു പണം കൊടുക്കുന്നുവോ? ഇല്ല, അവർ എന്റെ പറമ്പിൽ പണി ചെയ്യേണം. അവർ അതു ചെയ്യുന്നുവോ? പല ഭിക്ഷക്കാർ അതു കേട്ടപ്പോൾ "പണി ചെയ്വാൻ ഞങ്ങൾക്കു മനസ്സില്ല" എന്നു പറഞ്ഞു. പല ആളുകൾക്കു പണി ചെയ്വാൻ ഒരിക്കലും മനസ്സില്ല. നാം ഈ സ്ഥലത്തെ വിട്ടു അങ്ങോട്ടു പോകുമോ? ഇഷ്ടം പോലെ. അതു ആരുടെ വീടു? ഒരു ധനവാന്റെ വീടു തന്നേ. നാം അകത്തു ചെല്ലട്ടേ! സലാം അമ്മ! നിങ്ങളെ കാണ്മാൻ ഞങ്ങൾ വന്നു. അതു എനിക്കു വളരേ സന്തോഷം തന്നേ. കുട്ടികൾക്കു സൌഖ്യം ഉണ്ടോ? അവൎക്കു നല്ല സൌഖ്യമില്ല. നിങ്ങളുടെ ആണ്കുട്ടികൾ എവിടേ? അവർ പുറത്തു പോയി അവിടേ കളിക്കുന്നു. മാതേ, ചെന്നു കുട്ടികൾ എന്തു ചെയ്യുന്നു എന്നു ചോദിക്കു! മാത വന്നപ്പോൾ എന്തു പറഞ്ഞു? ആണ്കുട്ടി നല്ലവണ്ണം കളിക്കുന്നു. മാതേ! അവർ സായ്പവർകളെ (§ 81) കണ്ടുവോ? അതേ അവർകൾ സായ്പന്മാരെ കണ്ടപ്പോൾ അവൎക്കു പേടിവന്നു. ഞങ്ങൾ പോകട്ടേ! വണ്ടിക്കാര, കാളകളെ കെട്ടി വണ്ടി കൊണ്ടുവാ! സായ്പ് മുമ്പേ ഒരിക്കലും ഇങ്ങോട്ടു വന്നിട്ടില്ല. ഞാൻ വീണ്ടും വരും. സായ്പ് എവിടേക്കു പോകും? ഞാൻ വീട്ടിലേക്കു പോവാൻ ഭാവിക്കുന്നു. സായ്പ് മദാമ്മെക്കു സലാം പറയേണം. ഞാൻ പറയും. സലാം!

Tenth Lesson.

Succession of Time (*II. Part*).

61. രാജാവു മരിച്ചാറെ അവന്റെ പുത്രൻ അവനു പകരം രാജാവായി തീൎന്നു when the king died, his son became king instead of him.

Lit. The king died when, of him the son to him instead king became.

പകരം Adverb with Dative and not with Genitive as the English "instead" ആറെ = പോൾ.

62. എന്റെ ഇളയപ്പൻ അങ്ങാടിയിൽനിന്നു മടങ്ങിവന്നാറെ ജ്യേഷ്ഠത്തിക്കു ഒരു തുണിയും എനിക്കു ഒരു മുണ്ടും കൊണ്ടുവന്നില്ലേ (or വന്നില്ലയോ)? when my uncle came back from the bazaar, did he not bring a cloth for my elder sister and a muṇḍu for me?

അപ്പൻ is another word for father and ഇളയപ്പൻ means *lit.* "young father"; അങ്ങാടി Bazaar; മടങ്ങി Adverb. Past Part. of മടങ്ങുക (മടങ്ങുന്നു, മടങ്ങും) § 76 having returned. It shows again, that the form is used instead of an Adverb, for it is translated best by "back". തുണി is a cloth in general, but especially women's cloth. മുണ്ടു the short cloth of men. ഇല്ലേ or ഇല്ലയോ like അല്ലേ (ex. 41) or അല്ലയോ (ex. 43).

63. ഈ പണിക്കാരത്തി കുട്ടിയെ എടുത്താറെ അവൻ സ്വസ്ഥനായി തീൎന്നിട്ടില്ലയോ? when this (maid) servant took up the child, did he not become quiet?

സ്വസ്ഥത quietness, rest, leisure, health; as we want Masc. Gen. the subject being അവൻ, സ്വസ്ഥൻ one who is quiet (*cf.* § 56).

§ 85. Besides അൾ in അവൾ, മകൾ there is another affix denoting *Female Gender*, the vowel ഇ. In general the masculine ൻ is dropped and ത്തി added, thus: ജ്യേഷ്ഠത്തി, പണിക്കാരത്തി.

§ 86. The three examples show further, that instead of പോൾ also ആറെ may be used. We meet with this termination more frequently in the South of Malabar, than in the North, but it is employed also in the North especially to avoid monotony in narrations. Bear in mind, that ആറെ can only be joined to the Past Adjective Participle (see § 88) and therefore the finite Verb follows usually in the Past or Present Tense. ആറെ is derived from the Noun ആറു "way" (വഴി); hence ആറെ = വഴിയേ. The particle ഏ signifies here as much as ഇൽ, the termination of the Locative; thus: ചെയ്യാറേ after having done (see § 185. 224).

§ 87. തീരുക (തീൎന്നു, തീരും complete, to be finished, cease) stands after ആയി, the Past Tense (Adverb. Part.), as an Auxiliary Verb indicating as much as "to come to an issue", "to end in becoming", "to become ready" and the whole expression means: "become", "turn out", thus: അച്ഛനായി തീൎന്നു, ഭിക്ഷക്കാരനായി തീൎന്നു.

Exercise.

Who lives there? Only a woman. Do you know her? I knew her before. Has she got no husband? No, after her husband died, she left her country and came here. What does she do? She has become a beggar woman. Has she got children? She has no children. I would like to see her. I shall go there, and tell her. What is your name? Narayani. Your house looks very dirty. I am a poor woman. Will you not take a broom and clean it? I am too weak for that. How do you earn your livelihood? By begging. Go and do a little work in the kitchen of any European! I am too weak to powder (cuff) rice and to grind curry-powder. Do you know how to sew or to spin? Have you ever done cooly-work? No. It seems you know nothing and you do also not wish to learn anything. Sir! What shall I do!

Translation.

ആർ അവിടേ പാൎക്കുന്നു? ഒരു സ്ത്രീ മാത്രം. നിങ്ങൾ അവളെ അറിയുന്നുവോ? മുമ്പേ തന്നേ എനിക്കു അവളോടു പരിചയം ഉണ്ടു. അവൾക്കു ഭൎത്താവു ഇല്ലേ? ഇല്ല, അവളുടെ ഭൎത്താവു മരിച്ചപ്പോൾ (മരിച്ചാറെ) അവൾ തന്റെ (ex. 57) ദേശത്തെ വിട്ടു ഇങ്ങോട്ടു വന്നു. അവൾ എന്തു ചെയ്യുന്നു? അവൾ ഒരു ഭിക്ഷക്കാരത്തിയായി തീൎന്നു. അവൾക്കു കുട്ടികൾ ഉണ്ടോ? അവൾക്കു കുട്ടികൾ ഇല്ല. എനിക്കു അവളെ കാണ്മാൻ ഇഷ്ടം ഉണ്ടു. ഞാൻ അങ്ങോട്ടു പോയി അവളോടു പറയും. നിന്റെ പേർ എന്തു? നാരായണി. നിന്റെ വീടു എത്രയും അഴുക്കായിരിക്കുന്നു! ഞാൻ ദരിദ്രയായ ഒരു സ്ത്രീ അത്രേ (ദരിദ്രൻ a poor man, ദരിദ്ര a poor woman). ഒരു മാച്ചിൽ എടുത്തു അടിപ്പാൻ നിനക്കു മനസ്സില്ലയോ? എനിക്കു അതിന്നു ശക്തിയില്ല. നീ എങ്ങിനേ ഉപജീവനം കഴിക്കുന്നു? ഇരപ്പിനാൽ (ഇരപ്പു begging) അത്രേ. നീ പോയി ഒരു സായ്വിന്റെ കുസിനിയിൽ അല്പം പണി എടുക്ക! അരി കുത്തുവാനും മസ്സാല അരപ്പാനും (അരക്കുന്നു, അരച്ചു, അരക്കും to grlnd to powder) എനിക്കു ശേഷി (ശക്തി) ഇല്ല. തുന്നുവാനും നൂല്ക്കുവാനും നീ അറിയുന്നുവോ? അറിയുന്നില്ല. നീ ഒന്നും അറിയുന്നില്ല. വല്ലതും (some-thing) പഠിപ്പാനും നിണക്കു മനസ്സില്ല എന്നു എനിക്കു തോന്നുന്നു. സായ്വേ! ഞാൻ എന്തു ചെയ്യേണ്ടു!

Exercise.

Dress and Domestic Work.

a. Dress.

Give my clothes to the washerman (to wash them)	എന്റെ വസ്ത്രങ്ങളെ അലക്കുവാൻ ദോവിക്കു (അലക്കുകാരന്നു) കൊടുക്ക.
Wash out my shirt ("auswaschen", the European mode of washing; അലക്കുക means to wash by beating against a stone)	എന്റെ കുടുത്ത തിരുമ്പുക.
Cut out a pair of trousers	ഇജാർ (കാൽചട്ട) മുറിക്ക.
Put on a coat	കുപ്പായം ഇടുക.
To put on a Muṇḍu (the short cloth of Kēraḷa men)	മുണ്ടു ഉടുക്ക.

That Puṭawa (a woman's cloth) is pretty	ആ പുടവ നല്ലതു.
To tie the Raukka (a woman's bodice)	റൌക്ക കെട്ടുക.
To sew a Pāvāṭa (means originally a sheet, but now frequently used to denote something like the European under-petticoat, worn by many native children besides a jacket as the only dress)	പാവാട തുന്നുക.
Buy an Elācha (the short cloth of Malabar women corresponding to the Muṇḍu of men)	ഒരു ഏലാച്ച മേടിക്ക.
Did you put a handkerchief in your pocket?	ഉറുമാൽ കീശയിൽ ഇട്ടോ?
Bring (me) a hat	തൊപ്പി കൊണ്ടുവാ.
To tie a turban	തലക്കെട്ടു (തലപ്പാവു) കെട്ടുക.
To wipe with a cloth (towel) after bathing	തോൎത്ത് കൊണ്ടു തുവൎത്തുക.

b. Kitchen—work.

To prepare rice	ചോർ (ചോറു) വെക്ക.
To mix the curry	കറി കലക്ക (കൂട്ടുക).
To dress fish	മീൻ മുറിക്ക.
To season the pepper-water	മുളക് തണ്ണി താളിക്ക(പ്രകാരിക്ക, വറുഇടുക).
To boil an egg	മുട്ട പുഴുങ്ങുക.
To slash and parch a fish (വരിയുക to draw lines, here = slash)	മീൻ വരിഞ്ഞു പൊരിക്ക.
To grind the curry-powder	മസ്സാല അരെക്ക.
To pound the rice in a mortar	അരി കുത്തുക.
To remove stones from rice by sifting (അരിക്ക sift, strain)	കല്ല് അരിക്ക.
To strain off water from boiled rice	ചോർ വാൎക്ക.
The fish is not (well) boiled	മീൻ വെന്തില്ല.
The kanji was boiling up	കഞ്ഞി പതെച്ചു.
The scales of a fish, gills of a fish	മീനിന്റെ ചെതുമ്പൽ, ചെകിള.
To warm the butter-milk	മോർ കാച്ചുക.
Prepare a vegetable-curry	പച്ചക്കറി വെക്ക.
To cook the meat	ഇറച്ചി പാകം ചെയ്ക.
To pour vinegar	ചുറുക്ക പകരുക.
To make sweet-meats	പലഹാരം ഉണ്ടാക്ക.
To bake bread	അപ്പം ചുടുക.
To make coffee	കപ്പി കാച്ചുക.
To make tea ready	ചായ തയ്യാറാക്ക.
It is not sweet	അതിന്നു മധുരം ഇല്ല.
Pour in some more milk	പാൽ കുറെ അധികം പകരുക.
Did you boil the milk?	പാൽ കാച്ചിയോ?

Did you melt the butter? വെണ്ണ ഉരുക്കിയോ?

To boil water വെള്ളം പതെപ്പിക്ക (തിളപ്പിക്ക).

The water is boiling up വെള്ളം പതെക്കുന്നു.

There is no bone (കൊട്ടു) in this meat ഇറച്ചിയിൽ കൊട്ടില്ല.

A fish containing (many) bones (മുള്ളു bones of fish and snakes in Malayalam) മുള്ളുള്ള മീൻ.

To pickle അച്ചാർ ഇടുക.

To grind (prepare) chattni (condiments) ചട്ടിണി പൊടിക്ക.

64. മോശെ ജീവിക്കുന്ന സമയത്തിൽ ഇസ്രായേല്യരെ പകെക്കുന്ന ഒരു രാജാവു വാണു at the time, Moses was living, there ruled a king, who hated the Israelites.

Lit. Moses living time in the Israelites hating a king (die Israeliten hassender König) governed.

പകെക്ക, പകെക്കുന്നു, പകെച്ചു, പകെക്കും hate, (Noun പക) വാഴുന്നു, വാണു, വാഴും to govern.

65. അമ്മ മരിച്ച ശേഷം ദുഃഖം നിമിത്തം കുട്ടികളിൽ ഒന്നു കൂടേ മരിച്ചു പോയി after the mother had died one of the children too died away on account of grief.

66. തന്റെ കുട്ടികളെ എത്രയും സ്നേഹിക്കും അച്ഛൻ ദൂരത്തുവെച്ചു മരിക്കുമ്പോൾ അവർ എന്തു ചെയ്യും? when a father, loving his children ever so much, will die far away (from them) what shall they do?

§ 88. Another way for filling up the want of Adjectives is pointed out in ex. 64-66 (ജീവിക്കുന്ന, മരിച്ച, സ്നേഹിക്കും). This form differing from the Adverbial Participle (Past Tense: സ്നേഹിച്ചു, Fut. Tense സ്നേഹിപ്പാൻ) is called the *Adjective Participle.* Ex. 64 shows an Adjective Part. of the Present Tense (പകെക്കുന്ന), ex. 65 one of the Past Tense (മരിച്ച) ex. 66 one of the Fut. Tense (സ്നേഹിക്കും). The first Participle is formed by dropping ഉ of the Present Tense: പോകുന്നു, പോകുന്ന; the Adjective Part. of the Past Tense in the same way, if the Past Tense ends in ഉ: വായിച്ചു, വായിച്ച; കൊടുത്തു, കൊടുത്ത; if the Past Tense terminates in ഇ by Augmentation of യ, the vowel അ is added (ഉറങ്ങി, ഉറങ്ങിയ; നോക്കി, നോക്കിയ). But if ഇ is preceded by യ, the ഇ is simply dropped, thus പോയി, പോയ; ആയി, ആയ. (The Future Tense is employed as it is also for the Adjective Participle of the Future Tense സ്നേഹിക്കും അച്ഛൻ). Just as the Adverbial Participle requires a Verb to conclude the action, so the Adjective Participle wants a Noun for completing the thought.

These Participles are not only employed like the English and German Participle of the Present Tense (a living father, the shining light— das betende Kind, die sterbende Mutter), but this Participle is also used to fill up the place of all the *Adjective Clauses* in English, introduced by a Relative Pronoun in any one of its cases. Thus, "the

man, who said" in Malayalam: "This having said man" ഇതു പറഞ്ഞ ആൾ. "The man, to whom I spoke this, died" means: "I this having spoken man died" ഞാൻ ഇതു പറഞ്ഞ ആൾ മരിച്ചു. "The friend whom thou lovest, is ill": "Thou loving friend is ill" നീ സ്നേഹിക്കുന്ന സ്നേഹിതന്നു ദീനം ഉണ്ടു. Thus, the Adjective Clause has become a mere Attribute of the Noun; and this accounts also for the non-existence of the *Relative Pronoun* in Malayalam (§ see however 253. 262):

a. I bought the horse from that man	ഞാൻ ആ ആളോടു ഈ കുതിരയെ വാങ്ങി.
b. I, who bought the horse from that man	ആ ആളോടു ഈ കുതിരയെ വാങ്ങിയ ഞാൻ.
c. The man from whom I bought the horse	ഞാൻ ഈ കുതിരയെ വാങ്ങിയ ആ ആൾ.
d. The horse, which I bought from that man	ഞാൻ ആ ആളോടു വാങ്ങിയ ഈ കുതിര.

This Adjective Participle is further of great use for providing us with the necessary *Adjectives,* which are so seldom in this language. Besides ഉള്ള (see § 54), which is nothing else but an Adjective Participle, especially ആയ, ആകുന്ന and ആകും, the three Adjective Participles of the copula ആക, are affixed to Nouns in order to form Adjectives, *f. e.*

This wicked man (*lit.* a wicked one being this man) has killed him	ദുഷ്ടനായ or ദുഷ്ടനാകുന്ന ഈ മനുഷ്യൻ അവനെ കൊന്നു.
This idle child (*lit.* an idle one being this child) has got a beating	മടിയനാകുന്ന ഈ കുട്ടിക്കു അടി കിട്ടി.

Just as ആയ is used for the formation of Adjectives so ആയി (the Adverbial Participle) is used to form Adverbs, (see § 152).

§ 89. The English "after" may be expressed by ശേഷം. It is like പോൾ and ആറെ joined to the Adjective Participle Past Tense (§ 78. 86) മരിച്ച ശേഷം. Originally it is a Noun like പോൾ, but it is also used as an Adverb ("subsequently", "afterwards"). After a Noun in Genitive it corresponds to the English Preposition "after" (nach), *f. e.* മരണത്തിന്റെ ശേഷം നീ കാണും after death thou shalt see; അതിന്റെ ശേഷം after that. In the place of the English Conjunctions in general Nouns like ശേഷം and പോൾ are added to the Adjective Participle (പോയപ്പോൾ; പോയ ശേഷം).

§ 90. Though ശേഷം and ആറെ are affixed only to the Adj. Part. Past Tense, പോൾ may also be added to the Adjective Participle Future Tense. Ex. 66. മരിക്കുമ്പോൾ = മരിക്കും + പോൾ when one shall die etc. The Conjunction "whilst", introducing a Present Tense, is rendered by സമയം and similar Nouns in the Locative, or by സമയം combined with the Adjective Participle in the Present Tense, *f. i.* ഞങ്ങൾ പട്ടണത്തിലേക്കു പോകുന്ന സമയത്തിൽ അവൻ അങ്ങിനേ സംസാരിച്ചിരിക്കുന്നു he said so, whilst we went to the city.

§ 91. സ്നേഹിക്കും അച്ഛൻ (ex. 66) does not mean here "the father, who shall love" as usual, but as *the Future Tense* in Malayalam often expresses a "habit" and a repeated action, it means "the father who is in the habit of loving". But: ചാകും കാലം കാണും in the time, in which one will die (in the dying time) he shall see; ചാകുന്നു, ചത്തു to die (see ex. 77). Somewhat startling for a beginner in Malayalam are sentences like the following:

ആ ഉണ്ണി പൂക്കൾ പറിക്കുമ്പോൾ അവർ കണ്ടു (just) when the boy plucked off the flowers they saw it; ആട്ടു കൊണ്ടുവരുമ്പോൾ വഴിയിൽ നാലു ശൂദ്രർ കണ്ടു just when he brought the sheep, four Shūdras saw it on the way. Here the Future Adjective Participle does neither denote a futurity nor anything like a habit, but simply indicates simultaneousness of the first action (പറിക്ക, വരുക) with the second (കണ്ടു); പറിച്ചപ്പോൾ would indicate, that the men saw it only *after* the flowers had been plucked off, whilst the sentence as it stands, will convey the meaning, that the men saw the boy during the very act of his plucking off the flowers (*cf.* § 135).

Participles.

പറിക്ക.

Adverb	*Part.*	*Past.*	പറിച്ചു.
"	"	*Fut.*	പറിപ്പാൻ.
Adject.	*Part.*	*Pres.*	പറിക്കുന്ന.
"	"	*Past.*	പറിച്ച.
"	"	*Fut.*	പറിക്കും.

Translation.

ഒരു അഗ്രഹാരത്തിൽ[1)] ഒരു ബ്രാഹ്മണൻ പാർത്തിരുന്നു[2)]. അവന്നു മകൻ ഒന്നേ[3)] മാത്രം. ഒരു നാൾ അവൻ ഒരു വഴിക്കു[4)] യാത്ര പുറപ്പെട്ടു[5)]. ആ മകനെ കൂട്ടിക്കൊണ്ടു പോയി[6)]. വഴിയിൽ വെച്ചു[7)] ആ ചെറുക്കൻ അച്ഛനെ വിളിച്ചു[8)]: അയ്യോ[9)] പുലി[10)] വരുന്നു എന്നു ഉറക്കേ[11)] നിലവിളിച്ചു[12)]. അച്ഛൻ തിരിഞ്ഞു[13)] നോക്കിയാറേ പുലിയെ കണ്ടില്ല. അവർ പിന്നേയും കുറയ[14)] ദൂരം പോയപ്പോൾ വാസ്തവമായി[15)] ഒരു പുലി വന്നു ചെറുക്കനെ പിടിച്ചു. ആ ചെറുക്കൻ വീണ്ടും അപ്പനെ വിളിച്ചു. തന്റെ[16)] മകൻ മുമ്പേ പോലേ[17)] കളിവാക്കു[18)] പറയുന്നു എന്നു വിചാരിച്ചു[19)] തിരിഞ്ഞു നോക്കീട്ടില്ല[20)]. അതുകൊണ്ടു വ്യാജക്കാരന്റെ[21)] വാക്കു ആരും[22)] വിശ്വസിക്കയില്ല[23)].

---

1) അഗ്രഹാരം a Brahman's village. 2) പാർത്തു+ഇരുന്നു dwelt. 3) ഒന്നു one, ഒന്നേ as much as ഒന്നു അത്രേ. 4) Dat. on a road, instead of Loc. 5) പുറപ്പെടുക to set out; യാത്ര പുറപ്പെടുക to set out on a journey. 6) കൂടുക to join; കൂട്ടിക്കൊണ്ടുപോക forms one phrase and means: "to take along." 7) വെച്ചു Past Tense of വെക്കുന്നു helps to strengthen the Loc. വഴിയിൽ (see § 114) and cannot be translated into English. 8) വിളിക്ക may be construed with Soc. അച്ഛനോടു വിളിച്ചു or with Acc. 9) Interjection. 10) Tiger. 11) Loud. 12) നിലവിളിക്ക to cry out. 13) തിരിയുന്നു, തിരിഞ്ഞു Adv. Part. "turning". 14) കുറയ, കുറേ little (Inf. of കുറയുക to be little). 15) വാസ്തവം real+ആയി really (see § 88. 152).

67. ഹസ്തിനപുരത്തിൽ വിലാസൻ എന്ന പേരായ ഒരു വെളുത്തേടന്റെ അടുക്കൽ ഒരു കഴുത ഉണ്ടായിരുന്നു in Hastināpuram a washerman by name Vilāsan had an ass.

Lit. in his nearness was an ass.

പേരായ = പേർ + ആയ named (see § 88); വെളുത്തേടൻ or ധോബി a washerman; കഴുത ass; ഉണ്ടായിരുന്നു = ഉണ്ടു + ആയി + ഇരുന്നു, see § 99.

68. അച്ഛൻ പുറപ്പെട്ടു പോയ ശേഷം ഒരുത്തൻ വന്നു എന്റെ ചോററിനെ തിന്നു after (my) father had gone out, somebody came (in) and ate my rice.

69. ഞങ്ങളുടെ മകൾ അവളുടെ ഒന്നാം കുട്ടിയെ പ്രസവിച്ചപ്പോൾ എന്റെ കെട്ടിയവൾ മരിച്ചു പോയിരുന്നു when our daughter was delivered of her first child, my wife had died.

കെട്ടിയവൾ (from കെട്ടുക to bind) she, who is bound (to her husband).

70. ഈ പണി ഇത്ര പ്രാവശ്യം ചെയ്തതിന്റെ ശേഷം ഇനി ഒരിക്കൽ കാണിപ്പാൻ ആവശ്യമുണ്ടോ? മടിക്കരുതു after you have done this work so often, is it necessary to show it once more? Do not be lazy.

പ്രാവശ്യം times, ഇത്ര പ്രാവശ്യം so many times; ഒരിക്കൽ once; മടിക്ക to be lazy.

§ 92. Ex. 59 and 70 show, that besides വേണ്ട there is another form of prohibition, namely അരുതു അരുതേ affixed to the Verb. The expression stronger than വേണ്ട means "ought not to be", "dare not". Thus: പകെക്കരുതു (do not hate), വായിക്കരുതേ (do not read) etc. It is contrary to വേണം and may also stand alone: ഈ ആൾക്കു വേറേ പണി അരുതു this man ought not to have other work (see 197).

§ 93. Ex. 67 shows, that in order to form the *Historical Tenses* of ഉണ്ടു (or ഉള്ളു) we resort to the Auxiliary Verb ആകുന്നു and by affixing this to ഉണ്ടു we are enabled to form all the Tenses necessary. Thus ഉണ്ടാകുന്നു (exist, to come into existence), ഉണ്ടായി (അച്ഛൻ വീട്ടിൽ ഉണ്ടായി the father was in the house; എനിക്കു ഒരു കുട്ടി ഉണ്ടായി I had a child), ഉണ്ടാകും (പാപത്തിൽനിന്നു എങ്ങിനെ രക്ഷ ഉണ്ടാകും how will be redemption from sin? അവൎക്കു വളരേ സന്തോഷം ഉണ്ടാകും they will have much joy). In the same manner ഉണ്ടാവാൻ, ഉണ്ടാകുന്ന, ഉണ്ടായ, ഉണ്ടാകരുതു etc.

§ 94. In § 83 we came to know, that the *Perfect* is formed by affixing ഇരിക്ക to the Past Tense of a Verb. Ex. 69 shows, that for the *Pluperfect* the Past Tense of ഇരിക്ക, ഇരുന്നു is employed, just as in English "had", in German "hatte". Thus: സ്നേഹിച്ചിരുന്നു had loved; മുഷിഞ്ഞിരുന്നു had become angry, etc.

---

16) his own, reflexive, differing from അവന്റെ. 17) മുമ്പേ പോലേ like before. 18) Joke. 19) വിചാരിക്ക think, mean. 20) നോക്കീട്ടില്ല, നോക്കി + ഇട്ടു + ഇല്ല, ഇട്ടു Past Tense of ഇടുന്നു (see § 143). 21) വ്യാജം fraud, deceit, വ്യാജക്കാരൻ deceiver, liar. 22) Any one, whosoever (see § 137). 23) Will not believe വിശ്വസിക്കും + ഇല്ല.

§ 95. A curious kind of Accusative we see in ex. 68 ചോററിനെ from ചോറു rice. *Nouns ending in* റു do not follow the general rule, laid down in § 74. We cannot say ചോറിന്റെ, ചോറിന്നു etc., but in all oblique cases റു is changed into ററു (something like the substituted form ത്തു of Nouns ending in അം), hence ചോററിന്റെ, ചോററിന്നു, ചോററിനെ, ചോററിൽ, ചോററിനാൽ. After the same manner: വയറു belly; കയറു rope; പയറു bean; കിണറു well; വെണ്ണീറു ashes; ഞായറു week.

§ 96. Ex. 69. 70 show, that the Participle not only may be used as an Attribute (the Adjective Participle § 88) but also as a *Personal Noun*. Affixing to the Adjective Participle the Demonstrative Pronoun അവൻ, അവൾ, അതു (or ഇതു) we get this Participial Noun. Thus, സ്നേഹിക്കുന്ന + അവൻ = സ്നേഹിക്കുന്നവൻ one who loves; with അവൾ = സ്നേഹിക്കുന്നവൾ; with അതു = സ്നേഹിക്കുന്നതു the thing, which somebody loves. Or in the Past Tense: സ്നേഹിച്ച + അവൻ = സ്നേഹിച്ചവൻ with അവൾ = സ്നേഹിച്ചവൾ and with അതു = സ്നേഹിച്ചതു. The Noun can be declined, *cf.* the Genitive of വന്നതു = വന്നതിന്റെ. As the form is nothing else but a Pronoun preceded by an Adjective Participle, it is employed, where in English a Noun or Pronoun with a Participle or with an Adjective Clause are needed; *f.i.* The loving one (woman) സ്നേഹിക്കുന്നവൾ, or he who died മരിച്ചവൻ. [ആകും കാലം ചെയ്തതു ചാകും കാലം കാണാം (Prov.) what one did (ചെയ്തതു) in the time, in which he lives (ആകും he is), we shall see at the time in which he will die]. In English the Participle cannot be made a personal Noun, in German (as well as in Greek, Latin, etc.) we meet with similar constructions. Instead of the Demonstrative Pronoun the Article is resorted to for bringing about this. Thus, Der Sterbende; Die Leidende; Das Mangelnde. οἱ ἐλθόντες those who came; εὐλογεῖτε τοὺς καταρωμένους ὑμῖν നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ (bless those, who curse you).

Exercise 1.

Present Tense	(ഉണ്ടാകുന്നു) ഉണ്ടു.	
Past „	എനിക്കു ഉണ്ടായി	I had (was).
	നിണക്കു ഉണ്ടായി	thou hadst (wast).
Fut. „	ഉണ്ടാകും	shall have (shall be).
Adv. Part. Fut.	ഉണ്ടാവാൻ	for having.
„ „ *Past*	ഉണ്ടായി	having (being).
Adj. Part. Pres.	ഉണ്ടാകുന്ന	
„ „ *Past*	ഉണ്ടായ	
„ „ *Fut.*	ഉണ്ടാകും	

Exercise 2.

Nom.	സ്നേഹിക്കുന്നവൻ, —ൾ, —തു.
Acc.	സ്നേഹിക്കുന്നവനെ, —ളെ, —തിനെ.
Dat.	സ്നേഹിക്കുന്നവന്നു, —ൾക്കു, —തിന്നു.
Gen.	സ്നേഹിക്കുന്നവന്റെ, —ളുടെ, —തിന്റെ.
Loc.	സ്നേഹിക്കുന്നവനിൽ, —ളിൽ, —തിൽ.
Abl.	സ്നേഹിക്കുന്നവനിൽനിന്നു, —ളിൽനിന്നു, —തിൽനിന്നു.
Loc. Dat.	സ്നേഹിക്കുന്നവനിലേക്കു, —ളിലേക്കു, —തിലേക്കു.
Social	സ്നേഹിക്കുന്നവനോടു, —ളോടു, —തിനോടു.
Instr.	സ്നേഹിക്കുന്നവനാൽ, —ളാൽ, —തിനാൽ.

Nom.	സ്നേഹിക്കുന്നവർ, —വ.
Acc.	സ്നേഹിക്കുന്നവരെ, —യെ, (—റ്റെ).
Dat.	സ്നേഹിക്കുന്നവൎക്കു, —ക്കു, (—റ്റിന്നു).
Gen.	സ്നേഹിക്കുന്നവരുടെ, —യുടെ, (—റ്റിന്റെ).
Loc.	സ്നേഹിക്കുന്നവരിൽ, —യിൽ, (—റ്റിൽ).
Abl.	സ്നേഹിക്കുന്നവരിൽനിന്നു, —യിൽനിന്നു, (—റ്റിൽനിന്നു).
Loc. Dat.	സ്നേഹിക്കുന്നവരിലേക്കു, —യിലേക്കു, (—റ്റിലേക്കു).
Social	സ്നേഹിക്കുന്നവരോടു, —യോടു, (—റ്റോടു).
Instr.	സ്നേഹിക്കുന്നവരാൽ, —യാൽ, (—റ്റാൽ).

In the same manner:

സ്നേഹിച്ചവൻ, —ൾ, —തു. സ്നേഹിച്ചവർ, —വ.

(For the Future Tense see "Second Future" § 263).

Exercise 3.

Perfect Tense.

I have loved	ഞാൻ സ്നേഹിച്ചിരിക്കുന്നു.
Thou hast loved	നീ സ്നേഹിച്ചിരിക്കുന്നു.
. . . .	. . . .
They have loved	അവർ സ്നേഹിച്ചിരിക്കുന്നു.

Pluperfect Tense.

I had loved	ഞാൻ സ്നേഹിച്ചിരുന്നു.
Thou hadst loved	നീ സ്നേഹിച്ചിരുന്നു.
. . . .	. . . .
They had loved	അവർ സ്നേഹിച്ചിരുന്നു.

Exercise 4.

When did you come to Malabar? Three years ago. Did you begin already (തുടങ്ങുന്നു, തുടങ്ങി, തുടങ്ങും) to learn the language (ഭാഷ)? I learned a little. Do you like it? I like it, but it is very difficult (പ്രയാസം). Did you begin to speak? After I have learned

(something) I shall speak. Never do that! Why not? So you will never learn to speak. What shall I do? Hearing a word you must try to use it (പ്രയോഗിക്ക). Farther the words, which you read, you must use in your talk, you see. Henceforth (ഇനി) I shall do so. When do you go to sleep? At 10 o'clock (hour മണിക്കൂർ). After having taken your dinner (eaten) what do you do? I take a walk (ex. 47). You must take much care (to care സൂക്ഷിക്ക) on account of the sun (sunshine വെയിൽ)! I walk out only after the sun has (സൂൎയ്യൻ) set down (അസ്തമിക്ക). Whereto do you go? I go to the seashore (കടൽ sea; കര shore; കടല്ക്കര seashore), a nice breeze being there (കാററു wind). I shall go with you this evening. I like to look at (see) the stars. How beautiful they shine (പ്രകാശിക്ക, the Noun പ്രകാശം) in this country! Yes, and I like to see the rising (ഉദിക്ക) moon (ചന്ദ്രൻ).

Translation.

നിങ്ങൾ കേരളത്തിൽ എപ്പോൾ വന്നു? മൂന്നു വൎഷങ്ങൾക്കു മുമ്പേ (*cf.* “ago” in English, standing also behind). നിങ്ങൾ ഭാഷ പഠിപ്പാൻ തുടങ്ങിയോ? ഞാൻ ഒരല്പം (ഒരു അല്പം) പഠിച്ചു. പഠിപ്പാൻ നിങ്ങൾക്കു ഇഷ്ടം ഉണ്ടോ? എനിക്കു ഇഷ്ടം തന്നേ. എങ്കിലും അതു വളരേ പ്രയാസം. നിങ്ങൾ സംസാരിപ്പാൻ തുടങ്ങിയോ? ഞാൻ പഠിച്ച ശേഷം സംസാരിക്കും. അങ്ങിനേ അല്ല (അരുതു or അതു അരുതു). എന്തുകൊണ്ടു? അങ്ങിനേ നിങ്ങൾ സംസാരിപ്പാൻ ഒരിക്കലും പഠിക്കയില്ല. ഞാൻ എന്തു ചെയ്യേണ്ടു? നിങ്ങൾ ഒരു വാക്കു കേൾക്കുമ്പോൾ അതിനെ പ്രയോഗിപ്പാൻ തുടങ്ങേണം, പിന്നേ നിങ്ങൾ വായിക്കുന്ന വാക്കുകളെ സംസാരിക്കേണം, കേട്ടോ! ഇനി ഞാൻ അങ്ങിനേ ചെയ്യും. നിങ്ങൾ എപ്പോൾ ഉറങ്ങുവാൻ പോകുന്നു? പത്തു മണിക്കു. ഭക്ഷിച്ച ശേഷം നിങ്ങൾ എന്തു ചെയ്യുന്നു? ഞാൻ നടപ്പാൻ പോകുന്നു. വെയിൽ (not “സൂൎയ്യനിൽ” as in English or German!) നിമിത്തം ഞാൻ വളരേ സൂക്ഷിക്കേണം. സൂൎയ്യൻ അസ്തമിച്ചതിന്റെ ശേഷം മാത്രം ഞാൻ നടപ്പാൻ പോകുന്നു. നിങ്ങൾ എവിടേക്കു പോകുന്നു? ഞാൻ കടൽക്കരയിലേക്കു (കടൽ പുറത്തേക്കു) പോകുന്നു, അവിടേ നല്ല കാററുണ്ടു. ഞാൻ ഈ വൈകുന്നേരം നിങ്ങളോടു കൂടേ വരും. എനിക്കു നക്ഷത്രങ്ങളെ കാണ്മാൻ ഇഷ്ടം ഉണ്ടു. അവ ഈ ദേശത്തിൽ എത്രയും നല്ലവണ്ണം പ്രകാശിക്കുന്നു. അതേ, ഉദിക്കുന്ന ചന്ദ്രനെ കാണ്മാൻ എനിക്കു വളരേ സന്തോഷം ഉണ്ടു.

Exercise 5.

Munshi.

Has my Munshi come? Yes, he is waiting in the veranda. Tell the Munshi to come into the room. Moonshi, what is the news to-day? Sir, there is *nothing* particular. Sit down, (show and) give me an easy story to read.

This story is too difficult for a beginner (one who begins). I shall translate it *word for word*. What does this mean?

What *case* is this? It is the *Dative Case*. Which is that which follows it? It is a *Verb*. Is it a *Transitive or an Intransitive Verb*? *Passive* Verbs are very seldom in Malayalam. What is this? It is a *Pronoun* and not a *Noun*. Is this the first, second or third Person? This seems to be an *Attribute*. No, it is an *Adverb*. Is this a *Plural*? No, a *Singular*. Tell me a *rule* to distinguish Singular and Plural. Show it to me in the *Grammar*. What

Gender is this? It is *Masculine.* This will do for to-day, I shall read the rest to-morrow. You must always speak to me in Malayalam. I have made a mistake, do *correct* me. I want *leave* to-morrow. Why? I have to go to a marriage. You may go, but the day after to-morrow you must come here.

Translation.

എൻെറ മുനിഷി വന്നുവോ? അതേ സായ്പേ! കോലായിൽ താമസിക്കുന്നു. മുറിയുടെ അകത്തു (or മുറിക്കകത്തു) വരാൻ (വരുവാൻ) മുനിഷിയോടു പറ. മുനിഷീ! വൎത്തമാനം ഇന്നു എന്താകുന്നു? വിശേഷവൎത്തമാനം ഒന്നും ഇല്ല. ഇരിക്ക! വായിക്കുന്നതിന്നു (വായിപ്പാനായി) എളുപ്പമുള്ള ഒരു കഥ കാണിച്ചുതരിക. ആരംഭിക്കുന്നവന്നു ഈ കഥ അധികം പ്രയാസമാകുന്നു. അതു മൊഴി മൊഴിയായി ഞാൻ ഭാഷാന്തരം ചെയ്യും. ഈ വാക്കിൻെറ അൎത്ഥം (പൊരുൾ, താല്പൎയ്യം) എന്തു? ഈ വാക്കു ഏതു (see § 97) വിഭക്തി ആകുന്നു? അതു ചതുൎത്ഥിവിഭക്തിയാണ്. അതിൻെറ ശേഷമുള്ളതു എന്താകുന്നു? അതു ക്രിയ ആകുന്നു. അതു സകൎമ്മകക്രിയയോ അകൎമ്മകക്രിയയോ? പടുവിനകൾ മലയാളഭാഷയിൽ വളരേ ദുല്ലഭമാകുന്നു. അതെന്തു? അതു ഒരു നാമം അല്ല ഒരു പ്രതിസംജ്ഞ ആകുന്നു. ഇതു ഉത്തമപുരുഷനോ, മദ്ധ്യമപുരുഷനോ പ്രഥമപുരുഷനോ? അതു ഒരു നാമവിശേഷണം എന്നു തോന്നുന്നു; അല്ല ഇതു ഒരു ക്രിയാവിശേഷണം തന്നേ. ഇതു ബഹുവചനമോ? അല്ല, ഏകവചനം തന്നേ (ഏക = one, in Sanskrit). ഏകവചനത്തെയും ബഹുവചനത്തെയും വകതിരിപ്പാൻ എന്നോടു ഒരു സൂത്രം പറ! വ്യാകരണത്തിൽ അതു എനിക്കു കാണിക്ക! (കാണിച്ചുതരിക see § 208.) ഇതു ഏതു ലിംഗമാകുന്നു? ഇതു പുല്ലിംഗം ആകുന്നു (Feminine = സ്ത്രീലിംഗം; Neuter = നപുംസകലിംഗം). ഇന്നു ഇതു മതി, ശേഷം ഞാൻ നാളേ വായിക്കും. നിങ്ങൾ എപ്പോഴും എന്നോടു മലയാളത്തിൽ സംസാരിക്കേണം. ഞാൻ തെററിപ്പോയിരിക്കുന്നു, (or തപ്പു ചെയ്തു) എന്നെ തിരുത്തേണം. നാളേ എനിക്കു കല്പന വേണം. എന്തിന്നായി? ഞാൻ ഒരു കല്യാണത്തിന്നു പോവാനാവശ്യം. നിങ്ങൾ പോകാം. എന്നാൽ മറേറ നാൾ ഇങ്ങോട്ടു വരേണം.

Eleventh Lesson.

Succession of Time (*III. Part*).

71. ഏതു വീട്ടിൽ പാൎക്കുന്നു എന്നു ഞാൻ പക്ഷേ നാലുവട്ടം ചോദിച്ച ശേഷം ഒരു നെടിയ ആൾ ഉത്തരം പറഞ്ഞു having asked about four times "in which house does (he) live" a tall man gave (me) an answer.

Lit. In which house does (he) dwell so I about four times asked afterwards a tall man answer said.

72. ഏതു ദോവി നിങ്ങളുടെ തുണികളെ അലക്കുന്നു? അവൻ മുമ്പേ നിങ്ങളുടെ ദോവി തന്നേ ആയിരുന്നു, അവൻെറ ജാതിയെ ഞാൻ അറിയുന്നില്ല which washerman washes your clothes? He was formerly your washerman, his caste I do not know.

അലക്കുക means the Indian manner of washing by beating the clothes against stones, usually in a river, അലക്കി, അലക്കും.

73. ദൈവം ലോകത്തെ ആറു ദിവസങ്ങൾക്കകം ഉണ്ടാക്കിയതിന്റെ ശേഷം ഏഴാം ദിവസത്തിൽ സ്വസ്ഥനായി ഇരുന്നു God having made the world in six days, he took rest on the seventh day.

§ 97. *Difference between* എന്തു *and* ഏതു (compare ex. 1 and 4 with ex. 71, 72). By asking ഏതു we intend to point out a single one from a number of persons or things, എന്തു asks for the quality of a person or thing. So ഏതു means "which" or "what a thing" (among the things before me); എന്തു means in general "what" or "what a sort or kind of person or thing". Hence: which child (amongst my children or the children surrounding me) has done this ഏതു കുട്ടി അതു ചെയ്തു? ആ ഇരുപേരിൽ തന്റെ തള്ള ഏവൾ (Fem.) എന്നറിഞ്ഞില്ല did not know, which of these two persons is his mother. In the same manner ഏവൻ (Masc.): ഈ രണ്ടു പുത്രരിൽ ഏവൻ മൂത്തവൻ; ഏവൻ ഇളയവനാകുന്നു? Who is the elder and who is the younger of these two sons? What do you think നീ എന്തു വിചാരിക്കുന്നു? What a servant is this (not: "which of my servants", but "what a sort of servant") ഇവൻ എന്തൊരു പണിക്കാരനാകുന്നു?

Of course also the Plurals ഏവർ (Masc. and Fem.) and ഏവ (Neuter) may occur; *f. e.* ഈ കുട്ടികളിൽ ഏവർ ഒന്നാം ഭാൎയ്യയുടേ മക്കൾ?—മാപ്പിള്ളമാൎക്കുള്ള വീടുകൾ ഏവ? Which of these children are children of the first wife? Which are the houses belonging to the Moplahs?

ഏതു besides being the Neuter of ഏവൻ and ഏവൾ serves also as Pronominal Adjective without Gender and Number: ഏതു മകൻ, ഏതു മകൾ, ഏതു വീടു, ഏതു മനുഷ്യർ, ഏതു വീടുകൾ.

Instead of ഏവൻ, ഏവൾ, ഏതു also യാവൻ, യാവൾ, യാതു may be employed (Plur. യാവർ, യാർ). Besides the Neuter Gender in phrases like യാതൊന്നും ശേഷിക്കയില്ല (nothing will be left), യാതൊരുത്തൻ വന്നില്ല (nobody came) serves as a Relative Pronoun, see § 253, 262 II.

§ 98. Ex. 70. 73. The *Ordinal Numbers* are formed from the *Cardinal Numbers* by adding ആം to the latter. Thus, ഒന്നാം, രണ്ടാം, മൂന്നാം, നാലാം, അഞ്ചാം, ആറാം, ഏഴാം, എട്ടാം, ഒമ്പതാം, പത്താം etc. ആം Fut. of ആകുന്നു (= ആകും).

§ 99. Ex. 67 and 72 show besides the Auxiliary Verb ആക, ആയി (to be such, become such) a similar word formed by adding ഇരിക്ക to the Adverbial Past Participle of ആക, ആയിരിക്ക "to be such," Past Tense: ആയിരുന്നു I was, which is used in general instead of ആയി. Just as ആയി etc. (§ 93) is added to ഉണ്ടു, so also this ആയിരുന്നു may be joined to ഉണ്ടു = ഉണ്ടായിരുന്നു; *f. e.* എനിക്കു വളരേ ദീനം ഉണ്ടായിരുന്നു I was very ill (= I had much sickness).

Exercise 1.

I was	ഞാൻ ആയിരുന്നു.
thou wast	നീ ആയിരുന്നു.
he was	അവൻ ആയിരുന്നു.
we were	നാം (ഞങ്ങൾ) ആയിരുന്നു.
you were	നിങ്ങൾ ആയിരുന്നു.
they were	അവർ ആയിരുന്നു.

I had എനിക്കുണ്ടായി or I was (there) ഞാൻ ഉണ്ടായി (see § 93).

Perfect.

I have had എനിക്കുണ്ടായിരിക്കുന്നു or I have been (there) ഞാൻ ഉണ്ടായിരിക്കുന്നു.

Pluperfect.

I had had (I had) എനിക്കുണ്ടായിരുന്നു or I had been (I was) ഞാൻ ഉണ്ടായിരുന്നു.

ഞാൻ ആയിരുന്നു as Copula = I was, I have been, and I had been.

Exercise 2.

In your garden there are many trees. Which trees are the most beautiful? The palm-tree, mango-tree and plantain-tree. Do you eat fruits every day? I eat plantains every day. So I do. Besides I ordered my servant to bring in future every day oranges from the bazaar. When I went to the bazaar yesterday I saw a great many (of them). Tell the gardener to sow some peas, beans, potatoes, radishes, mint and cucumber in the garden. In what part of the garden shall he *sow* them? In that piece of the garden close to the godown and the stable. *Plant* these flower-trees into pots and put them near the house. Did you *water* the plants? Dig the ground here slightly and pluck out the grass. Pull off all the dead leaves from that tree. Does it rain? Yes sir, it rains very hard. That drizzling rain was not sufficient yesterday. This night we want a man to watch the garden.

Translation.

നിങ്ങളുടെ തോട്ടത്തിൽ വളരേ മരങ്ങളുണ്ടു. ഏതു മരങ്ങൾ ഏററവും ഭംഗിയുള്ളവയാകുന്നു? (ഭംഗി beauty, ex. 33.). തെങ്ങും മാവും വാഴയും തന്നേ. നിങ്ങൾ ദിവസേന കായി തിന്നുന്നുവോ? (വാഴക്കായി or പഴം, the plantains are generally called കായി) ഞാൻ ദിവസേന തിന്നുന്നു. ഞാനും അങ്ങിനേ തന്നേ. പിന്നേ ഇനി ദിവസേന അങ്ങാടിയിൽനിന്നു നാരങ്ങ കൊണ്ടുവരുവാൻ ഞാൻ പണിക്കാരനോടു കല്പിച്ചു. ഞാൻ ഇന്നലേ അങ്ങാടിയിലേക്കു പോയപ്പോൾ വളരേ കണ്ടു. ചില (ഏതാനും) പട്ടാണിപ്പയറു വിതെപ്പാനും അവരയും ഉരുളക്കിഴങ്ങും മുള്ളങ്കിയും പൊതിനാവും വെള്ളരിയും തോട്ടത്തിൽ നടുവാനും തോട്ടക്കാരനോടു പറക. തോട്ടത്തിന്റെ ഏതു ഭാഗത്തിൽ അവൻ അവയെ വിതെക്കേണ്ടു? കിടങ്ങിന്റെയും കുതിരലായത്തിന്റെയും അരികേ(യുള്ള) ആ ഭാഗത്തു വിതെക്കട്ടേ! ഈ പൂച്ചെടികളെ ചട്ടികളിൽ നട്ടു (നടുന്നു), വീട്ടിന്റെ സമീപം വെക്ക. തൈകളെ നനെച്ചുവോ?

(നനെക്കുന്നു). ഇവിടേ നിലത്തെ ചെത്തി (ചെത്തുന്നു) പുല്ലു പറിച്ചെടുക്ക. (പറിച്ചു + എടുക്ക). ആ മരത്തിൽനിന്നു ഉണങ്ങിയ ഇലകളെ എല്ലാം പറിച്ചുകളക (കളയുന്നു, കളഞ്ഞു to put off, here Auxiliary Verb, conveying the sense of "away", "off"). മഴ പെയ്യുന്നുവോ? അതേ സായ്പേ! മഴ കഠിനമായി പെയ്യുന്നു. ഇന്നലേ മഴ പാറി പെയ്തതു മതിയായില്ല. ഇന്നു രാത്രിയിൽ തോട്ടത്തെ കാപ്പാൻ (കാക്കുന്നു, കാത്തു, കാക്കുവാൻ or കാപ്പാൻ) നമുക്കു ഒരാൾ വേണം.

74. കഴിഞ്ഞമാസത്തിന്റെ പതിനെട്ടാം തിയ്യതി തൊട്ടു വരുന്നമാസത്തിന്റെ ഇരുപത്താറാം തിയ്യതിവരേ പരീക്ഷ നടക്കുന്നു there will be examination from the eighteenth day of the last month till the twenty-sixth day of the next month.

കഴിയുക to pass (കഴിഞ്ഞു, കഴിയും).

75. അതു ചെയ്തവനാരെന്നു അച്ഛൻ ചോദിച്ചപ്പോൾ ഞങ്ങൾ ഒന്നും പറഞ്ഞില്ല; പിന്നേ എല്ലാവൎക്കും അടി കിട്ടി when the father asked: "Who has done this?" we said nothing. Then all of us got a beating.

76. "രാജാവു അതു ചെയ്തതു എന്തുകൊണ്ടു"? എന്നു എന്നിൽ ചെറിയ ഒരു കുട്ടി ഗുരുനാഥനോടു ചോദിച്ചാറേ "പാഠത്തിൽ പിന്നേ ഈ വക ചോദ്യം കഴിക്കാം" എന്നു അവർ ഉത്തരം പറഞ്ഞു when a child, smaller than I, asked the schoolmaster: "Why did the king do that?" he answered: "You may ask such questions after the lesson."

§ 100. Ex. 74 shows that the *numbers* from 10—20 are formed in Malayalam by joining the numbers 1—9 to പതിൻ the Oblique Case of പത്തു. Thus, 11 പതിനൊന്നു; 12 പന്ത്രണ്ടു; 13 പതിമ്മൂന്നു; 14 പതിന്നാലു; 15 പതിനഞ്ചു; 19 പത്തൊമ്പതു etc.; 20 ഇരുപതു (there is another word for 2 ഇരു=രണ്ടു, used for 20 and its Compounds.

1. ഒരു, ഒന്നു.	11. പതിനൊന്നു.
2. രണ്ടു.	12. പന്ത്രണ്ടു.
3. മൂന്നു.	13. പതിമ്മൂന്നു.
4. നാലു.	14. പതിന്നാലു.
5. അഞ്ചു.	15. പതിനഞ്ചു.
6. ആറു.	16. പതിനാറു.
7. ഏഴു.	17. പതിനേഴു.
8. എട്ടു.	18. പതിനെട്ടു.
9. ഒമ്പതു.	19. പത്തൊമ്പതു.
10. പത്തു.	20. ഇരുപതു.

§ 101. *From—till* with reference to Time and Place means തൊട്ടു—വരേ, തൊട്ടു, here employed like a Preposition in English, is the Adverbial Participle of തൊടുക touch; so it means "touching", "from". തലശ്ശേരി തൊട്ടു (തലശ്ശേരിയിൽനിന്നു) കണ്ണനൂർ വരേ (കണ്ണനൂരിൽ എത്തും വരേ. Instead of തൊട്ടു മുതൽ and instead of വരേ also ഓളം (as much as ഓടം in ഇത്രോടം or ഇത്രത്തോടം so far) are employed, but the latter must always be affixed to a Noun or Adjective Participle. Thus: "From

the day in which he has been born till his death" അവൻ ജനിച്ച് ദിവസം മുതൽ (or ജനിക്കും മുതൽ) മരണത്തോളം etc.—"ഈ പ്രാവോളം ഉള്ള മാംസം എന്റെ ദേഹത്തിൽനിന്നു അറുത്തു തരും" I will cut off (അറുക്കുന്നു, അറുത്തു, അറുക്കും) and give you as much flesh from my body as is equal to this pigeon. അവരുടെ തല അവരുടെ കൈയോളം നന്നല്ല their reasoning power (head) does not go as far as their physical strength (hand). അതു കളവാണ്, പുസ്തകത്തിൽ ഇതിനെ കുറിച്ചു ഛായയോളം കാണുന്നില്ല that is a lie, in the book we do not find as much as a shadow of it. ("A lie without a shadow of truth in it".) In this connexion (with Nouns) ഓളം means as much as: "as far as", "as great as", "as much as" (see § 174. I.).

§ 102. Ex. 75 and 76 illustrate a new form of *Questions,* more common and elegant than the form we used until now. The Malayali likes to put the Interrogatives at the end of the sentence (§ 29). For this purpose the Auxiliary Verb is frequently dropped (നിന്റെ പേർ എന്തു?) and thus the Interrogative becomes the last word. In larger sentences, the Predicate is made a Neutral Personal Noun, the Copula is dropped and the Interrogative is put at the end of the sentence. (Thus instead of: "Who said this?" This saying one who? (§ 96.) Thus: When did he come? അവൻ എപ്പോൾ വന്നു? or അവൻ വന്നതെപ്പോൾ? How has he done this? അവൻ ഇതു ചെയ്തിരിക്കുന്നതെങ്ങിനേ?

§ 103. There are some Verbs in Malayalam construed with another case as in English; *f. e.* we do not say "I get" in Malayalam, but എനിക്കു കിട്ടുന്നു; thus I got 17 Rs. എനിക്കു പതിനേഴ ഉറുപ്പിക കിട്ടി, see § 126.

§ 104. Ex. 65 and 76 show some new meanings of the *Locative.* Besides denoting Place (അച്ഛൻ വീട്ടിൽ ഉണ്ടു), it means as much as "among" (കുട്ടികളിൽ ഒന്നു മരിച്ചു ex. 65). The Locative in ex. 76 (എന്നിൽ ചെറിയ ഒരു കുട്ടി) shows, that also a *Comparative* may be formed with the help of the Locative, so that it is employed instead of കാൾ, *f. e.* രാമുണ്ണി ഇവനിൽ നല്ലവൻ ആകുന്നു. In the same manner this Locative may express a *Superlative*, *f. e.* അവൻ എല്ലാവരിൽ ഏററം വലിയവൻ ആയിരുന്നു he was the greatest of all (§ 67). The second ex. in our sentence (മരണത്തിൽ പിന്നേ) indicates, that the Locative with പിന്നേ may also be used instead of the Genitive with ശേഷം (മരണത്തിന്റെ ശേഷം, മരിച്ചശേഷം, മരിച്ചതിന്റെ ശേഷം). Thus: "Not at that time (§ 78) a day *afterwards* he has killed him" അപ്പോൾ അല്ല ഒരു ദിവസം കഴിഞ്ഞതിൽ പിന്നേ അവൻ അവനെ കൊന്നിരിക്കുന്നു (കൊല്ലുന്നു, കൊന്നു, കൊല്ലും). Also മരിച്ചതിൽ പിന്നേ.

§ 105. ഇരിക്കും ex. 74 may help in a way to distinguish ഉണ്ടു (ഉണ്ടാക), ആകു, and ഇരിക്ക from each other. ഇരിക്ക where it is not an Auxiliary Verb (see § 94, 99, 83), means: "to set", "remain" and "*to be* in a place", ഉണ്ടു "*to exist* somewhere" and ആക "*to be that*" (Copula); *f. e.* ഈ മാസത്തിൽ ഞാൻ ഇവിടേ ഇരിക്കും (I shall be here this month); ഈ പട്ടണത്തിൽ കച്ചവടക്കാർ വളരേ ഉണ്ടു (there are many merchants in this city); ഇന്നു ദീനം അധിക

മാകുന്നു (*lit.* Today the sickness is worse; today he is worse). But ഞാൻ ഈ ദീനത്തിൽ ആകുന്നു I am subject to (in) this sickness. To understand this use of ആകുന്നു we must substitute ഉള്ളവൻ or ഉള്ളവൾ before ആകുന്നു.

Exercise 1.

Metals and their use.

ചില ലോഹങ്ങളുടെ[1] പേർ അറിവാൻ എനിക്കു വളരേ ഇഷ്ടം ഉണ്ടു. പൊൻ[2] കൊണ്ടുള്ള ഈ മോതിരം[3] കാണുന്നുവോ? ഞാൻ വെള്ളി[4] കൊണ്ടുള്ള പാനപാത്രത്തിൽ[5] നിന്നു കുടിക്കുന്നു. വെള്ളിയെക്കാൾ പൊൻ വിലയേറിയതാകുന്നു[6]. ഈ ലോഹങ്ങൾ നമുക്കു കിട്ടുന്നതു എവിടേനിന്നു? ആളുകൾ പൊന്നും വെള്ളിയും ചെമ്പും[7] ഇരിമ്പും[8] ഈയ്യവും[9] തകരവും[10] കുഴികളിൽനിന്നു[11] കുഴിച്ചു എടുക്കുന്നു. ഇരിമ്പു എല്ലാ ലോഹങ്ങളിൽവെച്ചു ഏററവും ആവശ്യമുള്ളതാകുന്നു[12]. ഇരിമ്പു തീയിൽ ഇട്ടു ഉരുക്കുന്നതിനാൽ[13] നമുക്കു ഉരുക്കു കിട്ടും. ഇരിമ്പിനെക്കാൾ ഉരുക്കിന്നു അധികം ഉറപ്പു[14] ണ്ടാകും. ചെമ്പിന്നു പിടിക്കുന്ന[15] നീലനിറമുള്ള[16] കറെക്കു[17] വിഷം[18] ഉണ്ടു. ചെമ്പുപാത്രങ്ങൾക്കു പലപ്പോഴും ഈയ്യം പൃശുവാനും[19] അല്ലെങ്കിൽ കല്ലായി ഇടുവാനും[20] വളരെ ആവശ്യം. ഇരിമ്പുകൊണ്ടു നാം പാത്രങ്ങളും[21] ആണികളും[22] പൂട്ടുകളും[23] താക്കോലുകളും[24] കൈക്കോട്ടുകളും[25] കരികളും[26] ഉണ്ടാക്കുന്നു. ഇരിമ്പിന്നു കീടം[27] അല്ലെങ്കിൽ തുരുമ്പു[27] പിടിക്കും. ആ കീടംകൊണ്ടു യാതൊരു ദോഷം[28] ഉണ്ടാകയില്ല. ശരീരത്തിന്നു[29] ബലം[30] വരുത്തുവാൻ ഈ തുരുമ്പു[27] കൊണ്ടു (see § 110) ഒരു മരുന്നു[31] ഉണ്ടാക്കുന്നതു നടപ്പായി[32]. "അതു മയക്കത്തിന്നു[33] മരുന്നു ഇരിമ്പു" എന്നുള്ള പഴഞ്ചൊല്ലിൽനിന്നു[34] അറിയുന്നു. ഈയ്യം ഏററവും ഘനമുള്ളതും[35] മൃദുവായതും[36] ആകുന്നു. അതു ചാമ്പൽ[37] നിറം[38] ആകുന്നു. വെള്ളികൊണ്ടു വെററിലത്തട്ടും[39] ചന്ദനക്കിണ്ണവും[40] കരണ്ടിയും മുള്ളും ആഭരണങ്ങളും[41] ഉണ്ടാക്കും. വെള്ളിക്കു തുരുമ്പു പററുകയില്ല[42] എങ്കിലും കാലം ചെല്ലുമ്പോൾ[43] നിറം കെട്ടുപോകും. ചിലപ്പോൾ ചീനച്ചുണ്ണാമ്പു[44] കൊണ്ടു തുടെച്ചു[45] നിറം വരുത്തേണം എന്നറിക. രത്നങ്ങളിൽ[46] ഏററവും വിലയേറിയതു വജ്രം[47] അല്ലെങ്കിൽ വൈരം[47] തന്നേ ആകുന്നു.

Exercise 2.

Domestic work (*Continued from Page* 56).

To sweep the front-yard	മുററം അടിക്കുക.
To dust the tables	മേശകളെ തുടെക്ക.

---

1) Metal. 2) Gold. 3) Finger-ring. 4) Silver. 5) Cup. 6) വില price, value; ഏറുന്നു, ഏറി to rise; വിലയേറിയ precious, വിലയുള്ള. 7) Copper. 8) Iron. 9) Lead. 10) Tin. 11) കുഴി a hole, pit; കുഴിക്ക to dig a hole. 12) ആവശ്യം needful, necessary. 13) ഉരുക്കുന്നു, ഉരുക്കി to melt; ഉരുക്കു what is melted, steel. 14) Solidity. 15) എനിക്കു പിടിക്കുന്നു get, I catch. 16) Blue-coloured. 17) Spot. 18) Poison. 19) പൃശുന്നു, പൃശി to rub; 20) കല്ലായി tinning of vessels; കല്ലായ്ക്കിടുന്നു, —ട്ടു to tin; കല്ലായ്ക്കാരൻ tinman. 21) Vessel. 22) Nail. 23) Lock. 24) Key. 25) Hoe. 26) Plough. 27) Rust. 28) Harm. 29) Body. 30) Strength. 31) Medicine. 32) നടപ്പു custom, conduct. 33) Giddiness, swoon. 34) Proverb. 35) ഘനം weight. 36) മൃദു Mild, soft. 37) Ashes. 38) Colour. 39) വെററില betel (വെറും ഇല "the mere leaf") തട്ടു a flat plate of metal. 40) ചന്ദനം sandal tree and sandal powder, കിണ്ണം metal plate. 41) Ornament. 42) പററുന്നു, പററി adhere, suit, be fit. 43) Time passes. 44) ചീന China; ചുണ്ണാമ്പു chunam, lime, chiefly as chewed with betel. 45) Wipe, rub off, clean. 46) Jewel, gem. 47) Diamond.

To put books on a shelf	പുസ്തകങ്ങളെ ഷെൽപിന്മേൽ (പുസ്തകത്തട്ടിന്മേൽ) വെക്ക.
The books have grown mouldy in the rainy season; clean them!	മഴക്കാലത്തു പുസ്തകങ്ങൾക്കു പൂപ്പു പിടിച്ചുപോയി; അവയെ തുടെക്ക.
Remove these cobwebs	ഈ വണ്ണാമ്പലകളെ അടിക്ക.
Alas! white ants came into my box and spoiled everything	അയ്യോ! എന്റെ പെട്ടിക്കു ചിതൽ പിടിച്ചു എല്ലാം അരിച്ചുകളഞ്ഞു.
There was a scorpion and a centipede under the straw-mat	പുൽപായിയുടെ ചുവട്ടിൽ ഒരു തേളും ഒരു ചേരട്ടയും ഉണ്ടായിരുന്നു.
To unroll and to roll up a mat	പായി നിവിൎത്തുക, മടക്കുക. [ചുരുട്ടുക.
Take this soap and fold it up in paper	ഈ സോപ്പു (സാബൂൻ) എടുത്തു കടലാസ്സിൽ
To unpack a parcel	കെട്ടു അഴിക്ക.
To put the bed in order (for lying down)	കിടക്ക മുട്ടി വിരിക്ക.
To beat out the dust from a coat	കുപ്പായം കുടഞ്ഞു തുടെക്ക.
To pour water into a basin	ബേസനിൽ (താലത്തിൽ) വെള്ളം പകരുക.
To pour out water	വെള്ളം മറിക്ക (തൂകുക).
To cleanse the teeth, to wash the face, to take a bath	പല്ലു തുടെക്ക (തേക്ക), മുഖം കഴുകുക, കുളിക്കുക.
To dress and to undress	ഉടുക്ക, അഴിക്ക.
To clean a lamp	വിളക്കു തുടെക്കുക (വെടിപ്പാക്ക).
To light a lamp	വിളക്കു കത്തിക്ക.
To extinguish a light	വിളക്കു കെടുക്കുക.
To clean the chimney of a lamp	വിളക്കിന്റെ ചിമ്നി തുടെക്ക.
To cut the wick of it	അതിന്റെ തിരി മുറിക്ക (കത്രിക്ക).
To sharpen a knife	കത്തി മൂൎച്ചയാക്ക (തേക്ക).
To clean fork and spoon	മുള്ളും കരണ്ടിയും തുടെക്ക.
Take this and put it on the hearth	ഇതെടുത്തു അടുപ്പിൽ വെക്ക.
To pound rice	അരി ഇടിക്ക.

77. അച്ഛനെ ഒന്നാമതു കാണുന്ന കുട്ടി എന്നെ ഉടനേ വിളിക്കേണം, കേട്ടോ? അമ്മാ! നോക്കിതാ! അച്ഛൻ വരുന്നുണ്ടു the child that will see father (first) shall at once call for me, do you hear? Mother! look here! father is coming (നോക്കിതാ = നോക്ക + ഇതാ).

78. ഞാൻ മൂന്നാം പരീക്ഷയിൽ ജയിക്കും വരേ അച്ഛന്റെ വീട്ടിൽ പാൎപ്പാൻ ഭാവിക്കുന്നു. അതിന്നു മുമ്പേ ദൂരത്തു പോവാൻ എനിക്കു പാടില്ല I intend to stay in (my) father's house till I shall have passed the third examination. Before that I cannot go afar.

പാടില്ല = പാടു + ഇല്ല.

79. ഇത്ര പണം കൊടുപ്പാൻ എനിക്കു കഴികയില്ല. ഞാൻ ഒരു ദരിദ്രനത്രേ it is not possible for me to give so much money, I am a poor man only.

അത്രേ only.

80. അന്യസഹായം കൂടാതെ അത്ര ചരക്ക വണ്ടിയിൽ കയറ്റുവാൻ എനിക്ക കഴിവുണ്ട without any help I can manage to put so much cargo into the bandy.

കയറ്റുന്നു, കയറ്റി, കയറ്റും; അന്യ other, strange.

§ 106. വരുന്നുണ്ട (ex. 77) shows, that ഉണ്ട sometimes is added to the Present Tense of a Verb to give it a future meaning or to strengthen the signification of a Present Tense. Thus: വരുന്നുണ്ട means he shall certainly come or he is coming (when we see the person approaching). This form we may call the *Progressive form.*

ഞാൻ വരുന്നുണ്ട I am coming.
അവൻ വരുന്നുണ്ട he is coming.
നിങ്ങൾ വരുന്നുണ്ട you are coming.

§ 107. To express a *Possibility or Impossibility* the two Nouns പാട and കഴിവ (or its Verb കഴിയുക in short കഴിയുക, കഴിയുന്നു, കഴിഞ്ഞു, കഴിയും) are employed. Thus:

I can	എനിക്ക കഴിയുന്നു, എനിക്ക പാട്ടുണ്ട, എനിക്ക കഴിവുണ്ട.
I could	എനിക്ക കഴിഞ്ഞു, എനിക്ക പാട്ടുണ്ടായി, എനിക്ക കഴിവുണ്ടായി.
I shall be able	എനിക്ക കഴിയും, എനിക്ക പാട്ടുണ്ടാകും, എനിക്ക കഴിവുണ്ടാകും.

In the same way Perfect and Pluperfect are formed.

I cannot	എനിക്ക കഴിയുന്നില്ല, എനിക്ക പാടില്ല, എനിക്ക കഴിവില്ല.
I could not	എനിക്ക കഴിഞ്ഞില്ല, എനിക്ക പാടില്ലായിരുന്നു, എനിക്ക കഴിവില്ലായിരുന്നു.
I shall not be able	എനിക്ക കഴികയില്ല, എനിക്ക പാട്ടുണ്ടാകയില്ല, എനിക്ക കഴിവുണ്ടാകയില്ല.

Ex. 78—80 show, that the Auxiliary Verbs denoting Possibility or Impossibility are in general preceded by a Verb in its Adverbial Participle Future.

എനിക്ക ചെയ്യാൻ കഴിയും, കഴിയുന്നില്ല.
എനിക്ക ചെയ്യാൻ കഴിഞ്ഞു, കഴിഞ്ഞില്ല.
എനിക്ക ചെയ്യാൻ കഴിയും, കഴികയില്ല.

We may call this form *the Potential Mood* of the Verb.

§ 108. Ex. 1, 2, 4, 5, 23, 28, 49, 52, 60, 70, 79, 80 introduce Malayalam *Correlative Pronouns* similar to those in Latin and Greek, (*f. e.* quantus, tantus, quantus). In English and German these relations are expressed by special Adverbs or Interrogatives (*f. e.* how much, so much, as much). In Malayalam for these three relations the Pronouns അ, ഇ and എ are employed: അ points out what is distant (അവൻ, അവൾ, അതു, അവിടെ, അപ്പോൾ, അത്ര, അത്രോളം, അങ്ങിനെ, അ

പ്രകാരം, അങ്ങു, അങ്ങോട്ടു). ഇ points out what is near, thus: ഇവൻ, ഇവൾ, ഇതു, ഇവിടേ, ഇപ്പോൾ, ഇത്ര, ഇത്രോളം, ഇങ്ങിനേ, ഇപ്രകാരം, ഇങ്ങു. എ or ഏ is used for the Question, hence: ഏവൻ, ഏവൾ, ഏതു (§ 97) എവിടേ, എപ്പോൾ, എത്ര, എത്രോളം, എങ്ങിനേ, ഏതുപ്രകാരം, എങ്ങു. *Cf.* § 252.

നോക്കിതാ (ex. 77) ഇതാ, an Interjection derived from ഇതു, means: behold here! It has also its Correlative in അതാ behold there, അതാ അവർ കുളിക്കുന്നു look there they bathe! The Imperative നോക്കു is frequently used at the beginning of a sentence, in order to call attention to what one is going to say. It corresponds to the English "well", "look here" and the German "hör" or "sieh"; *f. e.* നോക്കു! നീ അവനെ കണ്ടാൽ ഇങ്ങോട്ടു വരുവാനായിട്ടു* പറ well, when you see him tell him to come here.

Exercise 1.

Has the cook come already? He is not in the kitchen. What a man he is! Every day I must tell him, that he has to be here punctually at 8 o'clock in the morning. He is coming just now. Why are you so late, cook? My child is sick and I could not leave my house earlier. Look here, cook! do not be so late again, I shall most certainly deduct one Rupee from your wages at the end of this month. As (my) Missis pleases, I want the keys to the godown. Go and take 12 potatoes and boil them. Shall I bring them with the skin? No, take off the skin and make a mash! What shall I do with the meat? I want it roasted for breakfast; for dinner you give it cold. But do not forget to make it tender, I could scarcely eat it the day before yesterday; it was as tough as leather. The firewood was not dry enough then, Madam. Go now and tell the bandyman to come here.

Translation.

കുസിനിക്കാരൻ വന്നിരിക്കുന്നുവോ? കുസിനിയിൽ അവൻ ഇല്ല. അവൻ എന്തൊരുത്തൻ! രാവിലേ എട്ടുമണിക്കു ശരിയായി (കൃത്യമായി) ഇവിടേ എത്തേണം എന്നു ഞാൻ ദിവസേന അവനോടു കല്പിക്കു ആവശ്യമാണ് (ആകുന്നു). അവൻ ഇപ്പോൾ തന്നേ വരുന്നുണ്ടു. കുസിനിക്കാര, നീ ഇത്ര താമസിച്ചു വരുന്നതു എന്തുകൊണ്ടു? എന്റെ കുട്ടിക്കു ദീനം ഉണ്ടു; അതുകൊണ്ടു (therefore) മുമ്പിൽ വീട്ടു വിടുവാൻ എനിക്കു പാടില്ലായിരുന്നു. നോക്കു കുസിനിക്കാരാ! നീ ഇനി ഒരിക്കലും ഇത്ര താമസിച്ചു വരരുതു, അല്ലെങ്കിൽ ഞാൻ ഈ മാസത്തിന്റെ അവസാനത്തിൽ നിന്റെ ശമ്പളത്തിൽനിന്നു ഒരു ഉറുപ്പിക പിടിക്കും നിശ്ചയം. മദാമ്മയുടെ ഇഷ്ടം! കിടങ്ങിന്റെ താക്കോൽ എനിക്കു വേണം. നീ അങ്ങോട്ടു പോയി പന്ത്രണ്ടു കിഴങ്ങു എടുത്തു അവയെ പാകം ചെയ്യി! ഞാൻ തോലോടു കൂടേ (with) അവയെ കൊണ്ടുവരേണമോ? വേണ്ട! നീ തോൽ ചെത്തി എടുത്തു അവയെ ഞെക്കി പാൽ ചേർത്തിട്ടു കൊണ്ടുവരേണം. ഇറച്ചികൊണ്ടു എന്തു ചെയ്യേണ്ടു? തേമേശെക്കായി അതു പൊരിക്കു, തണുത്തു പോയ ശേഷം അതു തീനിന്നു കൊണ്ടുവരേണം, കേട്ടോ! പിന്നേ ഇറച്ചി (മൃദുവായി) പതമായിരിക്കേണം എന്നു മറക്കരുതു, മിനിഞ്ഞാന്നു അതു കടിപ്പാൻ (bite) എനിക്കു ഏകദേശം കഴിവില്ലായിരുന്നു; അതു തോൽ എന്ന പോലേ ഉറപ്പായിരുന്നു. മദാമ്മേ! അന്നു വിറകു നല്ലവണ്ണം ഉണങ്ങീട്ടില്ലായിരുന്നു. നീ ഇപ്പോൾ പോയി വണ്ടിക്കാരനോടു ഇങ്ങോട്ടു വരുവാനായിട്ടു പറ.

---

* **Remark**: People in general shorten വരുവാനായിട്ടു into വരാനായിട്ടു (see § 143).

Exercise 2.

Revision—utensils.

Decline the following Nouns (Accusative, Instrumental, Social, Dative, Locative, Ablative, Locative Dative, Genitive): കൂലിക്കാരൻ, വേർ, തല, കൈ, രാത്രി, പിതാ, കന്നു, ലോഹം, വയറു, തീ, പൊൻ!

Exercise 3.

Kitchen.

Copper-pot	ചെമ്പുപാത്രം.
To repair the hearth	അടുപ്പു നന്നാക്ക.
To draw water (from a well)	വെള്ളം കോരുക (മുക്കുക, വലിക്ക).
The vessel used for this	വെള്ളം കോരുന്ന ചെമ്പു(പാത്രം), കൊട്ടക്കോരിക.
A water-vessel made of the bark or film of an areca-branch	പാള (bark or film of an areca-branch).
Mortar for pounding rice	ഉരൽ (ഉരല്ക്കുറ്റി hinge).
Pestle used for this	ഉലക്ക (mostly of black-wood).
To pound rice	അരി കുത്തുക (see Page 71).
A broom	മാച്ചിൽ, ചൂൽ.
To mix the bran with water	തവിടു കുഴെക്കുക.
Vessel used for cooking rice	കലം (കലത്തപ്പം pancake).
Vessel used for cooking curry (pot, pan)	ചട്ടി (also വെക്കും ചട്ടി ricepot).
Frying pan	ചട്ടിക്കലം.
Water-vessel (for drinking) with a snout	കിണ്ടി.
Snout of it	കിണ്ടിയുടെ വാൽ.
Metal plate (for eating)	കിണ്ണം.
Cup	കോപ്പു, in the South called പിഞ്ഞാണം.
Spitting pot	കോളാമ്പി (കോളാമ്പിയിൽ തുപ്പുക).
Spoon used by natives (made of a cocoanut-shell)	കയ്യിൽ (= handful space).
To make a fire	തീ പൊന്തിക്ക, തീ പെരുക്കുക, തീ കത്തിക്ക.
Firewood; went for firewood; to cleave wood	വിറകു; വിറകിന്നു പോയി; വിറകു കീറിക്ക.
Axe	മഴു, കോടാലി.
To put something on the fire	അടുപ്പിൽ വെക്ക.
To warm oneself with a fire	തീക്കായുക (തീക്കാഞ്ഞു).

Twelfth Lesson.

Why we do something or why something has happened.

81. അവൻ മുമ്പേ നമ്മെ സ്നേഹിച്ചതുകൊണ്ടു നാമും സ്നേഹിക്ക let us love (him), because he loved us first.

Lit. He before us loved, because we (shall) love (him). നാമും we too, § 112.

82. നീ എന്റെ കല്പനപ്രകാരം ചെയ്തതുകൊണ്ടു എന്നോടു കൂടേ പട്ടണത്തിലേക്ക (നടന്നു) വരാം as you have done according to my order, you may go with me to the town.

83. നിങ്ങൾ എന്നെ പലപ്പോഴും തോല്പിച്ചതുകൊണ്ടു ഞാൻ ഇനി നിങ്ങളിൽനിന്നു ഒന്നും വാങ്ങുകയില്ല because you often cheated me, I shall henceforth buy nothing from you.

ഇനിയും henceforth, in future; വാങ്ങുകയില്ല see ex. 39.

§ 109. നാം സ്നേഹിക്ക (ex. 81) as *Imperative Plural First Person* may surprise; one might expect നാം സ്നേഹിക്കട്ടേ. The termination of the Second Person (സ്നേഹിക്ക) is preferred, as നാം (see § 42.) includes also a Second Person (I and you), but of course ഞങ്ങൾ സ്നേഹിക്കട്ടേ would be correct. So we say in church നാം പ്രാൎത്ഥിക്ക let us pray.

§ 110. In an *Adverbial Clause indicating Cause or Reason* the Adverbial Participle (Past Tense) of കൊള്ളുന്നു = കൊണ്ടു (ex. 58) is employed and serves instead of the English Conjunctions "because" and "as" (weil). Placed after a Noun it means "with", "through", "by" etc. and our three examples show again, that also Adverbial Clauses of this kind are made Adverbial Phrases by changing the Verb of the Adverbial Clause into a Verbal Noun (സ്നേഹിച്ചതു, ചെയ്തതു, തോല്പിച്ചതു). Thus സ്നേഹിച്ചതുകൊണ്ടു means: "through the loving us"; similar in English: "by doing this", "in doing this" etc.

§ 111. In ex. 82 we see, that to express something like a *Promise* or *Permission* we affix ആം to the Infinitive of the finite Verb (see § 200). It is used for a polite order (as much as "you may" in English). So you may say to your Munshi at the end of a lesson: നിങ്ങൾക്ക ഇപ്പോൾ പോകാം you may go now. This is another form of the *Potential Mood* (see § 107).

Mark, that in connexion with the suffix "ആം" always Dative (നിങ്ങൾക്ക) must be employed, *f. e.* ഞാൻ അറിയുന്നു, but എനിക്ക അറിയാം, which is as much as: എനിക്ക അറിവാൻ കഴിയും.

§ 112. From ex. 75, 81 and 83 we learn, that ഉം employed only once in a sentence, means not "and" but generalizes the notion, to which it is joined, and we may translate it by "also" or "even", "soever"; *f. e.* ഞാനും പോകും I too shall go, ആരും കണ്ടില്ല I saw nobody; എനിക്ക ഒന്നും കിട്ടിയില്ല to me one thing even (auch nur eins) I got not=I got nothing at all.

Exercise.

Did you water the flowers this morning? As I had to go to the bazaar to buy fish, vegetables and eggs, I did not find any time to look after the flowers today. Let us settle then the account first. For these two fishes I paid 2 Annas. For all these beans, lady's

fingers, cucumbers, the water-melons, cabbages, onions, radish, cresses, saffron, cumin and nutmeg I paid 8 Annas. I got 4 eggs for 1 Anna. Hence there is a balance of 2 Annas. For to-morrow we want kerosene-oil, ghee and horse-gram. Try to get these things cheaper than last week. Fresh butter I should like to get very much, but you ought to take it only from clean people. Why did you not bring any fruit? There was only a woman selling oranges, and as I did not know whether you like them or not, I did not buy anything there. Were there no mango-fruits, or plantains, or pineapples, no figs or dates? I did not see anything of this kind. You may go!

Translation.

ഇന്നു രാവിലേ നീ പൂക്കളെ നനെച്ചുവോ? മീനും ചീരയും മുട്ടയും വാങ്ങുവാനായിട്ടു ഞാൻ അങ്ങാടിയിൽ പോകേണ്ടിവന്നതുകൊണ്ടു പൂക്കളുടെ കാൎയ്യം നോക്കുവാൻ എനിക്കു സമയം കിട്ടിയില്ല. നാം ഒന്നാമതു കണക്കു നോക്ക! (§ 109). ഈ രണ്ടു മീനുകൾക്കു ഞാൻ 2 അണ കൊടുത്തു. ഈ പയററിന്നും വെണ്ടെക്കും പടോലത്തിന്നും (കക്കിരിക്കും) വത്തക്കെക്കും ഗോവിക്കും ഉള്ളിക്കും മുള്ളങ്കിക്കും കൈപ്പച്ചീരെക്കും മഞ്ഞളിന്നും ജീരകത്തിന്നും ജാതിക്കെക്കും എല്ലാം കൂടേ ഞാൻ 8 അണ കൊടുത്തു, നാലു മുട്ടെക്കു 1 അണ വിലയുണ്ടു. എന്നാൽ 2 അണ ബാക്കി ഉണ്ടല്ലോ! നാളേക്കു കല്ലെണ്ണയും പശുവിൻ നെയ്യും മുതിരയും വാങ്ങേണം. അതൊക്കെയും കഴിഞ്ഞ ആഴ്ചയെക്കാൾ അധികം സഹായമായി മേടിപ്പാൻ നോക്കേണ്ടതു. പുതിയ വെണ്ണ കിട്ടുവാൻ ഞാൻ വളരേ ഇഷ്ടപ്പെടുന്നു. എങ്കിലും അതു വെടിപ്പുള്ള ആളുകളിൽനിന്നു മാത്രം വാങ്ങേണം. കായി ഒന്നും മേടിച്ചില്ലല്ലോ! അതെന്തുകൊണ്ടു? നാരങ്ങ മാത്രം വില്ക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. ഇതിൽ നിങ്ങൾക്കു* ഇഷ്ടമുണ്ടോ ഇല്ലയോ എന്നു ഞാൻ അറിഞ്ഞില്ല, അതുകൊണ്ടു ഞാൻ അവിടേനിന്നു ഒന്നും മേടിച്ചില്ല. അവിടേ മാങ്ങയും പഴവും കൈതച്ചക്കയും അത്തിപ്പഴവും ഈത്തപ്പഴവും ഉണ്ടായിരുന്നില്ലയോ? ഞാൻ ഈ വക ഒന്നും കണ്ടില്ല. നിണക്കു ഇപ്പോൾ പോകാം!

84. ആ മിന്നുന്ന നക്ഷത്രം കാണുന്നുവോ? നിങ്ങൾ ഇവിടേ നില്ക്കുന്നതുകൊണ്ടു എനിക്കു കണ്ടുകൂടാ do you see that shining star? As you stand in the way I cannot see it.

85. നീ എന്റെ കല്പന ഉപേക്ഷിച്ചു അയല്ക്കാരന്റെ വീട്ടിൽ പോയതു നിമിത്തം ഞങ്ങൾ അതൊക്കെയും സഹിക്കേണ്ടി വന്നു neglecting my order and going to the house of our neighbour, we must bear now all this.

86. ഈ മരുന്നു നിങ്ങൾക്കു പററുന്നു എന്നു വെച്ചു അതു നിങ്ങൾക്കായി ഒരുക്കി ഞാൻ യാത്രയാകും as this medicine suits you, I shall prepare it for you and then go away.

§ 113. Another Adverb for expressing a reason is നിമിത്തം. As a Noun it means "aim", as an Adverb "by reason of", "because of". It is employed (like കൊണ്ടു) in connexion with a Noun (ex. 65) in the Nominative or Genitive Case (like the English Preposition "on account of"). In connexion with the Participial Noun (പോയതു) it forms also Adverbial Clauses, indicating a reason and answering to the question

* "നിങ്ങൾക്കു" not polite enough; either മഹാന്മെക്കു or താങ്ങൾക്കു (see § 219).

"wherefore" ("wesshalb, warum"). It is translated best in English by "because", "as" etc. (Germ. "wegen" *c. Gen.*).

§ 114. എന്നുവെച്ചു (ex 86) fills up in Malayalam the place of a Conjunction. One of the many meanings of വെക്ക (വെക്കുന്നു, വെച്ചു) is "to put a case", "suppose" and hence എന്നുവെച്ചു (so supposed) means: "considering", "as though", "in Anbetracht". Besides വെച്ചു without എന്നു after the Locative means "among"; *f. e.* ഈ മൂന്നു പേരിൽ വെച്ചു രാമൻ ഏററവും നല്ലവൻ എന്നു തോന്നുന്നു.

ജാതികൾ മിന്നുന്ന നക്ഷത്രങ്ങളെ കണ്ടു ദൈവങ്ങൾ എന്നു വെച്ചു സേവിക്കുന്നു the heathens seeing the shining stars supposed (that these were) gods and worship (them).

§ 115. സഹിക്കേണ്ടി വന്നു (ex. 85). In the same manner, in which we combine the Infinitive with വേണം, വേണ്ടാ and വേണ്ടു we may also employ വേണ്ടി, the Past Tense of the Irregular Verb വേണ്ടുക to be necessary. It is often followed by വരിക, so that വേണ്ടിവരിക means to become necessary; thus: സഹിക്കേണ്ടിവന്നു it became necessary to bear (§ 127).

§ 116. Ex. 84 and 86 show another phrase similar to പാടില്ല and കഴികയില്ല, namely കൂടാ, the *Negative form of the Verb* കൂടുക (to meet, join, to come together etc.). Mark phrases as: കലശൽകൂടുക (to quarrel), ശണ്ഠകൂടുക (the same). It is used also as an Auxiliary Verb and means "will become", "fits", "is possible", so especially the Positive Future കൂടും and the Negative Future കൂടാ. ഉപകാരം ചെയ്യുന്നതിനാൽ അപകാരം വന്നു കൂടും by doing a kindness we may meet with a bad return. It is always preceded by the Adverbial Participle of the Past Tense. എനിക്കു കേട്ടുകൂടാ I cannot hear it. അങ്ങോട്ടു ചെന്നു എന്റെ തൊപ്പിയെ എടുത്തു കൂടുമോ? Is it possible (for you) to go there and take my hat? In ex. 80 we have the Adverbial derived from കൂടാ = കൂടാതെ. It means literally: "so as not meeting", "joining", "not being there", "without". Another Positive form of this Verb we have seen in ex. 65 and 82, namely കൂട or കൂടേ. These are the Positive Adverbials of കൂടുക and mean like the regular form കൂടി "so as joining with" = "together with" (see § 128). These Adverbial Participles are generally added to the Social Case, as: ഞാൻ അച്ഛനോടു കൂടേ പട്ടണത്തിലേക്കു പോയി I went together with the father to the town (see § 220 I., 3), or ഞാൻ കൂടേ പോകും I too shall go. Also in connexion with the Genitive Case കൂടേ may be employed: *f. e.* ഒരു ദ്വിഭാഷിയെ (ദ്വി Sans. = two, ഭാഷി speaker) തന്റെ കൂടേ നിറുത്തിയിരുന്നു he kept an interpreter with him. For the Interrogative കൂടേ (see § 213, 6).

§ 117. നിങ്ങൾക്കായി (ex. 86). Although the Dative itself (§ 36) expresses a "Purpose" or an "Intention", this meaning is rendered more strongly by adding ആയി or also വേണ്ടി (see § 127, 220 I., 4) to

the Dative (Engl. "for"; Germ. "für"). ഞാൻ നിങ്ങൾക്കായി കാത്തിരിക്കും I shall wait for you. In the same manner ആയി is affixed to the Adverbial Participle Future Tense (see the ex. at the end of § 108). വരുവാനായിട്ടു for to come; വാങ്ങുവാനായി for to buy (see § 138).

We may sum up now the *chief Meanings of the Dative Case* (ചതുൎത്ഥി):

1. തലശ്ശേരിക്കു പോയി went to Tellicherry; പുരെക്കു തീ പിടിച്ചു the house caught fire; ആ രണ്ടു മത്സ്യങ്ങളെ പിടിച്ചു കരെക്കിട്ടു caught those two fish and brought them to shore. Here the Dative expresses, that somebody or something draws near to a *Place*.

2. ഉച്ചെക്കു ചായ വേണം I want tea at midday; മൂന്നു ദിവസത്തേക്കു കൂലി the hire for 3 days. This is the Dative of *Time;* especially ഏക്കു is invariably employed to denote Time. Something like the Greek Genitive in "νυκτός" at night.

3. ഞാൻ പണിക്കു പോകേണം I must go to work; ശിവൻ അന്നു വേട്ടെക്കു ഒരുങ്ങി Siva was then ready for a hunting; ചെറയിലേക്കു വെള്ളത്തിന്നു പോയി went to a tank to fetch some water. These examples represent the Dative of *Intention* or *Purpose.* To strengthen this meaning of "Design" and to convey even the idea of a "Motive" ആയി and വേണ്ടി are added.

4. അതിന്നു (പാത്രം) യോഗ്യൻ ആർ who is worthy of that? അതു എനിക്കു വേണം I want that (ആവശ്യം). In these instances the Dative does indicate *Worthiness* and *Want.*

5. *a)* അതു എനിക്കു ഇല്ല. *b)* അവന്നു വിട്ടു (കാണാതെ) പോയി (lost it); *c)* എനിക്കു മാൎഗ്ഗം ഉപദേശിച്ചു he taught me the way; സങ്കടം അവൎക്കു തീൎക്ക. In these examples the Dative expresses *Authority*, *Ownership*, or has Genitive meaning. This is also the reason why we say അവന്നു ലഭിച്ചു, സാധിച്ചു (succeed), കിട്ടി, അറിഞ്ഞു (see § 103. 126), മറന്നു (forgot); എനിക്കു പാട്ടുണ്ടു (see § 107) etc.

As to the Postpositions in general construed with the Dative Case see § 220.

Exercise 1.

Where is the gardener? He has gone to repair the hedge. Which plants will he take for that? I suppose he simply plants in some new Arippu (American wild sage, *Lantana aculeatā*), and shoeflowers; as to creepers, they will grow without special care. Tell him to tar all the sticks, else the white ants will have them eaten up ere long. Where shall I dig the holes for these young cocoanut-trees? Dig the holes there and cover them properly. Go down to the judge's house and ask for some cuttings. From which trees? I would like to get some from mango-trees and jack-trees. Our plantains grow very nicely; it seems their time to bear fruit is near. Gardener! are there country beans in this garden? Pluck some of them and bring them here. See that the mud-wall, round our garden, is properly made, every night wild pigs and porcupines come in, dig out the potatoes and do much mischief amongst all the shrubs and flowers. Do you see that monkey climbing up

the stem of a tree? In case he reaches the top of that tree the swarm of bees up there will attack him and sting him dreadfully. As he did not take care, he has to suffer all this now. Do not expose yourself to the sun without an umbrella. Going out with my father I always take an umbrella. As it is so hot this year, a great many of our young trees will wither away. Look at that rose bush, how many buds are there! I am at a loss to count them. To-morrow morning 5 of them will be open. What a delicious scent; That mango-tree stands there full of fruits. That is a very sweet kind of fruit. Is it not marvellous how the root, the stump of the tree, its stem, branches, leaves, sprouts, blossoms and fruits all these spring up from a little seed! Let us take a little rest under the shade of that Casuarina.

Translation.

തോട്ടക്കാരൻ എവിടേ? അവൻ ആ വേലിയെ നന്നാക്കുവാനായിട്ടു പോയി. അതിന്നായി അവൻ ഏതു മാതിരി ചെടികൾ ഉപയോഗിക്കും? അവൻ ചില പുതിയ അരിപ്പൂക്കളും ചെമ്പരത്തികളും മാത്രം നടും എന്നു എനിക്കു തോന്നുന്നു; വള്ളികൾ പ്രത്യേകമായ പണി കൂടാതെ തന്നാലേ വളരും. നാട്ടുകൾ ഒക്കെയും താർകൊണ്ടു തേപ്പാനായി അവനോടു പറ; അല്ലെങ്കിൽ ചിതലുകൾ വന്നു അല്പസമയം കഴിഞ്ഞശേഷം എല്ലാം നശിപ്പിക്കും. തെങ്ങിൻെറ തൈകൾക്കായി ഞാൻ എവിടേ കുഴികളെ കുഴിക്കേണം? അവയെ അവ്വിടത്തു തന്നേ കുഴിച്ചു നല്ലവണ്ണം മൂടേണം. നീ ന്യായാധിപതിയുടെ വീട്ടിൽ ചെന്നു മരത്തിൻെറ ചില കൊമ്പുകളെ ചോദിക്ക! ഏതു മരങ്ങളിൽനിന്നു അവയെ എടുക്കേണം? മാവിൽനിന്നും പിലാവിൽ നിന്നും ചിലതു കിട്ടുവാൻ എനിക്കു ഇഷ്ടം. നമ്മുടെ വാഴകൾ നല്ലവണ്ണം വളരുന്നു, കുലെപ്പാൻ കാലം അടുത്തിരിക്കുന്നു എന്നു തോന്നുന്നു. തോട്ടക്കാരാ! ഈ തോട്ടത്തിൽ അവര ഉണ്ടോ? ചിലവ പറിച്ചു കൊണ്ടു വാ! നമ്മുടെ തോട്ടത്തിൻെറ ചുററിലുമുള്ള കിള അവർ നന്നാക്കിയോ എന്നു നോക്ക! എല്ലാ രാത്രിയും കാട്ടുപന്നികളും മുള്ളന്മാരും അകത്തു വന്നു കിഴങ്ങുകളെ കിളെച്ചു ചെടികളിലും പൂക്കളിലും വളരേ ചേതം വരുത്തുന്നു. മരത്തിൻെറ തണ്ടിന്മേൽ മേലോട്ടു കയറുന്ന ആ കുരങ്ങിനെ കാണുന്നുവോ? അതു മരത്തിൻെറ മുകളിൽ എത്തിയാൽ (§ 129) അവിടേയുള്ള തേനീച്ചക്കൂട്ടം അതിനെ അതിക്രമിച്ചു ഭയങ്കരമായി കടിക്കും. അതു സൂക്ഷിച്ചില്ല, അതുകൊണ്ടു ഇപ്പോൾ ഇതൊക്കെയും സഹിക്കേണ്ടി വന്നു. കുട കൂടാതെ വെയിലിൽ പോകരുതു! അച്ഛനോടു കൂടേ പോകുന്ന സമയത്തു ഞാൻ എപ്പോഴും ഒരു കുട എടുക്കുന്നു. ഈ കൊല്ലത്തിൽ ഇത്ര ഉഷ്ണം ഉണ്ടാകകൊണ്ടു നമ്മുടെ തൈകളിൽ പലവ ഉണങ്ങി പോകും. പനിനീർപുഷ്പത്തിൻെറ ആ ചെടിയെ നോക്ക, അതിൽ എത്ര മൊട്ടുകൾ ഉണ്ടു! അവ എനിക്കു എണ്ണിക്കൂടാ. നാളെ രാവിലേ ഇവയിൽ അഞ്ചു മൊട്ടു വിടൎന്നിരിക്കും. എത്ര വിശേഷമായ ഒരു വാസന! ആ മാവു നിറെച്ചു കാച്ചിരിക്കുന്നു. അതു വളരേ മധുരമുള്ള ഒരു ഫലമാകുന്നു. മരത്തിൻെറ വേരും മുരടും തണ്ടും കൊമ്പും ചപ്പും തളിരും പൂവും കായും എല്ലാം ചെറിയ ഒരു വിത്തിൽനിന്നു ഉത്ഭവിക്കുന്നതു എന്തൊരു ആശ്ചൎയ്യം! (ആശ്ചൎയ്യമല്ലയോ? or ആശ്ചൎയ്യമുള്ളതല്ലയോ?) ആ ചവോക്കിൻെറ തണലിൽ നാം ഒരല്പം സുഖം എടുക്ക!

Exercise 2.

Plants and their parts.

Plant; Tree	ചെടി (സസ്യം); മരം, വൃക്ഷം.
Root; to root; uproot	വേർ; വേരുന്നുക, വേർ പിടിക്ക, വേർ ഇടുക; വേരോടു കൂടേ പറിച്ചെടുക്ക (ഉന്മൂലം ചെയ്ക).
Stem; under the tree; trunk of a tree	തണ്ടു, മരക്കാൽ; വൃക്ഷത്തിന്റെ ചുവട്ടിൽ; തായ്മരം.
Stump; to dig out a stump	മുരടു; മുരടു പൊരിക്ക.
Leaves; to grow green	ഇലകൾ, ചപ്പുകൾ; പച്ചലിക്ക.
Leaves or fruits dropping	കൊഴിയുക (ഉതിരുക).
Flower; flower leaf	പൂ, പുഷ്പം; ഇതൾ.
Fruit; Harvest	കായി, ഫലം, പഴം; കൊയ്ത്തു.
Fruit to ripen; corn to ripen	മൂക്കുന്നു, പഴക്കുന്നു, പഴുത്തു; വിളയുക *f. e.* വിളഞ്ഞ നെല്ലു.
Kernel; stone of mango; young fruit just set	കുരു; അണ്ടി; പിഞ്ചു.
Seed; to sow; to plant	വിത്തു (കുരു); വിതെക്ക, (വാളുക); നടുക [(നട്ടു).
Tubercle or bulb	കിഴങ്ങു.
Bark; outer bark; pith	തോൽ (തൊലി); മൊരി; കാതൽ (കാമ്പു).
Germ; bud; shoot	മുള (മുളക്കുന്നു); മൊട്ടു; തളിർ (തളിക്ക).
Fibres of a leaf	നാർ (ഞരമ്പു). [അല്ലി.
Calyx; Pollen; Anthers and Stamen	മൊത്തി; പരാഗം (പൂമ്പൊടി, പൂമ്പരാഗം);
To blossom; flower-bunch	പുഷ്പിക്ക (പൂക്കുന്നു); പൂങ്കുരൽ (പൂന്തൊത്തു).
The male of plants	പൂവൻ.
Inward decay of trees	പൂതൽ (പൂതലിക്ക).
To bear fruit	കായ്ക്കുന്നു (കാച്ചു, കാച്ചക്കായി ripe fruit).
Vegetables; Greens	കായ്കറി; ചീര.
A nursury of palm plants	തേങ്ങാ പാകുന്ന സ്ഥലം.

For Names of Plants see Appendix!

87. നീ എന്റെ കല്പന അനുസരിക്കാതെ പട്ടണത്തിലേക്കു പോയതുകൊണ്ടു ശിക്ഷിക്കപ്പെടും as you went to the town without my permission, you shall be punished.

88. കപ്പിപ്പണിയെ കുറിച്ചു ഒന്നും അറിയാത്ത ഒരാൾ ഇങ്ങോട്ടു വന്നതുകൊണ്ടു ഞാൻ അവന്നു പണി കൊടുക്കാതെ വിട്ടയച്ചു as a man came here, who did not know anything about the management of coffee-works, I sent him away without giving him employment.

89. നീ എന്നെ ഒട്ടും സ്നേഹിക്കാത്തവൻ ആകകൊണ്ടു എപ്പോഴും എന്നിൽ സംശയം ഉണ്ടാകും as you are one who does not love me in the least, you will always mistrust me.

ഒട്ടും ഇല്ല not at all, not the least, not a moment (ഒട്ടു a little) എപ്പോഴും = എല്ലാപ്പോഴും.

90. നിങ്ങൾക്ക പതിനെട്ടു വയസ്സു മാത്രം ഉള്ളതുകൊണ്ടു അതു ചെയ്വാൻ നിങ്ങൾക്ക ശക്തി പോരാ as you are only 18 years of age, your strength is not sufficient to do that.

§ 118. Ex. 87. 89 show the *Negative form of the Adverbial Participle* (§ 76), *of the Adjective Participle* (§ 88) *and of the Personal Noun* (96). As to the Negative form of the Adverbial Participle (അനുസരിക്കാതെ) ആതെ is added to the Infinitive (ക്ക) of the Verb. Thus: സ്നേഹിക്കാതെ, വായിക്കാതെ etc. അവൻ എന്റെ അടുക്കൽ വരാതെ വേറെ കുട്ടികളോടു കളിച്ചു without coming to me he played with the other children. Verbs ending in ക (വരുക, ഓടുക, കഴിയുക, തുടങ്ങുക etc.) drop ക and join ആതെ to the crude form (old Infinitive). Like the Positive Adverbial Participle also the Negative one has a temporal or instrumental signification (or points out the mode, in which something has been done) and is followed by a finite Verb. This shows, that the Adverbial കൂടാതെ (§ 116) is only the Negative Adverbial Participle of കൂടുക used as an Adverb.

In ex. 88 we have the *Negative Adjective Participle* (അറിയാത്ത). In all these forms ആ indicates the Negation and instead of തെ here ത or ത്ത (more frequently) is added to the Negative Infinitive അറിയാ, വരാ, സ്നേഹിക്കാ, thus അറിയാത്ത, വരാത്ത, സ്നേഹിക്കാത്ത. In English this Participle corresponds to the Participle (സ്നേഹിക്കാത്ത ഒരു അച്ഛൻ not loving a father) or to an Adjective clause (വേദപുസ്തകം വായിക്കാത്ത മനുഷ്യൻ the man, who does not read the Bible).

Ex. 89 introduces the *Negative Personal Noun* സ്നേഹിക്കാത്തവൻ. It is formed from the Adjective Participle by adding the Personal Pronoun അവൻ, അവൾ, അതു (thus: വായിക്കാത്തവൻ, അറിയാത്തവൻ, ചെയ്യാത്തതു; plural വായിക്കാത്തവർ, ചെയ്യാത്തവർ). Of course also the Negative Participial Noun can be declined and is rendered in English by a Negative Participle with a Noun (a man not loving), or by an Adjective clause containing "not" (she, who does not know).

§ 119. പോരാ (ex. 90) is derived from പോരുക (പോരുന്നു, പോന്നു, പോരും) to come, go along, suit, suffice. പോരാ like കൂടാ is the Negative Future (പോരും, കൂടും), and means: does not suit, not suffice. So it is the contrary of മതി enough: *f. e.* അതു മതി, ഇനി ഒന്നും വേണ്ട it is enough, I do not want anything more; ഇതു ചെയ്വാൻ രണ്ടാൾ മതി to do this two men are sufficient.

§ 120. In ex. 87 we meet the first time with a *Passive Voice.* The Passive Voice is very seldom used in Malayalam especially in the North of Malabar. In translations from Sanskrit and English it is more frequently employed. To express a Passive the Auxiliary Verb പെടുക (പെടുന്നു, പെട്ടു, പെടും) is employed. This is affixed to the Infinitive of the Active Verb. Thus: സ്നേഹിക്കപ്പെടുക, കൊടുക്കപ്പെടുക, രക്ഷിക്ക

പ്പെടുക, അറിയപ്പെടുക, കൊല്ലപ്പെടുക (Infinitive കൊല്ലു to be killed). The Passive will be conjugated like the Active Verb. Thus: സ്നേഹിക്കപ്പെടുന്നു (Present Tense), സ്നേഹിക്കപ്പെട്ടു (Past Tense), സ്നേഹിക്കപ്പെടും (Future Tense).

Exercise 1.

Passive Voice.

Pres. Tense	ഞാൻ സ്നേഹിക്കപ്പെടുന്നു I am loved.
Past "	" സ്നേഹിക്കപ്പെട്ടു I was loved.
Perf. "	" സ്നേഹിക്കപ്പെട്ടിരിക്കുന്നു I have been loved.
Plupf. "	" സ്നേഹിക്കപ്പെട്ടിരുന്നു I had been loved.
Fut. "	" സ്നേഹിക്കപ്പെടും I shall be loved.
Adv. Part. Past	സ്നേഹിക്കപ്പെട്ടു having been loved.
Adv. Part. Fut.	സ്നേഹിക്കപ്പെടുവാൻ for to be loved.
Adv. Part. Pres.	സ്നേഹിക്കപ്പെടുന്ന being loved.
" " *Past*	സ്നേഹിക്കപ്പെട്ട having been loved.
" " *Fut.*	സ്നേഹിക്കപ്പെടും will have been loved.
Pers. Noun Pres.	സ്നേഹിക്കപ്പെടുന്നവൻ, —ൾ, —തു one being loved.
Pers. Noun Past	സ്നേഹിക്കപ്പെട്ടവൻ, —ൾ, —തു one having been loved.
Progressive	സ്നേഹിക്കപ്പെടുന്നുണ്ടു (സ്നേഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു etc.)
Potential Pres.	സ്നേഹിക്കപ്പെടുവാൻ കഴിയുന്നു.
" *Past.*	" കഴിഞ്ഞു.
" *Fut.*	" കഴിയും.
(*Permission*)	സ്നേഹിക്കപ്പെടാം it may be loved.
Necessity	സ്നേഹിക്കപ്പെടേണം must be loved.
	സ്നേഹിക്കപ്പെടേണ്ടു ought to be loved.
Inf.	സ്നേഹിക്കപ്പെടുക to be loved.
Imp. I.	സ്നേഹിക്കപ്പെടുക be loved.
" *II.*	സ്നേഹിക്കപ്പെടുവിൻ be you loved.
" *III.*	സ്നേഹിക്കപ്പെടട്ടേ he, they shall be loved.
Prohibition I.	സ്നേഹിക്കപ്പെടേണ്ടാ shall not be loved.
" *II.*	സ്നേഹിക്കപ്പെടരുതു (—പ്പെടൊല്ലാ etc.),
[*Negat. Adv. Part. Past.*	സ്നേഹിക്കപ്പെടാതെ.
" " " *Fut.*	(സ്നേഹിക്കപ്പെടായ്വാൻ).
" *Adj. Part. Pres.*	(സ്നേഹിക്കപ്പെടായുന്ന).
" " " *Past.*	സ്നേഹിക്കപ്പെടാഞ്ഞ.
" " " *Fut.*	(സ്നേഹിക്കപ്പെടായും).
" *Personal Noun*	സ്നേഹിക്കപ്പെടാത്തവൻ —ൾ —തു. etc. see § 118. 124.]

Exercise 2.

Where do you go to? I go to school. You are very late, I think. I left my house without having taken my breakfast. At what time do you take your breakfast? At

10 o'clock. I suppose, one who goes to school without having taken his breakfast, will not learn too much. I took something, but it was not sufficient. After the lessons are finished, you will be very hungry (I am hungry = എനിക്കു വിശക്കുന്നു വിശന്നു or എനിക്കു വിശപ്പുണ്ടു). A young man (ബാല്യക്കാരൻ) who studies earnestly is able to endure that. May I give you something? (വല്ലതും). No, I do not like (that) at all. Now I must go. Yesterday having come to school too late, the schoolmaster was very angry with me. Did you get a beating? No, we never get corporal punishment. It was not so in my time. Once having come to school too late, I got a very severe flogging. Now get off quickly! Alas I am afraid I shall be too late, what shall I do then!

Translation.

നീ എവിടേക്കു പോകുന്നു? ഞാൻ എഴുത്തുപള്ളിയിലേക്കു പോകുന്നു. നീ വളരേ താമസിച്ചുപോയി എന്നു എനിക്കു തോന്നുന്നു. ഞാൻ മുത്താഴം കഴിക്കാതെ (വീട്ടിൽനിന്നു) പോന്നു (പോരുക). ഏതുസമയം നീ മുത്താഴം കഴിക്കുന്നു? രാവിലേ പത്തുമണിക്കു തന്നേ. മുത്താഴം കഴിക്കാതെ എഴുത്തുപള്ളിയിലേക്കു പോകുന്നവൻ അവിടേനിന്നു വളരേ പഠിക്കയില്ല എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ഒരല്പം കഴിച്ചു എങ്കിലും അതു പോരാതെ പോയി. പാഠം കഴിഞ്ഞ ശേഷം നിണക്കു വളരേ വിശക്കും. ഉത്സാഹത്തോടേ പഠിക്കുന്ന ഒരു ബാല്യക്കാരന്നു അതു സഹിപ്പാൻ കഴിയും. ഞാൻ നിണക്കു വല്ലതും തരാമോ? (§ 111). എനിക്കു അശേഷം ഇഷ്ടമില്ല. ഞാൻ ഇപ്പോൾ പോകേണ്ടതു. ഞാൻ ഇന്നലേ എഴുത്തുപള്ളിയിൽ താമസിച്ചു ചെന്നതുകൊണ്ടു ഗുരുനാഥൻ എന്റെ നേരേ വളരേ കോപിച്ചു. നിണക്കു അടികിട്ടിയോ? ഇല്ല, ഞങ്ങൾക്കു ഒരിക്കലും അടി കിട്ടുകയില്ല. എന്റെ കാലത്തു അങ്ങിനേ അല്ലായിരുന്നു (or ആയിരുന്നില്ല). ഞാൻ ഒരിക്കൽ എഴുത്തുപള്ളിക്കു താമസിച്ചു പോയതുകൊണ്ടു കഠിനമായ അടികൊണ്ടിരിക്കുന്നു. ഇപ്പോൾ വേഗം പോയിക്കൊൾക! (see § 202). അയ്യോ ഞാൻ താമസിച്ചു പോകും എന്നു ഭയപ്പെടുന്നു; പിന്നേ ഞാൻ എന്തു ചെയ്യും!

Exercise 3.

ഒരു ഗ്രാമത്തിൽ[1] രണ്ടു ചെറുക്കന്മാർ[2] ഉണ്ടായിരുന്നു. അവരിൽ ഒരുവൻ വിവേകി[3] മററവൻ അവിവേകി[3]. ഒരു നാൾ ആ ചെറുക്കന്മാർ ഒരു തോട്ടത്തിലേക്കു പോയി. അവിടേ അവൎക്കു ഒരു തേങ്ങ കിട്ടി. ബുദ്ധിയുള്ളവൻ[4] അതിനെ ഉടെച്ചു[5], ഉള്ളിൽ[6] ഉണ്ടായിരുന്നതെല്ലാം[7] താൻ[8] തിന്നു, ചിരട്ട ബുദ്ധിയില്ലാത്തവന്നു[9] കൊടുത്തു. അവൻ ഒരു കഷണം[10] വായിൽ ഇട്ടാറേ അതു കല്ലുപോലേ കട്ടിയായിരുന്നു[11]. അപ്പോൾ തന്റെ സ്നേഹിതൻ തന്നെ ചതിച്ചു[12] എന്നു അറിഞ്ഞു. ഇനി എപ്പോൾ എങ്കിലും[13] ഇങ്ങിനേ തഞ്ചം[14] വരുമ്പോൾ അവൻ ചെയ്തു പോലേ ചെയ്യേണം എന്നു നിശ്ചയിച്ചു. പിന്നേ കുറയ നാൾ കഴിഞ്ഞ ശേഷം അവൎക്കിരുപേൎക്കും[15] കൂടേ[16] ഒരു മാങ്ങ കിട്ടി. അപ്പോൾ ആ ബുദ്ധിയില്ലാത്തവൻ മറേറവൻ[17] ചെയ്തതിന്നു പകരം[18] ചെയ്യേണം എന്നു വെച്ചു[19] ബുദ്ധിമാനായ[20] ചെറുക്കനെ നോക്കി "എനിക്കു അകത്തുള്ളതു[21] തന്നു പുറത്തുള്ളതെല്ലാം[21] നീ എടുക്കേണം" എ

1) Village. 2) Boy. 3) Judicious, അ = not (privative). 4) ബുദ്ധി + ഉള്ള (Adj. Part.) + അവൻ, see § 96. 5) ഉടെക്കുന്നു to break. 6) ഉള്ളു inside. 7) ഉണ്ടായിരിക്കുന്നതു + എല്ലാം (all what is inside). 8) Himself. 9) See § 118. 10) A piece. 11) കട്ടിയായി hard. 12) Deceive. 13) എപ്പോൾ എങ്കിലും whensoever. 14) Opportunity. 15) അവൎക്കു + ഇരു (2) + പേൎക്കു; പേർ here = individuals. 16) See § 116. 17) The other. 18) In return; in

ന്നു പറഞ്ഞു. അപ്പോൾ അവൻ സന്തോഷിച്ചു നല്ലതു എന്നു വെച്ചു[19], പുറത്തേ (പുറത്തുള്ള) ദശ[22] എല്ലാം താൻ തിന്നു ബുദ്ധിഹീനനായ[23] തന്റെ ചങ്ങാതിക്കു[24] അകത്തേ അണ്ടി[25] കൊടുത്തു. അതുകൊണ്ടു ബുദ്ധിയില്ലാത്തവർ പലപ്പോഴും തങ്ങളെ തന്നേ ചതിക്കുന്നു.

Thirteenth Lesson.

Reason or Cause (*II. Part*).

91. ഇടവിടാതെ കള്ളു കുടിക്കുന്നതിനാൽ നിങ്ങൾ ഒടുക്കം നശിച്ചു പോകും in drinking toddy continually you will be ruined at last.

ഇടവിടുക = to be interrupted.

92. അവർ ഇരുവർ ദിവസേന പെരുത്തു പ്രയത്നം ചെയ്തതിനാൽ ധനവാന്മാരായി തീൎന്നു greatly exerting themselves every day both of them became rich men. (Indem die Beiden.)

ധനവാന്മാരായി = ധനവാന്മാർ + ആയി.

93. ഈ ആൾ എല്ലായ്പോഴും അനുസരിക്കാതെ ഇരുന്നതിനാൽ ഏററവും ദരിദ്രനായ്പോയി by continual disobedience this man has become very poor. (Durch nicht gehorchen.)

§ 121. *The Instrumental Case* (§ 73) may also be employed in connexion with the Participial Noun (*cf.* the Preposition "by" or "in" before a Participle in English). "Instrument" and "Reason" or "Condition" are similar notions, and so in changing the instrumental phrases above into subordinate clauses, we have to begin with "because" ("weil" and "indem"). Thus the Instrumental Particle ആൽ may also be employed to indicate a Reason (ex. 85. 86. § 113). In the same manner, in which the Instrumental Case of the Participial Noun is formed all the remaining cases can be employed: കുടിക്കുന്നതിനെ, കുടിക്കുന്നതിന്നു, കുടിക്കുന്നതിന്റെ, കുടിക്കുന്നതിൽ(നിന്നു), കുടിക്കുന്നതോടു, കുടിക്കുന്നതിന്നു പകരം, കുടിക്കുന്നതിൻ നിമിത്തം, കുടിക്കുന്നതിന്നു മുമ്പേ.

We sum up, what we have come to know about the *Instrumental Case* (തൃതീയ).

1. നാം കണ്ണാലേ കാണുന്നു, ചെവിയാലേ കേൾക്കുന്നു (oculis videmus, auribus audimus). സ്നേഹത്താലല്ല വാളാലേ തന്റെ ശത്രുക്കളെ ജയിച്ചു not by love by the sword only he conquered his enemies. This is the Instrumental expressed in English by "with", "by", "by means", "through" (in German "mit", "mittelst", "durch").

---

exchange with Dat. 19) See § 114 as much as വിചാരിച്ചു (thought) here. 20) Wise, intelligent. 21) അകത്തു ഉള്ളതു see § 118; അകത്തു inside; പുറത്തു outside; inflected form: അകത്തുള്ള or അകത്തേ. 22) Flesh. 23) ബുദ്ധിയില്ലാത്തവൻ, see § 187. 24) Friend. 25) The stone of a mango.

2. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയിൽ പാൎപ്പാൻ ഞാൻ അയോഗ്യൻ I am unworthy to live upon this earth created by God. The "author of an action" in a sentence, with the Predicate in the Passive Voice, takes the Instrumental Case (Engl. "by", German "von", Greek ὑπὸ and πρὸς with Genitive or Dative. *Bonus* discipulus laudatur *a* praeceptoribus). As to Passive see § 120.

3. ഇനി മേലാൽ ഞാൻ അതിനെ നോക്കും in future I shall look after that. എന്റെ പിന്നാലേ വാ follow me. In some phrases (പിന്നാലേ, മേലാൽ, ക്രമത്താലേ) the Instrumental shows the character of a Locative (പിമ്പിൽ, മേലിൽ) or stands in the place of an Adverb of Manner (ക്രമപ്രകാരം).

4. ആശാരി ഈ മേശ ജാതിമരത്താൽ ഉണ്ടാക്കി. Instrumental denoting the material, of which something is made (English "of"; German "von" or "aus"; Lat. Ablative; Greek Genitive). But കൊണ്ടു with Accusative or Nominative is more generally used.

§ 122. In ex. 65. 91. 93. we met the first time with *the Auxiliary Verb* പോക, which cannot always be translated by "to go". In general it indicates, that the action has been perfected in the Past Tense, so that it is something like ഇരിക്കുന്നു forming a Perfect. In മരിച്ചുപോയി, നശിച്ചുപോയി the word indicates, that the action has taken place or will take place without our control, so that we are at a loss to alter anything in the matter. After ആയി it is very similar to തീരുക (ex. 92. § 87), only that തീരുക seems to indicate an "unfolding", "coming into existence", പോക the accomplishment of the action.

ആയിപ്പോയി it is finished, it is done.
ആയിത്തീൎന്നു it became, came to existence.

Exercise.

Dwellings.

From what do people build their houses in this country? They use mud, stones and chunam. As to the timber they take Teak, Iruḷ (a red timber, Dalbergia Sisu), the Jack-tree and Ayini. The verandah and the porch in front of this house make it look very pretty. How do you call the house of a Brahman and of a king? The house of a Brahman we call Illam and that of a king Kōvilagam. The house of a Pariah is a Chēri, the Cheruman lives in a Chāḷa. The blacksmith, the goldsmith, the carpenter, the weaver and the toddy-drawer inhabit a Pura or Kuṭi; the temple-servant resides in a Vāriyam (Pishāram or Pumaṭham), the ordinary Nāyar in a Vīṭu (or Bhavanam), the man in authority of his caste dwells in a Iṭam. The Brahman lives in a Illam. Nambūtiris call their houses also Mana. The Nambūtiri is at home. Tell the sweeper to clean the gateway and the front-yard. The main building is called Paḍiññāttappura. It must face the rising

sun. How are the three rooms in a native-house called? Vaṭakkina, Tekkina and Paḍiṅnāťťa. The Chāypu is a small room behind these. Take care, else his hand will be squeezed in the hinge of that door..

Translation.

ഈ ദേശത്തിൽ ആളുകൾ തങ്ങളുടെ വീടുകളെ ഏതിനെക്കൊണ്ടു പണിയിക്കുന്നു? മൺകൊണ്ടും കൽകൊണ്ടും കുമ്മായംകൊണ്ടും തന്നേ. മരമായി അവർ തേക്കിനെയും ഇരുവിളി (ഇരുള്ളി)നെയും പിലാവിനെയും ആയിനിയെയും എടുക്കുന്നു. ഈ വീട്ടിന്നു കോലായും പൂമുഖവും ഉണ്ടാകുന്നതിനാൽ അതു കാഴ്ചെക്കു എത്രയോ നല്ലതു. ഒരു ബ്രാഹ്മണന്റെ വീട്ടിന്നും രാജാവിന്റെ പാൎപ്പിടത്തിന്നും പേർ എന്തു? ബ്രാഹ്മണന്റെ വീട്ടിന്നു ഇല്ലം, രാജാവിന്റെ വാസസ്ഥലത്തിന്നു കോവിലകം എന്നു നാം പറയുന്നു. ഒരു പറയന്റെ പാൎപ്പിടം ചേരി ആകുന്നു; ചെറുമൻ ചാളയിൽ പാൎക്കുന്നു. കൊല്ലനും (കരുവാൻ) തട്ടാനും ആശാരിയും ചാല്യനും തീയനും പുരയിലോ കുടിയിലോ വസിക്കുന്നു; അമ്പലവാസി (വാരിയൻ) വാരിയത്തിലും (പിഷാരം അഥവാ പൂമഠം), സാധാരണ നായർ ഒരു വീട്ടിലും (അഥവാ ഭവനം), സ്ഥാനികനായ നായർ ഇടത്തിലും, ബ്രാഹ്മണൻ ഇല്ലത്തിലും പാൎക്കുന്നു. നമ്പൂതിരിമാർ തങ്ങളുടെ വീടുകളെ മന എന്നു പറയുന്നു. നമ്പൂതിരി മനയിലുണ്ടു. അടിച്ചുവാരുന്നവനോടു പടിവാതിൽവഴിയും മുററവും അടിച്ചുവാരുവാൻ പറക. വീട്ടിന്റെ വലിയ എടുപ്പിന്നു പടിഞ്ഞാററപ്പുര എന്നു പേർ. അതിന്റെ മുഖം സൂൎയ്യോദയത്തിന്നു നേരേ ആയിരിക്കേണം. ഒരു നാട്ടുകാരന്റെ വീട്ടിലേ മൂന്നു മുറികളുടെ പേരുകൾ ഏവ? വടക്കിനി, തെക്കിനി, പടിഞ്ഞാററ. ഇവററിന്നു പിമ്പിലുള്ള ഒരു ചെറിയ മുറി ചായ്പാകുന്നു. സൂക്ഷിക്ക! അല്ലെങ്കിൽ അവന്റെ കൈ ആ വാതിലിന്റെ ഉരൽക്കുററിയിൽ കുടുങ്ങി (get in) ഇറുങ്ങിപ്പോകും.

Exercise 2.

Church and School.

a. Church.

Church	പള്ളി, ദൈവാലയം.
To ring the bell	മണി അടിക്ക (മുട്ടുക).
Public worship	പരസ്യമായ ആരാധന, പൊതു ആരാധന.
Pulpit	പ്രസംഗപീഠം.
Divine Service	ദൈവാരാധന. —കൊണ്ടാടുക).
The Lord's Supper	തിരുവത്താഴം, രാത്രിഭോജനം (—കഴിക്ക,
Baptism (to baptize, be baptized)	സ്നാനം, (സ്നാനം കൊടുക്ക, —ഏല്ക്ക).
Prayer	പ്രാൎത്ഥന, (പ്രാൎത്ഥിക്ക, പ്രാൎത്ഥന കഴിക്ക).
Let us pray	നാം പ്രാൎത്ഥിക്ക.
Hymn; verse; to sing a hymn	പാട്ടു, ഗീതം; ശ്ലോകം; പാട്ടുപാടുക.
Sermon	പ്രസംഗം, (പ്രസംഗം കഴിക്ക to preach).
Text	ആധാരവചനം.
Sexton	പള്ളിമൂപ്പൻ.
To take the collection	ശേഖരം പിരിപ്പിക്ക.
Marriage	വിവാഹം, കല്യാണം, (വിവാഹാചാരം).
Funeral; coffin	ശവസംസ്കാരം; ശവപ്പെട്ടി.
Cemetery; tomb	ശ്മശാനസ്ഥലം; കല്ലറ.

To dig a grave	ശവക്കുഴി കുഴിക്ക.
To bury somebody	കുഴിച്ചിടുക, അടക്കം ചെയ്യു.
Benediction (at the end of service)	ആശീൎവ്വാദം, അനുഗ്രഹം.
To kneel down	മുട്ടുകുത്തുക.
Elders of the church; Presbytery	സഭാമൂപ്പന്മാർ; മൂപ്പയോഗം (മൂപ്പയോഗം കൂടുന്നു the Presbytery meets).
Reading lesson	വേദപാഠം (വേദവായന).
To excommunicate; Church discipline	സഭാഭ്രഷ്ടനാക്കുക; സഭാശിക്ഷ.
Catechisation	ബാലോപദേശം.

b. School.

Black board	കറുത്ത എഴുത്തുപലക.
Schoolmaster	ഗുരുനാഥൻ, എഴുത്തച്ഛൻ, (ഗുരിക്കൾ).
To make one write and read	എഴുതിക്കയും വായിപ്പിക്കയും ചെയ്യു.
Copy this lesson	ഈ പാഠം പകൎക്ക.
Commit it to memory	മനഃപാഠം ചെയ്യു, മുഖപാഠം ആക്ക.
Stand! Sit down!	നില്ക്ക; ഇരിക്ക! [രിക്ക.
Be quiet	മിണ്ടാതിരിക്ക, മൌനമായിരിക്ക, അടങ്ങിയി
Do not be idle	മടിയനാകരുതു, മടിവു കാണിക്കരുതു, മടിയനാകൊല്ലാ.
Map-drawing	പടം വരെക്ക.
Be attentive	ശ്രദ്ധയോടിരിക്ക, ശ്രദ്ധിക്ക. [ക്കൊല്ലാ.
Do not whisper into your neighbour's ear	നിന്റെ അയല്ക്കാരന്റെ ചെവിയിൽ മന്ത്രി
Bring pencil, paper, ink and pen	പെൻസലും (ഇയ്യക്കോൽ), കടലാസ്സും, മഷിയും, തൂവലും കൊണ്ടു വാ.

94. നീ അനുസരിക്കാത്തതു എന്തുകൊണ്ടു എന്നു അച്ഛൻ എന്നോടു ചോദിച്ചപ്പോൾ, നിങ്ങളുടെ കല്പന എനിക്കു ബോധിക്കായ്കകൊണ്ടു അനുസരിക്കാതെ ഇരുന്നതത്രേ എന്നു ഞാൻ ഉത്തരം പറഞ്ഞു when my father asked me, why do you not obey, I answered: Only because I could not understand what you meant.

95. ഇന്നലേ ഏഴു മണിക്കു പനി വിട്ടു മാറി എന്നു അമ്മ പറകയാൽ വൈദ്യൻ മുമ്പേ പറഞ്ഞ സമയം അതു തന്നേ എന്നു എല്ലാവരും അറിഞ്ഞു the mother said: "Yesterday at about 7 o'clock the fever became less and (he) recovered". From this everybody came to know, that this was just the time, of which the physician had spoken before.

96. എന്റെ രാജ്യത്തിൽ കൂടി പോകുന്ന സമയം നിന്നെ രക്ഷിക്കേണ്ടതിന്നു ആവശ്യപ്പെട്ടതെല്ലാം ഞാൻ ചെയ്യും എന്നു രാജാവു പറകകൊണ്ടു നീ ഭയപ്പെടുവാൻ ആവശ്യമില്ല whilst thou art passing through my kingdom I shall do anything necessary to save thee; such being the word of the king, you need not be afraid.

97. അവൻ പട്ടണത്തിൽ കൂടി നടക്കുന്നതിന്നിടയിൽ വീടുകളെ നോക്കി സംസാരിച്ചു സൂക്ഷിക്കായ്കയാൽ കാൽ തടഞ്ഞു വീണു പോയി talking and looking at all the houses as long as he walked through the streets (town), he was careless, stumbled and fell down.

നടക്കുന്നതിന്നിടയിൽ = നടക്കുന്നതിന്റെ (നടക്കുന്നതിൻ) + ഇടയിൽ; ഇട interval of time or space, occasion.

98. നേരം ഇനിയും അധികം ഉണ്ടാകയാലും നിങ്ങളുടെ സൌഖ്യക്കേടു നിമിത്തം പണി ചെയ്വാൻ കഴിയായ്കയാലും നമുക്കു വളരേ ദൂരത്തിൽ നടക്കാം as we have still more time before us and you, being ill, cannot do any work, we may walk to a further distance.

99. അവൻ ഒരു വെള്ളക്കാരനാകകൊണ്ടും അവന്നു ചെരിപ്പു ഉണ്ടാകകൊണ്ടും അവന്നു ഭസ്മക്കുറിയും കുടുമയും ഇല്ലായ്കകൊണ്ടും ആളുകൾ അവനെ നോക്കി ആശ്ചൎയ്യപ്പെട്ടു being a European, wearing shoes, being without the sign of ashes (on the forehead) and the tuft of hair (worn as a caste distinction), people looked at him and wondered.

100. ഈ ആൾ ഒരു ധനവാൻ അല്ലായ്കയാലും അവന്നു ഭക്ഷണപാനങ്ങൾ ഇല്ലായ്കയാലും അവൻ ജീവനെ രക്ഷിപ്പാൻ വേണ്ടി തനിക്കായി ഒരു വഴി അന്വേഷിക്കും as this man is not wealthy and has nothing to eat or to drink, he will seek for himself a way to save his life.

§ 123. Ex. 89. 90. 94—97 represent a new form of the Verb; it is called the *Verbal Noun*, bearing the double character of a Verb and of a Noun. It expresses an action, but is employed as a Noun (ആക, സൂക്ഷിക്ക, ബോധിക്ക, പറക). As to its form this Verbal Noun is identical with the Infinitive of the Verb. The examples show, that these Verbal Nouns are governed by a subject (അമ്മ ex. 95; അവൻ ex. 97; രാജാവു ex. 96; കല്പന ex. 94), that they have even an object (എന്നെ ex. 95. ex. 96 എനിക്കു ex. 94) and so partake of the character of a Verb. They are rendered best in English by a finite Verb. Nevertheless they are considered to be Nouns in Malayalam, for by adding ആൽ or കൊണ്ടു we form Instrumental Cases (§ 73. Ex. 51). (For other cases see § 129 etc.) Thus: ഞാൻ ഈ പുസ്തകത്തെ വായിക്കയാൽ നിങ്ങൾക്കു തന്നു കൂടാ. Here we may see very clearly, that the Verbal Noun as a Verb has its subject (ഞാൻ) and its object (പുസ്തകത്തെ). still it is in the Instrumental Case.

§ 124. In § 118 we met with the Adverbial Participle (വരാതെ), the Adjective Participle (വരാത്ത) and the Participial Noun (വരാത്തവൻ) of the *Negative Verb*. All these forms are taken from the Negative Future (വരാ), which is used but seldom in colloquial language and poetry. To fill up the want of other forms and to enable us *to*

conjugate the Negative Verb the ending of the Present Tense ഉന്നു (formerly ഇന്നു) is affixed to the Future വരാ; (derived from a Second Future വരു). വരാ + ഉന്നു = വരായുന്നു I cannot come (Present Tense). The Negative Verb വരായുന്നു is conjugated according to the rule laid down in § 75; hence Past Tense വരാഞ്ഞു I did not come. In the next chapter we shall hear about other forms needed sometimes. Ex. 98—100 show the Infinitive or the *Verbal Noun of the Negative Noun* വരായുക, shortened into വരായ്കു. So also രക്ഷിക്കായ്കു, ബോധിക്കായ്കു, സ്നേഹിക്കായ്കു, അറിയായ്കു, കഴിയായ്കു, പറയായ്കു etc. As the Negative Verb of ആക is അല്ലാ (usually shortened into അല്ല), its Negative Verbal Noun is അല്ലായ്കു, and in the same manner the Negative Verbal Noun of ഉണ്ടു (ഉണ്ടാക) ഇല്ലായ്കു (ex. 99. 100).

§ 125. To express Cause or Reason കൊണ്ടു as well as ആൽ may be added to the Verbal Noun (ex. 94. 100). So again, what in English must be translated by an Adverbial clause is only an Instrumental Case in Malayalam (ആകയാൽ) or an Adverbial phrase formed by a Verbal Noun and an Adverbial Participle (ആകകൊണ്ടു). Ex. 97—100 show, that ആൽ and കൊണ്ടു may be used in exchange (just so in connexion with the Noun § 73). Still there is a slight difference: ആൽ especially points out an instrument (rendered in English: "by saying", "from that", ex. 94. 95, "in saying" etc. German: durch, indem er das sagt അതു പറകയാൽ), by which something has occurred or been done; കൊണ്ടു points at the reason, cause (English: "on account of the saying", "because"; German: "wegen", "weil").

§ 126. There appear again (§ 87) some Verbs, which govern another Case as in English. ബോധിക്ക is construed with Dative: I understand എനിക്കു ബോധിക്കുന്നു; നോക്കുക with Accusative: I look at this ഞാൻ അതിനെ നോക്കുന്നു; അനുസരിക്ക with Accusative: ഞാൻ അവനെ അനുസരിക്കുന്നു, I obey him, എനിക്കു വിശക്കുന്നു I am hungry. എനിക്കു ദാഹിക്കുന്നു I am thirsty. എനിക്കു അറിയുന്നു (seldom), in general ഞാൻ അറിയുന്നു, but of course എനിക്കു അറിഞ്ഞു കൂടാ (എനിക്കു + കൂടാ).

§ 127. To the Future of the Adverbial Participle (രക്ഷിപ്പാൻ *cf.* § 69) വേണ്ടി may be added ex. 100. This Adverb വേണ്ടി ("for", "für") is added to the Dative to complete its meaning (അവൻ അതു എനിക്കു വേണ്ടി ചെയ്തു he did it for me § 115. 117); so it is also joined to the second Adverbial Participle to lay a stress on the design or intention contained in this Participle. നമ്മെ രക്ഷിപ്പാൻ വേണ്ടി യേശു മരിച്ചു Jesus died to save us.

In ex. 96 we see, that by using the Dative of അതു in connexion with the form രക്ഷിക്കേണ്ടു (= രക്ഷിക്കേണം § 52) Intention may be expressed, thus രക്ഷിക്കേണ്ടതിന്നു, തുടങ്ങേണ്ടതിന്നു is nearly as much as രക്ഷിപ്പാൻ വേണ്ടി, തുടങ്ങുവാൻ വേണ്ടി.

These two forms must be employed for all the English sentences, denoting an intention or a purpose, in general introduced by the Conjunction "that", "in order that", *f. e.*

1. ഞാൻ ഈ പുസ്തകം അവന്ന കാണിക്കേണ്ടതിന്ന അവൻ വന്ന ചോദിച്ചു. 2. ഞാൻ ഈ പുസ്തകം അവന്ന കാണിപ്പാൻ വേണ്ടി അവൻ വന്ന ചോദിച്ചു.	He came, that I might show him this book.

But in English "that" may be omitted and in Malayalam the pure Adverbial Participle may do; *f. e.*

അവൻ എന്നെ കാണ്മാൻ വന്ന he came to see me. For കാണ്മാനായി and കാണ്മാനായിട്ട see § 138. 143. 109. Remark.

§ 128. Ex. 96. 97. The Past Tense (or the Adverbial Participle) of the Verb കൂടുക (§ 116) (like കൊണ്ടു and കുറിച്ചു) കൂടി takes the place of the Preposition "through" in English. In connexion with the Social Case it is like കൂടേ and കൂട and means "along with", "with", after the Locative it is "as much as", "through", "by way of". Thus: ഈ ചരക്ക പുഴയിൽ കൂടി കൊണ്ടുപോക bring away this cargo by way of the river (പുഴ)! Also കൂടേ instead of കൂടി may be employed.

Ex. 97 shows further, that the Locative of ഇട (see ex. 95) ഇടയിൽ in connexion with a Genitive means referring to Time "during", "whilst" (സംസാരിക്കുന്നതിന്നിടയിൽ whilst he speaks; ഇതിൻ ഇടയിൽ during this); in reference to place it means "among", "between": അവൻ കള്ളന്മാരുടേ ഇടയിൽ പാൎത്തു he lived among thieves; നമ്മുടെ ഇടയിൽ അവൻ നിന്ന he stood between us.

Exercise 1.

Negative Verb.

സ്നേഹിക്കാ—.

Pres. Tense	സ്നേഹിക്കായുന്ന (*seldom used*).
Past „	സ്നേഹിക്കാഞ്ഞു did not love.
Fut. „	സ്നേഹിക്കായും (*seldom used*); സ്നേഹിക്കാ.
Perf. „	സ്നേഹിക്കാഞ്ഞിരിക്കുന്നു.
Pluperf. „	സ്നേഹിക്കാഞ്ഞിരുന്നു.
Adv. Part. Past	സ്നേഹിക്കാതെ.
Adv. Part. Fut.	സ്നേഹിക്കായ്വാൻ.
Adj. Part. Pres.	സ്നേഹിക്കാത്ത.
„ „ *Past*	സ്നേഹിക്കാഞ്ഞ.
„ „ *Fut.*	സ്നേഹിക്കായും.
Part. Noun Pres.	സ്നേഹിക്കായുന്നവൻ.
„ „ *Past*	സ്നേഹിക്കാഞ്ഞവൻ.

Verbal Noun	സ്നേഹിക്കായ്ക.
Infinitive	„
Imperf. 1.	„
„ *II.*	സ്നേഹിക്കായ്കിൽ.
„ *III.*	സ്നേഹിക്കായ്കട്ടേ.
Potential	സ്നേഹിക്കായ്വാൻ കഴിയുന്നു etc.
Prohibitive	സ്നേഹിക്കായ്ക, സ്നേഹിക്കായ്കിൽ, സ്നേഹിക്കരുതു, സ്നേഹിക്കേ[ണ്ട.
Passive voice	സ്നേഹിക്കപ്പെടാഞ്ഞു etc.

Exercise 2.

Measure

1. *Of Length* നീളം.

a) For timber etc. മരം മുതലായവ.

Measuring rod = കോൽ (28 inches).

1 Kōl = 24 വിരൽ.

1 Foot = അടി.

b) Cloth തുണി.

Length from the elbow to end (forearm) = മുളം (മുളം ഇടുക, വെക്ക).

2 muḷam = 1 വാര.

c) A general measure.

A hand's length = കൈ നീളത്തിൽ.

The measure of a man's extended arms = മാറു (fathom).

1 span = ചാൺ.

2 spans = 1 മുഴം (മുളം).

d) Distance.

1 Mile = 1 നാഴിക (കല്ലു) etc.

4 നാഴിക (5 Engl. miles) = 1 കാതം or യോജന (called a Coss).

5 or 6 നാഴിക = 1 തപ്പാൽ.

2. *Of Surface* ഉപരിഭാഗം.

Square = ചതുരശ്രം.

15 കോൽ ചതുരശ്രം = 15 square kōl.

3. *Cubic* കണ്ടി.

1 kōl നീളം (length), 1 kōl വീതി (breadth) and 1 kōl കനം (depth);

also ആഴം = depth; അകലം = breadth.

4. *Measure of corn etc.* ധാന്യാദി അളവു.

360 നെന്മണി (Nenmaṇi) = 1 ചുവടു (čuvaḍu).

5 Čuvaḍu = 1 ആഴക്ക (āḻakku).

2 Aḻakku	= 1 ഉഴക്കു (uḻakku).
2 Uḻakku	= 1 ഉരി (uri).
2 Uri	= 1 നാഴി (nāḻi).
2 Nāḻi	= 1 സേർ (sēr).
4 Nāḻi	= 1 ഇടങ്ങഴി (iḍaṅgaḻi).
8 or 10 Idaṅgaḻi	= 1 പറ (paṙa).
25 Idaṅgaḻi or 50 sēr	= 1 മൂട (mūḍa).
50 Idaṅgaḻi or 100 sēr	= 1 ചാക്കു (čākku).

5. *Liquids* ദ്രവാദികൾ.

For measuring milk, oil etc. പാൽ, എണ്ണ മുതലായവ അളക്കുവാൻ.

4 Aḻakka	= 1 ഉരി (uri).
2 Uri	= 1 നാഴി (nāḻi).
4 Nāḻi	= 1 കുററി (kuťťi).
16 Kuťťi	= 1 പാടം (pāḍam).

6. *Weights* തൂക്കം.

1 Nenmaṇi (corn of rice)	= 1 വീശം (vīśam).
4 Nenmaṇi or vīśam	= 1 കുന്നി (kunni) *one small seed.*
2 Kunni	= 1 മഞ്ചാടി (mañǰāḍi) *a kind of bean.*
2 Mañǰāḍi	= 1 പണത്തൂക്കം (paṇattūkkam) *weight of a gold fanam.*
10 or 12 Paṇattūkkam	= 1 കഴഞ്ചു (kaḻañču), *a drachm.*
3 Kaḻañču	= 1 കൎഷം (karsham).
4 Karsham	= 1 പലം (palam).
4 Palam	= 1 റാത്തൽ (rāttal) *a pound of 12 ounces.*
25 Rāttal	= 1 തുലാം (tulām).
20 Tulām	= 1 ഭാരം (bhāram).
28 Tulām	= 1 കണ്ടി (kaṇḍi).

7. *Money* നാണ്യം.

a) നാട്ടുമുറ.

2 Vīśam	= 1 റേസ്സ് (rēss).
2 Rēss	= 1 കാസ്സ് (kāss).
4 Kāss	= 1 പൈസ്സ (peissa) 4 pies.
10 Peissa	= 1 പണം (paṇam) 3 as. 4 pies.
5 Paṇam	= 1 ഉറുപ്പിക (rupee).
3½ Rupees	= 1 വരാഹൻ (pagoda).

b) സൎക്കാർമുറ.

12 Pies	= 1 അണ (aṇa).
16 Aṇas	= 1 ഉറുപ്പിക (uṙuppika).

c) South of Malabar.

$1\frac{1}{2}$ Čakram = 1 പണം (പുത്തമ്പണം = പുതിയ പണം).
$3\frac{1}{2}$ Puttanpaṇam = 1 ഉറുപ്പിക.

8. *Time* സമയം.

The real word for day is ദിവസം (നാൾ, തിയ്യതി and പക്കം used besides), തിയ്യതി is the word for *date* and പക്കം means a lunar day.

	1 കൊല്ലം (വൎഷം, സംവത്സരം)	= 12 മാസം (month).
	1 മാസം (തിങ്ങൾ)	= 30 ദിവസം.
	1 ആഴ്ചവട്ടം (week)	= 7 ദിവസം.
	1 ദിവസം	= 60 നാഴിക (= 24 Engl. minutes).
Modern:	1 ദിവസം	= 24 മണി നേരം (hours) മണിക്കൂർ.
	1 യാമം (watch)	= 3 മണിക്കൂർ.
	1 മണിക്കൂർ	= 60 നിമിഷം (minutes).
	1 നിമിഷം	= 60 വിനാഴിക (seconds).

For "hour" also മുഹൂൎത്തം is employed.

Half an hour	അരമണിക്കൂർ.
Quarter of an hour	കാൽമണിക്കൂർ.
What o'clock is it?	എത്ര മണിയായി?
4 o'clock	നാലു മണി ആയി (നാലു മണി അടിച്ചു).
Come at 2 o'clock	രണ്ടു മണിക്കു വരണം.

Also: അഞ്ചടി സമയത്തു (from അടി measure of a foot) = at 2 o'clock in the afternoon, 5 Indian hours after the turn of noon.

Hindus have also a fixed measure of time for God's one *period*, being called യുഗം.

30 years	= one month of the Gods.
12 such months	= one year ,, ,, ,,

There are 4 യുഗങ്ങൾ:

1. കൃതയുഗം	= 4,800 divine years (also സത്യയുഗം).			
2. ത്രേതായുഗം	= 3,600	,,	,,	
3. ദ്വാപരയുഗം	= 2,400	,,	,,	("binate" age).
4. കലിയുഗം	= 1,200	,,	,,	(iron age).

Besides: കല്പം = a day of Brahma, namely a period of 4 (or even 100) യുഗങ്ങൾ = 420,000,000 years.

Exercise 3.

Cultivation of land.

Malabar is divided into Taluks, the Taluks are again divided into Amshams. To this Amsham belong 8000 Paras. 5000 Paras are at present under cultivation, the remaining land is at present uncultivated. Rice is chiefly cultivated in this part of

Malabar. In general we have rain for six months without intermission. The rain does generally commence in the beginning of May and ends in October. The riots plough and manure the fields by the end of January, and after they are well moistened with rain they sow their seeds. From the beginning of April to the end of May they transplant the young paddy. When the rain fails in October and November they water the crops from the ponds. About the same time or a little before they weed the lands. The crops are generally ripe in the month of January. Then they reap and store them. The hill-rice is sown from the 25th of April to the 15th of May. It is not transplanted. There are three kinds of land in this Amsham. They are divided into 1st class, 2nd class and 3rd class. The first class yields twenty-fold, the 2nd fifteen-fold and the 3rd ten-fold; thus in a good season a land of the first sort yields with its two crops 40 paras, one of the 2nd sort 30 paras, and one of the 3rd sort 20 paras. Sesamum (gingely) is also cultivated here. It is sown in August. People take oil from it. This oil is used for rubbing. The seed is very small, and so Sesamum is proverbial for everything slight. Land is measured with a rod of six feet. On Sesamum, hill-rice, cocoanut-tree, betel and jack-tree revenue is assessed and collected in money. Revenue is not levied on any other trees in Malabar.

Translation.

കൃഷിപ്പണി.

മലയാളം താലൂക്കുകളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു, താലൂക്കുകൾ അംശങ്ങളായും വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഈ അംശത്തിൽ എണ്ണായിരം പറ നിലം ഉണ്ടു. അയ്യായിരം പറ നിലത്തു ഇപ്പോൾ കൃഷി ചെയ്തുവരുന്നു (see § 204). ബാക്കി നിലം തല്ക്കാലം തരിശായി കിടക്കുന്നു. മലയാളത്തിലേ ഈ ഭാഗത്തു മുഖ്യമായി നെല്ല് കൃഷി ചെയ്തുവരുന്നു. സാധാരണമായി ആറു മാസത്തോളം ഇടവിടാതെ മഴ പെയ്യുന്നു. മഴ സാധാരണമായി മെയിമാസത്തിന്റെ ആദിയിൽ ആരംഭിക്കുകയും ഒക്തോബർമാസത്തിൽ അവസാനിക്കുകയും ചെയ്യുന്നു (see § 186). കൃഷിക്കാർ ജനവരിമാസത്തിന്റെ അന്ത്യത്തിൽ വയലുകളെ ഉഴുതു വളമിടുന്നു. മഴ പെയ്തു പൃവൽ ഇറങ്ങിയാൽ (നന്നായി നനഞ്ഞാൽ) വിത്തു വിതെക്കുന്നു. ഏപ്രിൽമാസത്തിന്റെ ആരംഭംമുതൽ മെയിമാസത്തിന്റെ അവസാനം വരേ അവർ ഞാറു പറിച്ചു നടുന്നു. ഒക്തോബർ മാസത്തിലും നവെമ്പർമാസത്തിലും മഴ ഇല്ലാഞ്ഞാൽ കുണ്ടുകളിൽനിന്നു വെള്ളം കോരി നനെക്കുന്നു (തേകുന്നു). ആ സമയത്തു തന്നേയോ അല്പം മുമ്പെയോ അവർ കള (പുല്ലു) പറിക്കുന്നു. ജനവരിമാസത്തിൽ വിള സാധാരണമായി വിളയുന്നു. അപ്പോൾ അതിനെ കൊയ്തു അറയിൽ കൂട്ടിവെക്കുന്നു. പുനനെല്ലു ഏപ്രിൽമാസം ഇരുപത്തഞ്ചാം തിയ്യതി തുടങ്ങി മെയിമാസം പതിനഞ്ചാം തിയ്യതി വരേ വിതെക്കുന്നു. അതു പറിച്ചു നടുകയില്ല. ഈ അംശത്തിൽ മൂന്നു വിധമായ നിലങ്ങളുണ്ടു. ഒന്നാന്തരം രണ്ടാന്തരം മൂന്നാന്തരം എന്നു വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഒന്നാന്തരം ഇരുപതു മേനിയും രണ്ടാന്തരം പതിനഞ്ചു മേനിയും മൂന്നാന്തരം പത്തു മേനിയും വിളയിക്കുന്നു. ഇങ്ങിനേ ഒരു ശുഭകാലമായാൽ ഒന്നാന്തരം നിലത്തു രണ്ടു വിളയും കൂടി നാല്പതു പറയും രണ്ടാന്തരം നിലത്തു മുപ്പതു പറയും മൂന്നാന്തരം നിലത്തു ഇരുപതു പറയും വിളയും. ഇവിടേ എള്ളും കൃഷി ചെയ്യുന്നു. ആയതു ആഗസ്റ്റ് മാസത്തിൽ വിതെക്കുന്നു. ആളുകൾ അതിനെ കൊണ്ടു എണ്ണ ഉണ്ടാക്കുന്നു. ഈ എണ്ണ ശരീരത്തിന്മേൽ തേപ്പാനായിട്ടു ഉപയോഗിക്കുന്നു. വിത്തു വളരേ ചെറുതാകകൊണ്ടു എള്ളു ലഘുവായ എല്ലാ വസ്തുക്കൾക്കും ഒരു പഴ

ഞ്ചൊല്ലായിരിക്കുന്നു. നിലം ആറുഅടി നീളമുള്ള കോൽകൊണ്ടു അളക്കുന്നു. എള്ളു, പുന നെല്ലു, തെങ്ങു, വെററില, പിലാവു ഇവററിന്നു നികുതി കെട്ടുകയും പണമായി പിരിക്കയും ചെയ്യുന്നു. മലയാളത്തിൽ മററു യാതൊരു (= ഏതൊരു) മരങ്ങൾക്കും നികുതി ഇല്ല.

Revision:

Name the Present Tense, Past Tense, Future, Perfect, Pluperfect, the three Imperatives, the Adverbial Past and Future Participles, the Adjective Participles, Personal Noun and Verbal Noun of the following Verbs:

1. ഉറങ്ങുക, 2. എഴുതുക, 3. കാണുക, 4. കിടക്ക, 5. കൊട്ടുക്ക, 6. പറക, 7. തൊട്ടുക, 8. സ്നേഹിക്ക, 9. വരുക, 10. തിന്നുക, 11. ചെയ്യു.

Fourteenth Lesson.

Condition (*I. Part*).

101. പാവുമുണ്ടു മുതലായ വിശേഷവസ്ത്രങ്ങളെ അവൻ നെയ്ത്തിരിക്കുന്നു എങ്കിലും അതുകൊണ്ടു അവന്നു ഏതും ഫലം കിട്ടാഞ്ഞുയാൽ ഉപജീവനത്തിന്റെ കാൎയ്യം വളരേ പ്രയാസമായി തീൎന്നു he has woven fine long cloths and other superior cloths, but as he did not gain anything in doing so, the earning of his livelihood has become very difficult for him.

പാവു a weaver's *warp,* a fine cloth; പാവിടുക പാവോട്ടുക to make a warp; പാവാറുക (വീശുക) to straighten the threads of a warp with a brush; അച്ചു weaver's reed or stay; ഓടം weaver's shuttle; നല്ലി reel; പാവുമുണ്ടു a fine long cloth; വിശേഷം superior, extraordinary; നെയ്യുന്നു, നെയ്തു, നെയ്യും to weave; നെയ്ത്തു weaving; നെയ്ത്തുകാരൻ a weaver; *woof* ഊട; loom മഗ്ഗം; ഏതും see § 137; കിട്ടാഞ്ഞു not to receive; ഉപജീവനം, അഹോവൃത്തി livelihood; ആയി തീരുക see § 87.

102. "കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം" എന്നുള്ള പഴഞ്ചൊൽ പ്രകാരം ഓരോരുത്തൻ തന്റെ കുററത്തിന്നു വരുന്ന ശിക്ഷ അനുഭവിക്കും "he who learns to steal must learn to be hanged" according to this proverb everybody will have to suffer a punishment corresponding to his crime.

ഞേലുന്നു, ഞേന്നു, ഞേലും; പഴഞ്ചൊൽ = പഴയ + ചൊൽ, ചൊൽ from ചൊല്ലുക (ചൊന്നു) to speak = old saying, proverb.

103. "ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട" എന്നു പറഞ്ഞാൽ നമുക്കു ഒരു നല്ല സ്നേഹിതനുണ്ടെങ്കിൽ അവൻ നമ്മുടെ അവസ്ഥയെ വേണ്ടുവോളം കാണിക്കുന്നതുകൊണ്ടു കണ്ണാടിയിൽ നോക്കുവാൻ ആവശ്യമില്ല. ഈ ചങ്ങാതി തന്നേ മതിയാകും "if you have a good friend, you do not need a looking glass", this means: if we have an upright friend, we will not require to look into a mirror, as he (the friend) will show us our appearance as far as necessary. Thus the friend will be sufficient.

മതി enough; മതിയാക to be sufficient; മതിയാക്ക to make an end, put a stop to something.

§ 129. To form a *Conditional Sentence* the syllable ആൽ and the Particle എങ്കിൽ are employed. ആൽ is only used in connexion with the Adverbial Participle Past Tense (അവൻ എന്നെ സ്നേഹിച്ചാൽ ഞാൻ അവനെ വീണ്ടും സ്നേഹിക്കും. നല്ല കുട്ടി ആയാൽ ശിക്ഷിക്കയില്ല). So in Malayalam even condition may be expressed by mere flexion of the Verb, without employing a Conjunction ("if", "in case of"). എങ്കിൽ may be added to Verbs in any Tense, as it means "so if" (see § 134). Ex. 103 shows the Conditional Particle after a Present Tense. But we can also hear: ഇവന്റെ മേൽ ദയവിചാരിച്ചു എങ്കിൽ വളരേ സന്തോഷം ഉണ്ടാകും we shall be very glad, if you will be favourably inclined towards him; *lit.* if you show a kindness (thought a kindness) towards this man, there will be great joy. നീ ഇതു ചെയ്യുാൽ ഞാൻ നിന്നെ ശിക്ഷിക്കും if you do this, I shall punish you. In Past Tense ആൽ occurs more frequently than എങ്കിൽ. As the original design of ആൽ is to denote an Instrument or a Cause (§ 121. 73) ആൽ also in connexion with a condition points out *rather the reason*, on account of which the action of the Finite Verb can be performed or not; എങ്കിൽ expresses the pure *condition on* or the case in which something will happen (*f. e.* കക്കുവാൻ പഠിച്ചാൽ ഞാലുവാൻ പഠിക്കേണം means the reason, why many people are hanged, is that they learn to steal). But although reason and condition are relatives, we must be careful in distinguishing ആൽ and കൊണ്ടു if added to a Verb; *f. e.* കക്കുവാൻ പഠിച്ചതുകൊണ്ടു means: because he learned (in reality) to steal etc. If we use ആൽ there is not a real statement, but only a statement in supposition; *f. e.* അവൻ ഈ ദോഷം (sin) ചെയ്താൽ ഇനി അവനെ സ്നേഹിപ്പാൻ എനിക്കു പാടില്ല. As the fulfilment in *Time* with respect to an action may form also the condition under which the action will take place, ആൽ may often be used in place of "when", "as soon as" (just as the German "wenn" sometimes is employed instead of "so bald als"); *f. e.* എന്റെ ജ്യേഷ്ഠൻ വന്നാൽ നാം കാൎയ്യത്തെ കുറിച്ചു ആലോചിക്കും when (as soon as) my elder brother has arrived we shall take the matter into consideration. But never use ആൽ for "when" as indicating a *Succession* of Time, meaning as much as "as" (als). So it is wrong to say: എന്റെ അമ്മ വന്നാൽ എനിക്കു ഒരു നല്ല സമ്മാനം കൊണ്ടു വന്നു (instead of: വന്നപ്പോൾ or വന്നാറെ). This new form of the Verb is called *the Conditional*, *f. e.* സ്നേഹിച്ചാൽ is called the conditional of സ്നേഹിക്ക.

§ 130. *Indefinite Numerals* as well as Adjectives, Adverbs and Adjective Participles may be used as Nouns or Pronouns simply by affixing the Personal Pronoun. Thus: ഒരു (a, an) becomes ഒരുവൻ (or ഒരു

ത്തൻ ex. 68), ഒരുവൾ (ഒരുത്തി): ഒന്നു a man, a woman, a thing. ഓരോ (or ഓരോരോ) every, each becomes ഓരോരുത്തൻ (ex. 102), ഓരോരുത്തി (§ 85), ഓരോന്നു every one (man or woman), every thing; എല്ലാ (all), എല്ലാവർ all people; പല (many), പലർ (many people); ചില (some, before a Noun), ചിലർ (some people); വല്ല (any, before a Noun), വല്ലവൻ, വല്ലവൾ, വല്ലതു any one (man or woman), any thing; അല്പം (little), അല്പന്മാർ (low people, low castes), അല്പത (littleness, meanness); *f. e.* ഞങ്ങൾ അല്പന്മാർ എന്നുവെച്ചു ഞങ്ങൾ എല്ലാവരെയും നിരാകരിച്ചു taking us for low people (he) disregarded us. The Pronoun യാതൊരു consists of യാതു + ഒരു. യാതു as much as ഏതു (see § 97) and യാതൊരു means "what a, which a", before a Noun ഏതൊരു and യാതൊരു also may be used as Indefinite Numerals or Pronouns = any (thus: യാതൊരു ഫലം any fruit); യാതൊരുത്തൻ, യാതൊരുത്തി, യാതൊന്നു any one (man or woman), anything. Therefore യാതൊന്നും ഇല്ല nothing at all. ഉം in എല്ലാവരും, ഏതും, പലരും, വല്ലതും, യാതൊന്നും etc. is generalizing. See § 137.

§ 131. എന്നു പറഞ്ഞാൽ are the introducing words for giving the definition of a word or sentence; *f. e.* വിശ്വാസം എന്നു പറഞ്ഞാൽ ദൈവത്തിലുള്ള ആശ്രയം faith means ("if one says so") confidence in God.

In a similar manner also the phrase എന്നുവെച്ചാൽ (of § 114) may be employed; *f. e.* കരുണാകരൻ എന്നുവെച്ചാൽ the meaning of the name Karuṇāgaran. Also എന്നതു may be taken for introducing an explanation or the definition of a word.

As to the Auxiliary Verb വെക്ക we may continue what was begun in § 114.

1. ആ പർവ്വതത്തെ ദൂരേ എവിടെ എങ്കിലും എടുത്തുകൊണ്ടുപോയി വെച്ചുവരിക എന്നു കല്പിച്ചു he ordered him to take that mountain, carry it to some place far away, place it there and come here.—This example shows, that as a real Verb it means: "to put", "lay down", "place", "deposit". അവൾ വെച്ചതു തിന്നുകൂടാ one cannot eat, what she *cooked*. ഈ പണിക്കു മൂന്നാളെ വെക്കേണം (we) must *retain* three men for this work. There are further phrases like: വെടിവെക്ക (shoot); പുഷ്ടി വെക്ക (get fat); ബലം വെക്ക (get strong) etc. These examples show some of the meanings of വെക്ക as a common Verb.

2. വെക്ക as an Auxiliary Verb:

a) സർവ്വവും കട്ടുകൊണ്ടു പോകേണം എന്നുവെച്ചു അവന്റെ വീട്ടിൽ കള്ളന്മാർ തുരന്നു കേറി having made up their mind to steal away everything in the house, the thieves made a hole in the wall and entered his house.

ഈ ജന്തു തന്റെ കുഞ്ഞിനെ കൊന്നുകളഞ്ഞു എന്നു വെച്ചു ദുഃഖപ്പെട്ടു (she) being under the impression that this animal had killed her child, was grieved.

ഇതു പൊൻ എന്നു വെച്ചു taking it for (supposing it was) gold. i. Petr. 2, 11.

In all these instances the meaning is: "being under the impression", "supposing" etc.

b) എന്നവെച്ചാൽ = എന്ന പറഞ്ഞാൽ or എന്നതു, see above. Now and then it is also as much as എന്നാൽ; *f. e.* പണി കിട്ടുന്നില്ല എന്ന വെച്ചാൽ എന്റെ കാൎയ്യം എത്രയോ പ്രയാസമായിതീരും how difficult my circumstances will become in case I do not get work:

c) It serves to intimate, that an action has been completed "so as not to be undone"; *f. e.* രാജാവു ഈ മത്സരത്തെ അമൎത്തുവെച്ചു the king has put down the rebellion decisively. In the same manner: പറഞ്ഞുവെച്ചു spoke decidedly. Especially in connexion with ആക്കി and ആയി വെച്ചു is frequently to be seen. അവനെ മന്ത്രി ആക്കി വെച്ചു appointed him a councellor.

d) Very often വെച്ചു implies "to leave" (*cf.* കളക) after having performed an action; so especially in the phrase: വെച്ചേക്ക = വെച്ചുവെക്ക. അവർ ശവങ്ങളെ കഴിച്ചു വെച്ചേച്ചു they left the dead bodies burried; പണം അവന്റെ കൈയിൽ കൊടുത്തേച്ചു (കൊടുത്തു + വെച്ചു) deposited the money in his hands; വിട്ടേച്ചു gave it up; കൊന്നേച്ചു പോയി after having performed the murder they ran away; as much as: കൊന്നു പോയിക്കളഞ്ഞു. ദൈവം നിന്നെ അപ്രകാരം തന്നേ വെച്ചേക്കട്ടേ God may keep (retain) you so. ചോദിച്ചേച്ചു പോയി asked and went away (not waiting for an answer).

§ 132. യാത്രയാകും (ex. 86) മതിയാക (ex. 103) show, that the Copula ആകുക is also employed to form Compound Verbs, thus യാത്രയാക means to set out, മതിയാക to be sufficient, ഭേദമാക to be healed, തൃപ്തിയാക to be satisfied. Even a Noun in the Locative Case is made a Verb by affixing ആകുക, namely: മനസ്സിലായി as much as ബോധിച്ചു. Also the transitive forms of all these Verbs may be used; thus മതിയാക്ക to let suffice, to make an end of; മനസ്സിലാക്കി made himself acquainted with. Mark the phrase അവന്നു പത്തു വയസ്സായി (er ist 10 Jahr alt; he is ten years of age).

In a similar way ആക is affixed to the Infinitives of some Verbs in order to form Compound Verbs; *f. e.* കാണായി (became visible), കേൾക്കായിവന്നു (came to hear). Frequently after Negative Adverb അതു സാധിക്കാതേ ആയി തീൎന്നു. In a similar way also ചെയ്തു serves to procure Compound Verbs: നീക്കം ചെയ്തു (നീക്കുക to remove), അദ്ധ്വാനം ചെയ്തു (അദ്ധ്വാനിക്ക to take exertion), കല ചെയ്തു (to murder). In Sanskrit ഭവിക്ക, and കരിക്ക serve the same purpose (see § 221).

§ 133. In the phrase കുററത്തിന്നു വരുന്ന ശിക്ഷ (ex. 102) വരുക is an Auxiliary Verb and expresses as much as "answering to" ("entsprechend") or as much as കുററത്തിന്റെ ശിക്ഷ or കുററത്തിന്നുള്ള ശിക്ഷ (see § 204).

Exercise.

On Proverbs.

Are there many proverbs in the Malayalam language? There are a great many of them indeed. Can you tell me some of them? With much pleasure, I shall tell some— അകത്തിട്ടാൽ പുറത്തറിയാം. What is the meaning of (അൎത്ഥം, താല്പൎയ്യം) this?

The meaning of അകത്തു and പുറത്തു you know I think. ഇടുക (ഇട്ടു, ഇടും) means as much as വെക്ക. Therefore the meaning of this proverb is this: "If we put something inside, people may see and know it from outside." I like to hear these proverbs very much; do you know another one? അഭ്യസിച്ചാൽ ആനയെ എടുക്കാം ("Uebung macht den Meister"). അഭ്യസിക്ക means "practise" (ശീലിക്ക). (ആന) Elephant is the biggest animal in this country. Only some days ago on the way, which leads (goes) to Cannanore, a man met (meet എതിരേല്ക്ക, എതിരേല്ക്കുന്നു, എതിരേററു, എതിരേല്ക്കും) an elephant; the elephant pierced (കുത്തുന്നു, കുത്തി, കുത്തും) him through with his teeth and killed him. And now hear a third proverb ഈർ എടുത്താൽ പേൻ കൂലിയോ? I cannot understand this. The sense of this is not difficult (difficulty പ്രയാസം). ഈർ means the egg (മുട്ട) of a small animal, which uses to inhabit the hair of a man's head. പേൻ (louse) means the animal itself. The meaning of the proverb is this: Some people do only little work, but they expect a great reward.

Translation.

മലയാളഭാഷയിൽ വളരേ പഴഞ്ചൊൽ ഉണ്ടോ? വളരേ ഉണ്ടു നിശ്ചയം. അവയിൽ ചിലതു പറയാമോ? ഞാൻ സന്തോഷത്തോടേ ചില പഴഞ്ചൊൽ പറയാം. "അകത്തിട്ടാൽ പുറത്തറിയാം". ഇതിൻെറ അൎത്ഥം എന്തു? "അകത്തു, പുറത്തു" എന്നീ (എന്ന + ഈ so these) രണ്ടു വാക്കുകളുടെ താല്പൎയ്യം നിങ്ങൾ അറിയും എന്നു ഞാൻ വിചാരിക്കുന്നു. ഇടുക (ഇട്ടു, ഇടും) എന്നു പറഞ്ഞാൽ "വെക്ക" അതുകൊണ്ടു ഈ പഴഞ്ചൊല്ലിൻെറ അൎത്ഥം ഇതു: നാം വല്ലതും അകത്തിട്ടാൽ ആളുകൾ അതു പുറത്തുനിന്നു കണ്ടറിയും (കണ്ടു + അറിയും). ഈ പഴഞ്ചൊല്ലുകളെ കേൾപ്പാൻ എനിക്കു വളരേ സന്തോഷം തന്നേ. നിങ്ങൾ മറെറാന്നു (മറെറാരു before a Noun, മറെറാരുത്തൻ, മറെറാരുത്തി, മറെറാന്നു; Accusative മറെറാന്നിനെ another one, another thing § 130 അറിയുന്നുവോ? "അഭ്യസിച്ചാൽ ആനയെ എടുക്കാം". അഭ്യസിക്ക എന്നു പറഞ്ഞാൽ "ശീലിക്ക"; ആന എന്നതു ഈ ദേശത്തിലേ ഏററവും വലിയ മൃഗം തന്നേ ആകുന്നു. ചില ദിവസങ്ങൾക്കു മുമ്പേ കണ്ണൂരിലേക്കു പോകുന്ന വഴിയിൽ ഒരാൾ ഒരു ആനയെ എതിരേററു, ആന അവനെ കൊമ്പുകൊണ്ടു കുത്തി കൊന്നുകളഞ്ഞു (കളഞ്ഞു Auxiliary Verb കളക, കളയും; it indicates, that the action has been performed entirely; see § 198). ഇപ്പോൾ മൂന്നാം പഴഞ്ചൊൽ കേൾക്ക. "ഈർ എടുത്താൽ പേൻ കൂലിയോ?" അതു എനിക്കു ബോധിക്കുന്നില്ല (or തിരിയുന്നില്ല § 75). ഇതിൻെറ താല്പൎയ്യം ബോധിപ്പാൻ പ്രയാസമില്ല. "ഈർ" എന്നു പറഞ്ഞാൽ മനുഷ്യരുടെ തലമുടിയിൽ പാൎക്കുന്ന ഒരു ചെറിയ ജന്തുവിൻെറ മുട്ട അത്രേ. "പേൻ" എന്നതു ആ ജന്തു തന്നേ. ഈ പഴഞ്ചൊല്ലിൻെറ അൎത്ഥം ഇതു: ചില ആളുകൾ അല്പം പണി മാത്രം ചെയ്യുന്നെങ്കിലും വളരേ കൂലിക്കായി കാത്തിരിക്കുന്നു.

104. അവൻ വെളിച്ചത്തിൽ ഇരിക്കും പോലേ നാം വെളിച്ചത്തിൽ നടക്കിൽ അന്യോന്യം കൂട്ടായ്മ ഉണ്ടു if we walk in the light as he is in the light, we have fellowship one with another (i. John 1, 7).

Lit. He in the light is as, we in the light, in the walking with each other fellowship is (exists).

105. അവൻ എന്നെ അല്ലാതെ മററു ആളുകളെയും കഴിയുന്നേടത്തോളം ചതിപ്പാനായി നോക്കുന്നതുകൊണ്ടു ഞാൻ അവന്നു വേണ്ടു

ന്നു കൊട്ടത്തു അവനെ വിട്ടയക്കും as he tries to cheat not only me but also other people as far as possible, I shall give him, what he wants and send him away.

കഴിയുന്നേടത്തോളം = കഴിയുന്ന + ഇടം (place, measure) + ഓളം this means: as far as the place or measure possible, as far as possible.

106. ഈ വക ഒന്നും വരാതെ ഇരുന്നാൽ കൊള്ളാം I am glad if nothing of this kind will happen (occur).

വക kind or means.

day before); നിൻെറ മീതെയുള്ള ആകാശം (the sky above thee). In the same way: അപ്പോൾ, എങ്ങിനേ, അവിടേ, നാളേ, അധികമായിട്ടു, നന്നായിട്ടു, അകത്തു etc. may be adjectived (അധികമായിട്ടുള്ള, അകത്തുള്ള). In adding അവൻ, ൾ, ു to ഉള്ള (ex. 33) all these Adjectives may be changed into Nouns; *f. e.* കാരണവർ ശേഷമുള്ളതു കൈക്കലാക്കി (ആക്കുക Transitive Verb of ആക "make to be that", "machen zu etwas") the heads of the family (or maternal uncles) took possession of what was left (das übrige).

Some Adjectives are formed from Adverbs by adding ത്ത *with the augment* എ(), മുമ്പേത്ത, പിന്നേത്ത, അവിടേത്ത, നാളേത്ത etc. In adding to these forms അവൻ, -ൾ, -ു we form again Nouns, but അവൻ may also be joined directly to the Adverb മുമ്പൻ, പിമ്പൻ, (from പിമ്പു) and മുമ്പേത്തവൻ, പിന്നേത്തതു; thus also: ഒന്നു മറേറതു (മററൊന്നു) the one, the other (another one).

In English we cannot derive Adjectives from Adverbs, and for getting Nouns we must employ always Nouns combined with Adverbs. നാളേ tomorrow, നാളേത്ത ദിവസം the day of tomorrow, നാളേത്തതു the thing of tomorrow. But in German we find also this employment of huge compound Adjectives; besides Adverbs of time and place are frequently employed in this Adjectival position: Morgen, der morgige Tag, das morgige; damals, damalige Zeit, das damalige (അപ്പോൾ, അപ്പോളുള്ള സമയം, അപ്പോളുള്ളതു). *Cf.* in Greek "οἱ νῦν ἄνθρωποι" ("the now-men", the men of the present day), "οἱ ἐνθάδε στρατιῶται" ("the here-soldiers", the soldiers in this position).

The number "two" (ഇരു) may also be used as a Noun: ഇരുവർ=ഇരു+അവർ; as for the other numbers see § 246, I. *c.*

Exercise.

ഒരു ആൾ കാട്ടിൽ കൂടേ (§ 128 കാടു forest) പോകുമ്പോൾ (§ 91) കാട്ടിൻെറ നടുവിൽ (നടു middle) ഒരു മനുഷ്യൻ നില്ക്കുന്നതു കണ്ടാറേ (§ 157. 86) ആ ആളോടു: താൻ ആരാണ് (ex. 36) എന്നു ചോദിച്ചപ്പോൾ ഞാൻ ദുഷ്ടന്മാരുടെ യജമാനനാകുന്നു എന്നു പറഞ്ഞു (യജമാനൻ lord, house-lord). ഭയങ്കരമായ (terrific) ഈ കാട്ടിൽ നീ നില്ക്കുന്നതു എന്തിന്നായിട്ടു (§ 102, 138, 143) എന്നു ചോദിച്ചാറേ, ഇവിടേയുള്ള സിംഹം (lion) പുലി, ചെന്നായി (wolf) മുതലായ മൃഗങ്ങൾ എന്നെ തിന്നേണ്ടതിന്നായിട്ടത്രേ (ഇട്ടത്രേ §§ 127. 138. 143) ഞാൻ ഇവിടേ നില്ക്കുന്നതു എന്നു പറഞ്ഞു. തൻെറ (ex. 57) മൃദുവായിട്ടുള്ള (മൃദു mild, soft) ശരീരം ഉപേക്ഷിക്കുന്നതു എന്തു കാരണംകൊണ്ടാകുന്നു (by what reason) എന്നു ചോദിച്ചതിൻെറ ശേഷം (§ 89) ദുഷ്ടമൃഗങ്ങൾ (wild beasts) എൻെറ മാംസം (flesh) തിന്നാൽ മനുഷ്യമാംസത്തിൻെറ സ്വാദു (relish) അറിഞ്ഞു മനുഷ്യമാംസം തിന്മാനായിട്ടു (§ 138, 143) ഈ കാട്ടിൽ കൂടേ പോകുന്നവരെ (§ 96) ഒക്കെയും (§ 137) പിടിച്ചു ഭക്ഷിക്കും എന്നു വിചാരിച്ചിട്ടു (§ 143) ആകുന്നു എന്നു ദുഷ്ടരുടെ യജമാനൻ പറഞ്ഞു.

Sixteenth Lesson.

Manner.

121. "ചോറായി" എന്നു അച്ഛൻ വിളിച്ച ഉടനേ ഞാൻ ഓരോരോ പണി മതിയാക്കി അനുജൻെറ കൂടേ വീട്ടിൽ എത്തിയപ്പോൾ ചോറായി പ്പോയി എന്നു ഞങ്ങൾ കേട്ടു വ്യസനിച്ചു as soon as the father cried "The rice is cooked", I finished my various business, but when I reached the house together with my younger brother we heard, that all the rice had been consumed and felt very sorry.

മതിയാക, മതിയായി suffice; Transitive Verb മതിയാക്കുക, മതിയാക്കി make an end. കൂടേ c.Gen. and Social; വ്യസനപ്പെടുക, —പ്പെട്ടു to be grieved § 153 (besides: വ്യസനിക്ക).

122. "അലക്കന്നോൻെറ കഴുത പോലേ" എന്നു പറഞ്ഞാൽ ഒരു മനുഷ്യൻ ദോവിയുടെ കഴുത എന്ന പോലേ കഷ്ടപ്പെടുന്നതു അത്രേ "like the ass of a washerman" which is to say he toils (and suffers) like the donkey of a washerman.

അലക്കുന്നോൻെറ = അലക്കുന്നവൻെറ see § 228; കഷ്ടപ്പെടുക § 153; for പോലേ see § 158.

123. പിതാവു എന്നെ സ്നേഹിച്ചതു പോലേ ഞാൻ നിങ്ങളെ സ്നേഹിച്ചു, എൻെറ സ്നേഹത്തിൽ വസിപ്പിൻ as the Father hath loved me, so I loved you, continue ye in my love. John 15, 9.

§ 163. ചോറായി and ചോറായിപ്പോയി point out a farther meaning of ആകുന്നു. The former means "to be the very thing", hence ചോറായി "the rice is what it ought to be", "is done", this means "cooked". In the second expression "the rice is also what it ought to be", this means "consumed", what is indicated by പോയി "gone" (the same as the twofold meaning of "fertig" in German); *f. e.* തീൻ ആയോ? ആയി is the dinner ready? Ready (Ex. 11). However people are not always consistent in making this distinction തീൻ ആയിപ്പോയി may also sometimes mean: "the dinner is cooked".

§ 164. Ex. 123 by help of the Neuter Participial Noun (§ 96. 110. 157) also the *Adverbial Clause expressing mode or manner* is changed into the Adverbial phrase of a simple sentence. ആ സാഹിബിൻെറ കസേല ഉണ്ടാക്കിയതു പോലേ എനിക്കു ഒന്നിനെ ഉണ്ടാക്കാമല്ലോ! Well, you may make for me a chair as you made one for that gentleman! (Germ. Du kannst "ja").

§ 165. There are two kinds of Verbs: Verbs, which add ക്കു to the crude form are called *Strong Verbs; f. e.* വാഴ്ക്കു, കേൾക്കു, നടക്ക, കൊടുക്ക, വെക്ക etc. Verbs that take either ക or affix the terminations to the pure crude form are called *Weak Verbs; f. e.* പോക, ആക, മടങ്ങു, കഷ്ടപ്പെടു, അറിയു, തൊടു, ചെയ്യു etc.

§ 166. Farther we divide Verbs (as in English) into *Transitive* and *Intransitive:* this means into Verbs, which are followed by an Object and such, which express merely an action or a state of things; *f. e.* വായിക്ക, കൊട്ടക്ക, വാങ്ങുക, അറിയുക etc. are Transitive; വരിക, പോക, ഇരിക്ക, നടക്ക, കിടക്ക are Intransitive Verbs; *f. e.* ഞാൻ മൂന്നറാത്തൽ ഇറച്ചി വാങ്ങി I bought 3 lbs. meat; അവൻ മെത്തയിൽ കിടക്കുന്നു he lies on a mattress. We see a strong Verb may be as well Transitive (as Intransitive കൊട്ടക്ക, നടക്ക) and a weak Verb too is not always Intransitive (മടങ്ങുക, ചെയ്യു, വാങ്ങുക). Some Verbs may be used as well Transitive as Intransitive (just so in English); *f. e.* ആ മിന്നുന്ന നക്ഷത്രം കാണുന്നുവോ? do you see that shining star? Or നീ എന്റെ കണ്ണുകളെ തുറക്കുന്നെങ്കിൽ ഞാൻ കാണും if thou openest my eyes, I shall see.

Besides this, there are many Verbs which show a weak and a strong form: the weak form is used as an Intransitive Verb, the strong one as Transitive; *f. e.* ആക, ആക്കുക; ഉണ്ടാക, ഉണ്ടാക്കുക; നീങ്ങുക, നീക്കുക etc.; *f. e.* നീങ്ങിപ്പോ go away (weiche). ഈ വടിയെ നീക്കിക്കളക (കളയുക) throw away this stick; അവൻ രാജാവായി തീൎന്നപ്പോൾ പ്രജകൾ സന്തോഷിച്ചു when he became king the subjects rejoiced; അവൻ പരീക്ഷയിൽ ജയിച്ചതിന്റെ ശേഷം കോയ്മ അവനെ തഹശിൽദാർ ആക്കി after he had passed his examination Government made him a Tahsildar. If the weak Verb is a Transitive Verb, the strong form of it is usually employed as a Causative Verb (§ 154); *f. e.* ചെയ്യു to do; ചെയ്യിക്ക make to do; കെട്ടുക bind; കെട്ടിക്ക make to bind; അറിയുക, അറിയിക്ക.

Some Verbs have a Transitive, Intransitive and Causative form; *f. e.* കെടുക to be ruined, കെടുക്ക to ruin, and കെടുപ്പിക്ക cause to be ruined; to make one ruin something. If the Transitive form of a Verb is a strong Verb for making a Causative Verb, പ്പി (§ 154) or വി is employed; *f. e.* തരുക to give (Transitive), തരുവിക്ക to cause to give. (See § 239.)

Exercise.

Human body.

a. Conversation.

Not one *hair* will fall down from my head without the will of my Father in heaven. You ought always to cover your head, else you will catch a *cold* with all certainty. You should not mock at my *bald head!* I do not mock at you at all, how could I do so, thinking of my *grey hairs.* Name the five organs of *sense:* There are two *eyes* to see, two *ears* to hear, the *nose* to smell, the *tongue* to taste, and the *skin* to touch. He, who does not see is *blind;* he, who does not perceive sounds is *deaf.* One, who is not able to talk is *dumb.* With both of our hands we work; with our two feet we can walk fast. He has got a severe cold. His eyes are continually watering, and he *is feverish* besides. It seems you cannot get rid of your *tooth-ache;* would you not like to have this raging tooth drawn out? What else shall I do? It seems to be hollow. It seems that this young man is *stammering.* Never mind, Malayalis use to say: "Amongst the dumb

the stammering one is omniscient". Look here! this child is *teething*, and I am losing the first teeth. If you would have *cleansed your teeth* as carefully as natives are accustomed to do, perhaps you would not have lost one. Give me my *toothpick*. This man has got a ring almost on every finger of his two hands. Yes, but a very common kind of rings, he would better cut his *nails* properly. Look at this baby, how it *coughs*, it seems a crumb of bread has passed down the *wrong throat*. No, it is from laughing, his little brother has *tickled* him. In this country girls do wear not only necklaces, finger-rings, ear-rings and bracelets, they have also rings in the nose, round the *ankle* of the feet, and naked little children you often may see with a ring of silver or brass round their *belly*. Look, this little fellow sits on the *shoulders* of his uncle, I hope he will not forget the Malayalam proverb, that "whilst sitting on the shoulders of somebody, we shall not eat up his ear". I think there is something wrong in his *chest*, I am afraid it is *consumption*. Poor fellow, only 3 years ago he had a narrow escape from *cholera*. Besides looking in his face one may see, that he once must have suffered from *small-pox*. Yes, he is *marked* with the small-pox. He did not like to be *vaccinated*, you know! There are a great many nasty *diseases prevailing* in this country. Look at this man; is this not *elephantiasis?* Yes, it is, and Malayalis use to say: "there is no cure for elephantiasis and self-conceit". And this man here is a *leper*, I suppose. Yes, he is, there are about 18 kinds of *leprosy*. But it seems children out here are not exposed to so many diseases as in Europe. This is true; *chicken-pox* and similar *eruptions* scarcely occur, but you must be very careful as to the food of children. *Dysentry* is a very common disease amongst children. You always ought to wear a binder of flannel during the monsoon. Europeans in this country frequently suffer from *indigestion* and different disorders in the *liver*, which of course also causes irregularities in the *bile*. Have you a good *appetite?* I am hungry even, but my *stomach* and my *bowels* are too weak to bear anything substantial. After having taken some food I feel pain all over my body and either *vomiting* or *diarrhoea* will follow after. Besides this indisposition affects the *heart* and the *brain* too; I suffer much at night from *palpitation*, and all day I am troubled by a bad headache. You better take nothing but *arrowroot-gruel* for some days. What was the matter with that boy yesterday? I could not decide then and there, whether it was *epilepsy* or only a *fainting fit*. I heard that he was *snoring* tremendously afterwards. Why do you walk as if you were *lame?* Never mind that, my *foot is benumbed* only; that will be all right after a short time.

Translation.

സ്വൎഗ്ഗസ്ഥനായ (one, who is in heaven, see § 278) എന്റെ പിതാവിന്റെ സമ്മതം കൂടാതെ തലയിൽനിന്നു ഓരൊററ രോമം കൊഴിഞ്ഞു പോകയില്ല. ശീതം പിടിക്കാതെ ഇരിക്കേണ്ടതിന്നു നിങ്ങൾ എപ്പോഴും തലയെ മൂടേണ്ടതു. എന്റെ മൊട്ട (കഷണ്ടി) നിമിത്തം പരിഹസിക്കുന്നതു നന്നല്ല. ഞാൻ നിങ്ങളെ (കൊണ്ടു) പരിഹസിക്കുന്നില്ലല്ലോ; ഞാനും എത്രയോ നരെച്ചുപോയതു ഓൎത്തിട്ടു അതു എങ്ങിനേ ചെയ്യാം? പഞ്ചേന്ദ്രിയങ്ങൾക്കുള്ള കരണങ്ങളുടെ പേർ പറ! കാണേണ്ടതിന്നു രണ്ടു കണ്ണുണ്ടു; കേൾക്കേണ്ടതിന്നു രണ്ടു ചെവി ഉണ്ടു; മണക്കേണ്ടതിന്നു ഒരു മൂക്കുണ്ടു; രുചി അറിവാൻ ഒരു നാവും തൊടേണ്ടതിന്നു ത്വക്കും ഉണ്ടു. കണ്ണു കാണാത്തവൻ കുരുടൻ; ശബ്ദം കേളാത്തവൻ ചെവിടൻ; സംസാരിപ്പാൻ കഴിയാത്തവൻ ഊമൻ. കൈ രണ്ടും (see § 170) പണി ചെയ്യും. കാൽ രണ്ടും കൊണ്ടു വേഗം നടപ്പാൻ കഴിയും. അവന്നു കഠിനമായ ജലദോഷം ഉണ്ടു. ഇടവിടാതെ കണ്ണുനീർ വാൎക്കുന്നതല്ലാതെ അവന്നു പനിയും ഉണ്ടു. നി

ങ്ങളുടെ പല്ലുകുത്തു മാറീപ്പോകയില്ല എന്നു തോന്നുന്നു; കെട്ടുപോയ ഈ പല്ലു പറിച്ചെടുപ്പിപ്പാൻ മനസ്സില്ലയോ? പല്ലു കഴിഞ്ഞതുകൊണ്ടു മറ്റൊന്നും ചെയ്വാൻ ശേഷിക്കുന്നില്ല. ഈ ബാല്യക്കാരൻ വിക്കി വിക്കി സംസാരിക്കുന്നു എന്നു തോന്നുന്നു. വേണ്ടതില്ല, "ഊമരിൽ കൊഞ്ഞൻ സൎവ്വജ്ഞൻ" എന്നു മലയാളികൾ പറയുന്നു. നോക്കിതാ: ഈ കുട്ടിയുടെ പല്ലുമുളെക്കുന്ന സമയത്തിൽ തന്നേ എന്റെ ഒന്നാമത്തേ പല്ലുകൾ പറിഞ്ഞുപോകുന്നു. നാട്ടുകാർ ചെയ്യുംപ്രകാരം നീ നിന്റെ പല്ലുകളെ സൂക്ഷ്മത്തോടേ തേച്ചെങ്കിൽ പക്ഷേ നിന്റെ പല്ലു ഒന്നും പറിഞ്ഞു (ഉതിൎന്നു) പോകയില്ലായിരുന്നു. എന്റെ പല്ലിടകുത്തി (പല്ലുകോൽ, പല്ലുകുത്തി, പല്ലുളി) താ! ഈ ആൾക്കു ഏകദേശം രണ്ടു കൈക്കു ഓരോ വിരലിൽ ഓരോ മോതിരം ഉണ്ടു, എങ്കിലും താണ മാതിരി മോതിരങ്ങളാകുന്നു; അവൻ തന്റെ നഖങ്ങളെ ശരിയായി മുറിക്കുന്നതു അതിനെക്കാൾ ഏറേ നല്ലതു. ഈ പൈതലിനെ നോക്ക, അതു വളരേ കുരെക്കുന്നു; അപ്പത്തിന്റെ ഒരു നുറുക്കു തരുമൂക്കിൽ പോയതുകൊണ്ടത്രേ എന്നു തോന്നുന്നു. ഇല്ല, അതു ചിരിക്കുന്നതിനാൽ വന്നതാകുന്നു. അനുജൻ അവനെ കിക്കിളിച്ചു. ഈ നാട്ടിൽ പെൺകുട്ടികൾ കഴുത്തിൽ മാലകെട്ടുകയും മോതിരങ്ങളും കാതിലയും (കാതു ear) വളയും ധരിക്കയും ചെയ്യുന്നതല്ലാതെ മൂക്കുത്തികളും ചിലമ്പുകളും ഇടുന്നതുമുണ്ടു. നഗ്നരായി നടക്കുന്ന കുട്ടികൾ വെള്ളികൊണ്ടാകട്ടേ പിച്ചളകൊണ്ടാകട്ടേ ഉണ്ടാക്കിയ തുടർ ഇട്ടു കെട്ടിയപ്രകാരം കാണാം. കണ്ടോ! ഈ ചെറുക്കൻ ഇളയപ്പന്റെ തോളിൽ ഇരിക്കുന്നു. "തോളിൽ ഇരുന്നു ചെവി തിന്നാമോ?" എന്ന പഴഞ്ചൊൽ അവൻ മറക്കയില്ല എന്നു ഞാൻ ആശിക്കുന്നു. അവന്റെ നെഞ്ഞിൽ ഒരു ക്രമക്കേടുണ്ടു. അവന്നു ക്ഷയരോഗം എന്നു ഞാൻ ഭയപ്പെടുന്നു. അയ്യോ അവൻ നിൎഭാഗ്യൻ തന്നേ; മൂന്നു വൎഷം മുമ്പേ മാത്രം അവൻ പ്രയാസത്തോടേ നടപ്പുദീനത്തിൽനിന്നു (ഛൎദ്യതിസാരം) സൌഖ്യപ്പെട്ടതു. അതുകൂടാതെ അവന്റെ മുഖത്തു നോക്കുമ്പോൾ അവന്നു മുമ്പേ വസൂരിദീനവും ഉണ്ടായപ്രകാരം കാണാം. അതേ അവന്റെ മുഖത്തിൽ വസൂരിയുടെ കല ഉണ്ടു. വസൂരി കുത്തിവെക്കുന്നതിൽ (വ. മുറിച്ചുവെക്ക, വ. കീറിവെക്ക) അവന്നു ഇഷ്ടമുണ്ടായില്ല എന്നറിയുന്നല്ലോ. ഈ രാജ്യത്തിൽ വളരേ ദുർവ്യാധികൾ വ്യാപിക്കുന്നു. ഈ പുരുഷനെ നോക്ക, അതു മന്ദു അല്ലയോ? അതു മന്ദു തന്നേ; മലയാളികൾ "മന്തിന്നും താന്തോന്നിത്വത്തിന്നും ചികിത്സ ഇല്ല" എന്നു പറയുന്നതു നടപ്പാകുന്നു. ഈ ആളോ ഒരു കുഷ്ഠരോഗി എന്നു തോന്നുന്നു. അതേ! പതിനെട്ടു മാതിരി കുഷ്ഠരോഗം ഈ രാജ്യത്തിൽ ഉണ്ടു. വിലാത്തിയിൽ എന്നപോലേ ഈ രാജ്യത്തിൽ കുട്ടികൾക്കു അത്ര ദീനം പിടിക്കുന്നില്ല എന്നു തോന്നുന്നു (or വിലാത്തിയിൽ എന്നപോലേ ഈ രാജ്യത്തിലേ കുട്ടികൾക്കു etc. see § 213. 4). അതു നേർ തന്നേ, വൈരി മുതലായ കുരുപ്പുൻ ഇവിടേ വളരേ ദുൎല്ലഭം എങ്കിലും കുട്ടികളുടെ ഭക്ഷണകാൎയ്യത്തിൽ വളരേ സൂക്ഷ്മം വേണം; രക്താതിസാരം ഇവിടേ വളരേ സാധാരണം ആകുന്നു. വൎഷകാലത്തിൽ നിങ്ങൾ എപ്പോഴും കമ്പിളി വയറ്റിന്റെ ചുറ്റിലും കെട്ടേണ്ടതു. വിലാത്തിക്കാർ ഈ ദേശത്തിൽ പലപ്പോഴും ദഹനക്കേടുകൊണ്ടും ഈരലിലുള്ള ക്രമക്കേടുകൾകൊണ്ടും വളരേ കഷ്ടപ്പെടുന്നു. ഇതിനാൽ പിത്തത്തിൽ വളരേ ക്രമക്കേടും ഉണ്ടായിവരും. നിങ്ങൾക്കു വിശപ്പുണ്ടോ? വളരേ വിശപ്പുണ്ടായിട്ടും എന്റെ തീൻപണ്ടത്തിന്നും കുടലിന്നും പരുത്ത ആഹാരം ഒന്നും പറ്റുന്നില്ല. അല്പം മാത്രം തിന്ന ശേഷം ശരീരത്തിൽ എങ്ങും (സൎവ്വാംഗത്തിൽ) നൊന്തു പിന്നേ ഛൎദ്ദിയോ അതിസാരമോ ഉണ്ടാകും. ഈ അജീൎണ്ണതയാൽ ഹൃദയത്തിന്നും (നെഞ്ഞിന്നും) തലച്ചോറ്റിന്നും കേടുവരുന്നതുകൊണ്ടു രാത്രിസമയത്തു നെഞ്ഞു വളരേ ഇടിക്കുന്നതിനാലും പകൽസമയത്തു തലവേദനയാലും എനിക്കു വളരേ ഉപദ്രവം ഉണ്ടു. എന്നാൽ ചില ദിവസത്തേക്കു നിങ്ങൾ കുവക്കഞ്ഞി അല്ലാതെ മറ്റൊന്നും തിന്നുന്നില്ലെങ്കിൽ കൊള്ളാം. ആ ആണ്കുട്ടിക്കു ഇന്നലേ എന്തായിരുന്നു? അതു അപ-

സ്വാരമോ മോഹാലസ്യമോ എന്നു അന്നേരം എനിക്കു നിശ്ചയിപ്പാൻ കഴിവുണ്ടായിരുന്നില്ല. അതു കഴിഞ്ഞ ശേഷം അവൻ ഭയങ്കരമയി കൂക്കുവെലിച്ചതു ഞാൻ കേട്ടു. നീ ഒരു മുടവൻ എന്ന പോലേ നടക്കുന്നതു എന്തുകൊണ്ടു? അല്ല എന്റെ കാൽ തരിച്ചു (മരയിക്ക, മരവിക്ക വിറങ്ങലിക്ക) പോയിട്ടത്രേ. അതുവേഗം മാറും.

b. Some other expressions.

My leg is a little swollen	കാലിൽ അല്പം ഒരു വീക്കം. [സാരം).
Cramping in the belly; dysentery	വയററിൽ ഒരു വിലക്കം; ഗ്രഹണി (രക്താതി
To have spasms (throes) in a wound	അങ്ങും ഇങ്ങും വലിക്ക; കുച്ചിപ്പോക; കോച്ചി
Spasms in the extremities (as in cholera)	മീൻപാച്ചൽ. വലിക്ക.
He is feverish now and then	പനി (ജ്വരം) കൂടക്കൂടേ വരാറുണ്ടു.
Convulsions, paralysis, apoplexy, delirium	സന്നി.
Typhus; dropsy; palsy	സന്നിജ്വരം; മഹോദരം; പക്ഷവാതം.
Rheumatic pain, gout	വാതക്കടച്ചൽ, വാതരോഗം.*
Stoppage of breath; lungs	വായുമുട്ടൽ (ശ്വാസമുട്ടൽ); ശ്വാസകോശം.
He is bilious; colic	അവന്നു പിത്തം ഇളകി; ശൂല.
Ophthalmia; liver-inflammation	നേത്രശൂല (ചെങ്കണ്ണു); പക്കശൂല.
Phthisis; low pulse; the pulse to beat	ശ്ലേഷ്മവ്യാധി; ശ്ലേഷ്മനാഡി; മിടിക്ക (മിടിപ്പു).
Hæmorrhoids	അൎശ്ശസ്സ് (അൎശോരോഗം, മൂലരോഗം).
Itch; boil; abscess	ചൊറി; കുരു; വിദ്രധി.
Agony; approach of death	പ്രാണവേദന (പ്രാണസങ്കടം); അത്യാസന്നം.

124. അവൻ തന്നാൽ ആകുംവണ്ണം അന്വേഷണം ചെയ്താറേ അയല്ക്കാരനിൽ തെററു എള്ളോളം കാണാതെ അവിടേയുള്ള എല്ലാവരും തന്നെക്കൊണ്ടാകുന്നു കഴിയുന്നതു എന്നുള്ള ദുരഭിമാനം വിട്ടു സുഖമായിരുന്നു after having inquired (in the matter) as far as possible he did not find a bit of mistake in his neighbour, and abandoning the false feeling of honor, as if all people there could subsist (live) only by him, he felt happy.

ആകുംവണ്ണം = ആകുംപോലേ; എള്ളോളം a bit; എൾ sesame, this means as small as a sesame. ദുരഭിമാനം = ദുർ + അഭിമാനം false feeling of honor.

125. ഞാൻ കേൾക്കേ അവർ രണ്ടു പേർ എന്നെ പരിഹസിച്ചു കളിയാക്കുവാൻ തക്ക ഉപായം പ്രയോഗിച്ചിരിക്കുന്ന പ്രകാരം അവർ ചിരിക്കുന്ന വിധത്തിൽ അറിയാമല്ലോ certainly I do know from the manner, in which they smile, that in order to mock at me and to turn me into ridicule in my presence (whilst hearing it) both of them did play their usual tricks.

കേൾക്കേ Infinitive or Verbal Noun of കേൾക്കുന്നു; the Particle ഏ employed as a Locative കേൾക്കയിൽ; പേർ this connexion, person; കളിയാക്കുക make a play; അറിയാം (see § 111).

---

* വാതം air as one of the three sources of disease: gout, rheumatism, arthritis.

126. നീ നിന്റെ ജ്യേഷ്ഠനോളം ഉത്സാഹിക്കുന്നവൻ അല്ല, അതു കൊണ്ടു നിന്റെ പണിക്കു തക്കവണ്ണം ഞാൻ നിണക്കു കൂലി കൊടുക്കും you are not as diligent as your elder brother, therefore I shall give you the hire becoming to your work.

ജ്യേഷ്ഠനോളം see § 101. തക്കവണ്ണം (*cf.* നല്ലവണ്ണം) with Dative, തകു Defective Verb "to be fit", Past Participle തക്ക fit, തക്കവൻ suitable, തക്കം fitness.

§ 167. To form an Adverbial clause, expressing manner, besides പോലേ (§ 164) also പ്രകാരം (§ 157) in connexion with the Adjective Participle may be employed; *f. e.* ഞാൻ ആലോചിച്ചു പറഞ്ഞ പ്രകാരം ചെയ്താൽ ഒരു പുരുഷന്നു യോഗ്യമാകുംവണ്ണം (ഭാവം) കാട്ടുമായിരുന്നു if you had done as I advised you, you would have shown a character becoming to a man.

§ 168. വണ്ണം something similar to പോലേ and പ്രകാരം, in നല്ലവണ്ണം, തക്കവണ്ണം, ആകുംവണ്ണം etc. may be employed to form a kind of Adverb (just as ആയി in § 144) നല്ലവണ്ണം = നന്നായി, (നല്ലപോലേ). തക്കവണ്ണം = തക്ക തായി. ആകും in ആകുംവണ്ണം is the Future of the Adjective Participle and യോഗ്യമാകുംവണ്ണം means "so that it shall be worthy" (to a man) യോഗ്യമാകും പ്രകാരം. വണ്ണം originally a Noun, means: "shape", "form", "manner"; hence ഇവ്വണ്ണം (ഈ + വണ്ണം) "this manner", "thus". It may be affixed also to the Negative Adjective Participle; *f. e.* ഹാനി വരാതവണ്ണം സൂക്ഷിക്ക take care, *lest* you will undergo any harm. In book language it may occur even after the Future Tense of the Negative Adjective Participle; *f. e.* in the Bhāgavatam: ഭീതി കൂടായ്കുംവണ്ണം തരേണം വരം you must grant the gift so that it will not be accompanied with fear.

Hence തക്കവണ്ണം is especially used in English sentences like the following:

He is so kind *as* to give me this book അവൻ ഈ പുസ്തകം എനിക്കു തരുവാന്തക്കവണ്ണം ദയയുള്ളവനാകുന്നു.

He even was so rude, as to throw stones at me അവൻ എന്നെ കല്ലെറിവാന്തക്കവണ്ണം ഒരു നിൎമ്മൎയ്യാദസ്ഥനായിരുന്നു.

He was exhausted to such a degree, that even his voice could not be heard distinctly അവന്റെ ശബ്ദം സ്പഷ്ടമായി കേളാത്തവണ്ണം അവൻ ക്ഷീണിച്ചു പോയിരുന്നു.

The Past Participle തക്ക (used like the Adjective "fit", "würdig", "passend") and the Adverb തക്കവണ്ണം are always preceded by a Future Adverb (ആകുവാൻ തക്ക) or by a Dative (പണിക്കു തക്കവണ്ണം); in some cases also by an Infinitive taking the place of a Future Adverbial Participle; *f. e.* നിന്റെ അന്ന്യായം നീക്കത്തക്കതു എന്നു ന്യായാധിപതി കല്പിച്ചു your case is one fit to be dismissed, so the judge said. In English "fit for" (für) or "according to" (entsprechend *dem*). But "worthy of" (würdig des) യോഗ്യൻ or തക്കവൻ. He is worthy of honour അവൻ മാനത്തിന്നു യോഗ്യൻ. തക്കവൻ, —ൾ, —തു suitable, proper.

§ 169. കേൾക്കേ the Verbal Noun of കേൾക്കുന്നു, the Particle ഏ in this case conveys the meaning of a Locative. It corresponds in English to an Adverbial Clause beginning with "whilst" (കാണുന്നതിന്നിടയിൽ § 128); *f. e.* ഞാൻ കാണ്കേ അവൻ കുട്ടിയെ പിടിച്ചു കൊന്നുകളഞ്ഞു whilst I was seeing it, he took the child and killed it. ആ ആൾ കേൾക്കേ ഞാൻ ഈ വാക്ക പറഞ്ഞു whilst that man was hearing it I spoke this word.—The particle ഏ in many cases renders the word, to which it is added, more conspicuous. In the examples before us it serves to give the Verbal Noun a Locative meaning, കാണ്കേ being as much as കാണ്കയിൽ just in seeing; now and then also expressed by തന്നേ, കാണ്കെ തന്നേ in the very act of seeing; in the same manner ഇരിക്കേ etc.

§ 170. Definite *Numerals* and Indefinite *Numerals* are very often *placed behind* the Noun to which they belong. Thus: ഭാൎയ്യമാർ രണ്ടു. ഈ പുസ്തകത്തിൽ പിഴകൾ വളരേ ഉണ്ടു there are many mistakes in this book. എന്റെ അമ്മയച്ഛന്മാരെ ഇരുവരെയും നീ അറിഞ്ഞുവല്ലോ to be sure you knew both of my parents. ഇവർ രണ്ടും ഒരു വീട്ടിൽ തന്നേ പാൎക്കുന്നു these two are living in one and the same house. Some of these Indefinite Numerals can be placed *only* behind the Noun; *f. e.* എല്ലാം (എല്ലാവരും), മുഴുവൻ whole; കാൎയ്യം മുഴുവനും ചെയ്യേണം you must do the matter thoroughly. Others can only be placed before the Noun; *f. e.* എല്ലാ, സകല, സൎവ്വ. But സകലവും (സകലം all, whole), സൎവ്വവും, എല്ലാം stand behind; *f. e.* ചെതലുകൾ വീട്ടിൽ സകലവും തിന്നുകളഞ്ഞു the white ants ruined everything in the house. Some may be placed before or behind, but if placed behind more stress is laid upon the Numeral. ആളുകൾ രണ്ടും ഇങ്ങോട്ടു വന്നു, or രണ്ടാൾ വന്നു.

§ 171. വിധത്തിൽ (Ex. 125) shows that the *Locative* is also employed to convey the idea of an Instrument, of Means or of Manner, by or in which something occurs. അവൻ ആശ്രയിപ്പാൻ തക്ക ആൾ അല്ല എന്നു അവന്റെ വാക്കിൽ കാണാം he is not a man worthy to be trusted in, this you may learn from his words.

I. In summing up the different meanings of the *Locative Case* (see § 39. 71. 82. 104. 155.) the following examples will guide us.

1. അവൻ വീട്ടിൽ ഉണ്ടു. Locative of Place "in". In അവൻ നാട്ടിൽ പോയി it takes the place of the Locative Dative (നാട്ടിലേക്കു) "into". Mark the forms: കാല്ക്കൽ, വാതില്ക്കൽ, വഴിക്കൽ etc.

2. അതു ആദിയിൽ തന്നേ ഞാൻ പറഞ്ഞു.—ആ സമയത്തിങ്കൽ. Locative of Time (these Locatives of Place and Time take frequently ഇങ്കൽ instead of ഇൽ).

3. ഇവരിൽ ഏവൻ പരീക്ഷെക്കു പോയി (§ 155) Locative of Position, answering to the English "among" and similarly to Ablative.

4. ഇതിൽ അധികം ഒരു കഷ്ടമില്ല. Locative of Superiority or Comparison—Comparative. The Locative under 2 and 3 strengthened by വെച്ചു (see § 114).

5. അവന്റെ കഴുത്തിൽ ഒരു മാല ധരിച്ചു. Locative in connexion with Verbs of "wearing", "dressing", etc.

6. അവൻ കണ്ണിൽ കണ്ടതെല്ലാം വിശ്വസിക്കുന്നു Instrumental Locative.

7. അവൻ പലവിധത്തിൽ എന്നെ അപമാനിച്ചു Locative of Manner.

8. ഞാൻ അവനിൽ വളരേ പ്രീതി ഭാവിച്ചിരിക്കുന്നു. ഇതിൽ അവന്നു പെരുത്തു ഇഷ്ടം ഉണ്ടു. അവങ്കൽ ആശ്രയിക്ക. Locative of Inclination or Objective Locative.

As to the post-positional words following Locative see § 220.

As to the Adjectival Form of this case (വീട്ടിലെ) see § 213, 2 etc.

II. *The Locative Dative* (see § 71).

ഞാൻ പട്ടണത്തിലേക്കു (പട്ടണത്തേക്കു —ത്തിങ്കലേക്കു) പോയി. Denoting Motion, corresponds to the English "into" and answers to the question "whereto" ("wohin").

III. *The Ablative* (see § 63) (besides ഇൽനിന്നു: പുറത്തുനിന്നു, അവങ്കൽനിന്നു).

1. അവൻ പട്ടണത്തിൽനിന്നു പുറപ്പെട്ടു പോയി denoting Removal, Departure, Separation.

2. കോഴിക്കോട്ടിൽനിന്നു മൂന്നു നാഴിക ദൂരം Distance.

3. ഞാൻ തലശ്ശേരിയിൽനിന്നു ജനിച്ചു denoting Birth and Origin (but Locative more common).

§ 172. അറിയാമല്ലോ (ex. 125) അറിഞ്ഞുവല്ലോ (§ 170) points out a sort of exclamation, which helps to emphasise a statement. അല്ലോ is always added to that word in the sentence, which we intend to point out and may sometimes be translated best by "for", "mark", "you see", "certainly", "for a certain", "to be sure", "be sure". (In German "ja" or "wahrlich".) മനുഷ്യർ അല്ലോ വേഗത്തിൽ കഴിഞ്ഞു പോകും as to men they soon pass away. എന്റെ അച്ഛൻ വിശ്വസ്തൻ അല്ലോ? my father is faithful. Mein Vater ist wahrlich treu. ഈ വീട്ടിലുള്ളവൻ എന്റെ ജ്യേഷ്ഠനാകുന്നുവല്ലോ you see! He, who is in the house, is my elder brother ("ist ja").

Care must be taken to distinguish this "അല്ലോ" from "അല്ലയോ" and "അല്ലല്ലോ".

1. അവൻ അല്ലോ എന്റെ സ്നേഹിതൻ ആകുന്നു he is my friend (er ist ja).

2. അവൻ എന്റെ സ്നേഹിതൻ അല്ലയോ? is he not my friend?

3. അവൻ എന്റെ സ്നേഹിതൻ അല്ലല്ലോ he is certainly not my friend (ja nicht).

It is obvious from these three examples that അല്ലോ and അല്ലല്ലോ are employed to convey emphasis to a statement, the former to an assertion or positive statement, the latter to a denial or negative statement; അല്ലയോ on the other hand it is simple a negative question, to which usually an answer in the affirmative is expected (for അല്ലയോ bearing the signification of an Interjection see § 264).

§ 173. We call attention to the phrase അവിടെയുള്ള എല്ലാവരും തന്നെ കൊണ്ടാകുന്നു കഴിയുന്നതു (ex. 124); the common *construction* would be: അവിടെയുള്ള എല്ലാവരും കഴിയുന്നതു തന്നെക്കൊണ്ടാകുന്നു that all there live through him.— ഏതിനോടാകുന്നു നാം കളിക്കുന്നതു? what is it, with which we play?—നീ എന്തിന്നാകുന്നു കരയുന്നതു? why is it, that you are crying?—തങ്ങളെ ഉച്ചരിച്ചാകുന്നു കിളികൾ ഈ വാക്കു പറഞ്ഞതു it is for the purpose of jesting them, that the parrots made this speech.—എനിക്കാകുന്നു നിന്നെക്കാൾ വേഗം പറക്കാൻ കഴിയുന്നതു ich bin es (c'est moi) der besser fliegen kann als du.—അവൻ തന്നേ ആകുന്നു ഇതെല്ലാം ചെയ്തതു he is it, who has done all this.

In comparing this construction, being not uncommon at all, with the corresponding constructions in English and German, it is evident, that by employing ആകുന്നു in this manner a stress shall be laid upon the words preceding ആകുന്നു; the Copula in these examples causes a kind of pause, so as to turn one's attention to the words put in front of the sentence. The Neutral Noun following ആകുന്നു (കഴിയുന്നതു, കളിക്കുന്നതു, കരയുന്നതു etc.) is answering to the English Noun Clause introduced by "that" or to a Relative clause. It is in these sentences considered to be of less importance. (See § 244.)

Exercise.

Occupations (continued).

1. Tailor തുന്നക്കാരൻ.

To take the measure അളവെടുക്ക.
To cut a dress ഉടുപ്പുമുറിക്ക.
To thread a needle നൂൽ കോൎക്കുക.
To sew തുന്നുക.
Needle-work തുന്നപ്പണി.
Needle സൂചി.
Eye of a needle സൂചിക്കുഴ.
Scissors കത്തിരി.
Thread നൂൽ.
Wax മെഴുകു.
Thimble തിമ്പൾ—അംഗുഷ്ഠാന.
Pressing iron; to iron ഇസ്ത്രി; ഇസ്ത്രി ഇടുക.
Sewing machine തുന്നുന്ന യന്ത്രം.
Yard-stick വാരക്കോൽ.
Button കുടുക്കു.
Hook കൊളുത്തു, കൊക്ക.
Cotton (cotton-thread) പഞ്ഞി—പരുത്തി (പഞ്ഞിനൂൽ).
Silk പട്ടു.

2. Baker അപ്പക്കാരൻ.

To bake അപ്പം ചുടുക.
Sack ചാക്കു.
Trough തൊട്ടി.
Oven അടുപ്പു.
Leaven പുളിച്ചമാവു.
Bread അപ്പം.
To make a dough കുഴച്ചമാവുണ്ടാക്കുക.
To ferment പുളിപ്പിക്ക.
To knead കുഴക്ക.
Unleavened bread പുളിപ്പില്ലാത്ത അപ്പം.

3. Butcher കശാപ്പുകാരൻ, കസ്സായി.

Meat ഇറച്ചി.
Beef മൂരിയിറച്ചി.
Mutton ആട്ടിറച്ചി.
Leg കാൽ.
Bones കൊട്ടുകൾ.
To slaughter അറുക്കുക.
Butcher's axe കസ്സായിക്കാരന്റെ കത്തി.

4. Tanner തോല്ക്കൊല്ലൻ.

To tan ഊറക്കിടുക (ഊറ ഇടുക) തോൽ അടിക്ക.

To flay തോൽ കഴിക്ക.

Skin, leather തോൽ.

Leather ഊറക്കിട്ട തോൽ.

5. Shoemaker ചെരിപ്പുകുത്തി (ചെരിപ്പൂത്തി), ചക്കിലി.

Shoe-last കട്ട.

Shoemaker's pitch പശ.

Twine വക്ക (ചരടു).

Awl തോലുളി.

Sole ചെരിപ്പടി.

6. Carpenter ആശാരി (തച്ചൻ) see page 47.

Carpenter's adze വാച്ചി (വാച്ചുക to cut off slantingly).

Borer (gimlet) തമർ (തമരിടുക).

7. Cart-wright.

Drive a bandy വണ്ടി തെളിക്ക.

Wheels ചക്രങ്ങൾ.

Axle അച്ചു (അച്ചുതണ്ടു), വണ്ടിയുടെ കഴൽ.

Pole ഈഴിക.

To yoke നുകത്തിൽ പൂട്ടുക.

Spokes ഇല്ലികൾ.

Get the bandy ready വണ്ടി കെട്ടി കൊണ്ടു [വാ!

Spring വില്ലു.

To varnish മിനുക്കുക.

8. Stone-mason and bricklayer കല്ക്കൊത്തിയും പെരുന്തേരിയും.

To break stones കല്ല് കൊത്തുക.

To cut stones കല്ല് ചെത്തുക.

Plummet ഒമനക്കാൽ (ഈയ്യക്കട്ടി), ഒലുമ്പു.

Chisel ഉളി (ചീകുളി), മന്മഴ.

Hammer മുട്ടി, ചുററിക.

Pickaxe പിക്കം.

Angle; Mason's rule or level മൂലമട്ടം; അവണം (മട്ടം) see page 48. 49.

9. Blacksmith and locksmith പെരിങ്കൊല്ലൻ.

Lock പൂട്ടു.

Hinge വിശാഗരി, മടക്കുവിശാഗരി, മതിയാം.

Door-bar കുററിവിശാഗരി.

Screw പിരിയാണി.

Key താക്കോൽ.

Hearth അടുപ്പു.

Forge ഉല.

Bellows തുരുത്തി, ഉല, ഉലത്തോൽ (ഉല പൊ[ന്തിച്ചൂതുക).

Anvil അടകല്ല്.

The iron is red-hot ഇരിമ്പു പഴുത്തുപോയി.

To make the iron red-hot ഇരിമ്പു പഴുപ്പിക്ക.

To temper iron തുവെക്ക, ഊട്ടുക, മുക്കുക.

To steel, to melt ഉരുക്കുക.

To file രാകുക.

10. Tin-maker തകരപ്പണിക്കാരൻ, മൂശാരി.

To solder വിളക്കുക, തുളിക്ക; the solder വിളക്കുന്ന മട്ടം; alloy മട്ടം (മട്ടം ചേർക്ക to alloy).

To tin കല്ലായി ഇടുക.

Lead ഈയം.

Tin തകരം, വെള്ളീയം.

Zinc തുത്ഥനാകം, നാകം.

Washerman ദോബി, വെളുത്തേടൻ, അലക്കുകാരൻ, തട്ടാരൻ.

Translator ദ്വിഭാഷി (ദ്വി two).

Rope-dancer കമ്പക്കളിക്കാരൻ.

Wrestler മല്പിടിക്കാരൻ.

Merchant കച്ചവടക്കാരൻ, വർത്തകൻ.

Beggar ഭിക്ഷക്കാരൻ, ഇരപ്പാളി, വനീയകൻ.

127. അല്ലയോ! അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നോരേ, ഒക്കയും എന്റെ അടുക്കൽ വരുവിൻ! ഞാൻ നിങ്ങളെ തണുപ്പിക്കും. ഇത്ര മധുരമുള്ള വാക്കു യേശുവിന്റെ വായിൽനിന്നു മാത്രമേ കേൾക്കു! come unto me all ye that labour and are heavy laden and I will give you rest (Matthew 11, 28), such a sweet word we shall hear only from the lips of Jesus.

അല്ലയോ "well" (wohlan) is employed at the beginning of a sentence to call attention to something.

ചുമക്കുന്നു, ചുമന്നു to carry a burden; the Causative Verb ചുമത്തുന്നു, ചുമത്തി to lay a burden on, charge; *f. e.* അവർ അവന്റെ മേൽ കുററം ചുമത്തി they laid a guilt on him, they condemned him. Noun ചുമട് burden. തണുക്കുന്നു, തണുത്തു to grow cool; *f. e.* എന്റെ ചോറു തണുത്തുപോയി my rice has grown cold; Noun തണുപ്പു coldness, refreshment, comfort; തണുപ്പിക്ക (Causative Verb) to cool, refresh, comfort (§ 166). നടക്കുന്നോർ = നടക്കുന്നവർ.

128. ഒടുക്കം മനുഷ്യന്റെ ആത്മാവു ഒരു തുള്ളി വെള്ളം കടലിൽ കലരും കണക്കെ ബ്രഹ്മത്തിൽ ലയിച്ചു അതിനോടൊന്നായിപ്പോകയുള്ളു എന്നു വേദാന്തികൾ നിശ്ചയിച്ചു finally the spirit of men shall be absorbed in the Absolute and will become united with it as a drop of water joins the ocean, such is the opinion of those, who adhere to the Vedantic system.

കണക്കെ means account or manner; by adding എ it becomes an Adverb (§ 213. 1); "like" or "as", "as much as" പോലേ; അതിനോടൊന്നായി = അതിനോടു + ഒന്നു + ആയി § 122. വേദാന്തം (*lit.* aim of the holy Vedas) is a Pantheistic system in Hinduism, called also അദ്വൈതം (non-duality) Monism.

129. നീ എന്റെ കണക്കു ഒപ്പിച്ചു നോക്കിയാൽ, ചെലവു വരവിനോടു ഒക്കുന്നപ്രകാരം കാണും. വാക്കി ഒന്നും ഇല്ലല്ലോ; തെററു കാണുന്നെങ്കിൽ പറവൂ if you will settle my account with me, you will see that expense and income are equal. There is no balance at all; if you see any mistake, speak!

ഒപ്പിക്ക the Causative Verb of ഒക്കുക (ഒത്തു) to equalize, prove.

130. താൻ താണ ആളുകൾക്കു ബോധിക്കാതവണ്ണം സംസാരിച്ചാൽ ഫലം കാണ്മാറുണ്ടോ? സ്പഷ്ടമായി സംസാരിച്ചാൽ മാത്രമേ ഇവൎക്കു അറിയാവൂ if you talk in such a manner that low people cannot understand it, can you expect any result? only if you speak distinctly, such people will (can) understand something.

§ 174. കേൾക്കൂ, ഉള്ളു, പറവൂ, അറിയാവൂ are four examples of the so-called *Second Future.*

I. As to *the affixes* of this Second Future ഉ, ഊ, വു and പ്പു are in use. *The short* ഉ in most cases may be lengthened into ഊ *ad libitum;* but in the following Verbs only ഉ is employed: ഉള്ളു, ഒക്കു, (ഒക്കുക to be the same), കൂടു, ഇടു. Either ഉ or ഊ we find in നല്കു (നല്കൂ), കൊള്ളു (കൊള്ളൂ).

ഊ we see taken in പോരൂ (പോരുന്നു, പോന്നു), വരൂ, കൂടൂ, ആക്കൂ, കേൾക്കൂ, കഴിയൂ.

വു is taken only by weak Verbs, hence: ആവു, പോവു, കഴിവു, കൊൾവു, ചെൽവു, ചൊൽവു, നൽവു etc. (in all these cases ഉ may be lengthened into ഊ; hence പറവൂ, ആവൂ; also പറയൂ).

പ്പു we see employed in strong Verbs only: കൊടുപ്പു, വെപ്പു, ഇരിപ്പു, സ്നേഹിപ്പു.

എത്ര സാരമായ കഷ്ടതയോ: സത്യം നിമിത്തം ഉപദ്രവവും മരണവും സംഭവിപ്പതു തന്നേ if for truth's sake we should have to suffer or to die, what an excellent tribulation this would be.

വീടു നോക്കീട്ടു പോവതിന്നായി ഞാൻ ഹാജരായി (ready to go and see the house).

പാത്രത്തിൽ പിടിപ്പതേ വരൂ (prov.) you will not get more than the vessel holds.

These examples show that even *Personal Nouns* may be formed from this Second Future.

II. As to *the meaning* of this Second Future.

1. It expresses originally real Future or Possibility, but in general being construed with ഏ this Possibility becomes exclusive of anything else and thus changes into Necessity; *f. e.* ഉള്ളം നോക്കുവാൻ ഒരാൾക്കു മാത്രമേ കഴിവൂ there is only one person who can look inside; ഒന്നേ ആവശ്യമുള്ളൂ one thing is necessary (only); for ആക്കു see Luk. 18, 18. As a rule this emphatic ഏ ought always to be followed by the Second Future: ചില വസ്തുക്കൾ നാം അറിയാത്ത ഉഷ്ണത്തിൽ മാത്രമേ അമ്ലതത്തോടു (oxygen) ചേൎന്നു കത്തൂ (and not കത്തുന്നു or കത്തും).

2. Like the First Future it may signify a habit and serve thus as a Progressive; *f. e.* നാല്പരും തമ്മിൽ പിരിയാതെ നടപ്പൂ (നടപ്പാറായി, see § 185).

3. It is used further as an Imperative or Precative (see ex. 129); *f. e.* എന്തു പ്രസംഗം കേട്ടു, എന്നോടു പറയൂ tell me what sermon you have heard! ചുരുക്കത്തിൽ പറയൂ tell in short. നിങ്ങൾ പറവൂ, പിന്നേ ഞാൻ പറയാം. In arithmetical rules this kind of Imperative is in general use; *f. e.* മൂന്നു, ഏഴു, ഒമ്പതു എന്നിവ കൂട്ടൂ (add); പത്തിൽനിന്നു ഏഴു കളവൂ (പിരിപ്പൂ or കിഴിക്കൂ subtract); നാലു പ്രാവശ്യം അഞ്ചുഗുണിപ്പൂ (പെരുക്കൂ multiply); ഒമ്പതിനെ മൂന്നുകൊണ്ടു ഹരിപ്പൂ (കിഴിപ്പൂ divide).

III. The Second Future ഉള്ളൂ and ആവൂ deserve a special consideration (see ex. 128 and 130).

1. ഉള്ളൂ the Second Future of the Verb ഉൾ the old Future, of which ഉണ്ടു is used as a present tense. The Adjective Participle ഉള്ള ("in which", "to which", "there is") we know long ago. ഉള്ളൂ appears often with ഏ to affirm the exclusive existence or action of something, so it is connected in general with Nouns and Verbal Nouns; *f. e.* നരകം നരകമേയുള്ളൂ hell, nothing but hell; അവൾ മാത്രമേ ശേഷിച്ചുള്ളൂ only she has been left; വിദ്വാനായിത്തീരുവാൻ എന്ന ശ്രുതിയെ ആഗ്രഹിച്ചതേയുള്ളൂ to become famous as a wise man this was the only thing he desired for; പാട്ടിലും മിഥ്യാകഥകളിലും അത്രേ രുചിയുള്ളൂ they have only a sense for songs and novels; നീ വേണ്ടുന്ന പണി എടുക്കാതെ ധ്യാനിക്കുന്നതേയുള്ളൂ instead of doing useful work you meditate always; ഞാൻ ഒരു ഭേദം കാണാതെ ചാവതേയുള്ളൂ I cannot see any improvement and shall surely die; ഭയം ഉണ്ടായതേയുള്ളൂ there was always fear; നീ കഴിയുന്നേടത്തോളം ഉത്സാഹിച്ചു എങ്കിലേ എന്റെ അദ്ധ്വാനം സഫലമാകുന്നുള്ളൂ only if you exert yourself as far as possible, my exertions will be accompanied with success; അരെച്ചു തരുവാൻ പലരും ഉണ്ടു, കടിപ്പാൻ താനേ ഉള്ളൂ to prepare and ad-

minister (medicine) there are many, but to drink it there is only he himself; കരയുന്ന കുട്ടിക്കേ പാൽ ഉള്ളു there is milk only for a crying child; പണി തീൎത്തൊ? have you finished the work? തുടങ്ങിയതേ ഉള്ളു I began it only.

2. ആവു *a)* After the Infinitive with or without the Particle ഏ it signifies an exclusive Possibility and even a Necessity; *f. e.* അവനോടു കൂടേ എപ്പോഴും ശ്രമിക്കേ ആവു to take trouble together with him only this is necessary; *cf.* അറിയാവൂ ex. 130. So also a Request: നീ അവനെ നല്ല മനസ്സോടേ കൈക്കൊൾക്കേയാവു may you receive him with a good mind! This form is used in prayer too: ഞങ്ങളെ തുണെക്കേയാവു. നിനക്കു വേണ്ടി ജീവനെയും ഉപേക്ഷിക്കുന്നതു എനിക്കു മാന്യമായി ബോധിക്കാവു oh make me consider it an honor to lay down my life for thee.

Very frequently we see ആവു after the Adverbial Participle; *f. e.* അവൻ വന്നേ ആവു he must come.

b) Without ഏ and joined to Neuter Personal Nouns or to the Past Tense it has a precative meaning (*cf.* II. 3); *f. e.* ഞാൻ അവനെ കാണുന്നതാവു Oh might I see him! വന്നാവു may he come! വന്നാവൂതെന്നു കൊതിച്ചു wished that he might come. This use of ആവു reminds us of a similar construction with കൊള്ളാം and കൊള്ളായിരുന്നു with a precative meaning (see § 140).

Also the Adjective Participle of this Second Future may be employed; *f. e.* ആവും കാലം ചെയ്യുതു ചാകും കാലം കാണും = ആകും കാലം ചെയ്യുതു ചാകും കാലം കാണും. We even read എനിക്കു അറിയാവുന്ന ഉപായങ്ങളെല്ലാം നിണക്കു അറിവാൻ പാടില്ല you cannot know all the tricks with which I am acquainted; കൌശലം ഉണ്ടെങ്കിൽ ഏതു വേലയും സാധിക്കാവുന്നതാകുന്നു if there is cleverness every work must be successful. The forms pointed out in these two examples are used only in the South of Malabar and are based on a misunderstanding. അറിയാവുന്ന may be a careless pronunciation instead of അറിയാകുന്ന, but സാധിക്കാവുന്നതാകുന്നു is explained by Bailey, Peet and Arbuthnot by calling ആവു a "defective verb, implying ability to a certain extent". In this case ആവുന്നതു would be the Neutral Noun, and ആവുന്ന (in അറിയാവുന്ന) the Adjective Participle of this Noun. But ആവു being the Second Future of ആകുന്നു, the forms mentioned above must be considered to be abnormities.

Even the Neutral Verbal Noun of ആവു is in use: ആവതു. In many cases it has become a real Noun meaning: possibility, remedy, power; *f. e.* എന്നാൽ ആവതു ചെയ്തു I tried my best; ആവതില്ല = പാടില്ല, കഴിവില്ല etc. അതിനു ഞങ്ങൾക്കു ആവതില്ലല്ലോ we can't do anything to it; നാലഞ്ചു വയസ്സു ചെന്നാൽ എന്താവതുള്ളു! what is the power of a man in his first 4-5 years. ചൊല്ലാവതല്ല = ചൊല്ലാൻ കഴിവില്ല (unspeakable). നമ്മാൽ എട്ടക്കാവതല്ല. അതു ചവിട്ടിപ്പാനല്ലാതെ മറ്റൊന്നിന്നും ഇനി കൊള്ളാവതല്ല it is henceforth good for nothing but to be trodden under foot (കൊള്ളാവതല്ല = കൊള്ള + ആവു + അതു + അല്ല).

Very often we see ആവു joined to മതി (മതിയാവു) without ഏ; it means "it will suffice"; with ഏ "must suffice"; *f. e.* ആ ഉപകാരത്തിന്നു ഞാൻ എന്തു ചെയ്യാൽ മതിയാവു how will suffice, what I can render of thanks; ഇതിനെ വായിച്ചു തീൎത്തു രസം തോന്നിയാൽ ഈ പുസ്തകത്തെ നോക്കിയേ മതിയാവു it must suffice if you read this book etc.

Remark: 1. It is this form of the Verb, from which is derived *the Adverbial Participle of the Future Tense:* ഉ is dropped and ആൻ substituted (see § 69); *f. e.* സ്നേഹിപ്പു, സ്നേഹിപ്പാൻ; ആവു, ആവാൻ etc.

Remark: 2. ഓളം very frequently is used in connexion with the Adjective Participle of the First and this Second Future. ഞാൻ മടങ്ങി വരുവോളം ഇവിടേ കാത്തിരിക്ക wait until I shall come back. ഫലിപ്പോളം നേരം പ്രയത്നം ചെയ്യു take pains until you succeed. In the same manner ആമ്പോളം, തികവോളം etc. ഇവൾ ആവതോളം ചെയ്തു she had done what she could (Mark 14, 8). The meaning of ഓളം may be still strengthened by employing the Locative-Dative (§ 71. 171.) or Dative; *f. e.* യജമാനൻ വരുവോളത്തോക്കു സ്ഥിരമായി നില്പിൻ stand firm until the master will come. ഇവ ഒക്കെയും ഉണ്ടാകുവോളത്തിന്നു ഈ തലമുറ ഒഴിഞ്ഞുപോകയില്ല (Matth. 24, 34).

§ 175. അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നവർ (ex. 127) shows that the *Past Adverbial Participle* (§ 76) very often is used to express the *Mode* or *Manner* in which the action of the Finite Verb is executed. Thus the two Participles above show us how those people walk along. ഈ കാൎയ്യത്തെ കുറിച്ചു സംസാരിച്ചു അവർ കയറിപ്പോയി speaking about this matter they went up ("Indem sie sprachen"). In the same manner Greek writers very often use the Participle with Verbs, where the English idiom requires an Adverb; *f. e.* εἴπωσι πᾶν πονηρὸν ῥῆμα καθ' ὑμῶν, ψευδόμενοι ἕνεκεν ἐμοῦ. "εἴπωσι ψευδόμενοι" say falsely.

All these examples may help to show the Adverbial character of this form. In most cases it may be rendered by an Adverb or a Participle in English (or German). It is something like the Verbal form in Sanskrit ending in य or त्वा, called "Adverbial Past Participle" by Carey, "Indeclinable Participle" by Wilkins. Amongst German Sanskrit scholars the nomination "Gerundium" has been introduced by Bopp. The question whether Participle or Gerundium was decided by Freiherr Wilhelm von Humboldt in favor of the Gerundium (*cf.* Schlegel Indische Philologie I., 433–467 and II., 71–134), but as to the Malayalam form Schlegel seems to be right in asking: who will compare: "ayant fait" or "having done" in French and English with the Latin Gerundium? The form before us, corresponding really in many cases with the Ablative Absolute and Participle Præteritum in Latin, in other cases with an Adverb, is best called Adverbial Past Participle. The Malayali in his epic manner of representing things prefers

to divide in two or three activities, what Europeans would express by one Verb. A wrestler, who had boasted, that he could carry away mountains on his head, when called upon by a king to do so on one occasion, answered: ഞാൻ പൎവ്വതം ചുമെക്കാമെന്നു ബോധിപ്പിച്ചിട്ടുള്ളതല്ലാതെ എടുത്തു കൊണ്ടുപോകാമെന്നു ബോധിപ്പിച്ചിട്ടില്ല he wants to say, that he had only promised to carry away a mountain, but not *to take* it and carry it away; first of all somebody must *take it* away and lay it upon his shoulders. In this case advantage has been taken of the Adverbial Past Participle.

Sometimes the relationship between the Past Adverbial Participle (the first) and the Future (second) Adverbial Participle is closely to be seen and the first is taken, where Europeans would expect the second; *f. e.* in connexion with തുടങ്ങുക: ആ കള്ളനെ അടിച്ചു തുടങ്ങി began to beat the thief; നായി ഉറക്കെ കരെച്ചു തുടങ്ങി the dog began to bark loudly. So also (see Dr. Gundert's Grammar, page 208) ദയ ചെയ്തു തരേണം instead of തരുവാൻ ദയ ചെയ്യേണം be so good as to give. മനസ്സുണ്ടായിട്ടു രക്ഷിക്കേണം for രക്ഷിപ്പാൻ മനസ്സുണ്ടാകേണം be pleased to care for me. Bearing in mind, that design (തരുവാൻ), expressed by the Second Adverbial, may (temporarily) presuppose the activity of the Finite Verb (ദയ ചെയ്തു), we may understand, that in such cases also the first Adverbial can be employed.

§ 176. കലരും കണക്കേ (ex. 128). കണക്കേ is just used like പോലേ. In connexion with a Noun it governs the Accusative or the Nominative case; *f. e.* എന്റെ അനുജൻ നിന്നെ കണക്കല്ല my younger brother is not like you; സ്വൎഗ്ഗത്തിൽ അവന്റെ മുറിവുകൾ മിന്നാമിനുങ്ങു പോലേ മിന്നും, കസ്തൂരി കണക്കേ മണക്കും in heaven his wounds shall shine like a fire-fly and smell like musk. In connexion with a Verb it is usually joined to the Adjective Participle especially (ex. 128) in its Future Tense. സൂൎയ്യൻ ഉദിക്കും കണക്കേ അവന്റെ ശോഭ his splendour is like the rising sun; ഇന്നലേ ചെയ്തു കണക്കേ വീണ്ടും അദ്ധ്വാനിക്കേണം you must exert yourself as you did yesterday. There is the same difference between കണക്കേ and എന്ന കണക്കേ as between പോലേ and എന്ന പോലേ § 158. അവൻ ഒരു അച്ഛൻ എന്ന കണക്കേ എന്നെ പോററി he brought me up as a father.

§ 177. "Like" in a more mathematical sense (as much as "equal") is expressed by different forms of the Verb ഒക്കുന്നു, ഒത്തു, ഒക്കും or സമം "to be the same one", "equal" etc. തമ്മിൽ ഒക്കുന്ന രണ്ടു കോണുകൾ two angles which are equal. The Adjective Participle ഒത്ത means "equal", "alike" and by adding വണ്ണം we get the Adverb ഒത്തവണ്ണം "according to" (as much as തക്കവണ്ണം); *f. e.* ദൈവത്തിന്റെ ശുദ്ധിക്കൊത്തവണ്ണം പുതു ഭാവം ധരിച്ച മനുഷ്യൎക്കു മാത്രം അവന്റെ മുഖം കണ്ടുകൊള്ളാം only for men who show a mind conformable to God's holiness it will be possible (കൊള്ളാം, കൂട്ടും, കൂടാം § 111. I cannot see കണ്ടു കൂടാ, I may see കണ്ടുകൂട്ടും or കണ്ടുകൊള്ളാം) to see his face; ഈ രണ്ടു സമം these two are equal.

Exercise.

a. Domestic Animals.

The animals of this country are very different from the animals in Europe. Our bullocks are bigger and stronger, but they cannot run as fast as the bullocks here. Besides they yoke them for ploughing and to work the *oil-press.* The oilmaker puts the sesam into the mortar and the bullocks turn round the roller. The pressing of oil is done under a shed. In some places bullocks have also to thrash rice. There are only a few *horses* in this country, and they are not so nice as those in Europe. Horses are not cloven-footed like bullocks. We use to *shoe* the horse, lest the hoof will be rubbed off or the horse will stumble and fall. The horse does not *ruminate* like the cow and some other animals. In this country we put the horse to the carriage or we saddle and *ride* it; in Europe they are also used for ploughing. The nicest horses we get from Arabia. When the horse feels well it will *neigh.* There are a great many kinds of *cattle.* They are very useful to man, for he *milks* the cow. If milk is *curdled* we get curds and buttermilk; if curds are *churned* we get butter, and if we melt butter we get ghee. The buffalo is able to swim and likes to wallow in the mire. Cowdung may be used as manure and to sprinkle the floor. The *wool* of the sheep may be used for blankets and other woolen cloths. The lion belongs to the class of cats and is called the king amongst the animals. The roaring of the lion is fearful like the roaring of thunder. When he is angry he gnashes his teeth and his eyes are flaming like a torch. He seizes his prey with an immense leap. The tiger has the form of a cat and he is a very deceitful creature. The biggest amongst all animals is the elephant. With its trunk it will break down the branches of trees, slit and eat them and with this trunk it will manage to take up things so small, that they cannot be seen. The camel has one or two humps on its back. In some countries all trade is conducted by means of the camel. It is called "the ship of the desert". The dogs of this country bark just like jackals.

Translation.

ഈ രാജ്യത്തിലുള്ള ജന്തുക്കൾക്കും വിലാത്തിയിലുള്ളവററിന്നും വളരേ ഭേദം ഉണ്ടു. ഞങ്ങളുടെ കാളകൾക്കു അധികം തടിയും ശക്തിയും ഉണ്ടെങ്കിലും ഇവിടേയുള്ള മൂരികൾ വേഗം പായുന്നപ്രകാരം അവററിന്നു (പായുവാൻ) പാടില്ല, അതുകൂടാതെ ഉഴവാനും ചക്കു ആട്ടുവാനും അവർ മൂരികളെ പൂട്ടുന്നു. ചക്കാൻ (വാണിയൻ) എൾ (എള്ളു) ചക്കുരലിൽ ഇട്ടിട്ടു കാളകൾ ചക്കുകണയെ തിരിക്കുന്നു. അവർ ചക്കാലയിൽവെച്ചു ചക്കാട്ടുന്നു. ചില സ്ഥലങ്ങളിൽ മൂരികൾ നെല്ലു കൂടേ മെതിക്കേണം. ഈ രാജ്യത്തിൽ കുറേ കുതിരകൾ മാത്രമേ ഉള്ളു, അവ വിലാത്തിയിലുള്ളവ കണക്കേ അത്ര ഭംഗിയുള്ളവയുമല്ല. കുതിരകൾ കാളകൾ എന്നപോലേ കുളമ്പു പിളൎക്കാതെ അവ ഒന്നിച്ചു ചേൎന്നിരിക്കുന്നു. കുളമ്പുകൾ തേഞ്ഞു പോകായ്വാനും കുതിര ഇടറി വീഴായ്വാനും അതിന്നു ലാടം തറെക്കും. പശുക്കളും വേറേ ചില ജന്തുക്കളും പോലേ കുതിര തേക്കിയരെക്കുന്നില്ല (തേട്ടുക, തികട്ടുക). ഈ ദേശത്തിൽ ഞങ്ങൾ കുതിരയെ വണ്ടിക്കു കെട്ടുകയും അതിന്മേൽ ജീൻ കെട്ടി കരേറി സവാരി ചെയ്യുന്നു. വിലാത്തിയിൽ കുതിരകളെ പൂട്ടി ഉഴവാനായിട്ടും പ്രയോഗിക്കുന്നു. ഏററവും വിശേഷമായ കുതിരകൾ നമുക്കു അറബിദേശത്തിൽനിന്നു കിട്ടുന്നു. കുതിര സന്തോഷിക്കുമ്പോൾ ചിനെക്കും.

കന്നുകാലികൾ പല പല മാതിരി ഉണ്ടു. മനുഷ്യൻ പശുവിനെ കറക്കുന്നതുകൊണ്ടു കന്നുകാലികൾ അവന്നു വളരേ ഉപയോഗമുള്ളവ ആകുന്നു. പാലിൽ ഉറ പകന്നാൽ (കൂട്ടുക) തയിർ ആകും. തയിർ കടഞ്ഞാൽ വെണ്ണയാകും. വെണ്ണ ഉരുക്കിയാൽ നൈ ആകും. എരുമ വെള്ളത്തിൽ നീന്തി ചേററിൽ പിരളുവാൻ ഇഷ്ടപ്പെടുന്നു. ചാണം വളം ഇടേണ്ടതിന്നും നിലം തളിക്കേണ്ടതിന്നും ഉപയോഗിക്കാം. ആട്ടിൻ രോമംകൊണ്ടു കമ്പിളിയും മററു ശകലാസ്സും ഉണ്ടാക്കാം. സിംഹം പൂച്ചക്കുലത്തിൽനിന്നുള്ള മൃഗങ്ങളിൽ ഒന്നാകുന്നു; അതിന്നു (മൃഗേന്ദ്രൻ) ജന്തുക്കളുടെ രാജാവു എന്നു പേർ ഉണ്ടു. സിംഹത്തിന്റെ അലച്ച് (അലറുന്നു, അലറി) ഇടിമുഴക്കം എന്ന പോലേ ഭയങ്കരം തന്നേ. കോപിച്ചാൽ അതു പല്ലിളിക്കും, കണ്ണുകൾ പന്തം കണക്കേ ജ്വലിക്കും. അതിന്റെ കവച്ചയെ ഒരു വലിയ ചാട്ടത്തിൽ (വൻചാട്ടം) പിടിക്കും. പുലിക്കു പൂച്ചയുടെ ആകൃതി ഉണ്ടു, അതു വളരേ കപടമുള്ള മൃഗം ആകുന്നു. എല്ലാ ജന്തുക്കളിൽ വെച്ചു ആന ഏററവും വലിയതാകുന്നു. അതിന്റെ തുമ്പിക്കൈകൊണ്ടു അതു മരക്കൊമ്പുകളെ പൊട്ടിച്ചു വേണ്ടുന്നതു ചീന്തി തിന്നും. ഈ തുമ്പിക്കൈകൊണ്ടു കാണ്മാൻ കഴിയാത്ത ചെറിയ വസ്തുക്കളെ എടുപ്പാൻ പാടുണ്ടു. ഒട്ടകത്തിന്നു മുതുകത്തു ഒന്നു രണ്ടു കൂൻ ഉണ്ടു. ചില ദേശങ്ങളിൽ കച്ചവടം എല്ലാം ഒട്ടകത്താൽ തന്നേ നടന്നു വരുന്നു. അതിന്നു വനാന്തരക്കപ്പൽ എന്ന പേരുണ്ടു. ഈ രാജ്യത്തിലുള്ള നായ്ക്കൾ കുറുക്കന്മാർ എന്ന പോലെ കരെക്കുന്നു.

b.

The ass is braying കഴുത കരയുന്നു.

The lion roars സിംഹം അലറുന്നു (ഗൎജ്ജിക്കുന്നു).

The stag pants മാൻ കിഴെക്കുന്നു.

The deer cries പേടമാൻ കൊക്കുന്നു.

The dog barks നായി കുരെക്കുന്നു.

The jackal howls കുറുക്കൻ ഓളി ഇടുന്നു.

The bear growls കരടി മുരളുന്നു.

The horse neighs കുതിര ചിനെക്കുന്നു.

The monkey grins കുരങ്ങു ഇളിച്ചുകാട്ടുന്നു.

The swine grunts പന്നി ക്രുക്ക് ഇടുന്നു.

The cow mues പശു കരയുന്നു.

The sheep bleats ആടു കരയുന്നു.

The elephant roars ആന ഉറുമ്മുന്നു.

The cat mews പൂച്ച കരയുന്നു.

The bird sings പക്ഷി പാടുന്നു.

The cock crows പൂവങ്കോഴി കൂകുന്നു.

The hen cackles (cluck) കോഴി കൊക്കുന്നു.

The turtle cooes ചെങ്ങാലി കുറുങ്ങുന്നു (കുറുക്കുന്നു).

The snake hisses പാമ്പു ചീറുന്നു.

The frog croaks തവള കൊക്കുന്നു.

The bee (fly) buzzes തേനീച്ച മൂളുന്നു.

c.

The hole of a jackal കുറുക്കന്റെ മാളം.

The hole of a mouse എലിമട.

The cobra went into that hole സൎപ്പം ആ തോട്ടയിൽ (മാളിയിൽ) പോയി.

The nest of a bird പക്ഷിക്കൂടു.

Young ones of an animal—calf കുട്ടികൾ—പശുക്കിടാവു (കടച്ചി).

Young ones of a bird പക്ഷിക്കുഞ്ഞുകൾ.

To bring forth പെറുക, പെററു.

To lay eggs മുട്ടയിടുക.

To sit on eggs, brood, hatch പാടു ഇരിക്ക, പൊരുന്നു ഇരിക്ക, കൊത്തിപ്പിരിക്കുക (മുറിക്ക).

To get hatched പൊരുന്നു വെക്ക, മുറിപ്പിക്ക.

To carry in the claws റാഞ്ചിക്കൊണ്ടുപോക.

The peacock spreads the tail മയിൽ ആടുന്നു.

Bees or birds to sip നുകരുക, (നുകന്നു).

The crow moults കാക്കയുടെ തൂവൽ ഉതിരുന്നു.

The hen scratches പിടക്കോഴി ചിള്ളുന്നു.

The pig scratches (with nails, claws and hands) പന്നി മാന്തുന്നു.

The mouse gnaws ചുണ്ടെലി കരളുന്നു (കരണ്ടു).

d.

The claws of a tiger നരിയുടെ നഖങ്ങൾ.

The trunk of an elephant ആനയുടെ തുമ്പി കൈ. [മം.

The mane of a horse കുതിരയുടെ കഞ്ചിരോ

The hoofs of a buffalo പോത്തിന്റെ കുളമ്പു (പോത്തുങ്കുളമ്പു).

The hump of a camel ഒട്ടകത്തിന്റെ കൂഞ്ഞു (പൂഞ്ഞ, കൂൻ).

The hump of a bull കകുൽ (കകുദം, പൂഞ്ഞ).

The horns of a goat കോലാടിന്റെ കൊമ്പു.

The wings of a kite പരുന്തിന്റെ ചിറകുകൾ.

The bill of an eagle കഴുകിന്റെ കൊക്കു.

The feathers of an owl കൂമന്റെ തൂവൽ.

The body of a stork കൊക്കിന്റെ (ബകം) ഉടൽ.

The hood of a cobra സൎപ്പത്തിന്റെ പടം (ഫണം) or പത്തി. [ൾ.

The sting of a scorpion തേളിന്റെ വിഷമു

The fins of a sardine മത്തിയുടെ ചിറക്.

The bones of a fish ഒരു മീനിന്റെ മുള്ളുകൾ.

The scales of a shark സ്രാവിന്റെ ചെളുക്കാ (ചെതുമ്പൽ, ത്തുളി).

The gills of a fish (Kiemen) ചെളുക്കാ.

The tiger caught a wild buffalo നരി ഒരു കാട്ടുപോത്തിനെ പിടിച്ചു.

While eating it one of its bones stuck in his jaws അതിനെ തിന്നുമ്പോൾ അതിന്റെ ഒരു കൊട്ടു താടിയെല്ലിൽ തറെച്ചു.

Blood and matter collected there and caused him great pain ചോരയും ചലവും അവിടേ കെട്ടിനിന്നതുകൊണ്ടു വളരേ വേദന ഉണ്ടായിരുന്നു.

How shall I extract this bone? ഞാൻ ഈ എല്ലിനെ എങ്ങിനേ പറിച്ചെടുക്കും?

The monkies shivered with cold കുരങ്ങുകൾ (വാനരന്മാർ) കുളിർകൊണ്ടു വിറെച്ചു.

The mad dog will leap at you and bite you ഭ്രാന്തൻനായി നിങ്ങളുടെ മേൽ ചാടി നിങ്ങളെ കടിക്കും.

(Birds) to pick up or (snakes) to bite കൊത്തുക.

Some fish, usually brought on table.

മത്തി sardine, chiefly used for curry (also as manure).

ഐല (or അയില) cat-fish.

നോങ്ങൽ white-fish.

ആകോലി (ആവോലി) pomphlet (Stromateus).

അയക്കൂറ "a certain fish"; somewhat smaller: വരിയങ്കുട്ടി.

കനിമീൻ butter-fish.

മാലാമീൻ the mullet-fish (also മാലാൻ).

ഏട്ട kind of sheat-fish (with dangerous spines), ഏരി.

ആരൽ an eel.

Seventeenth Lesson.

How to co-ordinate Words and Sentences.

131. അവൻ ഉഷ്ണശീതരോഗശത്രുപ്രാദി തടസ്ഥങ്ങളെ ആദരിയാതെ സകലജാതിഗോത്രഭാഷാവംശങ്ങളിൽ ഈ സദ്വൎത്തമാനം അറിയിച്ചു not regarding heat, cold, sickness, enemy and other obstacles he declared the good news amongst all nations, tribes, tongues and people.

ഉഷ്ണശീതരോഗശത്രാദി തടസ്ഥങ്ങൾ = ഉഷ്ണം + ശീതം + രോഗം + ശത്രു + ആദി + തടസ്ഥങ്ങൾ. ആദി beginning, here as much as "et cetera"; ജാതിഗോത്രഭാഷാവംശങ്ങൾ = ജാതികൾ + ഗോത്രങ്ങൾ + ഭാഷകൾ + വംശങ്ങൾ. ശത്രാദി = ശത്രു + ആദി, see §247, 3.

In the same manner കഷ്ടമരണങ്ങൾ = കഷ്ടം + മരണങ്ങൾ; പാപമരണപിശാചാദിബന്ധനങ്ങൾ = പാപം + മരണം + പിശാച് + ആദി + ബന്ധനങ്ങൾ.

132. മനുഷ്യർ സന്തോഷം, സ്നേഹം, ഭക്തി, സമാധാനം, സുഖം മുതലായവററെ വിട്ടു ദൈവസ്തുതിയെ തള്ളിക്കളഞ്ഞു ലോകത്തിൽ ഗൎവ്വം, പക, വ്യഭിചാരം, ചതി, കളവു, കുല, ദൂഷണം മുതലായ പാപങ്ങളെ നിറെച്ചു ദുഃഖം, കഷ്ടം, പീഡ, രോഗം, മരണം എന്ന സമുദ്രത്തിൽ മുഴുകി കിടക്കുന്നു men parting with joy, love, piety, peace, happiness and the like and giving up the praise of God, filled the world with pride, hatred, adultery, deceit, lie, murder, blasphemy and other sins and they sank down into an ocean of sorrow, trouble, torture, sickness, death and the like.

തള്ളുന്നു, തള്ളി to throw; ചാട്ടുന്നു, ചാടി. തുടങ്ങിയുള്ളവററെ = വയെ.

133. പൊൻ, വെള്ളി, ശുദ്ധതമം, രസം, ഇരിമ്പു, ചെമ്പു, ഈയം എന്നി ലോഹങ്ങളിൽ വെച്ചു ഏററവും പ്രയോജനമുള്ളതു ഏതു? which is the most useful amongst the following metals: gold, silver, platinum, mercury, iron, copper and lead?

In the same manner: കണ്ണൻ, രാമൻ, കേളൻ എന്നിവർ.

§ 178. Ex. 131 shows that in *copulating two Nouns* sometimes the second one will be in the Plural. We observe this kind of connexion chiefly in the case of Personal Nouns (അമ്മയച്ഛന്മാർ, മാതാപിതാക്കന്മാർ parents; സഹോദരിസഹോദരന്മാർ brother and sister; Geschwister). Neutral Nouns also may be copulated this way കൈകാലുകൾ. This union seems to be less complete than by using Singular; *f. e.* അന്നവസ്ത്രങ്ങൾ എന്റെ അമ്മയച്ഛന്മാർ തരും food and raiment (അന്നം + വസ്ത്രം) my parents will give. In the same way ഭക്ഷണപാനങ്ങൾ eating and drinking. By this copulation two persons or things are to be joined so as *not* to form one person or notion; *f. e.* മരക്കഷണം (piece of wood), പൊൻസൂചി (gold needle) form *one* notion, whilst അമ്മയച്ഛന്മാർ (parents), കഷ്ടമരണങ്ങൾ (കഷ്ടവും മരണവും) are only a combination of two notions, still existing separately (as if ഉം — ഉം would be employed).

§ 179. Different from this external copulation or co-ordination of two and more words, which also after they have been combined form separate notions, is such a combination of words, by which only one notion will be formed (പൊൻസൂചി, അമ്മാമൻ etc.). But whether the combination takes place for brevity's sake (അന്നവസ്ത്രങ്ങൾ) or for euphony's sake (നല്ലന്തം) or in order to get a compound, implying any modification of the original notion, (പൊൻസൂചി) in any case certain rules as to the *Junction of Letters* must be observed.

I. *Junction of two Vowels:*

1) The last vowel of the word is dropped or 2) the two vowels are connected with each other by യ and വ.

1. The final vowel is a short അ, the initial vowel a short അ or ഉ: വന്നു + അതു = വന്നതു; നല്ല + അന്തം = നല്ലന്തം; ചെയ്യു + ഉപകാരം = ചെയ്യുപകാരം; അമ്മ + അച്ഛൻ = അമ്മച്ഛൻ (mother's father); അമ്മമ്മ (her mother) (but അമ്മയച്ഛന്മാർ why?) ഇളയ + അപ്പൻ = ഇളയപ്പൻ uncle.

2. യ is employed:

a) The first word ends with a short "അ", the second commences with a long vowel: വന്ന + ആൽ = വന്നയാൽ; അല്ല + ഓ = അല്ലയോ (but also നല്ലാകൃതി or നല്ല + ആകൃതി).

Remark: Some forms, permanently used, show that formerly വ instead of യ was employed in such cases; *f. e.* അവിടം, ഒക്കവേ, ചെയ്യുവാറേ (shortened into ചെയ്യാറേ).

b) The first word ends in ഇ, ഈ, എ, ഏ, ഐ (the five palatal letters); *f. e.* നോക്കി + ഇരിക്കുന്നു = നോക്കിയിരിക്കുന്നു; വഴി + അരികേ = വഴിയരികേ; വില + ഏറിയ = വിലയേറിയ; നീ + അല്ലോ = നീയല്ലോ; ഏറേ = അല്ല + ഏറേയല്ല; കൈ + അല്ല = കൈയല്ല etc. Instead of ഇയി we see now and then ഈ, *f. e.* കിട്ടീട്ടില്ല. As to *long* ആ, formerly വ was employed (വൃഥാ + ആക്കി = വൃഥാവാക്കി), but now യ is in general use, *f. e.* ഒല്ലാ + ഇതു = ഒല്ലായിതു.

3. വ is employed after full ഉ, ഊ and ഓ. *f. e.* പോകുന്നു + ഓ = പോകുന്നുവോ; തുറന്നു + എങ്കിൽ = തുറന്നുവെങ്കിൽ; തിരു + എഴുത്തു = തിരുവെഴുത്തു. But you may also hear: ചെയ്യെന്നു, തുറന്നെങ്കിൽ etc. ഗോ (cow) + ഉം = ഗോവും; (but also ഉണ്ടോയെന്നു). പൂ + ആട = പൂവാട (fine flowered cloth). But short ഉ is dropped, *f. e.* കണ്ടു + എത്തി = കണ്ടെത്തി; അവന്നു + അല്ല; അവന്നല്ല; ചെയ്തു + ഇല്ല = ചെയ്തില്ല; ചെയ്തു + എന്നു = ചെയ്യുന്നു (but also ചെയ്തുവെന്നു). തിരിച്ചു + അറിവാൻ = തിരിച്ചറിവാൻ; മനസ്സു + ഇല്ല = മനസ്സില്ല.

II. *As to the Junction of Consonants.*

1. Some stereotype combinations of final and initial Consonants must be borne in mind (see § 14—16). ൻ + ക = ങ്ക (വൻ + കാര്യം = വങ്കാര്യം; വൻ + കലം = വങ്കലം); ൻ + ത = ന്ത (താൻ + തോന്നിതം = താന്തോന്നിതം; പിൻ + തുണ = പിന്തുണ; ൻ + പ = മ്പ (വൻ + പാപം = വമ്പാപം); മ് + ത = ന്ത (വരും + തോറും = വരുന്തോറും); ൻ + ക = ല്ക്ക (മുൻ + കാഴ്ച = മുല്ക്കാഴ്ച preconception); ൽ + മ = ന്മ (നെൽ + മണി = നെന്മണി rice-corn); ൾ + മ = ണ്മ (ഉൾ + മോഹം = ഉണ്മോഹം inward lust; എൾ + മണി = എണ്മണി corn of sesam).

2. The following alterations are of importance:

a) Something is omitted; *f. e.* അങ്ങു + നിന്നു = അങ്ങുന്നു; എങ്ങു + നിന്നു = എങ്ങുന്നു; എഴുന്നു + നില്ക്ക = എഴുന്നില്ക്ക; കൊടുത്തു + വിട്ടു = കൊടുത്തുട്ടു; ഇട്ടു + വെച്ചു = ഇട്ടേച്ചു.

b) Here we may also explain ഓട്ടു (see ex. 57) at the end of so many Adverbs denoting *direction*. ഓട്ടു is originally the first Adverbial Participle of പടുക (പെടുക) = പട്ടു to fall or to get into a direction; hence, *f. e.* മേൽ (above, up) + പട്ടു = മേലോട്ടു upwards; പടിഞ്ഞാറു + പട്ടു = പടിഞ്ഞാറോട്ടു westward; കീഴ + പട്ടു = കീഴോട്ടു downwards. It occurs

even in connection with a Locative; *f. e.* അവൻ വെള്ളത്തിലോട്ടു കനിഞ്ഞു നോക്കി he stooped and looked down into the water.

c) Between a final long ഊ and an initial ത, ന is inserted; *f. e.* പൂ + തോട്ടം = പൂന്തോട്ടം; പൂ + തേൻ = പൂന്തേൻ (nectar of flowers).

Special care must be taken with the *final* അം.

a) Before ഉം it is changed into അവ; *f. e.* പാപം + ഉം = പാപവും. In the same manner also: വസ്ത്രം + എല്ലാം = വസ്ത്രവെല്ലാം; ഓട്ടം + ഒഴുക്കം = ഓട്ടവൊഴുക്കം shipping and timber floating.

b) Before ആ in ആക്കുന്നു (or ആകുന്നു) and other long vowels it is simply changed into മ; *f. e.* അവൻ എല്ലാം നാനാവിധമാക്കിക്കളഞ്ഞു (വിധം + ആക്കി he wasted everything); എന്റെ കൈവശമായ്പോയി (വശം + ആയി) it came into my possession; ഇമ്പമേറിയ (ഇമ്പം + ഏറിയ) full of delight.

c) Before consonants and short vowels (with the exception of അ) അം is simply dropped; *f. e.* സ്നേഹപ്രവൃത്തി (സ്നേഹം + പ്രവൃത്തി) work of love; സന്തോഷകരമായ വർത്തമാനം (സന്തോഷം + കരം) a message conveying joy; സ്നേഹശാലി (സ്നേഹം + ശാലി) one endowed with love; മാറ്റൊലി (മാറ്റം + ഒലി) echo; സത്യശീലൻ (സത്യം + ശീലൻ) honest, sincere; മരക്കലം a wooden bowl; വെളിച്ചെണ്ണ lamp-oil; but also പണയമോല a document of mortgage.

d) Before short അ and long ആ, അം is dropped, but അ is lengthened into ആ, *f. e.* സന്തോഷാതിശയം (സന്തോഷം + അതിശയം) high delight; ന്യായാധിപതി (ന്യായം + അധിപതി) judge; ദ്രവ്യാഗ്രഹം (ദ്രവ്യം + ആഗ്രഹം) covetousness etc.

Such compounds will especially occur when positive and negative qualities (words of Sanskrit origin being employed) are connected with each other. Mark: ന്യായാന്യായം (right and wrong); ശുദ്ധാശുദ്ധഭേദം (difference between pure and impure); സത്യാസത്യഭേദം (difference between truth and untruth).

3. The initial consonant is doubled especially after short അ, ആ, ൽ, ൾ, ഇ, ഉ, ർ; *f. e.* (മഴക്കാലം rainy season); പടജ്ജനം (troops); കൊള്ളക്കൊടുക്ക (buying and selling); കനല്ക്കട്ട (live coals); പാല്ക്കടൽ (the milk ocean); ഉള്ക്കൊണ്ടു (having); ഉൾക്കൈ (help); മുലക്കുട്ടി (infant); പുലിത്തോൽ (skin of leopard); പുതുച്ചൊൽ (a new word); പോൎക്കളം (battle-field); സ്വൎഗ്ഗലോകം (heavenly world). പെടുക, പാടു and പോൾ in general have their first consonant doubled: ഭയപ്പെട്ടു, ചെയ്യപ്പെട്ടു, ചെയ്യുമ്പോൾ, പുറപ്പാടു etc. Exceptions are: വഴിപോക്കൻ (wanderer); മക്കൾ + ദായം = മക്കൾത്തായം = മക്കത്തായം (the right of sons to inherit).

III. Some Sanskrit junctions of vowels and consonants are in general use.

1. The final അ and the initial ഇ blend into ഏ: മഹാ + ഈശ്വരൻ = മഹേശ്വരൻ (Great God).

2. The initial ഉ after അ is changed into ഓ, *f. e.* സൂൎയ്യ + ഉദയം = സൂൎയ്യോദയം (sunrise); കേരള + ഉപകാരി = കേരളോപകാരി (friend of Malabar); ലോക + ഉൽപത്തി = ലോകോല്പത്തി (genesis of the world); in the same manner: കേരളോല്പത്തി, ലോകോപദ്രവം (oppression of the world); സത്യോത്തരം; പൎവ്വതോദരം (mine). മഹോത്സവം (great festival).

3. The final short അ is lengthened before an initial consonant; *f. e.* കരുണ+നിധി= കരുണാനിധി (treasure of mercy) കൃപ+ദിവസം=കൃപാദിവസം (day of grace) see § 247.

§ 180. Ex. 131 shows further, that Compound Nouns are not always co-ordinate notions, but that very often the last word is subordinated to the Nouns before. So we may connect (as in ex. 131) three and more Genitives (or Locatives) with the governing Noun. The meaning of our expression is ഉഷ്ണത്തിന്റെ തടസ്ഥങ്ങളെയും ശീതത്തിന്റെ തടസ്ഥങ്ങളെയും രോഗത്തിന്റെ തടസ്ഥങ്ങളെയും ശത്രുവിന്റെ തടസ്ഥങ്ങളെയും മുതലായ തടസ്ഥങ്ങളെയും ആദരിച്ചിട്ടില്ല. Instead of this we place all these Genitives as Nominatives together and combine them by ആദി, മുതലായ, തുടങ്ങിയുള്ള with the governing Noun (തടസ്ഥങ്ങളെ). Hence these copulating words are translated best by "and the other", "and the rest of". If there is only one Genitive, we simply form a Compound Noun, as in English and German, thus: പാപബന്ധം (Sündenband); കടൽവഴി sea-way, (Seeweg). Ex. 132 shows, that the meaning of മുതലായതു (വ), തുടങ്ങിയുള്ളതു (വ) and ഇത്യാദി is also sometimes "et cetera" or "and so on".

If a series of Nouns shall be summed up, എന്നി with a following Noun or Pronoun in any case may be employed. നരി സിംഹം ആന എന്നി മൃഗങ്ങൾക്കു (എന്നി=എന്ന+ഇ) എത്രയും ശക്തി ഉണ്ടു how strong are the tiger, the lion, and the elephant! ക്ഷാമം, രോഗം, യുദ്ധം, അഗ്നിഭയം എന്നിവ ഒരുമിച്ചു വന്നാൽ എന്തു ചെയ്യേണ്ടു if famine, sickness, war, fear of fire come all together, what shall we do!

§ 181. വരുവാനുള്ള (ex. 133). The second Adverbial Participle may be changed into an Adjective Participle by adding ഉള്ള; if അവൻ, -ൾ, -തു is affixed, a Participial Noun will be formed. വരുവാനുള്ളവൻ, -ൾ, -തു he who shall come or has to come; *f. e.* എണ്ണുവാനുള്ള മറുപടി കിട്ടിയാൽ തീൎച്ച പറയും if I get the reply, which I expect, I shall give a deciding answer. വരുവാനുള്ളവൻ നീയോ? ഞങ്ങൾ മറെറാരുവനെ കാത്തിരിക്കയോ? art thou he that should come or do we look for another (wait)?

§ 182. With regard to the *Past Tense of Verbs* (§§ 62. 74. 84. 158) we learn further: രുന്നു (വരുക, തരുക) is changed into ന്നു (വന്നു, തന്നു), but ഉയരുന്നു, ഉയൎന്നു. ഉന്നു (62) preceded by എ ചെയ്യുന്നു, പെയ്യുന്നു (pour down), മഴ പെയ്യുന്നു (it rains) take തു (ചെയ്തു, പെയ്തു), but not after a long ഏ (മേയുന്നു, മേഞ്ഞു) to graze.

Flexion of the Verb.

I. The Past Tense is formed by adding ഇ.

1. The Crude-form ends in a double consonant:

താങ്ങുന്നു,	താങ്ങി.	വെട്ടുന്നു,	വെട്ടി.
മണ്ടുന്നു,	മണ്ടി.	ഉപ്പുന്നു,	ഉപ്പി.
കാച്ചുന്നു,	കാച്ചി.	തെററുന്നു,	തെററി.

കത്തുന്നു, കത്തി. മിന്നുന്നു, മിന്നി.
എണ്ണുന്നു, എണ്ണി. ചീന്തുന്നു, ചീന്തി.
തുള്ളുന്നു, തുള്ളി. തല്ലുന്നു, തല്ലി etc.

Exceptions: കൊല്ലുന്നു, കൊന്നു. ചൊല്ലുന്നു, ചൊന്നു.
ഉണ്ണുന്നു (eat), ഉണ്ടു. തിന്നുന്നു, തിന്നു.
കൊള്ളുന്നു, കൊണ്ടു. ചെല്ലുന്നു, ചെന്നു.

2. The Crude-form consists of one syllable with a long vowel.

കൂച്ചുന്നു (bend), കൂച്ചി. മേവുന്നു (dwell), മേവി.
കൂടുന്നു, കൂടി. മാറുന്നു, മാറി.
കോലുന്നു (to have to do), കോലി. കാളുന്നു (burn), കാളി etc.

Exceptions: ആളുന്നു (rule), ആണ്ടു; നീളുന്നു, നീണ്ടു; വീളുന്നു (get back), വീണ്ടു; ആഴുന്നു (sink) ആണു.

ഇ and ണ്ടു are employed in വാളുന്നു (വാളി sow, വാണ്ടു scratched); മാളുന്നു (മാളി and മാണ്ടു); പൂളുന്നു (in the North പൂണ്ടു; South പൂളി) take out the eatable part of a stone-fruit. ചാരുന്നു (lean against) takes ചാരി and ചാൎന്നു; ഈരുന്നു (saw) ഈൎന്നു; പോരുന്നു, പോന്നു.

3. The Crude-form consists of two syllables, both of which are short.

ഉരസുന്നു (wear off), ഉരസി. കരുതുന്നു, കരുതി.
മുരടുന്നു (to be knotty), മുരടി. ചിതറുന്നു, ചിതറി.
മരുവുന്നു (abide), മരുവി. അലസുന്നു (be tired), അലസി.

Exceptions; വറളുന്നു (grow dry), വറണ്ടു.
അകലുന്നു (be distant), അകന്നു.

4. Intransitive Verbs ending in കു or ങ്ങു and the Transitive Verbs formed from them, ending in ക്കു.

ആകുന്നു, (ആകി) ആയി. ആക്കുന്നു, ആക്കി.
പോകുന്നു, പോയി. പോക്കുന്നു, പോക്കി.
ഇളകുന്നു, ഇളകി. ഇളക്കുന്നു, ഇളക്കി.
തൂങ്ങുന്നു, തൂങ്ങി. തൂക്കുന്നു, തൂക്കി.
വിളങ്ങുന്നു, വിളങ്ങി. വിളക്കുന്നു, വിളക്കി etc.

II. The Past Tense is formed by the affix തു.

1. In the case of Crude-forms ending in യ or ഴ and ര.

എയ്യുന്നു, എയ്തു (cast, throw). ചെയ്യുന്നു, ചെയ്തു.
നെയ്യുന്നു, നെയ്തു. പെയ്യുന്നു, പെയ്തു.
കൊയ്യുന്നു, കൊയ്തു (reap). പൊരുന്നു, പൊരുതു (fight).
ഉഴുന്നു, ഉഴുതു (plough). തൊഴുന്നു, തൊഴുതു (adore).

Exceptions: വരുന്നു, വന്നു. തരുന്നു, തന്നു.

2. Strong Verbs take ത്തു instead of തു.

a) If the Crude-form ends in ആ, ഊ, ഒ, ഓ:

കാക്കുന്നു, കാത്തു; പൂക്കുന്നു, പൂത്തു (blossom).
മൂക്കുന്നു (ripen), മൂത്തു; ഒക്കുന്നു, ഒത്തു (be equal).
കോക്കുന്നു (thread a needle) കോത്തു; തോക്കുന്നു, തോത്തു (bore a hole into a fruit); but: തൊക്കുന്നു (support) തൊക്കി.

b) If the Crude-form ends in ർ, ളു and ഴ:

പാൎക്കുന്നു, പാൎത്തു; തീൎക്കുന്നു, തീൎത്തു.

ചേൎക്കുന്നു, ചേൎത്തു; ഓൎക്കുന്നു, ഓൎത്തു.

വിയൎക്കുന്നു, വിയൎത്തു; മധുരക്കുന്നു, മധുരത്തു (become sweet).

ഇഴുക്കുന്നു, ഇഴുത്തു (to drag); വീഴ്ക്കുന്നു, വീഴ്ത്തു (throw down).

c) Some of the Crude-forms ending in ഉ, with the exception of those under I. 4.

പകുക്കുന്നു, പകുത്തു; എടുക്കുന്നു, എടുത്തു.

തണുക്കുന്നു, തണുത്തു; പൊറുക്കുന്നു, പൊറുത്തു (bear, sustain).

d) Some Crude-forms ending in അ and derived from Nouns:

ഉരക്കുന്നു (ഉരം), ഉരത്തു (to be strong); മണക്കുന്നു (മണം) മണത്തു.

കനക്കുന്നു (കനം), കനത്തു (to be heavy); ബലക്കുന്നു (ബലം), ബലത്തു (to be strong).

3. Strong Verbs ending in a palatal Vowel take ച്ച instead of ത്തു.

a) Ending in ഇ:

ഇടിക്കുന്നു, ഇടിച്ചു (to be bruised); വലിക്കുന്നു, വലിച്ചു.

Remark: In this class belong also all Sanskrit Verbs and most Causative Verbs:

(a) സ്നേഹിക്കുന്നു, സ്നേഹിച്ചു. *(b)* അറിയിക്കുന്നു, അറിയിച്ചു.

b) Ending in എ:

വിറെക്കുന്നു, വിറെച്ചു; വെക്കുന്നു, വെച്ചു.

c) Ending in ഈ, ഏ, ഐ and യ:

ചീക്കുന്നു, ചീച്ചു (squeeze); കൈക്കുന്നു, കൈച്ചു (to be bitter).

തേക്കുന്നു, തേച്ചു (rub); മേയ്ക്കുന്നു, മേച്ചു (to graze).

But തേക്കുന്നു, തേക്കി belck.

4. ത്തു is changed into ട്ടു or റ്റു in the case of weak Verbs ending in ടു or റു, or of strong Verbs ending in ൾ or ൽ.

a) Ending in ട and ൾ:

1. നടുന്നു, നട്ടു (plant); ചുടുന്നു, ചുട്ടു (burn).
   തൊടുന്നു, തൊട്ടു; പെടുന്നു, പെട്ടു (happen).
2. കേൾക്കുന്നു, കേട്ടു; കക്കുന്നു (കൾക്കുന്നു), കട്ടു (steal).

b) Ending in റ and ൽ:

1. അറുന്നു, അററു (broke off); പെറുന്നു, പെററു (bring forth).
2. വില്ക്കുന്നു, വിററു; ഏല്ക്കുന്നു, ഏററു (hit, receive).
   വല്ക്കുന്നു, വററു (catch); നോല്ക്കുന്നു, നോററു (fast); തോല്ക്കുന്നു, തോററു (be defeated) etc.

Exception: നില്ക്കുന്നു, നിന്നു, but എഴുന്നീററു, തറുന്നു, തററി to put the tail between the legs.

III. Past Tense formed by the affix ന്തു.

1. Under the form of ന്തു it occurs in a few Verbs only.

നോകുന്നു, നൊന്തു (to pain); വേകുന്നു, വെന്തു (burn).

2. ന്തു becomes ന്നു after crude forms ending in അ.

കിടക്കുന്നു, കിടന്നു; പറക്കുന്നു, പറന്നു.

ചുമക്കുന്നു, ചുമന്നു; അളക്കുന്നു, അളന്നു.

വിശക്കുന്നു, വിശന്നു; പിറക്കുന്നു, പിറന്നു.

3. ന്നു is changed into ഞ്ഞു after crude forms ending in palatal vowel (or യുന്നു in Present Tense).

കരിയുന്നു, കരിഞ്ഞു (charred); ചീയുന്നു, ചീഞ്ഞു (rotten).
പറയുന്നു, പറഞ്ഞു പായുന്നു, പാഞ്ഞു.
മേയുന്നു, മേഞ്ഞു (grazed); ആരായുന്നു, ആരാഞ്ഞു (ask).

4. ന്നു following roots ending in ര, ൽ, റ, ഴ and ൾ.

a) ര + ന്നു = ർന്നു.

ചേരുന്നു, ചേർന്നു; തീരുന്നു, തീർന്നു.
ചോരുന്നു, ചോർന്നു (leak);

Exception പോരുന്നു, പോന്നു.

b) ൽ + ന്നു = ന്നു:

ആലുന്നു, ആന്നു (spread); ഞാലുന്നു, ഞാന്നു (hang).
ഞേലുന്നു, ഞേന്നു (hang); അകലുന്നു, അകന്നു (see I. 3.).
ചുഴലുന്നു, ചുഴന്നു (surround); ചെല്ലുന്നു, ചെന്നു (see I. 1.).
കൊല്ലുന്നു, കൊന്നു (I. 1.).

c) ൾ + ന്നു = ണ്ടു:

ആളുന്നു, ആണ്ടു (rule); നീളുന്നു, നീണ്ടു (I. 2.).
വീളുന്നു, വീണ്ടു (get back); വറളുന്നു, വറണ്ടു (I. 3.).
ഇരുളുന്നു, ഇരുണ്ടു (get dark); കൊള്ളുന്നു, കൊണ്ടു (I. 1.).

d) ഴ + ന്നു = ണു or ണ്ണു:

1. ചൂഴുന്നു, ചൂണു (surround); വീഴുന്നു, വീണു.
ആഴുന്നു, ആണു (sink); കേഴുന്നു, കേണു (weep).
നുഴുന്നു, നുണു (creep in); വാഴുന്നു, വാണു (rule).
2. അമിഴുന്നു, അമിണ്ണു (sink); കവിഴുന്നു, കവിണ്ണു (be overturned).
പുകഴുന്നു, പുകണ്ണു (praise); ഉമിഴുന്നു, ഉമിണ്ണു (spit).

IV. The Vowel of the root shortened in the Past Tense.

കാണുന്നു, കണ്ടു (see I. 2.); വേകുന്നു, വെന്തു (III. 1.).
നോകുന്നു, നൊന്തു (III. 1.); ചാകുന്നു, ചത്തു.

V. The Past Tense formed by the affix ക്ക.

പുകുന്നു, (പൂകുക) പുക്കു (enter); മികുന്നു, മിക്കു (increased) from which മിക്ക "most" is derived. തകുന്നു, തക്കു (fit).

Remark: The last two words are chiefly used as Adjective Participles: മിക്ക greater part, chiefest; തക്ക fit.

Exercise.

പലവിധമുള്ള (വിധം kind) നെല്ലുകൾ കൂടാതെ (നെൽ or നെല്ലു rice as growing) മറ്റും ചില ധാന്യങ്ങൾ (corn) മലയാളത്തിൽ വളരുന്നുണ്ടു. കന്നി വിള (കന്നി September, വിള crop; കന്നിയിലുള്ള വിള) തീർന്ന ശേഷം പല വയലുകളിലും (വയൽ field) മുതിര (horse gram), ഉഴുന്നു (kidney bean), ചെറുപയറു (small peas), അരിപ്പയറു, അവര (country

bean) എന്ന പയറുകളും പലവിധമുള്ള ചേമ്പുകളും (*Caladium esculentum*), വത്തക്ക (water-millet), വെള്ളരിക്ക (cucumber), കുമ്പളങ്ങ (pumpkin), പുകയില (പുക = smoke, ഇല = leaf: tobacco) ഇത്യാദികളും നട്ടുവരുന്നു. വെണ്ടക്ക, പടോലങ്ങ (bitter cucumber), മുള്ളങ്കി, ചേന (a kind of yam), ചീര (greens, used like spinage) മുതലായ പച്ചക്കറിസാധനങ്ങൾ (കറി + സാധനം = materials) കൂടാതെ ഈ നാട്ടിൽ പ്രത്യേകമായി കുരുമുളക് (pepper) വളരേ ഉണ്ടു അതു മലയാളത്തിൽ എന്നപോലേ എവിടേയും (§ 137) നന്നായി വരായ്കയാൽ പ്രത്യേകമായി ഇവിടേനിന്നു കയററി (the Transitive Verb of കയറുക) കൊണ്ടു പോകുന്നു. കപ്പൽമുളകു പൊത്തുഗീസുകാർ അമേരിക്കയിൽനിന്നു കൊണ്ടുവന്നിരിക്കുന്നെങ്കിലും ഇപ്പോൾ ഈ നാട്ടിൽ സ്വദേശത്തിൽ എന്ന കണക്കേ വളൎന്നു പെരുത്തു ഉപകരിക്കുന്നു (benefit). ഇഞ്ചി (ginger), മഞ്ഞൾ (saphron), ഏലം (cardamoms, ഏലത്തരി seed) എന്നിവയെ രാജ്യത്തിൽ ഉപയോഗിക്കുന്നതിന്നു പുറമേ വിലാത്തിയിലേക്കും അയക്കും. തെങ്ങു, പന (palmyra), കഴുങ്ങു (areca-nut tree), മാവു, പിലാവു, പുളി (tamarind) ആൽ (*Ficus Indica*) മുതലായ വൃക്ഷങ്ങളെ കുറിച്ചു നാം മുമ്പേ കേട്ടുവല്ലോ!

Remark: പുറമേ occasionally used instead of കൂടാതെ, അല്ലാതെ meaning "besides", "additionally".

134. എത്രയും ഭംഗിയുള്ളതും വിലയേറിയ കല്ലുകളെക്കൊണ്ടു പണിയിക്കപ്പെട്ടതുമായ ഈ ഭവനത്തിൽ മൂന്നാൾ നിൎഭാഗ്യരും ദുഃഖപരവശരുമായി പാൎക്കുന്നു in this beautiful house, built up with precious stones, there are living three persons quite unhappy and immersed in sorrow.

ദുഃഖപരവശൻ one absorbed by from sorrow.

135. കുട്ടി മരിക്കുമാറായി എന്നു അച്ഛൻ കാണുകയിൽ അമ്മയെ ധൈൎയ്യപ്പെടുത്തിയതല്ലാതെ പൈതലിന്നു മരുന്നു കൊടുത്തതിനാൽ രോഗം മാറി കുട്ടിക്കു സൌഖ്യം വരികയും ചെയ്തു; അന്നുതൊട്ടു പനി വരാറില്ല when the father saw that his child was on the point of death, he did not only encourage the mother, but in giving medicine to the infant the sickness ceased and the child recovered; from that time the fever is not setting in.

മരിക്കുമാറായി = മരിക്കും + ആറു + ആയി; ആറു = way, manner; മാറുന്നു, മാറി = change, here as much as "to be healed"; വരാറില്ല = വരും + ആറു + ഇല്ല.

136. "സ്ത്രീകളെ കൊണ്ടു നടക്കും പുമാന്മാൎക്കു വേഗപ്രയോഗം ശുഭമല്ല" എന്നു ശിവപുരാണത്തിൽ വായിക്കുന്നതു എല്ലാ മൎയ്യാദസ്ഥരും പ്രമാണിക്കേണ്ടതു "it is not becoming to gentlemen to walk fast when accompanying ladies"; all gentlemen ought to make this saying of the Shiva-Purāṇam their maxim. (*Lit.* what we read thus in the Shiva-Purāṇam all gentlemen etc.)

നടക്കും see § 91; പുമാൻ = പുരുഷൻ; വേഗപ്രയോഗം application (use) of haste; ശുഭം fine, good; പുരാണം one of the mythological treatises ascribed to Vyāsa; മൎയ്യാദസ്ഥൻ one who possesses മൎയ്യാദ (civility); see § 278, 1. ആക്കേണ്ടതു = ആക്ക + വേണ്ടതു, see § 139.

§ 183. ഭംഗിയുള്ളതും പണിയിക്കപ്പെട്ടതുമായ ഭവനം (ex. 134) shows the way in which *two or more Attributes are copulated* and joined to their Noun or Pronoun. Not to the Attributes themselves ഉം—ഉം

is added. As Nouns, Neuter Nouns (formed from Verbs or Adjectives പണിയിക്കപ്പെട്ടതു, നല്ലതു) or Verbal Nouns only (§ 123) can be co-ordinated, the Attributes must be joined together as such. Therefore Adjectives derived from Nouns drop ഉള്ള or ആയ and take ഉം to the Original Noun itself. (ഭംഗിയും ബുദ്ധിയും instead of ഭംഗിയുള്ള, ബുദ്ധിയുള്ള) Adjective Participles change into Neuter Nouns (പണിയിക്കപ്പെട്ടതും from പണിയിക്കപ്പെട്ട) and after having thus combined two Nouns we affix to the last of them the termination of an Attribute ഉള്ള or ആയ, what transforms both of the Nouns again into Adjectives or Attributes. Thus: അഞ്ചു ബുദ്ധിയുള്ളവരും അഞ്ചു മൂഢരുമായ കന്യകമാർ പുറപ്പെട്ടു പോയി. (Why not ബുദ്ധിയും?) Five wise and five foolish virgins went out. ചെറിയതും ദാരിദ്ര്യമുള്ളതുമായ ഒരു കുട്ടി a small and poor child.

§ 184. In the same way also *Adverbs are combined* (നിർഭാഗ്യരും സുഖപരവശരുമായി) only instead of ആയ or ഉള്ള ആയി is added to the combined Nouns. But in general, Adverbs are combined by ഉം—ഉം; *f.e.* അവൻ താല്പൎയ്യത്തോടും വേഗതയോടും തന്റെ പണി ചെയ്യും he will do his business diligently and quickly. നീ ഈ കാൎയ്യം നന്നായും പൂൎണ്ണമായും സമൎപ്പിക്കേണം you ought to accomplish this matter nicely and perfectly.

§ 185. മരിക്കമാറായി, വരാറില്ല (ex. 135) point out a new use of the Noun ആറു "way", "manner" (see ആറേ § 86). മരിക്കമാറായി means literally: He is one, who is in the way of dying; he is about dying; is on the point of death. വരാറില്ല is the short form of വരുമാറില്ല, this means: "the fever is not about coming; it does not come now and then as formerly". We see this form is chiefly used in connexion with the Future Participle (Second Future as well as the first; see the examples at the end of this Para.). അച്ഛൻ വന്നോ? അവർ എത്തുമാറായി did the father come? He is arriving (is about arriving, this means: we can see now that he is coming) നിങ്ങൾ പുറപ്പെട്ടമാറായി you were going away (on the way going out). ആറു may also be employed before the Transitive ആക്കുക; *f.e.* അവൻ അവനെ സംസാരിക്കമാറാക്കി they made him (by and by) speaking; അവർ രോഗിക്കു ശക്തി വരുത്തുമാറാക്കി they strengthened (by and by) the patient.

The meaning of ആറു in these examples is either *a)* that something only "gradually comes to existence", "was done" or *b)* that an action has taken place repeatedly.

In colloquial language this form is very frequently used, especially in connexion with ആക, ഉണ്ടു, ഇല്ല.

ആനകൾക്കു യുദ്ധാഭ്യാസം ശീലിപ്പിച്ചു യുദ്ധത്തിൽ കൊണ്ടുപോകമാറുണ്ടു (used to bring).

കതിര പശുക്കൾ തുടങ്ങിയുള്ളവയെ പോലേ തേക്കിയരെക്കമാറില്ല (not accustomed to ruminate).

യഹൂദന്മാർ ആടുകളെ ബലി കഴിച്ചു ഭക്ഷിക്കമാറുണ്ടായിരുന്നു (used to eat).

ഭൂമിയിൽ മഴ ഇല്ലാഞ്ഞാൽ യാതൊന്നും മുളെക്കാറില്ലല്ലോ.—മരിപ്പാറായി (see § 74) is dying.

ശബ്ദം ഉച്ചരിപ്പാൻ കൂടേ അറിയുന്നില്ല; അറിവാറായെങ്കിൽ വിക്കി വിക്കി പറയുന്നു (knowing them gradually, almost).

ഇതിൽ രുചി കൂടാറായവൻ കാണിക്കേണ്ടും സൂക്ഷ്മം (one who gradually relishes this).

കാണ്മാറാവു (കാണ്മു + ആറു + ആവു) may I come to see!

These expressions will furnish us with a third form of *the Progressive* (മരിക്കും and മരിക്കുന്നുണ്ടു) see § 106. 135.

§ 186. വരികയും ചെയ്യു (ex. 135) വെളിപ്പെടുത്തുകയും അയക്കുകയും ചെയ്യു represent a very important construction in Malayalam. The Infinitive or Verbal Noun is used very often together with an Auxiliary Verb to complete a long sentence. Frequently it is employed in this manner at the end of a long sentence or at the conclusion of any exposition, where we would begin a new line in English or German. Besides ചെയ്യു also വേണം or വേണ്ടു, ഇരിക്ക, ആക and their Negatives may be employed to join a number of Verbal Nouns.

The second example shows, that in a compound sentence ചെയ്യു is used to combine two and more Predicates. The Verbal Nouns are copulated by ഉം and ചെയ്യു, or the Auxiliary Verbs mentioned above take the place of the Finite Verb. ഞാൻ തന്നേ കാണ്കേ നിങ്ങളുടെ കുട്ടി കളിക്കയും ചിരിക്കയും ചെയ്യിരിക്കുന്നു in my very presence your child played and laughed; കടലിൽ കുളിക്കയും എണ്ണ തേക്കുകയും വേണം (കുളിക്ക bathe); എണ്ണ oil; തേക്കുന്നു, തേച്ചു (to rub).—It is necessary to bathe in the sea and to rub (the body) with oil.

§ 187. In adding ഹീനത, കേടു, ഇല്ലായ്മ, ഭംഗം to a word or putting അ, നിർ before a word we get its negative meaning; *cf.* in English "less" (los) in carelessness, "dis", "un" in unbelief, unthankfulness—Unglauben, Undankbarkeit). Thus ഭക്തിഹീനത (want of piety), ക്രമക്കേടു (disorder), സ്നേഹമില്ലായ്മ (want of love), രക്ഷാഭംഗം (want of help), അവിശ്വാസം (unbelief), നിർദ്ദോഷത (innocence); see § 268. ഹീനത derived from ഹീനം (a Sanskrit Past Participle = deprived of) means deficiency. Its Masculine is ഹീനൻ, *f. e.* ബുദ്ധിഹീനൻ one foolish.

കേടു (Malayalam) loss, want; ഒരുക്കക്കേടു want of readiness. ഭംഗം (Sanskrit) breaking, loss; *f. e.* ആശാഭംഗം disappointment.

അ is the Sanskrit Privative.

As to നിർ see § 268, 11.

§ 188. വെയ്പ്പെടുത്തുക (ex. 135). The Transitive or *Causative form of Verbs* ending in പ്പെടുക is formed by inserting ത്തു (Past Participle ത്തി) after പെടു; *f. e.* വെളിപ്പെടുക reveal, show one self വെളിപ്പെടുത്തുക to lay open (see § 154). Thus: സ്നാനപ്പെടുക (സ്നാനം baptism) to receive baptism; സ്നാനപ്പെടുത്തുക to baptize. The syllable ത്തു is also employed in the Causative

of Verbs ending in ക്കുന്നു; *f.e.* ചുമക്ക to bear, ചുമത്തുക to lay a burden on somebody; നടക്ക, നടത്തുക to lead, besides Verbs ending in രുന്നു take ത്തുന്നു: ഉയരുന്നു, ഉയൎത്തുന്നു to lift up, ഉണരുക, ഉണൎന്നു awake, ഉണൎത്തുന്നു awaken; see Flexion of the Verb, page 141 ff.

§ 189. കാണുകയിൽ (ex. 135). This Locative of the Verbal Noun denotes simultaneousness of the two actions in the chief sentence (ചെയ്യപ്പെടുത്തുക) and in the depending sentence (കാണുക) and corresponds to the English Conjunction "whilst" ("während" in German) "സംസാരിച്ചു തൎക്കിക്കയിൽ അവൻ വന്നു"; *cf.* ഇരിക്കേ, കാണ്കെ, see Page 124. § 169.

Mark: In dropping the "അ" of the Verbal Noun (or modern Infinitive) and adding ഇൽ we get the Conditional instead of the Locative; thus: കാണുകിൽ, കൊടുക്കിൽ, ചെയ്കിൽ or the contracted forms മടങ്ങിൽ, തുടങ്ങിൽ etc. This Conditional ought not to be confounded with the Locative: കാണുകയിൽ, കൊടുക്കയിൽ, ചെയ്കയിൽ, *cf.* § 134.

§ 190. വായിക്കുന്നതു (ex. 136) shows that also a Subjunctive clause (Noun clause) is rendered in Malayalam by the Neutral Verb (for the Objective-clause, see § 157). So also in the following sentences: നിന്നെ കാത്തിരിക്കുന്നവർ ആരും നാണിക്കയില്ല whosoever waits for thee shall not be ashamed; ആശ്വാസം വരുത്തുവാൻ നോക്കുന്നതു ദൈവത്തിന്റെ സ്വഭാവം it is God's nature to look out for imparting consolation; *cf.* the Infinitive in Greek "τὸ ὑπὲρ τῆς πατρίδος ἀποθανεῖν καλόν ἐστι"—it is beautiful to die for one's fatherland.

Exercise 1.

Human body (continued).

To blow the nose മൂക്കു ചീന്തുക.

To poke the nose മൂക്കു തുളെക്കുന്നു.

The bite of a snake പാമ്പിന്റെ കടി (കൊത്തു) കടിവായി.

He was bitten അവനെ കടിച്ചു.

The poison has spread (has taken effect) വിഷം ഏററു (തീണ്ടി).

To extract the poison വിഷം ഇറക്കുക.

To commit suicide ആത്മഹത്യ ചെയ്യുക.

To feel pains in the stomach വയറു വേദന എടുക്ക.

The pains are griping അതു കടിക്കുന്ന വേദന തന്നേ ആകുന്നു.

To be in labour പ്രസവവേദനപ്പെടുക.

He is dying അവൻ മരിപ്പാറായി.

He breathes his last അവൻ ഊൎദ്ധശ്വാസം വലിക്കുന്നു.

Do not always scratch your legs നിന്റെ കാലുകൾ എപ്പൊഴും ചൊറിയല്ല (മാന്തല്ല).

It is only a cramp അതു ഒരു വിലക്കമത്രേ.

Take sulphur to get rid of your itch ചിരങ്ങു (ചൊറി) മാറുവാൻ ഗന്ധകം പ്രയോഗിക്ക.

If these spasms in the extremities come on, you must rub his legs well കൈകാലുകളിൽ മീൻപ്പാച്ചൽ (ഞരമ്പുവലി) വരുമ്പോൾ നിങ്ങൾ പാദങ്ങളെ നല്ലവണ്ണം തിരുമ്മേണം.

To dislocate the thigh തുട ഉളുക്കി പോക.

What a boil is this, I hope it is not cancer or a carbuncle or an abscess ഇതു എന്തൊരുകുരു! അതു അൎബ്ബുദമോ രാജകുരുവോ വിദ്രധിയോ അല്ല എന്നു ഞാൻ ഊഹിക്കുന്നു.

He suffers from a sore throat അവന്നു തൊണ്ട വേദന ഉണ്ടു (കഫം കട്ടുക്കി വലിക്കുന്നു).

The ankle has been sprained നരിയാണി ഉളുക്കി പോയി. [നോക്കം.

Look at that hump-back ആ കണ്ടനെ (ക്രൂനൻ)

He has broken his neck അവന്റെ കഴുത്തു ഒടിഞ്ഞു പോയി.

He has got sore eyes, but I hope it will not turn out to be *gutta serena* അവന്നു ചെങ്കണ്ണു ഉണ്ടു എന്നാൽ അതു തിമിരമായി തീരുകയില്ല എന്നു ഞാൻ ആശിക്കുന്നു.

He has got squint eyes അവന്നു കോങ്കണ്ണുകളുണ്ടു (കോങ്കണ്ണൻ, കോങ്കണ്ണി).

Clean your ears with this syringe ഈ പിസ്കാരികൊണ്ടു ചെവിയിൽ വെള്ളം അടിക്ക.

You better take a purgative നീ ഒന്നു വയറിളക്കിയാൽ നല്ലതു.

I suffer from giddiness എനിക്കു തലതിരിച്ചൽ ഉണ്ടു.

This is not a common cough, it is hooping cough അതു സാധാരണമായ കുരയല്ല, അതു കൊക്കിക്കുര തന്നേ ആകുന്നു (കൊക്കുര).

I do not know whether it is colic or spasm in the bowels അതു കുടർവാതമോ കുടലേററമോ എന്തോ എന്നു ഞാൻ അറിയുന്നില്ല.

The itch has been drawn in ചൊറി വലിഞ്ഞു പോയി.

There are pains, heat, swelling and fever കടച്ചലും പുകച്ചലും വീക്കവും പനിയുമുണ്ടു.

To have a strong appetite മൂലാഗ്നി കത്തുന്നു.

To yawn ആവി ഇടുക, കോട്ടുവായി ഇടുക.

To stretch one self മൂരി വിടുക, നിവിൎന്നു ഞെളിയുക, വിജൃംഭിക്ക.

To sneeze തുമ്മുക, (തുമ്പുക).

To cough കുരെക്ക.

To gnash the teeth, to grin പല്ലിറുമ്മുക, പല്ലിളിക്ക (പല്ലുകാട്ടുക).

To take breath ശ്വാസം വലിക്ക.

To breathe out ശ്വാസം വിടുക.

To breathe with difficulty ഏങ്ങുക (വിമ്മുക).

To be stifled ശ്വാസം മുട്ടിപ്പോക.

He is bilious അവന്നു പിത്തം ഇളകി.

Sweat to break out വിയൎപ്പു പൊട്ടി.

To be unconscious കഥയില്ല (ബോധക്കേടു).

Impoverished blood രക്തക്ഷയം.

Hiccup എക്കിട്ട (to hiccough എക്കളിക്ക).

Phlegmatic fever ശ്ലേഷ്മവ്യാധി.

Asthma ഏക്കം.

To belch ഏമ്പൽ ഇടുക.

A cold ജലദോഷം.

Diabetes നീൎവ്വാൎച്ച (നീരഴിവു) പ്രമേഹം.

Hemorrhage രക്തപിത്തം.

Spasmodic cholera വിഷൂചിക.

Walk upon all fours നീന്തി നടക്ക.

Relapse of a fever മറുപനി. [ൎപ്പു).

Cancer കവിളരചി (കവിൾവാൎപ്പു, ചോരവാ

Rheumatism, bile and phlegm are called the three roots of disease വാതം, പിത്തം, കഫം എന്നീ മൂന്നിന്നു ത്രിദോഷങ്ങൾ എന്നു പേർ ഉണ്ടു.

Exercise 2.

നമുക്കുള്ളതിൽ അധികം വേണമെന്നു ആഗ്രഹിക്കുന്നതിനാൽ[1] നമുക്കുള്ളതും പോയ്പോകും. കൎമ്മം ഇല്ലാത്തവർ[2] എവിടേ എല്ലാം പോയാലും എന്തെല്ലാം പ്രയത്നിച്ചാലും[3] അവൎക്കു വിശേഷമായി[4] ഒന്നും കൂടി വരികയില്ല. ബ്രഹ്മാവു തലയിൽ എഴുതിയിരിക്കുന്നതിനെ മാററുന്നതിന്നു യാതൊരുത്തരാലും കഴിയുന്നതല്ല. യോഗ്യന്മാർ[5] തങ്ങളെ വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ വേണ്ടി തങ്ങളുടെ പ്രാണനെ[6] പോലും (§ 210) ലക്ഷ്യമാക്കുകയില്ല[7]. കറുത്ത വാവിൻ[8] ദിവസം കലകൾ[9] അത്രയും പോയി ചന്ദ്രൻ ക്ഷയിക്കുന്നുവല്ലോ[10], പിന്നേ വെളുത്ത

1) Desire. 2) Unlucky. 3) Take great pains. 4) Something extraordinary. 5) Worthy people. 6) Life. 7) ലക്ഷ്യം deserving to be regarded, hence ലക്ഷ്യമാക്കുകയില്ല will not regard ആദരിക്കയില്ല, വിലമതിക്കയില്ല. 8) New moon. 9) Particle, $\frac{1}{16}$ of the moon's diameter. 10) Wane.

പക്ഷത്തിൽ[11] ആ ചന്ദ്രൻ വൃദ്ധിയാകുന്നില്ലേ[12]; എന്നതു പോലേ നമുക്കു നല്ലകാലം വരുമ്പോൾ ദൈവസഹായത്താൽ എല്ലാം കാൎയ്യങ്ങളും നന്നായി വരും.

അവൻ ന്യായാധിപതിയെ നോക്കി ഇവൻ മോഷ്ടിച്ച സംഗതി തെളിയിപ്പാൻ ഞാൻ സാക്ഷികളെ ചേൎത്തുവെച്ചുകൊള്ളേണ്ടതിന്നു (§ 202. 203) ഇവൻ എന്റെ വീട്ടിൽ കേറി മോഷണം ചെയ്വാൻ ഭാവിച്ചിരുന്ന വിവരം അതിന്നു മുമ്പേ തന്നേ എന്നെ അറിയിച്ചില്ല, അതുകൊണ്ടു അടിക്കുന്നു എന്നു ബോധിപ്പിച്ചു.

Remark: This sentence may help to show, that on the whole the construction of a Malayalam sentence is the reverse of the construction in English. (He told the judge, that he beats him, because he had not communicated to him beforehand his intention of robbing his house in order that he might have had witnesses ready to prove his villany.)

137. ആയവൻ എന്റെ സംബന്ധക്കാരൻ എന്നും മുമ്പേത്ത സമയത്തിൽ അവൻ എനിക്കു എപ്പോഴും വലിയ ഉപകാരം ചെയ്തു എന്നും ഞാൻ ഓൎക്കുന്നു, അതുകൊണ്ടു അവന്നു പ്രത്യുപകാരം ചെയ്വാൻ ഞാൻ വളരേ താല്പൎയ്യപ്പെടുന്നു I remembered that he is a relation of mine and that formerly he used to do many a favour to me, therefore I desire very much to do a favour to him in return.

പ്രത്യുപകാരം = പ്രതി + ഉപകാരം; പ്രതി towards, against, for, in exchange of.

138. ആത്മാവു ശരീരത്തെക്കൊണ്ടു നടത്തിച്ച നന്മകൾക്കെങ്കിലും തിന്മകൾക്കെങ്കിലും തക്ക പ്രതിഫലം കിട്ടേണ്ടതിന്നു നാം സ്വൎഗ്ഗത്തിലോ നരകത്തിലോ പോകേണ്ടി വരും. ആകയാൽ വലിയവനാകട്ടേ ചെറിയവനാകട്ടേ കിഴവനാകട്ടേ ബാല്യക്കാരനാകട്ടേ മോക്ഷം കിട്ടുവാൻ കഴിയുന്നേടത്തോളം ശ്രമിക്കേണ്ടതാകുന്നു in order to get the proper recompense for the good as well as for the evil, the spirit has done through the agency of the body, we shall have to go either to heaven or to hell. Hence one being great or little, an old man or a youth, he ought to try his uttermost to obtain eternal bliss.

നന്മകൾക്കെങ്കിലും തിന്മകൾക്കെങ്കിലും = നന്മകൾക്കു + എങ്കിലും etc. നടക്ക walk. 1. നടത്തുക (ത്തി) direct, rule. 2. നടത്തിക്ക to get one to carry on a work, direct (§ 188).

139. സംസാരിക്കുന്നതിനെക്കാൾ പ്രവൃത്തിക്കുന്നതു പ്രയാസം എന്നതു അവനെ പററി പലപ്പോഴും കാണായ്വന്നിട്ടുണ്ടു. എന്നാൽ നാണിച്ചുപോകായ്വാൻ നാം എന്തു ചെയ്യേണ്ടു? as to him we have seen often, that it is more difficult to carry out something than to talk about it, but what shall we do so as not to be put to shame?

പോകായ്വാൻ is the Second Participial Adverb of the Negative Verb (§ 118). The Positive Verb would be പോകുവാൻ (പോവാൻ).

---

11) Full moon. 12) Increase.

140. എത്ര പണി ചെയ്യുന്നുവോ അത്ര കൂലി കിട്ടും. അല്ലെങ്കിൽ ഏതു പ്രകാരം നീ ഉത്സാഹിക്കുന്നുവോ അതേപ്രകാരം നിനക്കു ലാഭം വരും എന്നു നീ നല്ലവണ്ണം അറിയുന്നുവല്ലോ; എന്നിട്ടും (എന്നാലും) നീ വെറുതേ എന്റെ വാതില്ക്കൽ കിടന്നുറങ്ങുന്നതത്രേ do you not know very well, that in proportion to the work you do you will be rewarded or that in the same manner in which you show yourself diligent you will earn a profit (it will come profit to you). In spite of all this you do nothing, but lay yourself down before my door and sleep.

വാതില്ക്കൽ = വാതിലുടെ അടുക്കൽ; in the same manner we say കാല്ക്കൽ = കാലുടെ അടുക്കൽ; *f. e.* കാല്ക്കൽ വീണു; വഴിക്കൽ = വഴിയിൽ; വായ്ക്കൽ = വായിൽ. § 171. I. 1.

§ 191. Two or more sentences subordinate to a Verb of saying or thinking are connected to each other and to the chief sentence by എന്നും (ex. 137). On this occasion we also may state, that besides the Neuter Noun and പ്രകാരം (§ 157) also എന്നു is employed to form *Objective sentences* അവൻ എന്റെ തൊപ്പിയെ കട്ടു എന്നു (കട്ടതു or കട്ടപ്രകാരം) ഞാൻ കണ്ടു I saw, that he has stolen my hat. Thus: എന്നും may serve also to join two and more Objective sentences with the principal sentence (തൊപ്പി കട്ടു എന്നും പോയിക്കളഞ്ഞു എന്നും ഞാൻ കണ്ടു).

§ 192. വന്നിട്ടുണ്ടു (ex. 139) shows the positive form of the *Perfect* we met with in § 143 (ചെയ്തിട്ടില്ല). ഇടുക is employed to form this Perfect and ഓൎത്തിട്ടുണ്ടു is as much as ഓൎത്തിരിക്കുന്നു. The Pluperfect is ഓൎത്തിട്ടുണ്ടായിരുന്നു; *f. e.* മഴ എത്ര പെയ്യുന്നെങ്കിലും ഞാൻ അതിന്നു മുമ്പേ തന്നേ പട്ടണത്തിൽ എത്തീട്ടുണ്ടായിരുന്നു (എത്തിയിരുന്നു) though it rained very much I had reached the city before that.

§ 193. എങ്കിലും—എങ്കിലും; ഓ—ഓ; ആകട്ടേ—ആകട്ടേ (ex. 138) are employed as Conjunctive Particles (§ 147). എങ്കിലും means "even if so", "though so", "although" (see § 134), if repeated = "either—or"; "as well as"; "just so". Besides ഒന്നിക്കിൽ—അല്ലെങ്കിൽ or ഒന്നിൽ—അല്ലയാ ക്കിൽ in one case—or; ഒന്നുകിൽ—അല്ലെങ്കിൽ, or only: അല്ലെങ്കിൽ or even അല്ല "if not so", "or" may be employed; *cf.* besides § 216; *f. e.* ഒന്നുകിൽ പണം കൊടുക്കാം അല്ലെങ്കിൽ പറമ്പുമടക്കി കൊടുക്കേണം either (in one case) you may give the money or you have to return the compound. In the same manner: ഒന്നിൽ (and ഒന്നിക്കിൽ or ഒന്നിൽ)—അതല്ല എങ്കിൽ; or ഒന്നിക്കിൽ അതല്ല എന്നു വരികിൽ. Frequently the first part is to be understood: ഞാൻ ഇന്നു വൈകുന്നേരത്തു നിങ്ങളെ കാണ്മാൻ വരും; അല്ല നിങ്ങൾ ഇങ്ങോട്ടു വന്നിട്ടു കാൎയ്യം തീൎക്കാമല്ലോ! (either) I shall go to see you, or you will come here this evening and settle the matter. ആകട്ടേ, the Imperative third person of ആകുന്നു, serves the same purpose. കിഴവൻ ആകട്ടേ ബാല്യക്കാരൻ ആകട്ടേ *lit.* Let it be an old man, let it be a young man or "an old man, as well as a young one".

Remark: A curious distinction as to ഇല്ല and അല്ല may be mentioned in this connexion. If any discussion takes place as to the amount of something and one suggests less than others suppose to be right, they will introduce their opposition by saying അല്ല: (അഞ്ചു ഉറുപ്പിക) അല്ല എഴുണ്ടാകും; if they are of opinion, that too much has been suggested, they will oppose, commencing with ഇല്ല: (പതിനെട്ടുകോൽ) ഇല്ല പതിനഞ്ചത്രേ.

§ 194. There is no real difference between അതുകൊണ്ടു and ആകയാൽ (ex. 138). Both forms are used as Illative Conjunctions, co-ordinating principal sentences. In Malayalam as well as in English *Subordinate Sentences* easily *may be transformed into Co-ordinate Sentences.* മഴപെയ്യുതുകൊണ്ടു ഞാൻ പോയിട്ടില്ല (because it was raining I did not go) or മഴപെയ്യു അതുകൊണ്ടു ഞാൻ പോയിട്ടില്ല (it was raining, hence I did not go). In using അതുകൊണ്ടു a stress may be laid upon അതു so as to exclude any other cause; *f.e.* It rains, therefore I do not go (and not on account of any other reason) മഴപെയ്യു അതുകൊണ്ടു ഞാൻ പോയിട്ടില്ല (ഞാൻ വേറൊരു കാൎയ്യം നിമിത്തമായി പോയിട്ടില്ല).

Thus in separating the affixes of Subordinate Sentences from their Verb we get Co-ordinate Sentences (ചെയ്കയാൽ subordinate ചെയ്യുന്നു ആകയാൽ co-ordinate sentence). This holds true also for നിമിത്തം and Adverbial Clauses of *Time.* വിളിച്ചപ്പോൾ—ആറേ—വിളിച്ചതിൽ പിന്നേ—വിളിച്ച ശേഷം അവർ വന്നു Subordinate Sentences. വിളിച്ചു—അപ്പോൾ, എന്നാറേ, അതിൽ പിന്നേ, അതിന്റെ ശേഷം അവർ വന്നു Co-ordinate Sentences.

As to *Mode* in the same manner by a slight change Subordinate Sentences may be changed into Co-ordinate and the reverse. പറഞ്ഞ പ്രകാരം (പറഞ്ഞതു പോലേ, കണക്കേ), പറഞ്ഞതിന്നൊത്തവണ്ണം ചെയ്തു may be made Co-ordinate: പറഞ്ഞു, അതിൻപ്രകാരം—അതുപോലേ—അതിന്നൊത്തവണ്ണം etc.

Conditional Sentences: അതു ചെയ്തിൽ—അതു ചെയ്യാൽ ഞാൻ നിന്നെ ശിക്ഷിക്കും, changed into അതു ചെയ്യുന്നു എങ്കിൽ etc. അതു ചെയ്തു എന്നാൽ etc.

Concessive Sentences: അതു അറിഞ്ഞിട്ടും—അറിഞ്ഞെങ്കിലും—അറിഞ്ഞാലും ചെയ്തതു എന്തുകൊണ്ടു? changed into: അതു അറിഞ്ഞു എന്നിട്ടും—അറിഞ്ഞു എങ്കിലും—അറിഞ്ഞു എന്നാലും എന്നാറേയും).

Remark 1. Beginners are apt to confound ആകയാൽ and ആയാൽ, the first being the Instrumental Case of the Verbal Noun ആക (as much as ആകകൊണ്ടു) means: "since it is so", "therefore", the latter being the Conditional (= ആകിൽ), meaning "if so", "be it so". In the same manner പിന്നേ and എന്നാൽ ought to be kept asunder, പിന്നേ ("further", "moreover", "then") introducing a succession of time (അതിന്റെ ശേഷം), എന്നാൽ a logical consequence.

Remark 2. The spirit of the language prefers long periods consisting of subordinate Sentences to small independent sentences or to Co-ordinate Sentences. Long articles in Malayalam newspapers not seldom consist of 3 or 4 huge Compound Sentences, which style, most perplexing to an European, is highly appreciated by the native reader.

§ 195. കാണായ്വന്നു (ex. 130. 139) shows that the Auxiliary Verb ആകുന്നു added to the Infinitive of a Verb forms a Compound Verb. Thus: കാണാകുന്നു, കാണാക to be seen, become visible. Usually, but not necessarily, വരിക is joined to the compound (*cf.* § 138); *f. e.* കേൾക്കായ്വരു, കേൾക്കായിരുന്നു. Besides the passive meaning it may also convey a precative sense; *f. e.* ഞാൻ അനുഗ്രഹം ചെയ്യാകേണം may I be enabled to be a blessing, or a potential meaning, *cf.* കൊള്ളായിരുന്നു § 140. 141. Besides it is connected with the different tenses of the Verb to produce various shades of meaning (Perfect and Pluperfect § 83. 94. 192), with the *Present Tense* even; *f. e.* പള്ളിയിൽ ഇരിക്കുന്നതായിരുന്നു we were sitting in church, with *Future:* ചാകുമായിരുന്നു being in a dying state. In connexion with the *Negative Verb:* തക്ക സമയത്തു എത്തിയാൽ ഇത്ര നഷ്ടം വരികയില്ലായിരുന്നു if you had arrived in proper time, the loss would not have been so great (*cf.* § 141); *Negative Adverb* അവനു മാനം ഇല്ലാതെ ആയിച്ചമഞ്ഞു he has become dishonourable; അവർ ചെയ്യാകുന്ന പ്രവൃത്തി നടക്കയില്ല (what they may do), *cf.* § 212, *b.*

§ 196. ആയവൻ (ex. 137) denotes, that even *Adjective Sentences* may be changed into independent sentences; *f. e.* ഞാൻ എത്രയും ദയയോടേ പോററി വളൎത്തിയ കുട്ടി എന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞു the child that I had nourished and brought up so kindly, despised me and ran away. The Adjective clause made independent, the sentence will run thus: എന്റെ കുട്ടി എന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞു, ആയവനെ ഞാൻ എത്രയും ദയയോടേ പോററി വളൎത്തിയിരുന്നു. In Malayalam ആയ (Adjective Participle) before അവനെ joins the second sentence to the first one (ആയവൻ "that one", pointing back). We may also say in sentences of this kind എന്നവൻ (എന്നവനെ).

Exercise 1.

Perfect സ്നേഹിച്ചിരിക്കുന്നു or സ്നേഹിച്ചിട്ടുണ്ടു I have loved.
Pluperfect സ്നേഹിച്ചിരുന്നു or സ്നേഹിച്ചിട്ടുണ്ടായിരുന്നു I had loved.

Exercise 2.

Nouns of Relationship.

Masculine.	Feminine.
എന്റെ മൂത്തച്ശനു എഴുപതു വയസ്സായി (മൂതു prior) (മൂത്തച്ശൻ or മൂത്തപ്പൻ, പേരപ്പൻ).	എന്റെ മൂത്തമ്മയെ അറിയുന്നുവോ? (മൂത്തമ്മ, മൂത്താച്ശി, മൂത്തശ്ശി).
അപ്പുപ്പൻ grand father.	അപ്പായി grand mother.
പിതാമഹൻ paternal grand father (പ്രപിതാമഹൻ paternal great grand father).	മാതാമഹൻ mother's father.
അച്ശൻ മീൻ പിടിക്കുന്നു.	അമ്മ തുന്നൽപ്പണി ചെയ്യുന്നു (needle work, also: (തൈക്കുപണി), തൈപ്പു, തൈയൽപ്പണി etc.).

പിതാവു (ജനകൻ) father.

വലിയച്ഛൻ വന്നോ? വലിയപ്പൻ or അമ്മാമൻ father's elder brother: besides കാരണവൻ ഇളയപ്പന്റെ വീട്ടിൽ പാൎത്തു (ഇളയച്ഛൻ, കുഞ്ഞച്ഛൻ) father's younger brother, younger aunt's husband.

കൊച്ചമ്മാമൻ younger maternal uncle.

ജ്യേഷ്ഠനെ കാണ്മാൻ പോയി.

ജ്യേഷ്ഠൻ, അണ്ണൻ elder brother (also ചേട്ടൻ).

അനുജൻ കളവു പറഞ്ഞു younger brother.

എനിക്കു ആങ്ങളമാർ നാലുണ്ടു (brothers in general, a term used by sisters).

കൊച്ചാങ്ങള a sister's younger brother.

അപ്പച്ഛൻ എത്രയും ധനവാൻ (അപ്പച്ഛൻ or പെണ്ണപ്പൻ, അമ്മാവിയപ്പൻ) father-in-law.

മാതാവു (ജനനി) mother.

വലിയ അമ്മായി maternal aunt; uncle's wife; mother-in-law (also അമ്മാമി, അമ്മാവി) ഇളയമ്മ മരിച്ചുപോയി younger aunt; wife of father's younger brother (also കൊച്ചമ്മ).

ജ്യേഷ്ഠത്തി പോയ്ക്കളഞ്ഞു.

ജ്യേഷ്ഠത്തി or അക്ക elder sister (also ചേട്ടത്തി). [sister.

അനുജ or (അനുജത്തി) നാളേ വരും younger

പെണ്ണുങ്ങൾ including sometimes all the females in a family (പെങ്ങൾ).

കൊച്ചുപെങ്ങൾ a brother's younger sister.

അപ്പച്ചി ദരിദ്രയാകുന്നു (poor) (അപ്പച്ചി, അമ്മാവിയമ്മ, പെണ്ണമ്മ) mother-in-law.

Husband and wife ദമ്പതികൾ.

ഭൎത്താവു വീട്ടിൽ ഉണ്ടു.

ഭൎത്താവു, കെട്ടിയവൻ, വല്ലഭൻ husband (കെട്ടുക to bind, marry).

മകൻ ഞങ്ങളെ വളരേ ദുഃഖിപ്പിച്ചു (son).

മകൻ, പുത്രൻ, കുമാരൻ, ജനിതൻ, നന്ദനൻ.

അളിയൻ മിനിഞ്ഞാന്നു (the day before yesterday) കല്യാണം കഴിച്ചു brother-in-law.

അളിയൻ is also called in South-Malabar the "son-in-law".

ദേവരൻ husband's brother. Hence: ദേവരവിവാഹം levirate (now an abolished custom).

ഭാൎയ്യെക്കു സൌഖ്യമില്ല.

ഭാൎയ്യ, കെട്ടിയവൾ, വല്ലഭ, കളത്രം, ജായ wife.

മകളെ കൊണ്ടു പലപ്പോഴും കേട്ടു.

മകൾ, പുത്രി, കുമാരി, നന്ദനി, ജനിത, ദുഹിതാവു daughter.

നാത്തൂൻ a husband's sister, brother's wife, besides the daughter of the maternal uncle. If the speaker is younger than this sister-in-law or first cousin, she will say നാത്തൂനമ്മ (besides ചേട്ടത്തിയാർ elder sister-in-law).

Remark: Low castes will not use the expressions "husband" and "wife", but a തീയൻ will say: എന്റെ തീയത്തി (and she: എന്റെ തീയൻ), a ചാലിയൻ: എന്റെ ചാലിയത്തി, and so on.

നിങ്ങൾക്കു പൌത്രന്മാർ ഉണ്ടു.

പൌത്രൻ (പേരൻ) grand-son; *Sans.* നപ്താ (nepos).

കേരളത്തിൽ മരുമകൻ[1] അവകാശി തന്നേ (inheritor).

എന്റെ പൌത്രി എത്തിപ്പോയി—പൌത്രി grand-daughter; *Sans.* നപ്ത്രീ.

മരുമകൾ ഇങ്ങോട്ടു വരേണ്ട.

---

[1] മരുമക്കത്തായം inheritance in the female line; മക്കത്തായം the right of sons to inherit; ത്തായം from ദായം gift (see § 179, II. 3).

മരുമകൻ sister's son.
മരുമകൾ sister's daughter.
ജാമാതാ son-in-law.
മച്ചുനൻ (മച്ചൂനൻ) the son of an uncle (mother's brother) or of father's sister.
മച്ചുനിച്ചി daughter of mother's brother or father's sister (regarded as the proper bride for her cousin.
മൂയാളിക്കാർ cousins.
ഭിന്നോദരൻ a step-brother (having different mothers).
ഭിന്നോദരി a step sister.

Father ബാപ്പാ (ബാവ) (amongst Moplas)
Mother's brother (കാരണവൻ) „
കാക്ക (കാക്കാൻ); elder brother ഇക്ക „
Mother ഉമ്മ; grand-mother ഉമ്മാന്റെ ഉമ്മ.

Exercise 3.

മലയാം പ്രവിശ്യയിൽ[1)] അസിസ്താണ്ട് മജിസ്ത്രേട്ട്[2)] മഹാരാജശ്രീ[3)] യജമാനൻ കൊലേട്ട് (Collet) സായ്പ് അവൎകളുടെ[4)] സന്നിധാനത്തിങ്കലേക്ക്[5)].

വള്ളുവനാട്ട താലൂക്ക് ഹേഡ് പൊലീസാപ്സർ നമ്പന്തുര കോമൻ നായർ ബോധിപ്പിക്കുന്ന ഹരജി[6)] ആഗുസ്തു ൨-ാം൹-[7)]ത്തേ സൎക്കലർ[8)] ൧൦-ാം നമ്പ്രായി[9)] ഉണ്ടായ കല്പന കിട്ടി.

അതിൽ പറയുന്ന പ്രകാരം ഇപ്പോഴത്തേ[10)] ക്ഷാമത്തിന്റെ അവസ്ഥക്കു ഒരാൾക്കു ഒരു ദിവസം രണ്ടു നേരത്തിന്നു ഒരണ നാല് പൈ ചെലവു വേണ്ടതായും, അപ്രകാരം വരുന്ന സപ്തെമ്പ്ര് മാസം ൧൫-ാം൹-വരെക്കു ഏകദേശം വേണ്ടിവരുമെന്നും എനിക്കു തോന്നിയിരിക്ക കൊണ്ടു വസ്തുത[11)] ബോധിപ്പിച്ചിരിക്കുന്നു. എന്നു കൊല്ലം[12)] ൧൦൨൯-ാമത് കൎക്കിടകമാസം[13)] ൨൨-ാം൹-ക്ക് ൧൮൫൪-ാമതു ആഗുസ്തു മാസം ൫-ാം൹- എഴുതിയതു.

Collet's Malayalam Reader, 1856.

---

1) *Engl.* province. 2) *Engl.* Assistant Magistrate. 3) രാജശ്രീ His Excellency. 4) See § 81. 5) To your honour (presence). 6) or ഹൎജി a petition, memorial. 7) The Malayalam signs for the Numbers are the following: ൧ = 1; ൨ = 2; ൩ = 3; ൪ = 4; ൫ = 5; ൬ = 6; ൭ = 7; ൮ = 8; ൯ = 9; ൧൦ = 10. ൹ = തിയ്യതി day of the month, date. 8) Circular. 9) As number. 10) See § 213. 11) See § 229. 12) Native era, 825 years less than Christian era. 13) The Malayalam Months are the following: 1. മേടം commencing in the midst of April (from മേഷം, *Aries*, ram); 2. ഇടവം (*Taurus*, bull) second month, May-June; 3. മിഥുനം (*Gemini*, twins) June-July; 4. കൎക്കിടകം (from കൎക്കടം, *Cancer*, crab) July-August, considered to be the worst season through famine, disease and demoniac influences; 5. ചിങ്ങം (from ചിങ്ങം, *Leon*, lion) August-September; 6. കന്നി (*Virgo*, virgin) Sept.-October; 7. തുലാം (*Libra*, balance) October-November; 8. വൃശ്ചികം (*Scorpio*, scorpion) November-December; 9. ധനു (*Segittarius*, bow) December-January; 10. മകരം (*Capricornus*, goat) January-February; 11. കുംഭം (*Aquarius*, water-bearer) February-March "കുമ്പവെയിൽ" is considered to be dangerous; 12. മീനം (*Pisces*, fish) March-April.—A month is sometimes also called തിങ്ങൾ.

Eighteenth Lesson.

Something of the ornaments of speech (*Request etc.*).

141. "തന്റെ മീടാകാഞ്ഞിട്ടു, ആരാന്റെ കണ്ണാടി പൊളിക്കൊല്ലാ" എന്ന ചെറു വാക്ക നീ അനുസരിച്ചില്ല, മറന്നു കളഞ്ഞു താനും. അതു അരുതാത്ത കാൎയ്യം തന്നേ "although your face may look very bad, do not break anybody's looking-glass"; this little word you did not obey, but you have forgotten it entirely. This is as it ought not to be.

ആരാൻ whosoever; it can be declined.

142. "പൊൻസൂചി കുത്തിയാലും കണ്ണുപോം"; "മുൻവില പൊൻവില"; "യഥാ രാജാ തഥാ പ്രജാ"; "ഈച്ചെക്ക പുണ്ണു കാട്ടല്ല, പിള്ളെക്ക നൊണ്ണു കാട്ടല്ല"; "ഉലക്കെക്ക മുറിച്ചു കുറുവടിയായി"; "വഴിമൊഴിയെങ്കിൽ മുരിക്കു് ഉരുക്കു് ആം" എന്നീ പഴഞ്ചൊല്ലുകൾ എന്റെ അച്ഛൻ ദിനമ്പ്രതി പറഞ്ഞു പോന്നു "even if you would pierce your eye with a golden needle, it would be lost". "First price, best price". "As the king so the subjects". "Never show wounds to a fly, and never show your toothless mouth to children". "The broken pestle (for pounding rice) may be taken as a cudgel". "If custom means the same as right, then *Erithrina* (a very weak wood, useless as timber) will be the same as steel";—these were the proverbs my father used to say every day.

യഥാ—തഥാ are the Sanskrit Correlative Pronouns for ഏതുപ്രകാരം—അതേപ്രകാരം (or അപ്രകാരം); ദിനമ്പ്രതി = ദിവസേന.

143. നിങ്ങൾ പോയി കോലായിൽ നില്ക്കുന്ന അന്യായക്കാരനെയും പ്രതിക്കാരനെയും വിളിച്ചു പ്രതിക്കാരന്നു അന്യായം വായിച്ചു കേൾപ്പിപ്പിൻ! അവൻ മോഷണത്താൽ അത്രേ ഉപജീവനം കഴിച്ചുകൊണ്ടിരുന്നു go and call in the plaintiff and defendant standing on the verandah and read the charge to the defendant! He was in the habit of earning his livelihood by theft only.

അന്യായക്കാരൻ plaintiff; പ്രതിക്കാരൻ defendant; അന്യായം charge; മോഷണം theft.

§ 197. ആകാ, ഒല്ലാ, അല്ല, അരുതാത്ത are four negative forms, which in this connexion want some further explanation.

1. ആകാ is the Negative Future of ആകുക and means "is not that", "ought not to be thus". The Adjective Participle is ആകാത്ത bad, and the Verbal Noun ആകായ്മ wickedness. This future form of the Negative is especially used in proverbs, expressing a habit or repeated action; *f. e.* ഏറിയതും കുറഞ്ഞതും ആകാ too much and too little will not do; കണ്ട മീൻ എല്ലാം കറിക്കാകാ not all the fish you see, you can take for the curry; ഇളമാൻ കടവറിയാ, മുതുമാൻ ഓട്ടം വല്ലാ the young deer does not know the ford, and the old one is unable to run. (വല്ലു to be able; വല്ലാ is not strong, not able; വല്ലാതെ disabled; വല്ലാത്ത helpless, bad; വല്ലാഞ്ഞു trouble; വല്ലായ്മ distress, crime).

The particle ഓ we have come to know in two different significations:

a) Used interjectionally or demonstratively: *cf.* അതാ, ഇതാ (see § 108), അപ്പാ, അയ്യോ അപ്പാ! oh, ah! and in Vocatives like സഹോദരാ! (see § 264.)

b) It possesses negative power, *cf.* all what has been said on the Negative Verb, also വേണ്ട, ഇല്ല and അല്ല may be strengthened into വേണ്ടാ, ഇല്ലാ, അല്ലാ.

2. ഒല്ലാ is again a Negative Future of the Verb ഒല്ലുക, the Positive form of which is never used. ഒല്ലാ (= വല്ലാ see above!) means: "must not", "ought not" and is frequently used in prayers, rules, commands, proverbs. എന്നെ കൈ വിടൊല്ലാ do not forsake me. ഇണ ഇല്ലാത്തവന്റെ തുണ കെട്ടൊല്ല do not enter into friendship with the friendless! The Verbal Nouns ഒല്ലായ്ക and ഒല്ലായ്മ signify as much as അരുതായ്മ.

3. അല്ല, the negative of ആക, assumes after Verbs (Infinitive or Verbal Noun) an Imperative or Precative meaning, especially in proverbs; *f. e.* കക്കാൻ പോകുമ്പോൾ ചിരിക്കല്ല do not laugh whilst going to steal; വിശ്വസിച്ചോനെ ചതിക്കല്ല, ചതിച്ചോനെ വിശ്വസിക്കല്ല (ച്ചോനെ = ച്ചവനെ see § 254) do not deceive one who was faithful towards you, and do not trust one who has deceived you. This prohibitive meaning may be strengthened still by affixing ഏ, *f. e.* ചെയ്യല്ലേ do not! കരയല്ലേ don't cry! പോകല്ലേ don't go away! This അല്ലേ not to be confounded with the Interrogative അല്ലേ (see § 213. 8). As for അല്ല taking in the place of a Conjunction (in English), see § 193.

4. "അരുതാത്ത". We know already, that അരുതു meaning: "*ought not to be*" serves chiefly as a Negative Imperative of ആക ("to be thus") taking the place of ആകായ്ക. As to the origin of the form above, it is the Neuter of the Adjective അരു "rare", "unusual", "impossible" (the Noun being അരുമ or അരിമ importance, difficulty). It corresponds to ഒല്ലാ and stands behind Nouns or Pronouns; *f. e.* ഈ ഭാവം അരുതു I do not want such a mind; അതരുതു do not want this. After Personal Nouns in *Dative,—f. e.* അതു ഞങ്ങൾക്കരുതു we don't want that, would be wrong for us to do. Especially after Infinitives or Verbal Nouns; *f. e.* നിങ്ങൾ പാതിവഴിയിൽ നിന്നതാമസിക്കരുതു do not stop halfway; ദേഷ്യപ്പെട്ടടിക്കരുതു do not be angry and beat me. With ഏ the Negative is rendered more emphatic; *f. e.* കുട്ടികളെ വഷളാക്കരുതേ do not spoil children; ആ സായ്പിനെ ദുഷിക്കരുതേ do not abuse that gentleman. In connexion with the second Adverbial Participle അരുതു expresses *Impossibility*; *f. e.* അവൻ മറപ്പാനരുതാതവണ്ണം എന്നെ അപമാനിച്ചു he has dishonored me in a way never to be forgotten. അരുതാഞ്ഞാൽ ആചാരമില്ല (prov.) if there is no possibility there will be no custom (propriety) or "Not kennt kein Gebot".—Farther "അനുസരിക്കരുതോ?" ought you not to obey?

Mark, that even a Defective Negative Verb has been formed from this Adjective (അരുതായ്ക) and all the usual forms of such a one may be employed: hence the Adjective Participle അരുതാത്ത, *f. e.* അരുതാത്ത കാൎയ്യം a wrong forbidden thing. The Past Tense അരുതാഞ്ഞു we met with above. അരുതാഞ്ഞാൽ ആചാരമില്ല, ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല (prov.) if in a state of extreme perplexity (impossibility) no civility, and if without (money) no complimentary present.—Also in connexion with the Second Adverbial we see it employed: മറപ്പാനരുതാതവണ്ണം in a way never to be forgotten.—Mark the Dative in

connexion with അരുതു (ഗുരുനാഥൻ്ക്ക് ex. 170; ഇവർ ഒക്കയും സാക്ഷിക്കരുതു) must not be taken for a witness). The first Adverbial Participle അരുതാതെ, *f. e.* in നീക്കരുതാതെ ചമഞ്ഞു he became irremovable. Mark 2, 26. There is further the Personal Noun അരുതാത്തവർ; *f. e.* in ഇളക്കരുതാതവർ the unshaken, and finally we meet with the Verbal Nouns: അരുതായ്ക and അരുതായ്മ impropriety and impossibility.

§ 198. The Auxiliary Verb കളക (കളഞ്ഞു) we met with already in ex. 119 and in the exercise after § 148. കളയുക as a Finite Verb means "put off, lose, get rid of, abolish", and added to a Verb it signifies not only that the action has been completed entirely, but also that it was done with some intensity, impulsiveness, if not violence. So, of course, it is more frequently used after Transitive Verbs; *f. e.* തള്ളിക്കളക, ആട്ടിക്കളക (drive away). യാതൊരു സംഗതി കൂടാതെ അവർ അവനെ കൊന്നുകളഞ്ഞു they killed him without any reason whatever; നുള്ളിക്കൊട്ടു, ചൊല്ലിക്കൊട്ടു, തല്ലിക്കൊട്ടു, തള്ളിക്കള (prov.) first give a pinch, then teach, then punish and then cast off. But also after Intransitive Verbs this Auxiliary may be employed; *f. e.* അവൻ പോയ്ക്കളഞ്ഞു he ran off; അവൻ അന്നു മരിച്ചുകളഞ്ഞു he did away with himself or he committed suicide. We see that in many cases it may be translated best by "of" or "away", thus പോയ്ക്കളഞ്ഞു went away, നീക്കിക്കളഞ്ഞു, എടുത്തുകളക (throw away) etc. As a real Verb we see കളയുക employed in the following instances: ഈ വസ്ത്രം കളഞ്ഞു; നേരം കളയരുതേ!

§ 199. താനും in example 141 is a new form of the Personal Pronoun താൻ (see § 79). We may sum up the different significations of this Pronoun. (In oblique cases it is written തൻ and declined accordingly.) 1. തന്നെത്താൻ അറിയാത്തവൻ one, who does not know *himself*. അച്ഛൻ തൻ്റെ മകനെ വീട്ടിൽനിന്നു പുറത്താക്കി— (not അവൻ്റെ but the reflexive തൻ്റെ). 2. നീ താൻ അതു അനുഭവിക്കേണം you *yourself* must experience this. 3. താന്താൻ കുഴിച്ചതിൽ താന്താൻ വീഴും (prov.) what *one* has dug, in that *he* will fall ("Wer andern eine Grube gräbt, fällt selbst hinein"); തനിക്കു താൻ പുരെക്കു തൂണം *one* must be the pillar of his own house ("let each rely on himself"); hence *any one, each one*. 4. എണ്ണ താൻ നെയി താൻ വെന്തു *either* oil *or* ghee was burnt; കൈ താൻ കാൽ താൻ പൊട്ടീട്ടില്ല *neither* hand, *nor* leg was broken. (The same as ആകട്ടേ, എങ്കിലും, ഓ see § 193). 5. അവർ തമ്മിൽ ചേർന്നു they joined *each other;* അവർ തമ്മിൽ തമ്മിൽ തർക്കിച്ചു they argued with each other, *one with the other* (Reciprocal; as much as അന്യോന്യം or പരസ്പരം). തമ്മിൽ is not the regular Locative of താൻ (തന്നിൽ or തങ്കൽ in Singular, തങ്ങളിൽ Plural), but a Locative of a second Plural താം, of which in common language only this Locative is in use, *cf.* § 252. 6. തങ്ങൾ (or താങ്ങൾ) പറഞ്ഞതു ശരി what you (honorific instead of നിങ്ങൾ) said is true. 7. അവൻ താൻ വന്നു or അവൻ താനേ വന്നു he came *alone* (or *by himself*); അവൻ തന്നേ പോയി he went alone *on his own accord* (as much as തന്നാൽ and തന്നാലേ; *f. e.* അവൻ തന്നാലേ വെള്ളത്തിൽ

വീണു ചത്തുപോയി he fell into the water *by himself* and died); ഞാൻ തനിയേ വീട്ടിൽ ഉണ്ടാകും I shall be at home quite *alone;* അവർ തനിച്ചു തോട്ടത്തിൽ പോയി they went *alone* to the garden. [As much as സ്വകാര്യമായി "alone" (see under 2)]. 8. എത്ര തന്നേ പറഞ്ഞാലും അതു സാധിക്കയില്ല *how much soever* you will talk, it is useless. In this case it emphasizes. So we also say: 9. വായിക്ക തന്നേ വേണം *just* reading is what we want (as much as *very, even*). 10. അച്ഛൻ വീട്ടിൽ ഉണ്ടോ? തന്നേ is the father at home? *Yes* (= അതേ). 11. മഴ പെയ്തു, വെള്ളം പൊങ്ങിയില്ല താനും it rained, *notwithstanding* the waters did not rise (this is also the meaning in ex. 141); കാമിച്ചതൊന്നും വരാ, നരകം വരും താനും *nothing* of that you lust for will occur, *but* hell will occur *even,* (*not—but* even, the German: "dagegen", "sogar"); we see it employed especially where an expectation has not only been unfulfilled, but even the contrary has taken place (see § 272).

§ 200. ആം and പോം (ex. 142).

1. ആം as a contracted form of ആകും. With the Infinitive in: സ്നേഹിക്കാം, ചെയ്യാം etc., see § 111. ആം in a more independent form appears in ex. 142. This kind of ആം is very often used in connexion with the Conditional, which gives to the Future the signification of Possibility, in English rendered best by "can" or "may". എഴുതി അയക്കിലും ആം I may write. In connexion with the Infinitive it denotes not only permission (നീ പോകാം = പോക ആകും; പിടിക്കാം = പിടിക്ക ആകും see § 111), but also it serves to strengthen the Future, chiefly in the first Person; *f. e.* കല്പിച്ചപ്രകാരം പ്രയത്നം ചെയ്യാം we shall (most certainly) exert ourselves as you wished us to do; നമ്മുടെ ഹൃദയങ്ങളെ അവന്മുമ്പാകേ തേറുമാറാക്കുകയും ആം (I. John 3, 19) we shall assure our hearts before him.— വീശിയ വലെക്കു ആറു കണ്ണു ഉണ്ടാകും (prov.) the net thrown out may have six meshes.

Remark: Also the Ordinal Numbers ഒന്നാം etc. are formed by means of this Future ആം; ഒന്നാക to be one, to be united, ഒന്നായി being one, ഒന്നാം first (see § 98).

2. പോം in the same manner is only the contracted form of പോകും, used very often in proverbs. എലിയെ പിറിച്ചു ഇല്ലം ചുട്ടാൽ എലി ചാടിയും പോം, ഇല്ലം വെന്തും പോം if one is going to set fire to his house for killing a rat, the rat will run away and the house will be burnt down.

We take this opportunity to sum up, what we have come to learn about the different significations of this Intransitive Verb as an Auxiliary. The meaning of പോക as a Verb is: "to go", "go away", "to be lost" and "to *be able,*" *f. e.* ചൊല്ലിപ്പോകാതൊന്നു unspeakable; അറിഞ്ഞു പോകാത്ത ignorant.

As an *Auxiliary Verb.*

1. It produces (like ഇരിക്കുന്നു and ഇട്ടുണ്ടു) a kind of *Perfect* with different shades of meaning: *a.* അതു നിശ്ചയിച്ചുപോയി = this *has been* decided (and shall not be put in question again). *b.* നായരെ കൊത്തിക്കൊന്നു പോയി = I stabbed and (unfortunately, "happened") killed that Nayar; ഞാൻ തെററിപ്പോയി I *(unfortunately)* erred; *c.* അവൻ മരിച്ചു പോയി; നീ ദുഃഖനായി പോം; hence: with Intransitive Verbs it expresses the

final turn of an action (Dr. Gundert). This is especially the case, if പോക is preceded by ആയി (see § 163), which is translated best in English by *become turned out, f. e.* അവൻ കരുടനായി പോയി; അതു പറയുന്നതു കളവായി പോകും; അശുദ്ധരായി പോയവർ; അവന്റെ അടിമയായി പോകാസ്സാൻ പോയിക്കുള. അവന്റെ കൈകളിൽ ആയിപ്പോയി. In this manner it may also occupy the place of an English *Passive, f. e.* The city was destroyed പട്ടണം നശിച്ചുപോയി. *d.* After a Negative Participle *it strengthens this Negative meaning, f. e.* നീ അതു ചെയ്യാതെ പോയതു എന്തുകൊണ്ടു? why have you not done this? നിണക്കു ഇതിൽ നാണം ഉണ്ടാകാതെ പോയിതോ? are you so shameless, that etc. *e.* അറിഞ്ഞു പോയാൽ if discovered; അതു തൊട്ടു പോയാൽ if you dare to touch this. In these sentences of *warning* the consequences are not stated and something like നോക്കി കൊൾക must be understood.

2. നീ അതു ചെയ്യാൻ പോകുന്നെങ്കിൽ സൂക്ഷിച്ചുകൊൾക take care, if you (proceed to) do this; നീ എന്നെ ചതിപ്പാൻ പോകുന്നുവോ? are you going to cheat me? These examples show, that if the Present Tense of പോക follows a Future Participle the meaning of the whole expression is that of a Future. The second example shows, that in English we have a construction ("you are going to do this and that") almost literally the same as this use of പോക in Malayalam.

Two constructions in connexion with പോക we have to mention in conclusion:

1. അമ്പത്താറു ജാതികളിൽ ഈ നാലും പോകേ ശേഷമെല്ലാം ഇവരിൽനിന്നു പതിതങ്ങൾ ഭവിച്ചു ഉണ്ടായവരാണു amongst these 56 castes all *with the exception* of these four came into existence only by different degradations (പതിതത്വം) from those four. We see that പോകേ "passing by", "deducting", "with the exception" are synonymous with ഒഴികേ, കൂടാതെ, അല്ലാതെ and the like.

2. ഞാൻ പോയി വരട്ടേ may I go (and return some other time). This is the way *to say good bye* in a polite manner. A polite dismissal will be: പോയി വരികേ വേണ്ടു go for this time (you may go, but I hope to see you again), *cf.* § 207.

§ 201. ചെറുവാക്ക, പൊൻസൂചി, മുൻവില, പൊൻവില, കുറുവടി, സുവിശേഷം and other forms give us opportunity to show further, what compensation we have in Malayalam for the almost entire absence of *Adjectives:*

1. In many cases *Compound Nouns* must help to fill up the gap. *a.* The Noun is simply placed before the chief Noun: തോൽത്തുരുത്തി (a leather bottle), പൊൻസൂചി, പൊൻവില, മരക്കഷണം (golden, wooden), കല്ലത്തൊട്ടി (stone-trough). Especially the material of which something is made, or with which we do work usually is prefixed in the Nominative (but also കൊണ്ടുള്ള may be used: പൊൻകൊണ്ടുള്ള സൂചി); in the same manner സ്വഭാവമുഖം natural face. *b.* The first Noun accepts various substitutes or particles. കിഴക്കൻകാററു നിമിത്തം വളരേ സൂക്ഷിക്കേണം you must take much care on account of the east-wind. In the same manner: തെക്കൻ കാററു; വടക്കൻ പാട്ടു (a northern song).

2. മുമ്പേത്ത കാൎയ്യം, അങ്ങിനേത്ത കാൎയ്യം, പാഴേകാടൻ (wild hog), പണ്ടേത്ത ആചാരം, പിന്നത്തേ പ്രാവശ്യം (the next time), തലേ ദിവസം (previous day), ഏഴ മാസത്തേ കുട്ടി (a child 7 months of age), അകത്തേക്കുരു (inward kernel or boil); അരികത്തേ വീടു (house in the neighbourhood), ഒടുക്കത്തേ ദിവസം (the last day) (see § 162). ഏ serves to change Adverbs into a kind of Adjectives. Sometimes also the Locative with ഏ may serve the same purpose: ഇഹത്തിലേ കഷ്ടങ്ങൾ (irdische, earthly); രാവിലേത്ത being still night (രാ). See § 213, 3. 4.

3. ചെറുവാക്ക, കുറുവടി and other examples (*f. e.* വങ്കാൎയ്യം) show that there are still *roots of Adjectives* in use. They combine with Nouns to form Compound Nouns. The most important Adjectives of this kind are: നൽ good (നല്ക്കുളം a fine tank); ചെം red (ചെന്നായി *lit.* red dog, wolf; ചെങ്കണ്ണു sore eyes; ചെങ്കല്ലു laterite; ചെന്താമര red lotus; ചെമ്പരത്തി shoeflower etc.); വെൾ or വെൺ white (വെണ്ണീർ ashes; വെൺനിലാവു full moon and its light; വെള്ളക്കുരു the white of an egg; വെള്ളക്കൊടി a flag of truce; വെള്ളീയം tin, etc.); വൽ or വൻ large (വങ്കാൎയ്യം; വങ്കടൽ great sea; വൻകോപം wrath; വൻഭാരം a great burden; വൻമോഹം excessive lust); പെരു or പെരി great, large [പെരുങ്കാടു; പെരുനാൾ; പെരുമാൻ (പെരുമാൾ) superior, king; പെരുവഴി highway; പെരുവെള്ളം an inundation]; ചെറു small (ചെറുവിരൽ little finger; ചെറുമകൻ slave); കുറു short, little, brief (കുറുവടി; കുറുവഴി shortest way; കുറുവാൾ short sword); നിടു or നെടു long (നിടുങ്കയറു a long cord; നെടുവീൎപ്പു a sigh; നിടുവെല്ലു spine, shin; നിടിയോൻ a tall person; നെടുമ്പക continued enmity; നെടുനാൾ long time; നെടുവട്ടം an ellipsis; നെട്ടൂർ or നിട്ടൂർ one of the 18 passes of Kēraḷa, hill near Tellicherry). വെറു void of, empty, bare (വെറുങ്കഥ a fable; വെറുങ്കാൽ barefoot; വെറുഞ്ചോറു mere rice, without curry; വെറുന്നിലം bare ground; വെറുനീതി legality); ഇള little, young, weak (ഇളങ്കാററു zephyr; ഇളനീർ unripe cocoanut; ഇളയപ്പൻ; ഇളയച്ഛൻ, ഇളയമ്മ); മുതു old (മുതുകാള an old bullock; മുതുക്കുല a choice bunch; ഇളമാൻ കടവറിയാ, മുതുമാൻ ഓട്ടം വല്ലാ the young deer does not know any ford and the old deer is unable to run); പുതു new, fresh (പുതുമഴ first rain; പുതുച്ചേരി Pondicherry; പുത്തരി new rice); പഴ old (പഴക്കുല a bunch of ripe plantains; പഴഞ്ചൊൽ proverb; പഴഞ്ചോറു boiled rice of yesterday; പഴനിലം waste land; പഴന്തുണി old cloth); കടു or കൊടു extreme, excessive (കടുവായി fierce mouth or tiger; കടുന്തൂക്കം precipice; കൊടുങ്കാടു thick jungle; കൊടുങ്കാററു hurricane; കൊടുങ്കൈ bent arm or oppression) etc. തൂ pure, bright തൂമഴ, തൂനഖങ്ങൾ, തൂനെററി, ഓമനത്തൂമുഖം, തൂമിന്നൽ. Also മേൽ and കീഴ് employed like Adjectives may form compounds (മേലൂർ, കീഴൂർ etc. *cf.* Oberhausen, Unterhausen).

Also roots of Verbs are employed in a similar manner; *f. e.* പൊട്ടു (fr. പൊട്ടുക) in പൊട്ടക്കിണറു blind well; പൊട്ടഭാഷ vulgar tongue; പൊട്ടഭൂമി barren ground; പൊട്ടവാഴ common plantain.— വിടു (fr. വിടുക): വിടുകഥ bad story; വിടുവാക്ക idle talk; വിടുവായൻ babbler, വിടുപണി mean occupation etc.

4. സുവിശേഷം reminds us of some *Sanskrit Adjectives,* which we see employed very often in the place of Malayalam Adjective; the most important of these are:

സു well, good, in: സുകൃതം a good action, virtue; സുഗന്ധം fragrance; സുചേലം silk cloth; സുനിദ്ര sound sleep; സുപ്രകാശം intense light; സുബോധം perfect consciousness, soberness; സുരൂപൻ handsome one; സുവാൎത്ത good news; സുവിശേഷം, സുശീലം good behaviour.

സത്തു or സൽ real, right, good; *f. e.* സൽകഥ a good story; സൽകൎമ്മം a good meritorious action; സൽകാരം hospitable reception; സൽഗുണം virtue; സൽപുത്രൻ a good son; സൽബുദ്ധി sound sense; സത്ഭാവം good nature; സൽസഭ good society. But: സ ന്മാൎഗ്ഗം morality, true religion; സന്മരണം happy death.

ദുർ (from ദുഷ്) bad; *f. e.* ദുരാഗ്രഹം inordinate desire; ദുരാചാരം indecent conduct; ദുരാശ a false hope; ദുൎഗ്ഗതി misery (*cf.* സൽഗതി); ദുൎഗ്ഗന്ധം stench; ദുൎഗ്ഗുണം ill-nature; ദുൎജ്ജ നം a mischievous person; ദുൎന്നടപ്പു immoral life; ദുൎബ്ബുദ്ധി folly, malignity; ദുൎമ്മാൎഗ്ഗം vice, bad conduct; ദുൎമ്മോഹം improper desire; ദുൎല്ലഭം what is difficult to be attained, rare, ദുൎവ്വഴി bad way; ദുൎവ്വാശി fanaticism; ദുൎവ്വാസന see ദുൎഗ്ഗന്ധം; ദുൎവ്വ്യയം extravagance. *Before hard Palatals* ര is changed into ശ; *f. e.* ദുശ്ചോദ്യം improper question. *Before* ശ, ർ is dropped and ശ doubled; *f. e.* ദുശ്ശാഠ്യം obstinacy. *Before* ക *and* പ the original ഷ is retained; hence ദുഷ്കൎമ്മം sin, crime; ദുഷ്കാലം hard time; ദുഷ്കീൎത്തി infamy; ദുഷ്പ്രയത്നം malicious endeavour; ദുഷ്പ്രവൃത്തി bad work. *Before hard dentals* (ത), സ is substituted; *f. e.* ദുസ്തൎക്കം unnecessary dispute. *Before* സ double സ്സ is substituted, hence: ദുസ്സമയം bad time; ദുസ്സാമൎത്ഥ്യം misdirected cleverness. *Before* സ്വ, ർ is simply dropped, *f. e.* ദുസ്വഭാ വി ill-mannered one; a bad character. See § 276.

§ 202. വായിച്ചുകൊൾവിൻ (ex. 143). The Adverbial Participle of കൊള്ളുന്നു, കൊണ്ടു is employed instead of a Preposition and Conjunction (ex. 51. 118. 124); but the Verb കൊൾക may also be used as an Auxiliary Verb after an Adverbial Participle. The meaning of this Auxiliary Verb is, that the action of the Verb is performed personally and taken in the own hands of the person concerned. Thus നീ സൂക്ഷി ച്ചുകൊൾക take care (for thyself); നിങ്ങളുടെ മനസ്സു പോലേ ചെയ്തുകൊൾക do as you like; ആ ദേശക്കാർ അങ്ങിനെചെയ്തു കൊള്ളട്ടെ the people of that country shall do so. എന്നെ കാത്തുകൊണ്ടു രക്ഷിക്കയും ചെയ്തു he guarded and preserved me. അതുതിന്നുകൊ ള്ളാം I may eat that; വീട്ടിൽ പോയിക്കൊൾവാൻ അനുവദിച്ചു allowed him to run home.

Remark 1. In colloquial language we meet very frequently with *Abbreviations of* കൊൾക; *f. e.* ഇവിടേ വെച്ചുക്കോ (= വെച്ചുകൊൾക) put it here; കുട്ടിയെ എന്റെ മടി യിൽ വെച്ചോളി (വെച്ചുകൊൾവിൻ) put the child in my lap (addressing a grown up person or a superior); കടം വീട്ടിക്കോളി pay you my debt; പൊയ്ക്കോ go away (പോയിക്കൊൾക!). Other contractions are: തീൎത്തോളാം = തീൎത്തുകൊള്ളാം; വെച്ചോണ്ടു = വെച്ചു കൊണ്ടു; വെ ച്ചോളാം = വെച്ചുകൊള്ളാം; നിന്റെ അംശം നീ എടുത്തോ (എടുത്തു കൊൾക); എടുത്തു കൊൾ, എടുത്തോളു take for yourself; നടന്നോളുക behave; കൊടുത്തോളേ = കൊടുത്തു കൊള്ളേണമേ.

Remark 2. As a real Verb കൊൾക means:

1. To *hold* (as a vessel), ഈ പാത്രത്തിൽ ഇത്ര വെള്ളം കൊള്ളുന്നില്ല this vessel does not hold so much of water. Such is also the meaning in the well known phrase കൊണ്ടു വരിക, കൊണ്ടു പോക കൊണ്ടു നടക്ക (to walk with).

2. To *receive* (like ലഭിക്ക and കിട്ടുക), *f. e.* അയ്യോ എനിക്കു അടികൊള്ളും Oh I shall get a beating.

3. To *hit, take effect* (ഏല്ക്ക, ഏറുക), *f. e.* കണ്ടറിഞ്ഞാൽ കൊണ്ടറിയും if you know by seeing, you will also know by the (effect) punishment (prov.); കുറിക്കൊൾക to aim at.

4. To *suit, fit* (= പററുക), *f. e.* അതു അശേഷം കൊള്ളാത്ത കാൎയ്യം that is quite an improper thing; കൊള്ളായ്മ Noun).

§ 203. കഴിച്ചുകൊണ്ടിരുന്നു (ex. 143) introduces an altogether new meaning of the Auxiliary Verb കൊൾക. It is also added to the Adverbial Participle to express the continuance of an action. This is something like the Imperfect of the Greek language. In English Auxiliary Verbs like "behave", "use", "continue", "was" with Participle, "went on" etc. are employed. Thus കൊള്ളുന്നു again represents a new form of *the Progressive;* see § 106. 135. 185.

ഇപ്രകാരം അവർ ഈ സാധുക്കളെ ഉപദ്രവിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു സഹായം വന്നു ആ ദുഷ്ടർ പോയ്ക്കളഞ്ഞു when they went on to persecute these poor wretches, there came a help and the rascals ran away.

പോന്നു ex. 142 (past tense of പോരുന്നു) represents another Progressive form. It expresses "custom and habit"; *f. e.* കൈസൎമ്മാർ പിന്നേയും നാട്ടുവാഴികളെ നിയോഗിച്ചു പ്രജകളെ ഭരിച്ചു പോന്നു were in the habit of ruling them through Governors), അവർ നീരില്ലാത്ത സ്ഥലങ്ങളൂടേ തണുപ്പു തിരഞ്ഞു കടന്നുപോരുന്നു they were seeking for a refreshment marching through waterless regions. For strengthening this Auxiliary Verb and for indicating the continuance of an action in the Perfect or Pluperfect Tense ഇരിക്കുന്നു and ഇരുന്നു may be employed (*cf.* കൊണ്ടിരിക്കുന്നു and കൊണ്ടിരുന്നു in § 202), also the Adverbial and Adjective Participles of പോരുക as well as of കൊൾക are in use; *f. e.* നീ വിദ്വാന്മാർ മുതലായവരുടെ നേരേ നടന്നു പോരുന്ന അവസ്ഥെക്കു നിണക്കു പാപം സംഭവിക്ക അല്ലാതെ അവരുടെ യോഗ്യതെക്കു ഒട്ടും കുറവു വരികയില്ലാ the manner in which you (use to) behave towards the learned and others only serves to load you with sin and does not in the least detract from their merits.—നല്ല സംഭാഷണം കഴിച്ചു കൊണ്ടു (Adverbial Participle) പട്ടണത്തിലേക്കു നടന്നു പോയി being engaged into a pleasant conversation (all the way) they went to the town.

Exercise 1.

Court കോടതി.

The parties and witnesses are in attendance കക്ഷികളും സാക്ഷികളും ഹാജരുണ്ടു.

The charge has been filed അന്യായം ബോധിപ്പിച്ചിരിക്കുന്നു (കൊടുത്തിരിക്കുന്നു).

Is the statement true? ബോധിപ്പിച്ചതു (വാൎയ്യോ) മൊഴി) സത്യം തന്നേയോ?

Ask this witness about his own name, house-name, the name of his Kāraṇavan, religion, caste, place of residence, employment and age ഈ സാക്ഷിയോടു അവന്റെ സ്വന്തപേർ, വീട്ടുപേർ, കാരണവന്റെ പേർ, മതം, ജാതി, പാൎക്കുന്ന സ്ഥലം, ഉദ്യോഗം, വയസ്സ് എന്നിവററെ കൊണ്ടു ചോദിക്ക.

Do swear him! അവനെക്കൊണ്ട സത്യം ചെയ്യിക്ക.

Are you concerned any way with the plaintiff? തനിക്ക അന്യായക്കാരനുമായി വല്ല സംബന്ധം ഉണ്ടോ?

Are you at variance with the defendant? തനിക്ക പ്രതിക്കാരനോട വല്ല വിരോധമുണ്ടോ?

A quarrel took place ഒരു കലശൽ ഉണ്ടായി.

He has committed theft അവൻ കളവു ചെയ്തിരിക്കുന്നു.

He has taken bribe (give bribe) അവൻ കൈക്കൂലി വാങ്ങിയിരിക്കുന്നു (കൈക്കൂലി കൊടുക്ക).

Defamation of character മാനനഷ്ടം.

Breach of trust വിശ്വാസവഞ്ചനം.

He took a false oath അവൻ കള്ളസ്സത്യം ചെയ്തു.

He has abused me അവൻ എന്നെ ചീത്ത പറഞ്ഞു (നാണം കെടുത്തി).

He will be mulcted (fined) അവൻ പിഴ കൊടുക്കേണ്ടി വരും.

Transportation for life ജീവപൎയ്യന്തം നാടു കടത്തൽ.

He was condemned to death അവന്നു മരണ ശിക്ഷ വിധിച്ചു.

The defendant was acquitted പ്രതിയെ വിട്ടു.

Is this all you know concerning the case? ഈ കാൎയ്യത്തെക്കൊണ്ട താൻ അറിയുന്നതു ഇതു മാത്രമോ (or ഇക്കാൎയ്യത്തെപ്പറ്റി ഇതു മാത്രമേ നീ അറിയുന്നുള്ളു)?

Did he smuggle tobacco? അവൻ പുകയില ചുങ്കം വീട്ടാതെ (കള്ളച്ചരക്കായി) കൊണ്ടു പോയോ?

He has concealed it in his hut അവൻ അതിനെ തന്റെ കുടിലിൽ ഒളിപ്പിച്ചിരിക്കുന്നു.

The house was searched in presence of witnesses സാക്ഷികൾ കാണ്കേ (സാക്ഷികളുടെ മുമ്പിൽവെച്ചു) വീടു ശോധന കഴിച്ചിരിക്കുന്നു.

The accused was sent to the Cutcherry and examined there കുററക്കാരനെ കച്ചേരിയിലേക്കു അയച്ചു വിസ്തരിച്ചു.

The second prisoner is cognizant of the matter ഇക്കാൎയ്യത്തിൽ രണ്ടാം പ്രതിയുടെ അറിവുണ്ട.

The charge of theft has been established against all the prisoners എല്ലാ പ്രതികളുടെ മേലും കളവുകുററം തെളിഞ്ഞിരിക്കുന്നു.

On perusal of the proceedings I cannot find them guilty പ്രൊസീഡിങ്ങ്സ് വായിച്ചിട്ടു അവർ കുററക്കാരാകുന്നു എന്നു എനിക്കു തോന്നുന്നില്ല.

Immediately on their apprehension I shall investigate into the matter അവരെ പിടികിട്ടിയ ഉടനേ ഞാൻ കാൎയ്യത്തെ കൊണ്ടു വിസ്താരം കഴിക്കും.

Why did the Adhikāri write such a favorable report regarding them? അധികാരി അവരെക്കൊണ്ട ഇത്ര അനുകൂലമായ ഒരു റിപ്പോൎട്ട് എഴുതിയ സംഗതി എന്ത്?

Kannan died from the effects of that assault കണ്ണൻ അടികലശൽ കൂടിയതിനാൽ മരിച്ചു പോയി.

The body of the deceased was disinterred മരിച്ചവന്റെ ശവം മാന്തി എടുപ്പിച്ചു.

His death may be due to fever and not to the wounds he received അവൻ മരിച്ചതു ഏററ മുറിവുകൾകൊണ്ടല്ല പനികൊണ്ടായിരിക്കാം.

I do not entertain any suspicion against the accused പ്രതിയുടെ മേൽ എനിക്കു യാതൊരു സംശയവുമില്ല.

Robbers seized me by the throat and demanded money from me കള്ളന്മാർ എന്റെ വേള പിടിച്ചു എന്നോടു മുതൽ ചോദിച്ചു.

They were prevented from plundering the property മുതൽ കവൎച്ച ചെയ്യുന്നതിന്നു സംഗതിയായില്ല.

Go to the spot and examine the complainant കാൎയ്യം നടന്ന സ്ഥലത്തു ചെന്നു അന്യായക്കാരനെ വിസ്തരിക്ക.

He admitted the charge അവൻ കുറ്റം സമ്മതിച്ചു.

The evidence is insufficient; hence I dismissed the charge തെളിവു പോരാ (മതിയായ തെളിവില്ല) അതുകൊണ്ടു ഞാൻ അന്യായം നീക്കിയിരിക്കുന്നു.

I submit this for Your Honor's information ഇതു അങ്ങേ അറിവിന്നായി ഞാൻ ബോധിപ്പിക്കുന്നു.

Exercise 2.

Names of officials.

There are about six peons in attendance of this Government official ഈ സൎക്കാർ ഉദ്യോഗസ്ഥന്നു പരിചാരകന്മാരായി ഏകദേശം ആറു ശിപായികൾ ഉണ്ടു.

Of course he is the Judge of North-Malabar അദ്ദേഹം വടക്കേ മലയാളത്തിലേ ജഡ്ജി (ന്യായാധിപതി) തന്നേ, സംശയമില്ല.

Take this letter to the officer in charge of the Treasury ഇക്കത്ത് ഖജാൻജിക്ക് (ഭണ്ഡാരവിചാരകൻ, സ്രാപ്പ്) കൊടുക്ക.

The Collector has gone on circuit to the Chirakkal Taluk* കല്ക്കുട്ടർസായ്പ് ചിറക്കൽതാലൂക്കിൽ ജമാവന്തിക്കു പോയിരിക്കുന്നു.

All the Courts have been closed for two months കോടതികളെല്ലാം രണ്ടു മാസത്തേക്കു പൂട്ടിയിരിക്കുന്നു.

A new Shirestadar has been appointed പുതിയ ശിരസ്തദാരെ നിശ്ചയിച്ചിരിക്കുന്നു.

The Head Clerk in the Tahsildar's office died by small-pox തഹസ്സിൽദാരുടെ കച്ചേരിയിലേ (താലൂക്കിലെ) ഹെഡ് ക്ലാൎക്ക് (ഒന്നാം ഗുമസ്തൻ) വസൂരിദീനത്താൽ മരിച്ചുപോയി.

The vacancy will be filled up by the Translator or head accountant ട്രാൻസ്ലേറ്ററെയോ പ്രധാന കണക്കപ്പിള്ളയെയോ ആ ഒഴിവിൽ നിശ്ചയിക്കും.

The treasurer has committed theft ഖജാൻജി കളവു ചെയ്തിരിക്കുന്നു.

A heavy fine has been imposed upon the Magistrate of that parish ആ ദേശത്തേ മജിസ്ത്രേറ്റിന്നു വലിയൊരു പിഴ കല്പിച്ചിരിക്കുന്നു.

The officer of this Amsham is a very energetic man ഈ അംശമധികാരി വളരേ ചുറുചുറുക്കുള്ളവനാകുന്നു.

The Munsif of Chavashēri has been appointed as a Sub-Judge of North-Malabar ചാവശ്ശേരി മുൻസിപ്പിനെ വടക്കേ മലയാളത്തിലേ സബ്ബ് ജഡ്ജിയായി നിശ്ചയിച്ചിരിക്കുന്നു.

This document was signed by the Sub-Registrar at Ancharakandy ഈ ആധാരത്തിൽ അഞ്ചരക്കണ്ടിയിലേ സബ്ബ് റജിസ്ത്രാർ ഒപ്പിട്ടിരിക്കുന്നു.

For surveying these grounds I shall send an Amin ഈ നിലങ്ങളെ അളവുചെയ്വാനായി ഞാൻ ഒരാമീനെ അയക്കും.

---

*The Malabar districts or *Taluks* from North to South are the following: 1. ചിറക്കൽ (with Cannanore); 2. കോട്ടയം (with Tellicherry); 3. കുറുമ്പ്രനാട്ടു (Wadagerry); 4. വയനാട്ടു (Manantoddy); 5. കോഴിക്കോട്ടു (Calicut); 6. ഏറനാട്ടു (Malapuram); 7. പൊന്നാണി (Ponnani); 8. വള്ളുവനാട്ടു (Shoranur); 9. പാലക്കാട്ടു (Palghaut); 10. കൊച്ചി (Cochin). The District of Malabar (ജില്ല) is divided into 10 താലൂക്കുകൾ, one Taluk into അംശങ്ങൾ, and one Amsham into ദേശങ്ങൾ.

The agent of that Rāja intended to bribe me ആ രാജാവിന്റെ കാൎയ്യസ്ഥൻ എനിക്കു കൈക്കൂലി കൊടുപ്പാൻ ഭാവിച്ചു.

Next week we expect the Governor of the Madras Presidency to come here മദ്രാസ് ഗവൎണ്ണർ (ദേശാധിപതി) വരുന്ന ആഴ്ച ഇവിടേ എഴുന്നെള്ളുമെന്നു ഞങ്ങൾ കാത്തുകൊണ്ടിരിക്കുന്നു.

Next year the Empress will send out a new Viceroy to India വരുന്ന കൊല്ലം ചക്രവൎത്തിനി ഇന്ത്യയിലേക്കു ഒരു പുതിയ വൈസരോയെ (ഉപരാജാവിനെ) പറഞ്ഞയക്കും.

Sovereigns: നാഥകീൎത്ത്യർ.

King.

നാഥൻ, രാജാവു, മഹാരാജാ, ഭൂപതി, അരചൻ besides by adding "പൻ", "പതി", "പാലൻ" and "നാഥൻ" to the different names for "earth" (*f. e.* ഭൂ, മേദിനീ, മഹി, ധാത്രി, ക്ഷോണി etc.) or for "man" നൃ and നര (നൃപൻ, നരപതി, നൃപാലൻ) the meaning "king" will be produced.

Queen.

നാഥ, രാജ്ഞി, മഹാരാണി (മാരാണി), മഹിഷി and all the feminines of king may be employed.

Emperor ചക്രവൎത്തി. Empress ചക്രവൎത്തിനി.

Royal family അരചവംശം (അരചമക്കൾ, രാജകുഡുംബം).

Began to reign അരചാണ്ടു തുടങ്ങി (രാജാധിപത്യം വന്നകൊല്ലം).

Prince and Princess തമ്പാനും, തമ്പാട്ടിയും.

144. മലയാളികൾ ആചരിച്ചുവരുന്ന എല്ലാ ആചാരങ്ങളെ നിവൃത്തിപ്പാൻ അന്യൎക്കു പാടില്ല it is not possible for strangers to perform all the customs, which the Malayalis are in the habit to perform.

അന്യൻ a strange one; Plural അന്യർ (from അന്യം other).

145. അവൻ പണകാൎയ്യങ്ങളെ നന്നായി നടത്തിവന്നതിനാൽ അവൾ അവനെ വിശ്വസിച്ചു ഭൎത്താവാക്കികൊൾകയും ചെയ്തു as he ("In Folge davon dass er") managed all the money matters so very well, she trusted in him and made him (her) husband.

വരുന്നതിനാൽ § 121. വിശ്വസിക്ക with Accusative or Locative കൊൾക see § 202.

146. ഞങ്ങൾ സുഖേന വീട്ടിൽ പാൎത്തുകൊണ്ടിരിക്കുമ്പോൾ ഒന്നും അറിയാതേ കണ്ടു ശത്രു പ്രവേശിച്ചു പലവിധേന ഞങ്ങളെ എതിൎത്തു സങ്കടപ്പെടുത്തുകയും ചെയ്തപോലും whilst we dwelled comfortably in the house without thinking of anything, the enemy came in and even attacked and troubled us in many ways.

147. "ഞങ്ങൾ പോകട്ടേ" എന്നു ചോദിച്ചപ്പോൾ സായ്പ ഈ കത്തു എന്റെ കയ്യിൽ തന്നു അതു പെട്ടിയിൽ ഇടുക എന്നു എന്നോടു ചൊല്ലി ഞങ്ങളെ വിട്ടയക്കയും ചെയ്തു when we asked "may we go," the gentleman gave me this letter, told me to put it into the letter-box and dismissed us.

വിട്ടയക്ക = വിട്ടു + അയക്ക let go.

148. നിന്തലയാണ സത്യം ചെയ്യരുതു എന്നു അവൻ പറഞ്ഞുപോൽ he is reported to have said: "Thou shalt not swear by thy head".

ആണ means oath, to swear ആണയിടുക or സത്യം ചെയ്ക. ആണ is besides used as a Postposition, meaning "by" (*Bei* meinem Bart), *f. e.* ദൈവത്താണ, സ്വർഗ്ഗത്താണ, കണ്ണാണ, ഗുരുവാണ, എന്നാണ, നിന്നാണ (by God, heaven, eye, teacher, myself, thee).

§ 204. ആചരിച്ചുവരുന്നു (ex. 144), നടത്തിവന്നതിനാൽ (ex. 145) illustrate the use of വരിക (വരുക) *as an Auxiliary Verb; cf.* besides കാണായിവന്നു (§ 195).

a. In കാണാവുന്നു the meaning is similiar to പോയി (§ 122) or തീരുക (§ 87. ex. 92): *f. e.* ഈ വഴിയിൽ ഭാഗ്യം ഉണ്ടാവ്വരികയില്ല on this way no happiness will be got. Thus: വരിക like പോക and തിരുക means "coming into existence" and differing from തീരുക it denotes, that the action "by and by", "more and more", "nearer and nearer" reaches the aim. അതു കണ്ടു വന്നിരിക്കുന്നു it has become visible. Thus we see in this use of വരിക another form of *the Progressive* § 106. 185. 203.

സ്നേഹിച്ചുവന്നു—സ്നേഹിക്കുന്നുണ്ടു.
സ്നേഹിക്കുമാറാകുന്നു (സ്നേഹിക്കാറുണ്ടു).
സ്നേഹിച്ചുകൊള്ളുന്നു or സ്നേഹിച്ചുകൊണ്ടിരിക്കുന്നു.
സ്നേഹിക്കും or സ്നേഹിപ്പൂ.
സ്നേഹിച്ചു പോന്നു.

b. In ex. 144. 145 the meaning differs from this. വരിക denotes also, that something has been *"done again and again"* and has become a custom (similiar to പോരുക, കൊണ്ടിരിക്ക § 203 or the Fut. § 135). Hence we meet it frequently in connexion with ആചാരം, മൎയ്യാദ etc. In ex. 144 it means, that the Malayalam people perform these customs continually; in ex. 145 the meaning is, that the person carried on the money-affairs very well through all the time he was engaged in the business. വരിക in these cases always is preceded by the Adverbial Participle (ആചരിച്ചു, നടത്തി), *f. e.* നാം കട്ടിക്കു കഞ്ഞികൊടുത്തുവരുന്നു (we give daily). ഒരു കാട്ടിൽ ഒരു പുലി ഉണ്ടായിരുന്നു. അതു അവിടേയുള്ള മൃഗങ്ങളെ ഒക്കെയും കൊന്നു ഭക്ഷിച്ചുവന്നു in a forest there was a tiger, which used to kill and devour all the beasts there. സുൽത്താൻ അന്യദേശത്തു യുദ്ധം ചെയ്യും സ്വദേശത്തുള്ള പ്രജകളെ ഹിംസിച്ചും വന്നിരുന്നു the Sultan used to be engaged in wars abroad and in persecuting his subjects at home.

c. In എന്നുവരികിൽ (ex. 105) and in the expression വേണ്ടിവരും, പോകേണ്ടിവരും, ചെയ്യേണ്ടിവരും (§ 115) വരിക is employed in connexion with Defective Verbs (എന്നു see § 134; വേണ്ടി see § 139) to indicate time and mood, as these Defective Verbs in general stand in the Future Tense only; *f. e.* സ്വൎഗ്ഗീയബലങ്ങൾ ഹൃദയത്തിൽ വസിച്ചിരിക്കുന്തോറും പിശാചും അവന്റെ പട്ടാളമാകുന്ന രാഗദ്വേഷാദികളും ഒക്കത്തക്ക വിട്ടുപോകേണ്ടിവന്നിരിക്കുന്നു the more heavenly powers dwelt in my heart the more Satan and all the passions and the hatred, which form his army, have been turned out.

§205. സുഖേന, വിധേന (ex. 146) from സുഖം and വിധം, are *Sanskrit cases,* namely Instrumental Cases used instead of സുഖത്താൽ, വിധത്താൽ സുഖത്തോടേ, വിധത്തോടേ. All the Sanskrit Nouns ending in അം in Malayalam belong to the so-called अ—Declension (Masculine and Neuter Gender) in Sanskrit and form their Instrumental on ഏന or ഏണ. Thus ദിവസേന, ക്രമേണ ("by and by" from ക്രമം order; ദുഃഖേന sorrowfully). These Instrumentals are now employed in Malayalam like Adverbs. See § 257.

§206. അറിയാതെ കണ്ടു (ex. 146) also കാണുക may be employed *as an Auxiliary Verb.* Its first Adverbial Participle (കണ്ടു) placed behind the negative Adverbial Participle (അറിയാതെ ചെയ്യാതെ) helps to strengthen the negative meaning of the latter and may be translated into English by "in the least" or "so as" നിന്നെ ശിക്ഷിക്കാതെ കണ്ടു എനിക്കു ക്ഷമിച്ചുകൂടാ it is not possible to me to forgive without punishing you. മുമ്പേ പറഞ്ഞ ഹരജി നീ എഴുതാതെ കണ്ടും കടലാസ്സുകൾ കെട്ടി വെക്കാതെ കണ്ടും എങ്ങോട്ടു പോയി? പറ where did you go without having written the petition I told you about before and without having packed up and put in order (വെക്കാതെ) the papers? Speak!

§207. പോകട്ടേ (ex. 147) is a form of *the Optative* in Malayalam. As the form also includes a command (wish and commandment sometimes being almost the same) we mentioned this form already (§ 46). In the examples before us ട്ടേ expresses a request and ഞാൻ പോകട്ടേ means "may I go"? "do you permit me to go"? "please let me withdraw" (the particle ഏ indicating a question). ഞാൻ പോകട്ടേ? is the usual form for taking leave at the close of a visit (see § 200). For expressing the hope of meeting again ("good-bye", "au revoir", auf Wiedersehn) we may say ഞാൻ പോയ്വരട്ടേ may I come after having gone, or will you allow me to call another time? In the same manner പറയട്ടേ or ഞാൻ ഈ കുട എടുക്കട്ടേ? may I take this umbrella? This is a very cordial form of asking permission for doing something, no answer in general being expected, as the form of a question is assumed only for urbanity's sake (*cf.* in German: "Sie erlauben, dass ich mich jetzt empfehle"!—). Anticipating consent one Native passing by another may call out ഞാൻ പോകട്ടേ?

§208. ഏല്പിച്ചു കൊടുത്തു (ex. 147). Also the Verb കൊടുക്ക (as well as തരിക) may be employed *as an Auxiliary Verb* to express, that something has been done for the good of another (not for the good of the acting person as in the case of കൊൾക); *f. e.* അവൻ അതു പറഞ്ഞു കൊടുത്ത ശേഷം നാം വാങ്ങിപ്പോയി after he had said this (for our good), we withdrew. അവന്നു കാണിച്ചുകൊടുത്തു showed it to him; നുള്ളിക്കൊടു, ചൊല്ലിക്കൊടു, തല്ലിക്കൊടു, തള്ളിക്കള (prov.) first pinch, then speak, then beat and finally cast off. One may even hear a mother warning her child by saying: നീ വീണു കൊടുക്കും you will fall (implying: "helplessly").

b. As to *the difference between* കൊടുക്ക and തരിക we give the following examples:

"അതു അച്ഛൻ എനിക്കു തന്ന പണമത്രേ".

"നീ അതു എനിക്കു തരേണ്ടതു".

"ഞാൻ നിണക്കു ഈ പുസ്തകം തരാം".

"ഞാൻ അവന്നു രണ്ടു ഉറുപ്പിക കൊടുത്തു".

"നീ അതു രാമന്നു കൊടുക്കേണ്ടു".

From this we see that, when the first person (I) receives something from the second or third person and when the first person gives something to the second (but not to the third) person, തരിക is used; in all other cases we employ കൊടുക്ക.

§ 209. പറഞ്ഞോ നീ, ഇടുക നീ (ex. 147) shows a construction we very often meet with in colloquial language. If we look at the structure of the whole language, we may see, that the principle sentence is put at the end of a Compound sentence, that the Interrogatives are placed usually at the end of the question (§ 102), that Numbers and Indefinite Numbers very often are put behind their Noun (§ 170), and so on the whole, that there is a tendency to put the most important part of speech at the end. So also in colloquial language even the subject, especially the Personal Pronouns, are sometimes pointed out by placing them back to the end of the sentence; *f. e.* ഈ പാമ്പിനെ പിടിച്ചു ഞാൻ I caught this snake. As this construction renders the sentence more emphatical, it is also very common in poetry.

§ 210. Besides the Infinitive പോലെ of the Verb പോലുക to resemble, there are two other forms in use.

1. The Future പോലും *at least, even.* It is chiefly employed with Negatives; *f. e.* ഭക്ഷണം പോലും എനിക്കു തന്നിട്ടില്ല even my food he did not give me; രണ്ടു മൂന്നു ദിവസമായി നിങ്ങൾക്കു അല്പം പോലും സ്വാസ്ഥതയില്ല for 2 or 3 days you did not enjoy even a little rest; അക്ഷരം പോലും അറിയുന്നില്ല he does not even know to read; അങ്ങാടിയിൽ പോലും ഇല്ലാത്തൊരൌഷധം there is no medicine not even in the bazaar.

2. There is farther പോൽ, which besides being used like പോലെ (*f. e.* നല്ലപോൽ സൂക്ഷിക്ക) means in most cases: *it is said; f. e.* ഉത്സവം ഉണ്ടു പോൽ they say, that there is a festival. So we find the word frequently after a quotation to affirm it. എഴുനീല്പാൻ ഒട്ടും വഹിയാത്ത വീഴ്ചകൾ ഉണ്ടു പോൽ it is said, that there are falls, from which it is quite impossible to rise again. But also in colloquial language: തീൻ കൊണ്ടു വരണം പോൽ the butler may say to the cook; പോൽ referring to the master's order, as much: "Master says, that you are to bring the dinner".

In questions the meaning of പോൽ may be expressed by "*possibly*", "at all" (in German "wohl"); *f. e.* അതു ചെയ്തു ആരുപോൽ who possibly can have done this (wer mag *wohl*

das gethan haben!)? എന്നുപോൽ വരാഞ്ഞു I wonder why he did not come! (warum mag er wohl nicht gekommen sein!).

Evidently പോൽ and പോലും are now and then used for each other; *f. e.* കത്തു അയക്കും പോലും she says he will send the letter (here we should expect പോൽ); on the other hand Dr. Gundert writes: ഗലീലക്കാരാ നീ ജയിച്ചപോൽ (the last word of the Emperor Julian, see Dr. Gundert's Church History); here പോൽ seems to mean: "still", "yet", "even", "doch" (പോലും).

§ 211. വിടുക (വിട്ടു) "to leave, let" (ex. 147) may also act as an Auxiliary, and so it denotes the close of an action or the doing it through another one; *f.e.* ദുർദ്ദൂതന്മാരുടെ വ്യൂഹത്തെ (=സമൂഹത്തെ) അവരിൽ അയച്ചുട്ടു (അയച്ചു + വിട്ടു) he sent his bad angels amongst them (Ps. 78, 49; Luk. 20, 10. 11). കൊടുത്തുട്ട കത്തു വായിച്ചു I have read the letter you sent me (gave through another). In the same manner പറഞ്ഞൂട്ടു, ചൊല്ലിയൂട്ടാറേ to send for (einen Auftrag geben). Mark the *contraction,* which now and then takes place between the Verb and this Auxiliary; *f. e.* പോടു = പോയി + വിടു; പറഞ്ഞൂട്ടു = പറഞ്ഞു + വിട്ടു; ചൊല്ലിയൂട്ടാറേ = ചൊല്ലി + വിട്ടാറേ; കൊടുത്തുടായ്ക = കൊടുത്തു + വിടായ്ക; ചൊല്ലൂട്ടതു = ചൊല്ലി + വിട്ടതു; വിട്ടൂടുകയും ഇല്ല = വിട്ടു + വിടുകയും ഇല്ല. With certain Nouns വിടുക and ഇടുക (see § 143) are used promiscuously; *f. e.* ആവി ഇടുക (വിടുക) to yawn, sigh; ഏമ്പൽ ഇടുക (വിടുക) to belch; ക്രുക്ക ഇടുക (വിടുക, വലിക്ക) to snore; but the proper word in all these examples is ഇടുക. As to വീൎപ്പു mark, that വീൎപ്പു ഇടുക means to take breath (also വീൎപ്പുകൊൾക) and വീൎപ്പു വിടുക means to breathe out (also വീൎപ്പു കളക, കഴിക്ക, അയക്ക).

Exercise 1.

The Lion and the Mouse (A Fable).

A lion, faint with heat and weary with hunting, was lying down to take his repose under the spreading bows of a thick shady oak. It happened that, while he slept a company of strambling mice ran over his nose and waked him; upon which, starting up, he clapped his paw upon one of them and was just about to put it to death, when the little suppliant implored his mercy in a very moving manner, begging him not to stain his noble character with the blood of a despicable and small beast. The lion considering the matter, thought proper to do as he was desired and immediately released his little trembling prisoner. Not long after traversing the forest in pursuit of his prey, he chanced to run into the toils of the hunters, from whence, not able to disengage himself, he set up a most hideous and loud roar. The mouse hearing the voice, and knowing it to be the lion's, immediately repaired to the place and bid him fear nothing, for that he was his friend. Then straight he fell to work, and with his little sharp teeth gnawing asunder the knots and fastenings of the toils, set the royal brute at liberty.

Moral: The least may help the greatest.

Translation.

ഒരു സിംഹം ഉഷ്ണത്താലും നായാട്ടിനാലും തളൎന്നു ക്ഷീണിച്ചുംകൊണ്ടു തണലുള്ള തടിച്ച ഒരു കരുവേലകവൃക്ഷത്തിന്റെ വിടൎന്നതായ കൊമ്പുകളുടെ കീഴെ വിശ്രാമത്തിനായി കിട

ന്നിരുന്നു. അവിടെ ഉറങ്ങി കിടക്കയിൽ സംഭവിച്ചിതു: കലഹിച്ചിരുന്ന ഒരു കൂട്ടം ചുണ്ടെലികൾ അതിന്റെ മൂക്കിന്മേൽ ഓടിക്കയറി അതിനെ ഉണർത്തിപോലും. ആയതുനിമിത്തം നട്ടുങ്ങി അവയിൽ ഒന്നിനെ തന്റെ കൈകൊണ്ടു പിടിച്ചു ചാവാറാക്കി. അപ്പോൾ ചെറിയ ചുണ്ടെലി വളരേ വ്യസനത്തോടേ കരുണ അപേക്ഷിച്ചു: ഇത്ര നികൃഷ്ടവും ചെറുതുമായ ജന്തുവിന്റെ രക്തത്തെക്കൊണ്ടു സിംഹത്തിന്റെ കലീനതെക്കു ഭംഗം വരുത്തരുതു എന്നു പറകയും ചെയ്തു. സിംഹം കാൎയ്യം ആലോചിച്ചു താൻ വിചാരിച്ചപോലേ ചെയ്വാൻ അതിന്നു യോഗ്യതയില്ല എന്നു കണ്ടു വിറക്കുന്ന എളിയ ബന്ധനക്കാരനെ ക്ഷണത്തിൽ വിട്ടുകളകയും ചെയ്തു. ഏറ കാലം കഴിയുംമുമ്പേ തന്റെ ഇരെക്കായിട്ടുള്ള സഞ്ചാരത്തിൽ കാട്ടിലൂടേ പാഞ്ഞപ്പോൾ വേടർ വെച്ച കണിയിൽ കുടുങ്ങുവാൻ സംഗതിയായി. അതിൽനിന്നു വിട്ടുപോവാൻ തനിക്കു കഴിവില്ലായ്കകൊണ്ടു ഏററവും ഭയങ്കരനാദത്തോടേ അലറിക്കൊണ്ടിരുന്നു. ചുണ്ടെലി ഇതു കേട്ടിട്ടു സിംഹത്തിന്റെ ശബ്ദം എന്നറിഞ്ഞതുകൊണ്ടു ഉടനേ ആ സ്ഥലത്തേക്കു ചെന്നു തന്റെ ഉപകാരി ആകയാൽ “ഒന്നും ഭയപ്പെടേണ്ട” എന്നു പറകയും ചെയ്തു. പിന്നേ പെട്ടന്നു തന്റെ പണി തുടങ്ങി: മൂൎച്ചയുള്ള തന്റെ ചെറിയ പല്ലുകളെക്കൊണ്ടു കണിയുടെ കുടുക്കുകളെയും കെട്ടുകളെയും കടിച്ചറുത്തു, കേസരിവീരനെ സ്വാതന്ത്ര്യത്തോടേ വിട്ടയക്കയും ചെയ്തു.

അതുകൊണ്ടു: “പല്ലുകൾകൊണ്ടും ഉപകാരം ഉണ്ടാകും” (Prov.).

EXERCISE 2.

The cocoanut-tree.

തെങ്ങു.

തെങ്ങു മലയാളത്തിലേ മരങ്ങളിൽ മുഖ്യമായതും[1] ബഹു പ്രയോജനമുള്ളതും[2] ആകുന്നു. അതിന്നു സംസ്കൃതത്തിൽ “കേരം” എന്നു പേർ. ആകയാൽ തെങ്ങു അധികം ഉള്ള നാട്ടിന്നു “കേരളം” എന്നു പേർ നടപ്പായി. അതു തൃണദ്രുമങ്ങളിൽ[3] ചേൎന്നതും ഏററവും ഉയരവും വലിപ്പവും ഉള്ളതും ആകകൊണ്ടു “തൃണരാജൻ”[4] എന്നും പറയാറുണ്ടു[5]. അതിനാലുണ്ടാകുന്ന അനല്പ[6] ഉപകാരങ്ങളെ കണ്ടിട്ടു ആളുകൾ അതിന്നു പൊൻ കായ്ക്കുന്ന മരം[7] എന്നും പേർ ഇട്ടിരിക്കുന്നു. അതിന്നു തുല്യമായ മരം ഇന്ദ്രലോകത്തിൽ[8] കല്പകവൃക്ഷം[9] എന്ന ഒന്നു മാത്രമേയുള്ളു എന്നു ഹിന്തുക്കൾ പറയുന്നു.

തെങ്ങു ഈഴദ്വീപിൽനിന്നു[10] ഈഴവർ കൊണ്ടുവന്നതാകുന്നുവെന്നു വിചാരിച്ചുവരുന്നു[11]. ലക്ഷ,മലയ,നിക്കബാർ[12] എന്ന ദ്വീപുകളിൽ ഇതു അനവധിയുണ്ടു. അതു വളരുവാൻ ഉഷ്ണം അത്യാവശ്യം. തെങ്ങു, ചെന്തെങ്ങു,[13] കൈതത്താളി കാപ്പാടൻ തെങ്ങു[14] എന്നു നാലു വിധമായ തെങ്ങുണ്ടു.

ഇടവം മുതൽ വൃശ്ചികംവരേയുള്ള (May—December) നല്ല മൂത്തു വരണ്ട[15] തേങ്ങകളെ പറിച്ചു നിലത്തിടാതെ സൂക്ഷ്മത്തോടേ താഴേ കൊണ്ടുവന്നു കഴിവുള്ളപക്ഷം[16] നാലഞ്ചു ദിവസം പുക കൊള്ളിച്ചു[17] 6, 7 ദിവസത്തോളം വെള്ളത്തിൽ ഇട്ട ശേഷം കിണർ കുളം മുതലായതിന്റെ സമീപത്തോ നനവുള്ള മററൊരേടത്തോ[18] മൊത്തി[19] മേലോട്ടാക്കി പാകേണം[20]. മൂന്നു നാലു മാസംകൊണ്ടു മുള വരും. ചിലപ്പോൾ 6 മാസത്തേ താമസം ഉണ്ടാകും. മൂന്നു കണ്ണുകളിൽ[21] ഏററവും വലിയ കണ്ണിൽനിന്നു മുള പുറപ്പെടും, അപൂൎവ്വമായി മൂന്നു കണ്ണുകളിൽനിന്നും മുളകൾ പൊട്ടുന്നതുമുണ്ടു[22]. മുള വിരിയാതെ ഒററയായി ഇരിക്കുമ്പോൾ അതിന്നു മൊട്ടത്തൈ[23] എന്നു പേർ, വിരിഞ്ഞാൽ കിളിയോലത്തൈ[24], നാലോ അഞ്ചോ തുമ്പുകൾ[25] വിടൎന്നാൽ അതിനെ പൊരിച്ചു[26] മുമ്പുക്രൂട്ടി അരയോളം[27] കുഴിച്ചു വെണ്ണീർ

ഇട്ടു തയ്യാറാക്കിയ കുഴിയിൽ ചോല[28] ഇല്ലാത്ത സ്ഥലത്തു കുഴിച്ചിടും. അപ്പോൾ അതിന്നു കുഴിതൈ[29] എന്നു പറയും. കുറേ വളൎന്നു മുരട്ടു പൊന്തിക്കണ്ടാൽ കുതിരക്കൊളമ്പൻ[30] അഥവാ കുതിരയടി[31] എന്നും അതിന്റെ ശേഷം മുരട്ടു ആനയുടെ ചവിട്ടടിയോളം ആയാൽ ആനയടിയൻ എന്നും കുലെക്കുന്നതിന്നു[32] മുമ്പു തൈതെങ്ങു എന്നും കലച്ചാൽ ഫലം എന്നും പറയാറുണ്ടു.

ഒരു തെങ്ങിന്നു നല്ല രക്ഷ ചെയ്യുമ്പോൾ അതു കുലെപ്പാനായിട്ടു 7 വൎഷം മതി, അല്ലാഞ്ഞാൽ 10 വൎഷം വേണ്ടിവരും. ആററുവെപ്പും[33] ശരിയായ രക്ഷയും ഉണ്ടെങ്കിൽ 5 വൎഷവും മതി. കുല മട്ടലുകളുടെ[34] കവിളിൽ[35] നിന്നു പുറപ്പെടുന്നു. അതു എറന്നാൽ[36] മഞ്ഞനിറമുള്ള പൂക്കൾ കാണാം. അതിന്നു അല്ലി[37] അഥവാ അലച്ചിൽ[38] എന്നു പേർ. അതിന്റെ മൂടിക്കു കൊതുമ്പൽ[39] എന്നും അതു ചേൎന്നിരിക്കുന്ന തണ്ടിന്നു കുലച്ചിൽ[40] എന്നും പറയുന്നു. പൂക്കളിൽ ഫലമായിത്തീരാത്തതെല്ലാം വീണപോയ ശേഷം ശേഷിപ്പുള്ള അലച്ചിലന്മേൽ മുഴെക്കുന്നതു[41] വെളിച്ചൽ[42]. 6 മാസം കഴിഞ്ഞാൽ അതു വെള്ളം പെയ്യു (വെച്ചു) കരിക്കായിത്തീരുന്നു[43]. 7-ാം മാസം പയല[44] വെച്ച ഇളനീർ[45], 9ഇൽ വന്നങ്ങ[46], 11ഇൽ ഏണ[47] പഴത്തതേങ്ങ,[48] 12ഇൽ ഉണക്കുതേങ്ങ, അഥവാ കൊട്ടത്തേങ്ങ. കവിളിൽനിന്നു എറന്ന ശേഷം 10 മാസം വേണം തേങ്ങയാവാൻ. ഉണങ്ങി പറിപ്പാൻ 12 മാസം വേണം താനും. ഒരു കുലയിൽ 30. 40 ഓളം തേങ്ങകൾ ഉണ്ടാകും.

തെങ്ങിന്റെ സകല സാധനങ്ങളെക്കൊണ്ടും മനുഷ്യൎക്കു വളരേ ഉപകാരം ഉണ്ടു. പച്ചവേർ[49] വെററില തിന്നുന്നവർ അടക്കെക്കു[50] പകരമായും ഉണങ്ങിയതു തീ കത്തിപ്പാനും ഉപയോഗിക്കുന്നു. മൂത്ത തടിമരം വീട്ടിന്റെ കെട്ടിന്നും തുലാത്തിന്നും[51] കഴക്കോലിന്നും[52] നന്നു. ദ്വീപുകാർ അതിനെക്കൊണ്ടു ചെറുതോണികളെ ഉണ്ടാക്കുന്നു. പാത്തി[53], ഉലക്ക[54] ഉരൽ[55] മുതലായവററിന്നും കൊള്ളാം. തോരണങ്ങൾക്കായി[56] കുരുത്തോല[57] വിശേഷം തന്നേ. അതുകൊണ്ടു പായും ഉണ്ടാക്കും. മട്ടൽ[58] കൊണ്ടു തീ കത്തിക്കുന്നു. അതിന്റെ വെണ്ണീർ (ചാമ്പൽ) ക്ഷാരമായിരിക്കയാൽ[59] അതിനെ വെള്ളത്തിൽ കലക്കി തെളിയിച്ചു[60] തെളിനീർ[61] എടുത്തു അലക്കുകാർ വസ്ത്രം വേളിപ്പിക്കുന്നു. ഓല[62] കൊണ്ടു പായി, കരിച്ചൽ[63] കൊട്ട മുതലായതു മടയുന്നു[64]. അതു വിശേഷമായി മടഞ്ഞു വീടുകൾ കെട്ടി മേയുന്നു. തീ കത്തിക്കുകയും രാത്രിയിൽ ചൂട്ടയായി[65] പ്രയോഗിക്കയും ചെയ്യാം. ഈൎക്കിൽ[66] കൊണ്ടു പലമാതിരി മാച്ചിലുകളും കൂട്ടകളും[67] ഉണ്ടാക്കുന്നു. അടിച്ചിപ്പാര[68] അരിപ്പാനും[69] കത്തിപ്പാനും നന്നു. കൊതുമ്പൽ[70] നാരായി പ്രയോഗിക്കുന്നു. അതും കൊലച്ചലും നല്ലവണ്ണം കത്തുന്ന വിറകാകുന്നു. കൊലച്ചിൽ പല്ലുതേപ്പാനും കൊള്ളിക്കുന്നു. മെളിച്ചിലുകളും, കരിക്കും ഔഷധങ്ങളായി പ്രയോഗിക്കാം. കരിക്കിന്റെയും ഇളനീരിന്റെയും വെള്ളം വളരേ ശൈത്യമുള്ളതാകുന്നു. ദാഹം തീൎപ്പാനും ശക്തികൂട്ടുവാനും പെരുത്തു വിശേഷം. അതിന്റെ കഴമ്പു[71] തിന്നുകയുമാം. തേങ്ങ സാധാരണമായി ആളുകൾ കറിക്കരെക്കുന്നു.[72] അതിന്റെ പാൽ എടുത്തു പലവിധമായ പലഹാരങ്ങൾ ഉണ്ടാക്കാം. തേങ്ങ ഉണക്കി ആട്ടിയാൽ[73] അതിൽനിന്നു വെളിച്ചെണ്ണ[74] കിട്ടും. വെളിച്ചെണ്ണ എടുത്ത ശേഷം ബാക്കിയുള്ള പിണ്ടിക്കു[75] പിണ്ണാക്കു[76] എന്നു പേർ. അതു ആടു, കോഴി, പശു, എന്നിവെക്കു തീനാകുന്നു. ചെകിരി[77] ഉണങ്ങിയാൽ തീ കത്തിക്കയും അതിന്റെ കരി ചാണത്തോടു[78] കൂടേ കലൎത്തി മെഴുകുവാൻ[79] ഉപയോഗിക്കയും ചെയ്യുന്നു. പച്ച വെള്ളത്തിൽ ഇട്ടു പൊതിൎത്തി[80] തല്ലി[81] ഉണക്കിയാൽ കിടക്കകളെ നിറെക്കാം, അഥവാ പിരിച്ചു ചൂടി[82] ആക്കുവാനും ആ ചൂടികൊണ്ടു കയറുകളും ആലാത്തുകളും[83] ഉണ്ടാക്കുവാനും (മുറുക്കുവാനും)[84] കഴിയും. ചിരട്ട[85] കൊണ്ടു കയിലും[86] പലമാതിരി അലങ്കാരക്കോപ്പുകളും ഉണ്ടാക്കാം. ചിരട്ടക്കരി തട്ടാന്മാർ ലോഹം ഉരുക്കുമ്പോൾ തീ കത്തിപ്പാൻ ഉപയോഗിക്കുന്നു.

തേങ്ങയുടെ പൊങ്ങ്[87] തിന്മാൻ ബഹുരുചിയുള്ള ഒരു സാധനം ആകുന്നു. തെങ്ങിന്റെ കുല വിടരുന്നതിന്നു മുമ്പായി തെങ്ങേറുന്ന തിയ്യർ അതിനെ കെട്ടി അരിഞ്ഞു[88] അതിൽനിന്നു കള്ളെടുത്തു[89] കള്ളു കുത്തകക്കാൎക്കു[90] വില്ക്കുന്നു. കള്ളുകുടിയന്മാർ അതിനെ കുടിച്ചു മത്തരായി തീരുന്നു[91]. കള്ളു കാച്ചി റാക്കാക്കിത്തീൎക്കുന്നു[92]. ചക്കരക്കള്ളു[93] എന്നു മറ്റൊരു വിധമുണ്ടു. അതിനെ കുറുക്കി[94] കട്ടിയാക്കിയ ശേഷം ചക്കരയായി വാൎക്കുന്നു. മധുരം വരുത്തുവാൻ ആവശ്യപ്പെടുന്ന സകല പദാൎത്ഥങ്ങളിലും[95] ചക്കര ചേൎക്കുന്നു.

Contributed by P. A.

---

§ 226. കഴിഞ്ഞ കുറി the last time. The word "Time" or "Times" employed as a *Numeral Adverb* may be rendered in different ways. There are special forms for "once" (ഒരിക്കൽ) and "never" (ഒരിക്കലും ഇല്ല). As for the rest (all answering to the question "how many times"?) the most important terms are: 1. പ്രാവശ്യം, നാല്പത്തഞ്ചുപ്രാവശ്യം 45 times; 2. വട്ടം, *f. e.* ഏഴുവട്ടം; 3. കുറി, *f. e.* എത്ര കുറി how often? 4. മടങ്ങു, *f. e.* ആറു മടങ്ങു; 5. ഊടേ (see § 220, II. 2), *f. e.* പലവുരുടേ many times; 6. തുട; *f. e.* ഇരുപത്തൊരു തുട 21 times; 7. ഉരു, പലവുരു repeatedly; അഞ്ചുരു പ്രാൎത്ഥിച്ചു five times he offered prayer; 8. Something similar is also meant by the expression മേനി, the English "fold" (fältig). ഈ നിലങ്ങളിൽ ൧൦ മേനി വിളയും these crops will yield 10 fold, Mark 4, 8; 9. The Sanskrit വാരം a time or turn, *f. e.* ഏകവാരം once. Mark further: 10. ഒന്നരാടം (ഒന്നരവാടൻ) every other day and മുറമുറയേ by turn; 11. Also a literal translation of the English "times" is in use, namely നേരത്തു; മൂന്നു നേരത്തു മരുന്നു കുടിച്ചു took medicine thrice a day; 12. Seldomly also the Particle ഇറു is used (either from ഇൽ + ഉ or ഇരു) *f. e.* അറുപതിററുപത്തു 60 × 10; 13. ഇളപ്പം (from ഇളക്ക), *f. e.* അഞ്ചിളപ്പം പറഞ്ഞു said it five times; 14. തവണ (രണ്ടു തവണ twice); 15. ഊഴം (ഊഴമിട്ടു വരാം by turns).

Of course all these forms may also be used for *Multiplication* (see § 174, II. 3); *f. e.* മൂവേഴു വട്ടം three times seven; ഇരുപത്തൊരു തുട; രണ്ടു മൂന്നുടേ; ആറെറട്ടുരു.

§ 227. തൃപ്തികരമായ (ex. 155). The Sanskrit Noun കരം ("doing", "hand"), affixed to Sanskrit Nouns denoting a quality and adjectived, expresses, that such a quality is to be produced or conveyed; *f. e.* സന്തോഷകരമായ വൎത്തമാനം a message which conveys (produces, brings) joy. In the same manner also Nouns ശുദ്ധീകരണം (കരണം acting), Verbs and Adverbs may be formed; *f. e.* യേശു ക്രിസ്തുൻെറ രക്തം നമ്മെ സകലപാപത്തിൽനിന്നും ശുദ്ധീകരിക്കുന്നു I. John 1, 7. ശുദ്ധി—ശുദ്ധീകരമായ, ശുദ്ധീകരണം, ശുദ്ധീകരിക്ക; നീതി—നീതികരമായ, നീതീകരണം, നീതീകരിക്ക = നീതി വരുത്തുക; ഭയങ്കരമായി fearful, what brings fear; even the Sanskrit Ablative സാക്ഷാൽ (ex. 153) we see verbalized this way: സാക്ഷാൽക്കരിക്ക to appear; സാക്ഷാൽക്കാരം manifestation. This explains also കാരൻ doer, the termination of so many professional names; *cf.* page 49 and § 229, III. 7, *c.* Even: എവിടത്തുകാരൻ? may occur.

Exercise 1.

അസിഷ്ടാണ്ട് മജിസ്ത്രേട്ട്.[1]

ചേറനാട്[2] താലൂക്ക്[3] പൊലീസ്സാപ്പക്ക്[4] എഴുതിയ കല്പന. അന്യായം കുഞ്ഞോലൻ[5] കട്ടിയും[6] പ്രതി[7] കാതര മൂത്ത മുതലായവരും തമ്മിൽ തക്കമുള്ള[8] നിലത്തേ വിള[9] മദ്ധ്യസ്ഥമായി[10] വെച്ചിട്ടുള്ള കല്പനപ്രകാരം വിട്ടുകൊടുക്കാതെ നിൎത്തിയിരിക്കുന്നു[11] എന്നു മേല്പടി[12] കുഞ്ഞോലൻെറ ഹരജി[13] മേൽ കഴിഞ്ഞ അക്ടൊമ്പ്ര[14] ൯-ാംനു- താൻ ബോധിപ്പിച്ച[15] മറുവടിയിൽ കാണിച്ചിട്ടുണ്ടല്ലോ.

തൻെറ തീൎപ്പിന്മേൽ[16] കുഞ്ഞോലൻ ഇവിടേ അഫീൽ[17] ബോധിപ്പിച്ചതു അവധി[18] കഴിഞ്ഞിട്ടാകയാൽ ആ അഫീൽ ഉപേക്ഷിച്ചു[19] നവെമ്പ്ര ൨൨-ാംനു- മറുവടി കല്പിച്ചു അയച്ചിരുന്നു. എങ്കിലും അതിൻെറ ശേഷം കുഞ്ഞോലൻ ബോധിപ്പിച്ച പലവക ഹരജിയിൽ കാണിച്ച സംഗതികളാൽ അഫീൽ സ്വീകരിച്ചിരിക്കു[20]കൊണ്ടു മേൽപ്രകാരം വെച്ചിട്ടുള്ള വിള ൨-ാമതു കല്പന വരേ വിട്ടുകൊടുക്കാതെ ബന്തോവസ്തിൽ[21] തന്നേ നിൎത്തിക്കൊൾകയും[22] വേണം എന്നു ൲൨൰൪-ാമതു ഡിസെമ്പ്രമാസം ൨൰൮-ാംനു- മലപ്രത്തു നിന്നു.

Exercise 2.

From

The Collector of Malabar

To

The Tahsildar

of Calicut Taluk.

I have received your letter of the 21st instant, reporting the death of Chattu Panikar the Adhikāri of the Kasbah Amsham of your Taluk and recommending that his nephew Rāma Panikar should be appointed in his room.

According to your recommendation I have appointed the said Rāma Panikar to the situation of the deceased Adhikāri. You will accordingly receive from him the usual security and forward to me, with your letter, the security-bond with the signatures of his heirs.

Calicut Collector's office.

28th 1024

11th December 1848

---

1) Assistant Magistrate. 2) A former district S. E. of Calicut. 3) A district in Malabar consisting of Dēsams (ദേശങ്ങൾ). There are now 10 Taluks in Malabar: ചിറക്കൽ with the chief place Cannanore; കോട്ടയം with Tellicherry; കുറുമ്പ്രനാട്ടു with Wadagerry (വടകര); വയനാട്ടു with Manantody (മാനന്തവാടി); കോഴിക്കോട്ടു with Calicut; ഏറനാട്ടു with Mancherry; പൊന്നാണി with Ponnani; വള്ളുവനാട്ടു with Angadippuram; പാലക്കാട്ടു with Palghaut, and കൊച്ചി with Cochin. 4) Police-officer. 5) N. prop. 6) In compounds N. pr. 7) Versus. 8) Disputable. 9) Crop നിലത്തേ = നിലത്തിലുള്ള. 10) As arbitration. 11) Arrest, confiscate. 12) മേല്പടി the upper part, above *said.* 13) Or ഹൎജ്ജി petition. 14) October. 15) Inform superiors. 16) മേൽ against, here *cf.* § 220, II. 2. 17) Appeal. 18) Term. 19) Refuse, reject. 20) Admit, accept. 21) ബന്തോവസ്തു Persian word = arrangement, settlement. 22) See § 202.

Translation.

മലയാം പ്രവിശ്യയിൽ മഹാരാജശ്രീ കലെക്കട്ടർ സായ്പവൎകൾ.

കോഴിക്കോട്ട താലൂക്ക് തഹശ്ശിൽദാൎക്ക് എഴുതിയ കല്പന. ആ താലൂക്കിൽ കസബാ അംശം അധികാരി പുല്ലോളി ചാത്തുപ്പണിക്കർ മരിച്ചുപോയിരിക്കുന്ന പ്രകാരവും ആ ഉദ്യോഗത്തിന്നു ആ ആളുടെ അനന്തരവൻ രാമപ്പണിക്കരെ നിശ്ചയിപ്പാൻ കല്പന വേണം എന്നും ഈ മാസം ൨൧-ാംനു- താൻ എഴുതിയ ഹൎജ്ജി നാം വായിച്ചറികയും ചെയ്തു.

തന്റെ ഹൎജ്ജിപ്രകാരം മേൽ എഴുതിയ രാമപ്പണിക്കരെ മേപ്പടി അധികാരിയുടെ പണിക്കു നാം നിശ്ചയിച്ചിരിക്കുന്നു. ആ ആളോട്ടു മൎയ്യാദപ്രകാരം ജാമ്യൻ വാങ്ങി ജാമ്യച്ചീട്ടിൽ ആ ആളുടെ അവകാശികളെക്കൊണ്ടു ഒപ്പിട്ടുവിച്ചു തന്റെ ഹൎജ്ജിയോടു കൂടി നമുക്കു അയക്കുകയും വേണം എന്നു കൊല്ലം ൧൦൨൯-ാമതു വൃശ്ചിക മാസം ൨൪-ാംനു- കോഴിക്കോട്ടു ഹജൂർക്കച്ചേരിയിൽനിന്നു എഴുതിയതു.

Exercise 3.

Take leave, grant leave കല്പന വാങ്ങുക, കല്പനകൊടുക്കുക.

Time of absence ഹാജരില്ലാത്ത സമയം.

Business appertaining to the office ഉദ്യോഗ (ആപ്പീസ്സ്) സംബന്ധമായ പണി (പ്രവൃത്തി).

On expiration of the leave കല്പന കഴിഞ്ഞാൽ.

Term, fixed period അവധി.

Transact the duties പണി നടത്തുക.

No extension of leave will be granted അധികമായ കല്പന കിട്ടുകയില്ല.

I have received a report എനിക്കു ഒരു റിപ്പോൎട്ട് കിട്ടിയിരിക്കുന്നു.

It appears from the report റിപ്പോൎട്ടിൽനിന്നു കാണുന്നു.

To take charge of public money and records സൎക്കാർ മുതലും റിക്കാൎഡുകളും ഏററു വാങ്ങുക.

I beg to recommend him to this appointment അവനെ ആ പണിക്കു നിശ്ചയിപ്പാൻ കല്പനയാകേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

According to your recommendation I appoint നിങ്ങളുടെ ശിഫാൎസിപ്രകാരം ഞാൻ നിശ്ചയിക്കുന്നു.

To receive security ജാമ്യം വാങ്ങുക.

To make sign a document ആധാരം ഒപ്പിട്ടുവിക്കുക.

To transfer the registry of a compound from Kaṉṉan to Kēlan ഒരു പറമ്പിന്റെ നികുതി ജമ കണ്ണന്റെ പേരിൽനിന്നു കേളന്റെ പേരിൽ തിരിച്ചു കെട്ടുക.

The heirs do consent to this transfer ഇങ്ങിനേ തിരിക്കുന്നതിന്നു അവകാശികളുടെ സമ്മതമുണ്ടു.

To forward the copy of a petition ഹരജിയുടെ പകൎപ്പു അയക്കുക.

You will inform me of the issues of this enquiry ഈ അന്വേഷണത്തിലേ വസ്തുതകളെ എന്നെ അറിയിക്കേണം.

This is not included in the Government assessment register സൎക്കാർ ജമയിൽ ഇതു ഉൾപ്പെടുന്നതല്ല.

He does not pay revenue of his lands to Government (to assess land) അവൻ സൎക്കാരിലേക്കു പറമ്പുകളുടെ നികുതി അടെക്കുന്നില്ല (പൈമാശി ചെയ്യു).

To make a verbal enquiry വാക്കാലേ അന്വേഷണം കഴിക്കുക (or അന്വേഷിക്കുക).

The report is incorrect റിപ്പോൎട്ട് നേരല്ല.

To examine the public accounts സൎക്കാർ കണക്കുകൾ പരിശോധന കഴിക്കുക.

To rent പാട്ടത്തിന്നു കൊടുക്കുക.

A deed of lease പാട്ടക്കുറി, പാട്ടോല, പാട്ടശ്ശീട്ടു.

Rent പാട്ടം, പാട്ടക്കാണം.

Tenant പാട്ടക്കാരൻ, കാണം കൊണ്ടവൻ.

The rent of an estate in lieu of interest on mortgage പുറമ്പാട്ടം.

Agreement with the tenant പാട്ടച്ചീട്ട.

Counterpart-covenant of lease kept by the proprietor മറുപാട്ടച്ചീട്ട.

Rent paid in kind,—paid in money പാട്ടനെല്ല, പാട്ടപ്പണം.

To fix the rent പാട്ടം കെട്ടുക.

Claim of a rent പാട്ടാവകാശം.

To pay rent പാട്ടം കെട്ടിത്തരിക.

Perpetual possession ശാശ്വതാവകാശം.

A collector of rents പാട്ടമാളി, പാട്ടാളി.

A tenure almost equal to a freehold കട്ടമ (കടിമ) നീർ.

Net produce പുറപ്പാട്ട.

The four fruit trees (തെങ്ങ, കവുങ്ങ, പിലാവു, വള്ളി and കൊടി the 5th) ഉഭയങ്ങൾ (rice-fields in the Tenth): മേല്ലഭയം and കീഴുഭയം.

Former documents കീഴാധാരങ്ങൾ.

Receipt പൃക്കുവാറ.

Deed of acquittance ഒഴിമുറി.

Rack-rent chiefly of വാരം, നെല്ല.

The landlord's share of rice വാരനെല്ല.

To give the advantages arising from a possession അനുഭവത്തിന്ന കൊടുക്ക.

Mortgage കാണം (see Dictionary for details).

Deed of mortgage for the improvement of cultivated lands കാണം പണയപ്പാട്ടം. കഴിക്കാണം, കഴിക്കുറ.

To cultivate a parambu under this tenure സ്ഥലത്തു കഴിക്കാണം വെക്ക, ഉണ്ടാക്കുക.

Mortage-claim കഴിക്കാണാവകാശം.

Fee claimable by the owner for every tree cut down by the renter കററിക്കാണം.

Rent-roll, register of proprietors' deeds, tenants' rents കററിക്കണക്കോല.

Balance of revenue due by individuals കററിവാശി.

Additional advance of the occupant മേൽക്കാണം (mortgage upon mortgage).

Submortgage കീഴ്ക്കാണം.

Mortgagee കാണക്കാരൻ.

The janmi's right മേലാസ്സുറ.

The tenant's share കീഴാസ്സുറ.

Property in trees and fruits മേലായ്മ.

Property of grounds കാരായ്മ.

Complete purchase of a freehold അട്ടിപ്പേറ.

Fruits of trees മേൽഫലം, കീഴ്ഫലം.

Fee given by the tenant to the Janmi മാറക്ഷം or മാനസം.

Mortgage with possession ജന്മപ്പണയം.

Pledge പണയം.

Mortgage without possession of the mortgaged property തൊട്ടുപണയം, ചൂണ്ടിപ്പണയം.

The mortgage, the possession of which is not given to the creditor ചുരിപ്പണയം.

The right to the lower kind of produce കീഴായിജന്മം.

Proprietor, freehold property ജന്മക്കാരൻ (ജന്മി) ജന്മം.

Share of the landlord ജന്മഭോഗം.

The price paid for a freehold ജന്മാവകാശം.

Hereditary ricefields ജന്മക്കണ്ടം.

To sell a property ജന്മം കൊടുക്ക (വില്ക്ക).

To purchase ജന്മം കൊൾക.

To acquire ജന്മം എടുക്ക.

Give a security ജാമ്യം കൊടുക്ക.

Security പണയപ്പാട.

Released on bail ജാമ്യത്തിന്മേൽ വിട്ടു.

157. വാറേറാനും, വല വീതോനും, കട്ടോനും, കടം കൊണ്ടോനും ആശ വിടാ! for one who caught fish, threw a net, has stolen, contracted debts hope never ends.

വാറ Past Tense of വല്ക്കുക or വക്കുക to catch fish, especially with the fishing hook (ചൂണ്ടൽ); വീതുക = വീയുക (or വീശുക) to throw nets; Past Tense വീതു.

158. നാട്ടിലേ വലിയോർ പിടിച്ചാൽ അരുതെന്നു പാടുണ്ടോ? if the big people of a country lay hold of you, is it possible (to say) "dont want"?

159. കരുത്തിന്നു ഉൗകാരം ഗുരുത്വം for the high-minded (the knowledge of) the letter "u" is a science.

160. കാട്ടിലേ മൂത്തച്ചിയുടെ പശുവിനെ പുലി പിടിച്ചാൽ പുലിക്കു നാട്ടിലും കാട്ടിലും ഇരുന്നൂടാ if the tiger takes the cow of the grandmother in the forest, it cannot longer exist in the forest and out of it.

161. ഒരു കൊമ്പു പിടിക്കുലും പുളിങ്കൊമ്പു പിടിക്കേണം[1] if you are going to seize a branch, you ought to take hold of a tamarind branch (to choose a strong patron).

§228. വറേറാനും, വീതോനും, കട്ടോനും, കൊണ്ടോനും, വലിയോർ represent a second form of the Demonstrative Pronoun അവൻ, we very frequently meet with in connexion with the Personal Noun. Instead of അവൻ we take ഓൻ. This secondary form may be declined too; *f. e.* അലക്കുന്നോന്റെ കഴുത പോലേ like the donkey of a washerman. Instead of അവൾ we say ഓൾ, hence വരുന്നോൾ, which form is also used as a real Noun, meaning "wife"; *f. e.* അവന്റെ ഓളു് his wife. As we see in വലിയോർ, "അവർ" changes into ഓർ, നല്ലോർ = നല്ലവർ good persons. In proverbs these forms, being shorter, very often occur; *f. e.* തേറിയോനെ മാറൊല്ല, മാറിയോനെ തേറൊല്ല do not disappoint one who trusts in you, and do not trust one who disappointed you; മൂത്തോർ (= മൂത്തവർ) വാക്കും മുതു നെല്ലിക്കയും മുമ്പിൽ കൈക്കും പിന്നേ മധുക്കും the advice of the old and the ripe (മുതു) fruit of *Phyllanthus Emblica* are first bitter and afterwards sweet; ഉള്ളോൻ, ഉള്ളോർ (relatives).

Hence: അവൻ = ഓൻ (ഓന്റെ, ഓന്നു etc.).
അവൾ = ഓൾ (ഓളുടെ, ഓൾക്കു].
അവർ = ഓർ (Lord).

For another form of the Demonstrative Pronoun (ആൻ, ആൾ, ആർ) see § 254.

§229. മദ്ധ്യസ്ഥൻ (ex. 153), അധികാരി (154), വഴിപോക്കൻ (155), സ്വസ്ഥത (155), ഗുരുത്വം (159) and a great many Nouns employed long ago (*f. e.* സംബന്ധക്കാരൻ 137, നന്മ 138, മലയാളി 144, ബുദ്ധിമാൻ 152 and others like മറവു, മാററം, തിരിവു, ബുദ്ധിയില്ലായ്മ, പടപ്പു) may teach us something about *the Formation of Nouns.*

I. There is the whole class of *Verbal Nouns* or Nouns derived from Verbs.

1. All the *Infinitives* may be used as Nouns (see §§ 123. 124). We may say that they are *half Nouns*, half Verbs: Nouns as they are declined (മരിക്കയാൽ, ഇരിക്കിൽ), Verbs as they are dependant on a Subject and may be followed by an Object. ബിംബങ്ങളെ ചോറൂട്ടുക (the feeding of idols with rice), തേച്ചുകുളിപ്പിക്ക, ഉറക്കുക, ഉണൎത്തുക, വീശുക, പൂശുക മുതലായ ഓരോരോ സാരമില്ലാത്ത ആചാരങ്ങൾ ഹിന്തുക്കളിൽ കാണാമല്ലോ.

[1] *Cf.* "One Thousand Malayalm Proverbs", Mangalore, 1868.

2. There are *real Nouns* formed from Verbs.

a. Some take അൽ; *f. e.* തുപ്പൽ (from തുപ്പുന്നു to spit); അട്ടക്കൽ; കാവൽ (from കാക്കുന്നു to watch); മാന്തൽ (മാന്തുന്നു to dig with the hand or claws); നിത്തൽ.

b. ച്ചൽ; *f. e.* പാച്ചൽ (പായുന്നു to run); മുഷിച്ചൽ (മുഷിയുന്നു to be weary, angry); കരച്ചൽ (കരയുന്നു); also യൽ: വിറയൽ (വിറെക്കുന്നു to tremble).

c. ച; *f. e.* ചേച്ച, അഴല്ച (അഴലുന്നു to burn); ഇരുൾച (ഇരുളുന്നു to grow dark); കാഴ്ച (കാണുന്നു); അലച്ച (അലരുന്നു to be hot, and അലറുന്നു to roar).

d. വു and പ്പു; *f. e.* അറിവു; ചാവു (death); നോവു (pain); അളവു.—പഠിപ്പു; ഒപ്പു; വെപ്പു; നിൽപ്പു; പിറപ്പു (birth).

e. അം and അവു; *f. e.* അകലം (breadth, distance, fr. അകലുക); പകരം (പകരുക); കളവു, ചെലവു, വരവു.

f. ു or ത്തു; *f. e.* കൊയ്ത്തു (കൊയ്യുക to reap); നെയ്ത്തു (weaving); ആട്ടു; പാട്ടു; കൂട്ടു; മാററു (= മാററം see *g.*).

g. തം; *f. e.* നടത്തം; ഓട്ടം; ഏററം; മാററം; പിടിത്തം; നോട്ടം.

h. മ; *f. e.* ഓൎമ്മ; തോല്മ; കൂൎമ്മ (edge, from കൂൎക്ക, ത്തു to be sharp).

i. അ and ഇ; *f. e.* നില; വക; പക; വള; പൊടി; കളി; കടി.

k. Simply the root is taken; *f. e.* കടി; പിടി; അടി; ചതി; തല്ലു; ചൊൽ; വെട്ടു.

l. The root is lengthened; *f. e.* തീൻ; ഊൺ; ചൂട്ടു; പോർ; കേട്ടു.

m. വി and തി; *f. e.* കേൾവി; തോൽവി; മറവി;—പകുതി; പൊറുതി.

3. All the *Personal Nouns*: പറയുന്നവൻ, പറയുന്നവൾ, പറഞ്ഞതു. But there are many Personal Nouns, which, not artificially formed, are real Nouns. They are of a two-fold kind:

a. Some take അൻ; *f. e.* മൂപ്പൻ; വഴിപോക്കൻ; മടിയൻ; ചതിയൻ; മുടിയൻ; കുടിയൻ. The difference between കുടിക്കുന്നവൻ and കുടിയൻ is just the same as between the phrase: "one who drinks" and "drunkard"; in this case even the meaning differs.

b. Some take ഇ; *f. e.* പോററി; കാണികൾ (spectators); താന്തോന്നി (oneself-conceited); നായാടി (a hunter); ആളകൊല്ലി (man-killer); തിന്നി an eater.

II. There are Nouns formed further from *Adjectives* or Adjective Participles like നല്ല, ചെറിയ, വലിയ, പുതിയ, നേരിയ etc. They are:

1. *Personal Nouns* like വലിയവൻ, ചെറിയവൻ, പഴയതു; ചെറുമൻ (മി); ചെറുക്കൻ; കറുക്കൻ; മിടുക്കൻ (ക്കി); വമ്പൻ; എളിയൻ (എളിയവൻ); നല്ലൻ.

2. *Abstract Nouns,* expressing the property, denoted by the Adjectives, are formed by the affix മ and others; *f. e.* നന്മ, തിന്മ, പഴമ, പുതുമ (novelty), വെള്ള, വമ്പു, വലിപ്പം, പുതുക്കം, പച്ച, എളപ്പം, ചെറുപ്പം, ഇമ്പം, തണൽ.

III. *Derivative Nouns* or such, formed by adding Suffixes (taddhitam) to Nouns.

1. *Personal Nouns* are formed in the following manner:

1. അൻ, ഇ, ത്തി are the terminations: അൻ used for the Masculine Gender, ഇ and ത്തി for the Feminine. So, *f. e.* കൂനൻ, കൂനി (from കൂൻ) hump-backed; മലയൻ, മലയി (from മല) a mountaineer; കള്ളൻ, കള്ളത്തി (from കള്ളം) a thief: തീയൻ, തീയത്തി (from തീവു island) palm-cultivator.

2. The Demonstrative Pronouns അവൻ (ആൻ or ഓൻ see § 228), അവൾ and അവർ (ഓർ) may be added; *f. e.* വിണ്ണവർ (from വിണ്ണ heaven) gods; വാനവർ (from വാനം heaven) celestials, also വാനോർ; കാരണവർ (from കാരണം cause) author, head of the family. കാട്ടവർ (from കാട്ട forest) jungle-dweller, also കാടൻ, കാടർ (see 1).

3. അവൻ, അവൾ, അതു may be copulated by means of the *Particle* ഏ (see § 213); *f. e.* പിന്നേയവൻ (പിന്നേവൻ) the latter, പിന്നേതു (പിന്നേത്തേ Adjective പിന്നേത്തേതിൽ afterwards) the next, the rest. In the same manner: മുന്നേവൻ, മുന്നേതു; പണ്ടേതു (das Alte), തെക്കേതു, കിഴക്കേതു, പടിഞ്ഞാറേതു (that in the West), പിന്നേത്തതു, മുമ്പിലേവ, അഗ്രത്തിങ്കലേവ (that on the point), നമ്മുടേതു (ours), തന്റേതു, അവരേതു (so അവരേതത്രേ only theirs).

4. The contracted forms of അവൻ, അവൾ and അവർ: ആൻ, ആൾ, ആർ are affixed: കണിയാൻ (astrologer, also കണിശൻ, *fem.* കണിശത്തി, കണിയാട്ടി, കണിയാടിച്ചി), കന്നിയാൾ virgin; അടിയാർ low castes; കുടിയാർ tenants (കുടിയാൻ); കത്തനാർ (കത്തൻ lord) headman of Moplas. മേലാൻ plural മേലാർ (മേലാൾ) overseer.

5. ഇ for all the three Genders in കന്നുകാലികൾ (cattle); നാല്ക്കാലി (four-feeted); especially in connexion with Tadbhavams (originally Sanskrit words) we see employed this termination, hence ചങ്ങാതി (from ചങ്ങാതം companion), പാപി, രോഗി etc.

6. The terminations ആളൻ, ആളി (derived from ആളുക, ആണ്ടു to rule, hold, possess; see § 249. Rem.) "holder" in: മലയാളൻ (no Feminine); മുതലാളൻ; കാട്ടാളൻ (കാട്ടാളത്തി); കമ്മാളർ artificers (കമ്മാട്ടി); ഊരാളർ;—തലയാളി headman of some castes; മലയാളി; പടയാളി; പോരാളി; മുതലാളി; ഇരപ്പാളി; ഊരാളി lower Sudra-caste (ഊരാളിച്ചി); ചൂതാളി a gamester; വില്ലാളി (also വില്ലാളൻ) an archer, etc.

7. The following are the chief *Sanskrit terminations* in use:

a. വാൻ and മാൻ (*vant* वन्त् and *mant* मन्त् in Sanskrit) in ഗുണവാൻ (from ഗുണം) a virtuous man, Feminine ഗുണവതി (ഗുണവത്തു Neuter).—ബുദ്ധിമാൻ, ബുദ്ധിമതി (ബുദ്ധിമത്തു); ഭാഗ്യവാൻ, ഭാഗ്യവതി.

b. ശാലി in ഗുണശാലി (=ഗുണവാൻ, ഗുണശീലൻ), വീൎയ്യശാലി, ധൈൎയ്യശാലി for മാൻ see § 278.

c. കാരം, കാരി, കാരൻ പുരുഷകാരം (from പുരുഷകാരം man's doing, multitude); ഉപകാരി (friend); പണിക്കാരൻ (Feminine ക്കാരത്തി), see § 227.

Remark: Sanskrit-stems (of Relation) ending in *tan* (Nominative ആ) frequently add വു in Malayalam, thus കൎത്താവു, മാതാവു, ദാതാവു, ഭൎത്താവു, യോദ്ധാവു etc. In the same manner രാജാവു (stem രജാൻ, രാജൻ, രാജ്ഞ്; Nominative രാജാ). A curious misunderstanding takes place in the case of മുഖതാവിൽ, treated as a Locative of മുഖതാ although it is derived from the Arabic "muqābil or mutaquābil".

2. As to the formation of *Abstract Nouns.*

1. The chief Malayalam terminations are മ and ആയ്മ; *f. e.* അടിമ (from അടി) slavery; കോയ്മ (from കോൻ lord, king) government; മേന്മ (from മേൽ what is above) excellence, superiority; മലയായ്മ; കൂട്ടായ്മ fellowship; പോരായ്മ insufficiency.

2. The Sanskrit terminations are ത്വം and ത (compare the English "ism" and "ship"); *f. e.* ഗുരുത്വം (from ഗുരു), പ്രഭുത്വം (from പ്രഭു prince) authority, sovereignty, ചങ്ങാതിത്വം friendship, ക്രൂരത cruelty, മൂഢത foolishness, വിശ്വസ്തത faithfulness.

§ 230. The preceding examples enable us farther to lay down a few rules as to *the Gender of the Noun.* In Malayalam as well as in English Masculine and Feminine Gender are only applied to Nouns, denoting individuals of the male and female sex: അച്ഛൻ, പുത്രി; Nouns without sex are of the Neuter Gender: മരം. But just, as in English, inanimate objects may be sometimes spoken of as male or female (sun, time, death—Masculine; moon, earth, night etc.—Feminine); so also in Malayalam സൂൎയ്യൻ is Masculine (സൂൎയ്യൻ ഭംഗിയുള്ളവനാകുന്നു) ചന്ദ്രൻ m. ഭൂമി (which is also a goddess in Malayalam), സഭ (in the Bible) are Feminine. But we may also say about a child അതിന്നു സൌഖ്യം ഉണ്ടോ? which shows, that also in Malayalam there is something like the "Common Gender" of English ("it", "das Kind", τὸ τέκνον).

1. As to the terminations അൻ for Masculine, അൾ or ത്തി for Feminine, and ു for Neuter Gender we have heard long ago. With regard to the Feminine of Personal Nouns mark:

a. ത്തി is changed into ച്ചി after a palatal vowel (ഇ and എ) or യൻ; *f. e.* ഇടയൻ, ഇടച്ചി; ആശാരി, ആശാരിച്ചി (carpenter); തോട്ടി (sweeper), തോട്ടിച്ചി; നൊണ്ണൻ or നൊണ്ണി (toothless), നൊണ്ണിച്ചി; നായർ, നായരച്ചി; പുലയൻ (out-caste), പുലച്ചി.

b. A Masculine ending in ആൻ or ആളൻ forms the Feminine in ആട്ടി; *f. e.* അടിയാൻ, അടിയാട്ടി (but also അടിയാത്തി); തമ്പുരാൻ, തമ്പുരാട്ടി; മണവാളൻ (bridegroom), മണവാട്ടി (മണവാളത്തി) bride; but കാട്ടാളത്തി see § 229, III. 1. 4. 6.

c. Now and then instead of അൻ simply ഇ (not ത്തി) is affixed; *f. e.* മുടന്തൻ (lame), മുടന്തി; പൊണ്ണൻ (coward), പൊണ്ണി; മന്തൻ (having a swollen leg), മന്തി; തോഴൻ (companion, friend), തോഴി; ബ്രാഹ്മണൻ, ബ്രാഹ്മണി.

2. With respect to Nouns derived from Sanskrit bear in mind:

a. ൻ of the termination അൻ is dropped; thus അനുജൻ, അനുജ (besides അനുജത്തി); ജ്യേഷ്ഠൻ, ജ്യേഷ്ഠ (or ജ്യേഷ്ഠത്തി); ദുഷ്ടൻ, ദുഷ്ട; പ്രാപ്തൻ, പ്രാപ്ത; വല്ലഭൻ, വല്ലഭ; *f. e.* അവൾ എത്രയും പ്രാപ്തയായ ഒരു മകൾ ആയിരുന്നു what an able daughter she has been! All these Nouns form their Feminine in Sanskrit on ആ.

b. Some Sanskrit words take simply ഈ, if the Masculine ends in അൻ; *f. e.* ദേവൻ, ദേവി; ദാസൻ, ദാസി; ഭയങ്കരൻ, ഭയങ്കരി (the same in Sanskrit).

c. Sanskrit words ending in ഇ form their Feminine often on നി or ണി; *f. e.* മാനി (a haughty man), മാനിനി; രോഗി (sick), രോഗിണി; വ്യഭിചാരി (adulterer), വ്യഭിചാരിണി; സ്വാമിനി; മന്ത്രിണി. But സഖി, പാപി (besides പാപിനി), ചങ്ങാതി (colloquially ചങ്ങാതിച്ചി) are unaltered (see § 229, III. 5).

d. Sanskrit stems ending in അൻ form the Feminine by affixing അതി (or അത്തു); *f. e.* നീതിമാൻ, നീതിമതി; ഭാഗ്യവാൻ, ഭാഗ്യവതി; ധനവാൻ, ധനവതി; ഭവാൻ, ഭവതി

(see § 229, III. 7, *a*). But വിദ്വാൻ (sage, from विद्वांस्; light stem विदुष्) വിദുഷി, being originally a Participle Perfect Active.

All these Feminine Nouns take long ī in Sanskrit.

e. Mark farther: ആചാൎയ്യൻ (priest), ആചാൎയ്യണി; പ്രവാചകൻ, പ്രവാദിനി; രാജാ, രാജ്ഞി; പ്രഭു (lord, prince), പ്രഭ്വി; ബ്രാഹ്മണൻ, ബ്രാഹ്മണി or ബ്രാഹ്മച്ചി. The so-called Nomina agentis in Sanskrit form their Feminine on ത്രീ in Sanskrit, ത്രി in Malayalam കൎത്താവു, കൎത്ത്രി; മാതാവു, മാതൃ; സാധു (Adjective in Sanskrit), Feminine സാധ്വി.

3. Just as the suffixes mentioned above are corresponding with the English "ess", "ix", or "in", "ster", so also in Malayalam words like "he", "she", "man", "female" are prefixed to a word for indicating sex. Thus ആൺ (Canarese: gaṇḍu, Tamil: āṇ, āṇu) *male* and പെൺ (Canarese: heṇṇu, Tamil: peṇṇ, Telugu: peṇḍi) *female*; *f. e.* ആണ്കുട്ടി boy; പെണ്കുട്ടി girl. ആണ്കുതിര horse, stallion, even ആണ്മരം male tree. The male-sex of birds and plants is indicated by പൂവൻ (cock-, as in English: "cock-sparrow"), the female of birds, asses, camels etc. by പിട (from പെൺ, "hen-" = "hen-sparrow"); *f. e.* പൂവങ്കോഴി cock, പിടക്കോഴി hen; പൂവൻകഞ്ചാവു male-hemp ("Femmel" in German); പിടക്കുതിര, പേടമാൻ roe, doe. In connexion with ജനം and വൎഗ്ഗം also പുരുഷൻ and സ്ത്രീ (man-kind, woman-kind; Mannsvolk, Weibsleute) are employed പുരുഷജനം, സ്ത്രീജനം (സ്ത്രീവൎഗ്ഗം). But ജനം is generally Neuter.

4. Finally the gender of a Noun may be denoted by employing different words (king, queen, monk, nun, uncle, aunt): അച്ഛൻ, അമ്മ; കാള, പശു (bullock, ox, cow); പോത്തു എരുമ (buffalo); കൊററൻ, ആടു (ram, sheep, goat) etc.

5. Many words are applied to both sexes alike (see § 229). So in general the names of inferior animals are common to both sexes കൊതു musquito; ചെള്ളു flea etc. Besides മനുഷ്യൻ like the English "man" (human being; Mensch) may be employed for both sexes, but as in English it is construed with Masculine; *f. e.* രാവിലേ അവൻ (മനുഷ്യൻ) പുല്ലു പോലെ ന്നു (Ps. 90, 5); besides there is a Feminine മനുഷി, if the sex is to be emphasized. Bear in mind, further, that although we denote the sex of an animal or plant by prefixes or special words, it is construed with the Neuter Gender; *f. e.* we do not apply to an ox the Pronoun അവൻ or to a hen അവൾ, but will say അതു; *f. e.* അതിന്നു (to the ox) വലരേ ശക്തി ഉണ്ടു.

§ 231. ഇരുന്നൂടാ (ex. 160), പിടിക്കിലും represent again some *contracted forms*. ഇരുന്നൂടാ = ഇരുന്നുകൂടാ in the same manner we find നിന്നൂടാല്ലു, വന്നൂടാ, എറിഞ്ഞൂടാ, പറഞ്ഞൂടാ, അവിടേ വെച്ചൂടേ? (വെച്ചുകൂടേ?) Compare the abbreviations in connexion with വിടുക see § 211.

As to പിടിക്കിലും it is a contracted form of the *Concessive*. In colloquial language these contracted Conditionals and Concessives are scarcely used, but in proverbs they do not rarely occur in connexion with the Second Future Tense: ഇരിപ്പൂൽ from ഇരിപ്പുവിൽ; ചെല്ലൂൽ from ചെല്ലുവിൽ. In the same manner: നടക്കിലേ, കൊടുക്കിലും, ഇരിപ്പിലും, തിന്നിലും etc.; *f. e.* ആൾ ഏറേ ചെല്ലൂൽ, താൻ ഏറേ ചെല്ലുക (prov.) if people go often to

some place, one ought to go there himself frequently. തവിടു തിന്നാലും തകൃതി കളയരുതു (prov.) although one eats bran, he shall do it in a magnificent manner (തകൃതി boast).

Exercise 1.

പണ്ടു ഇരവി എന്നു വെച്ച ഒരു ഉള്ളാടൻ[1] ഇവിടങ്ങളിൽ[2] ഉണ്ടായിരുന്നു. അവന്റെ ഒരു കാൽ വീങ്ങിയതുകൊണ്ടു അവനെ മന്തനിരവി[3] എന്നു പറഞ്ഞു വന്നു. നാലഞ്ചു ആളുടെ ആരോഗ്യമുണ്ടു[4]. യാതൊരുവനെയും ഒരു ഭയവും ഇല്ല, അങ്ങിനേയുള്ളൊരു ത്രിശാല മുട്ടനായിരുന്നു[5]. അവൻ ഒരു ദിവസം വെളിയന്നൂർ വയലിന്റെ കരെക്കൽ[6] ഇപ്പോൾ ഇറുന്നു[7] പൊളിഞ്ഞു കിടക്കുന്ന അമ്പലത്തിന്റെ സമീപേ ആ ചരിവിൽ[8] കാട്ടുകിഴങ്ങു[9] മാന്തിക്കൊണ്ടിരുന്നു. അപ്പോൾ "ഇതാ പന്നി വരുന്നേ[10]" എന്നു കൂട്ടർ വിളിച്ചു കൂകുന്ന ശബ്ദം കേട്ടു. ഉടനേ തോളിൽ പാളക്കെട്ടും[11] ഞാത്തിയിട്ടും[12] കൊണ്ടു ഓടുന്നതു അലമ്പലാകയാൽ അമ്പലത്തിന്റെ മുൻവശത്തു ഓടിവന്നു "അടിയന്റെ മാന്തലും പാളക്കെട്ടും സൂക്ഷിച്ചുകൊള്ളേണമേ"[10] എന്നു ഭഗവാനോടു വിളിച്ചു അപേക്ഷിച്ചിട്ടു തേട്ടക്കാർ[1] നില്ക്കുന്നേടത്തേക്കു ഓടി. കുറേ നേരം കഴിഞ്ഞു മടങ്ങി വന്നപ്പോൾ (പാളക്കെട്ടു പച്ചപ്പാള ആകകൊണ്ടു) കന്നുകാലികൾ മണം പാൎത്തു[13] ചെന്നു കടിച്ചു കീറി അതിൽ ഉണ്ടായിരുന്ന നൂറോൻ[14] കിഴങ്ങുകളും മററും എല്ലാം ചവുട്ടിത്തൊഴമ്മി[15] നാനാവിധമാക്കി[16] ഇട്ടിരിക്കുന്നതു കണ്ടു. അതിങ്കൽ അവന്നു ഉഗ്രമായ കോപം ജ്വലിച്ചു "ഇതു സൂക്ഷിപ്പാൻ മേലാത്ത[17] നിന്നെ ഇനി വെച്ചിരുന്നിട്ടു കാൎയ്യമില്ല"[18] എന്നും പറഞ്ഞു, അവന്റെ പാരക്കോലുകൊണ്ടു[19] അമ്പലത്തിന്റെ കതകു[20] ഇടിച്ചു തുറന്നു, നാളത്തിൽ[21] നിന്നു ബിംബം ഇളക്കിയെടുത്തു, വടക്കു പുറത്തേ ചാലിറമ്പിൽ[22] കൊണ്ടു പോയി, രണ്ടു മൂവാൾ വെള്ളമുള്ള[23] നടുച്ചാലിലേക്കു എറിഞ്ഞു കളഞ്ഞു. അപ്പോൾ നമ്മുടെ പണിയിൽ കിടക്കുന്ന[24] കണ്ണിഞ്ചി എന്നൊരു പുലക്കിടാത്തൻ[25] ഈ മേനകൾ[26] എല്ലാം നോക്കിക്കൊണ്ടു നില്പുണ്ടായിരുന്നു. "മഃ[27] ഇതെന്താണിമല്ല്യച്ചൻ[28] ഇത്തോളം[29] ചെയ്തീണതു?[30]" എന്നു അവൻ ചോദിച്ചാറേ "ആ തിരുവേലെക്കു ഒണക്ക[31]ച്ചോറു തിന്നു തിന്നു ദാഹിക്കുന്നുപോലും" എന്നു മറുവടി പറഞ്ഞും വെച്ചു അവൻ കാട്ടുപൊത്തു[32] പായും പോലേ തകൎത്തു[33] കയറിപ്പോകയും ചെയ്തു. പിറേറന്നു കാലത്തു ശാന്തിക്കാരൻ[34] വന്നു അമ്പലത്തിന്റെ കതകു തുറന്നുകിടക്കുന്നതിനെ കണ്ടു, ഭ്രമത്തോടേ അകത്തു കടന്നു നോക്കിയപ്പോൾ ദേവനെ കണ്ടില്ല. വില പിടിപ്പുള്ളതായിട്ടു[35] കശാപിശാ[36] ഇരുന്നതൊക്കെയും അവിടത്തന്നേ ഇരിക്കയും കരിങ്കൽ[37] ബിംബം മാത്രം കാണാതെ വരികയും ചെയ്തതുകൊണ്ടു അതു കള്ളന്മാരുടെ വേല അല്ലെന്നും ദേവൻ എന്തോ തിരുവുള്ളക്കേടുകൊണ്ടു[38] വല്ല ദിക്കിലേക്കും എഴുന്നെള്ളിക്കളഞ്ഞതാണെന്നും ഊരാണ്മക്കാരും[39] മററും പറഞ്ഞു വെച്ചു. അന്നു തൊട്ടു അവിടേ കൎമ്മാദികളും നിൎത്തലാക്കി. എന്നാൽ ഈ ഉണ്ടായ പരമാൎത്ഥങ്ങളൊക്കെയും ആ കണ്ണിഞ്ചി എന്നവൻ മുഖാന്തരം അപ്പോൾ തന്നേ ഇവിടേ അറിവാൻ ഇടവന്നു. ദേവന്റെ മഹിമെക്കു[40] ഇതു കുറവാണല്ലോ എന്നു വിചാരിച്ചു ആരോടും പറയരുതെന്നു ഉടനേ അവനെ ചട്ടം കെട്ടി.[41]

Pullēli Kunju by Rev. K. Koshi.

---

1) Hunter. 2) In these regions. 3) മന്തു a wooden beater, hence elephantiasis, here = swollen, hence മന്തൻ (*fem.* മന്തി) or മന്തുകാലൻ having a swollen leg; ഇരവി his proper name. 4) Strength. 5) ത്രിശാല three worlds (?); മുട്ടൻ a stout, obstinate, stupid person. 6) Side, *cf.* കാല്ക്കൽ. 7) Drop, to fall down. 8) Descent. 9) *Diascorea bulbifera,* a kind of yam. 10) See §213. 8; 212, *a*. 11) പാള a vessel made of the bark of an areca-branch;

Exercise 2.

Translate.

To

E. Smith Esqr.

Superintendent of Police.

Sir

Understanding that a vacancy of the situation of a Clerk in your department has occurred, I beg to offer myself as a candidate for the same; and I enclose copies of my testimonials. While I feel that these can better speak of my qualifications than I can do for myself, I venture to assure you that, should you honour me by conferring upon me the vacant appointment, I shall strive to discharge my duties earnestly and steadily, and shall

ever remain, Sir,

Your most obedient Servant

Robert Chandran.

പോലീസ്സ് സൂപ്രഡെണ്ടായ ഇ. സ്മിത്ത് സാഹിബവർകൾ ബോധിപ്പാൻ:

താങ്കളുടെ ഡിപ്പാൎട്ടുമെണ്ടിൽ ഒരു ഗുമസ്തന്റെ (ക്ലാൎക്കിന്റെ) പണി ഒഴിവുണ്ടെന്നു അറിഞ്ഞിരിക്കയാൽ ഞാൻ അതിനായിട്ടു എന്നെത്തന്നേ ഒരു അപേക്ഷക്കാരനായി സമൎപ്പിക്കുന്നു (ആ ഉദ്യോഗത്തിന്നു എന്നെ ദയ ചെയ്തു നിശ്ചയിക്കേണ്ടതിലേക്കു ഏറ്റവും വണക്കമായി അപേക്ഷിക്കുന്നു). എന്നെക്കൊണ്ടുള്ള സാക്ഷിപത്രങ്ങളുടെ പകൎപ്പുകൾ ഞാൻ ഇതിന്നകത്തു വെച്ചയക്കുന്നു. എന്നെക്കൊണ്ടു ഞാന്തന്നേ പറയുന്നതിനെക്കാൾ അവ എന്റെ ഗുണാവസ്ഥകളെ തൊട്ടു അധികം നന്നായി കാണിക്കുന്നു എന്നു വിചാരിക്കുന്നതുകൊണ്ടു താങ്കൾ ആ ഒഴിവുള്ള പണിക്കു എന്നെ നിശ്ചയിക്കുന്നതായാൽ ഞാൻ എന്റെ വേലയെ ശുഷ്കാന്തിയോടും സ്ഥിരതയോടും ചെയ്വാൻ പരിശ്രമിക്കുമെന്നും താങ്കളുടെ ഏറ്റവും അനുസരണമുള്ള പണിക്കാരനായി (ആശ്രിതനായി) എപ്പോഴും സേവിക്കുമെന്നും ഞാൻ ഉറപ്പു തരുന്നു.

എന്നു

റോബൎട്ട് ചന്ദ്രൻ

or എന്നു താങ്കളുടെ ഏറ്റവും അനുസരണമുള്ള ആശ്രിതനായ

R. Ch.

എഴുതിയതു.

കെട്ടു bundle. 12) = ഞേത്തുക (ഞേറുക) to let dangle. 13) Smell, *cf.* ചെവിപാക്കു Page 175. 14) Yam. 15) Perh. ചവിട്ടി + തൊഴിച്ചു (kicked). 16) Waste. 17) കഴിയാത്ത § 222. 18) Is of no use. 19) പാര an iron bar. 20) Door. 21) A lotus stalk. 22) ചാൽ channel; ഇറമ്പു edge. 23) Depth of two or three men. 24) = ഇരിക്കുന്നു. 25) Child of a പുലയൻ. 26) മിന evil work. 27) മാ Interj. of wonder. 28) ഇൗ മ്ലേച്ഛൻ barbarian. 29) ഇത്രത്തോളം. 30) ചെയ്യുന്നതു. 31) ഉണക്കു. 32) Male-buffalo. 33) Break forth. 34) The officiating priest. 35) What was valuable. 36) പല സാമാനങ്ങൾ (?). 37) കരിങ്കല്ലു stone-idol (granite). 38) Displeasure. 39) = ഊരാളർ patrons of temples. 40) Majesty. 41) ചട്ടംകെട്ടുക, വെക്കു to arrange.

Rāma Charitam and considers it to be the oldest specimen of Malayalam composition (13th or 14th century). In modern Malayalam only അഴകിയ (fair, from അഴക beauty) is comparable to these old Adjectives എൻ അഴകിയ ആലയം Isaiah 60, 7.

3) Adjective Participle: ഉണങ്ങിയ മരം . . . . § 248, 2. *g*.

4) Nouns: പൊൻസൂചി §§ 201, 1. *a*; 248, 2. *a*.

5) Nouns with Substitutes: കിഴക്കിൻ കാററു §§ 201, 1. *b*; 248, 2.

6) Nouns or Adverbs with ഏ: നാളേത്ത, അവിടത്തേ §§ 201, 2; 213, 3; 248, 2. *c*.

7) Roots of Adjectives: ചെറുവിരൽ §§ 201, 3; 248, 2. *f*.

8) Locative with ഏ: ഉള്ളിലേ കണ്ണു §§ 201, 2; 213, 4; 248, 2. *e*.

9) Pronouns: ഞാങ്കാലം § 248, 2. *h*.

10) Sanskrit Adjectives: സന്മാർഗ്ഗം § 201, 4.

§ 250. ഉപകാരമേറിയ ഒരു വാക്കും (ex. 173) affords opportunity to give a further hint (see § 148) about the position of the Indefinite Article in Malayalam. Europeans are inclined to say: ഒരു ഉപകാരമേറിയ വാക്കും, which is wrong. The Indefinite Article is always placed between the Adjective Participle and its Noun or Pronoun. The same holds true also for Indefinite Numbers, that may be Attributes together with an Adjective Participle. It is not idiomatic to say: പല സാരമേറിയ സംഗതികൾ; പല ഭംഗിയുള്ള ഭവനങ്ങൾ.

§ 251. In ഉപകാരമേറിയ, ഏറിയ is employed to form something like a Compound Adjective, corresponding to English Adjectives ending in "ful" ("voll" and "reich" in German). This Adjective may be affixed to any Noun in order to denote abundance of what is indicated by the Noun; thus ഊക്കേറിയ (powerful—"kraftvoll"), മഹിമയേറിയ (full of majesty—"majestätsvoll glorreich"), etc. വിലയേറിയ (precious—"wertvoll"); or സന്തോഷം പൂണ്ടു പുറപ്പെട്ടു went away full of joy). The contrary is expressed likewise by the Adjective Participle കുറഞ്ഞ denoting want of and poverty in this or that. It corresponds to the German "arm", the second part of a great many Compound Adjectives. സ്നേഹം കുറഞ്ഞ (poor of love—"liebearm"), ബുദ്ധികുറഞ്ഞ ഒരു മനുഷ്യൻ (a man, poor in his intellect—"geistesarm").

§ 252. ഏതുപ്രകാരമോ—അതേപ്രകാരം (ex. 172) ഇന്ന രൂപം (ex. 174) offer an opportunity to finish our remarks on the *Malayalam Pronoun* in general and the Correlative Pronoun in particular.

1) As Personal Pronouns we have come to know:

1st. Pers. ഞാൻ (ഞങ്ങൾ; നാം, നമ്മൾ, നമ്മൾ).

2nd. Pers. നീ (നിങ്ങൾ).

3rd. Pers. താൻ (തങ്ങൾ) and താം see §§ 199. 269. From this താ is derived the Reciprocal Pronoun തമ്മിൽ (*cf.* അന്യോന്യം, പരസ്പരമായി); *f. e.* അവർ തമ്മിൽ ഇണങ്ങി. Also തമ്മിലുള്ള; *f. e.* തമ്മിലുള്ള സമാധാനം etc. A distributive meaning we get by doubling this Locative തമ്മിൽ തമ്മിൽ; അവർ തമ്മിൽ തമ്മിൽ വളരേ ഉപദ്രവിച്ചു കൊണ്ടിരുന്നു.

Instead of നാം we meet also in court style with നോം, Dative നോക്കു (നോംക, നൊമ്മക്കു), Accusative നൊമ്മെ, Genitive നൊമ്മുടെ (നൊമ്പടെ). Of course this നോം appears also as Plural majestaticous for ഞാൻ: "നോം കല്പിച്ചു" etc.

2) Demonstrative and Interrogative Pronouns, characteristic by the vowels അ (ആ), ഇ (ഈ) and എ (ഏ), *cf.* § 108.

a. *Adjective.*

ഈ മനുഷ്യൻ—ആ വീടു—ഏക്കാലം?
this man —that house—what time?

Remark: The real correlative with അ and ഇ is "ഉ", but it is never used now (*cf.* 212, *b*). Dr. Gundert is of opinion, that it survives in the Adjective Part. Future: ആവൂതു, ചെയ്യൂതു (ഇടവൂതു Jer. 52, 11). One of its meanings being "above", very likely the *Conjunction* ഉം is derived from this. As to the Interrogative എ it is seldom used in connexion with Nouns; even where ഇ and അ are in use; *f. e.* അപ്രകാരം, ഇപ്രകാരം; but ഇവ്വണ്ണം, അവ്വണ്ണം, എവ്വണ്ണം (seldom),—മർത്യനെ നീ ഓർപ്പാൻ അവൻ എന്താകുന്നു, അവനെ സന്ദർശിപ്പാൻ മനുഷ്യപുത്രനും എമ്മാത്രം? എക്കാലത്തിലും എവിടത്തിലും സമീപത്തു തന്നേ നിന്നെ കണ്ടെത്തും.—ഇവ്വളവും എവ്വളവും so much, how much?

As an Indefinite Person or Number (with the affix ഉം) we meet this എ in എല്ലാരും every one; എല്ലാപ്പെട്ടതു of whatever description.

b. *Adverbial Pronouns.*

ആ	ഇ	ഏ
അപ്പോൾ	ഇപ്പോൾ	എപ്പോൾ
അത്ര (അത്തിര)	ഇത്ര (ഇത്തിര, ഇവ്വളം)	എത്ര (എത്തിര, എവ്വളം)
അത്രോളം, അത്രോടം, അത്രത്തോളം	ഇത്രോടം, ഇത്രത്തോളം	എത്രോളം
അവിടെ	ഇവിടെ	എവിടെ എത്രോടം
അവ്വിടം	ഇവ്വിടം	എവ്വിടം
അന്നു	ഇന്നു	എന്നു[1)]
അങ്ങു	ഇങ്ങു	എങ്ങു
അങ്ങോട്ടു	ഇങ്ങോട്ടു	എങ്ങോട്ടു
അങ്ങുന്നു	ഇങ്ങുന്നു	എങ്ങുന്നു(നിന്നു)
അങ്ങിനെ	ഇങ്ങിനെ	എങ്ങിനെ

1) This എന്നു is very seldom and of course something quite different from the Defective Verb എന്നു. In its form as an Interrogative ("what say?" "when"?) it does scarcely occur, but as an Adverb (ഉം being affixed) we met it long ago: എന്നും, എന്നേക്കും, എന്നെന്നേക്കും always.

c. *Substantive Pronouns.*

അ		ഇ	എ	
അവൻ (ഓൻ, ആൻ) അവൾ (ഓൾ, ആൾ) }	അവർ (ഓർ, ആർ)	ഇവൻ (-ൾ, - തു, -ർ, ഇവ)	ഏവൻ (യാവൻ) ഏവൾ (യാവൾ)	} ഏവർ (യാർ)
അതു	അവ		ഏതു (യാതു)	ഏവ (യാവ)

ഏതു as well as അതു (അതേ, അതാതു) may be employed as Adjectives too (*cf.* § 248, 2. *h.*); *f. e.* ഏതുവിധത്തിൽ, ഏതുപ്രകാരം (ex. 172. § 253) etc.

d. *Indefinite Pronouns.*

ഇന്നരൂപം (ex. 174) does acquaint us with the only Pronoun of this kind (besides most of the Indefinite Numbers). ഇന്ന each, this. It is used as an Adjective in ഇന്നരൂപം such a form, ഇന്നനാൾ such or this day ഇന്നപ്രകാരം in such a manner; ഇന്നിന്ന വസ്തുക്കൾ such and such articles. Also Substantive: ഇന്നവൻ, ഇന്നവൾ, ഇന്നവ etc.; *f. e.* അവൻ എല്ലാവരെയും അറികകൊണ്ടു ഇന്ന മനുഷ്യനിൽ ഇന്നതു എന്നു സാക്ഷി ബോധിച്ചു etc. (John 2, 24); വിശ്വസിക്കാത്തവർ ഇന്നവർ എന്നും, തന്നെ കാണിച്ചുകൊടുപ്പവൻ ഇന്നവൻ എന്നും അവൻ ആദിമുതൽ അറിഞ്ഞിരുന്നു (John 6, 64). Besides: ഇന്നേടത്തു.

Remark: Indefinite Pronouns are also formed from the Interrogative ഏതു, namely: ഏതാനും, ഏതാണ്ടു, ഏതും, ഏതേനും some, any; *f. e.* ഏതാനും ചിലർ some few; ഏതാണ്ടു സൈന്യങ്ങൾ some troops.—In the same manner from എന്തു: എന്തിരം (എന്തറം, എന്തനം, എന്നണം) "used for the name of something unknown, unremembered; *f. e.* ആ എന്തിരം കൊടുക്ക (give that "thing").

§ 253. ഏതുപ്രകാരമോ—അതുപ്രകാരം (ex. 172). This example introduces a construction, in which we see something like a compensation for *Relative Pronouns and Relative Sentences* in Malayalam. All the Interrogative Pronouns may be employed in such a manner, that they represent Relative Pronouns and they are followed by a chief sentence, at the head of which we see the corresponding Demonstrative Pronoun. The same constructions we meet with in English and German; *f.e.* where there is God, there is peace ("Wo man singt, da lass dich ruhig nieder").

In the first or Relative Sentence either എങ്കിലും is added to the Interrogative or ഓ affixed to the Verb; the Conditional or the Concessive also may be employed; *f. e.* എത്ര കൂലിക്കാരെ നീ കാണുന്നുവോ അത്ര കൂലിക്കാരെ ഇങ്ങോട്ടു കൊണ്ടു വാ! എപ്പോൾ എങ്കിലും ശിക്ഷ തട്ടിയാൽ അപ്പോൾ എന്നെ ഓൎക്കും. എത്രത്തോളം (എത്രോളം) നീ ദൈവത്തിൽനിന്നകന്നുപോയാലും അത്രത്തോളം അവന്റെ സ്നേഹം നിന്നെ തിരഞ്ഞു പിന്തുടരാതിരിക്കയില്ല. എങ്ങിനേ നിങ്ങൾ എന്നോടു പെരുമാറുന്നുവോ അങ്ങിനേ ഞാനും പെരുമാറും etc. For the Sanskrit Relatives, see § 262

Exercise 1.

വിഷൂചികെക്കൊരൌഷധം.

ചുക്കു[1] കറയാമ്പു[2] കറുവാത്തൊലി[3] ജാതിക്ക[4] ഏററവും കാരമുള്ള[5] കപ്പൽമുളക എന്നിവ ഓരോന്നു ഒന്നേകാൽ ഉറുപ്പികത്തൂക്കം (൨ കഴഞ്ചു[6], II ഔൺസ[7]) എടുത്തു എല്ലാം പൊടിച്ച ശേഷം ഒരു കുപ്പിബ്രാണ്ടിയിലിട്ടു ഒരു മണിക്കൂറോളം കൂടക്കൂടേ കുലുക്ക. അതിൽ പിന്നെ ൧൨ മണിക്കൂർ കഴിഞ്ഞിട്ടു മാത്രമേ അതു ഉപയോഗിക്കാവൂ.

പ്രയോഗം: ഒരു തംബ്ലർ പകുതിയോളം ചൂടുവെള്ളം പകൎന്നു മൂന്നു നാലു കരണ്ടി പഞ്ചസാരയും ഇട്ട ശേഷം മേല്പറഞ്ഞ കൂട്ടിൽ[8] നിന്നു ഒരു കരണ്ടി എടുത്തു (കുപ്പി കുലുക്കാതെ) തംബ്ലറിൽ പകൎന്നിട്ടു കഴിയുന്നേടത്തോളം ചൂടോടേ കുടിക്കേണ്ടതു. ഒരു മണിക്കൂർ കഴിഞ്ഞിട്ടും ഭേദം കാണുന്നില്ലെങ്കിൽ വീണ്ടും ഒരു മാത്ര[9] കൊടുക്കേണ്ടതു, എന്നാൽ അതു ആവശ്യമായിത്തീരുന്നതു വളരേ ദുൎല്ലഭമായിരിക്കും. രോഗിയെ ചൂടുള്ള കമ്പിളികൊണ്ടു പുതെക്കേണം; കൂടക്കൂടേ കഞ്ഞിവെള്ളം കുടിപ്പാനുമാവശ്യം.

പൊള്ളൽ.[10]

തീയാലോ ചൂടുവെള്ളത്താലോ പൊള്ളിപ്പോയാൽ ഒരു കരണ്ടി വെണ്ണയും ഒരു മുട്ടയുടെ ചുവപ്പും[11] (ഉണ്ണിയും) എടുത്തു ഈ രണ്ടും തമ്മിൽ കുഴച്ചു[12] നല്ലവണ്ണം ചാലിച്ച[13] ശേഷം ഒരു തുണിക്കഷണത്തിന്മേൽ തേച്ചു മുറിവിന്മേൽ വെക്ക. ഉണങ്ങുന്തോറും ഒരു പുതിയ തുണിക്കഷണം എടുത്തു വീണ്ടും തേച്ചു പ്രയോഗിക്കേണ്ടതു.

Exercise 2.

a. Absence from business.

രാജമാന്യരാജശ്രീ.

ബഹുമാനപ്പെട്ട രെമ്മസ്സും സായിപ്പവർകളുടെ സന്നിധാനത്തിങ്കലേക്കു കേളൻ വണക്കത്തോടെ ബോധിപ്പിക്കുന്നതു:

എനിക്കു കഠിനമായി പനിക്കുന്നതുകൊണ്ടു ഇന്നു പണിക്കു ഹാജരാവാൻ കഴിവില്ലാതേ വന്നിരിക്കുന്നു. അതു മാറുന്നതു വരേ കല്പന അനുവദിപ്പാനപേക്ഷിക്കുന്നു.

പ്രിയമുള്ള അന്തോൻ എന്നവർ അറിവാൻ,

എനിക്കു തൊണ്ടവേദനയുള്ളതുകൊണ്ടു നാളേ ഉച്ചതിരിഞ്ഞിട്ടുള്ള ആരാധന നിങ്ങൾ ദയ ചെയ്തു നടത്തിയാൽ വലിയ ഉപകാരമായിരുന്നു.

എന്നു നിങ്ങളുടെ

എൽ. ജെ. എഫ്.

---

1) Dried ginger (ഇഞ്ചി green ginger). 2) Cloves, Gewürznelke, also കറയാമ്പൂ and കരാമ്പു. 3) Cinnamon. 4) Nutmeg. 5) Sharp, pungent. 6) See page 92. 7) II is the Malayalam sign for $\frac{1}{2}$, ൨൬ I $= 26\frac{1}{4}$; ൪൭ II $= 47\frac{1}{2}$; ൩൮ III $= 38\frac{3}{4}$; ൫൯ II $= 59\frac{1}{2}$; ൧൦ III $= 10\frac{3}{4}$. 8) Mixture. 9) Dose. 10) Burning. 11) Red, yolk. മുട്ടക്കരു or വെള്ള is the white of an egg and മുട്ടത്തോടു an egg-shell. 12) Mix. 13) Mix ingredients in fluids; "rühren".

b. ക്ഷണനം invitation.

പ്രിയമുള്ള നാഥാൻ എന്നവൎക്ക്.

നാളേ വൈകുന്നേരം ഏഴു മണിനേരത്തേ ചായെക്ക് നിങ്ങളും ഭാൎയ്യയും വന്നു ഞങ്ങളോടു കൂടെ സന്തോഷിച്ചു പോവാൻ അപേക്ഷിക്കുന്നു.

Reply.

ബഹുമാനപ്പെട്ട മദാമ്മ അവൎകൾക്കു നാഥാൻ വന്ദനം ചൊല്ലി എഴുതുന്നതു:

നിങ്ങൾ ഞങ്ങളെ താത്പൎയ്യത്തോടേ ക്ഷണിച്ചതുകൊണ്ടു നന്ദിപറയുന്നു. നിശ്ചയിച്ച സമയത്തിന്നു ഞങ്ങൾ സന്തോഷത്തോടേ വന്നുകൊൾകയും ചെയ്യാം.

Exercise 3.

Riddles.

(കടങ്കഥ, തീൻകഥ, തീററുകഥ, തീററിക്കഥ).

൧. കാട്ടു കൊത്തി പാറ കണ്ടു, പാറ കൊത്തി വെള്ള കണ്ടു, വെള്ള കൊത്തി വെള്ളം കണ്ടു....തേങ്ങ.

൨. രക്തം തൊക്ക് മാംസങ്ങളുമില്ല അസ്ഥിയുമില്ല, വക്ത്രമതുണ്ടു[1] ഗഹ്വരതുല്യം[2], മസ്തകമില്ല[3] ഞരമ്പുകളനവധിയുണ്ടു, ആയതമായൊരു വാലുണ്ടു, മനുഷ്യർ കൈയിൽ എടുത്താലുടൻ തന്നേ തോയം[4] തന്നിൽ ചാടും, അരികെ വരുത്തേണം എന്നു നിനച്ചാൽ വേഗം വാൽ പിടിക്കേണം....വല.

൩. കുത്തിയിട്ടാൽ മുളെക്കയില്ല, വേലിമേൽ പടരുകയില്ല, അക്കറി കൂട്ടാത്തവരാരു[മില്ല[5]....ഉപ്പു.

൪. അമ്മ കല്ലിലും മുള്ളിലും, മക്കൾ കല്യാണപ്പന്തലിലും....തെങ്ങു.

൫. ഓട്ടും കുതിര, ചാട്ടും കുതിര, വെള്ളം കണ്ടാൽ നില്ക്കും കുതിര....ചെരിപ്പു.

൬. കറുത്തിരുണ്ടവൻ, കണ്ണു രണ്ടുള്ളവൻ, കടിച്ചാൽ രണ്ടു മുറി....കത്രി.

൭. എന്റെ അച്ഛൻ ഒരു പിടിച്ചോർ തന്നു, തിന്നിട്ടും തിന്നിട്ടും തീരുന്നില്ല....അമ്മിക്കുട്ടി.[6]

൮. ഒന്നാടുമ്പോൾ രണ്ടു നടക്കുന്നു....ഘടികാരം.

൯. കയ്യുണ്ടു, കാലില്ല; കഴുത്തുണ്ടു, തലയില്ല....കുപ്പായം.

൧൦. വയററിന്മേൽ കണ്ണൻ....ഞണ്ടു.

൧൧. അടിയില്ലാത്ത ചട്ടി....കിണർ.

൧൨. ഒന്നു പെററു പേരും മാററി....വാഴ.

൧൩. മുള്ളുണ്ടു, മുരിക്കല്ല[7]; പാലുണ്ടു, പശുവല്ല....ചക്ക.

൧൪. നാലു കിളികൾ[8] കൂടി ഒരു കൂട്ടിൽ പോയി പുറത്തു വരുമ്പോൾ ഒരു ചോരക്കിളി....വെററിലടക്ക.

൧൫. ഒററപ്പാലത്തിന്നിരട്ട കിണർ....മൂക്കു.

൧൬. എന്റെ അച്ചൻ രണ്ടു കാളയെക്കൊണ്ടു വന്നു, വലത്തുവെച്ചതിനെ ഇടത്തു വെച്ചൂട ഇടത്തുവെച്ചതിനെ വലത്തു വെച്ചൂട....മെതിയടി (wooden shoes).

൧൭. ഇരിക്കുമ്പോൾ തലയിൽ, കിടക്കുമ്പോൾ നെഞ്ഞത്തു....മേല്പുര.

൧൮. മുള്ളില്ലാത്ത മുളക്കാട്ടിൽ എല്ലില്ലാത്ത എലിക്കുട്ടി... പേൻ.

---

1) Mouth. 2) Den. 3) Head. 4) Water. 5) = ആ + കറി. 6) The cylindric stone used to grind with. 7) Erythrina Indica. 8) Parrot; here: 1. വെററില; 2. അടക്ക; 3. പുകയില; 4. നൂറു.

൧൯. ആറിൽനിന്നൊന്നെടുത്തു ഒന്നുകൊണ്ടു മൂന്നാക്കി മൂന്നിൽനിന്നൊന്നെടുത്തു രണ്ടു കൊണ്ടു നൂറാക്ക. . . . ഇളമ്പക്ക (bivalve shell, Mytilus).

൨൦. കോഴിക്കാലിന്മേൽ കയറാം, ആനെക്കാലിന്മേൽ കയറിക്കൂടാ=കോഴിക്കു ആലിന്മേൽ കയറാം. ആനെക്കു ആലിന്മേൽ കയറിക്കൂടാ.

൨൧. അട്ടത്തു[9] ണ്ടൊരു കൊട്ടത്തേങ്ങ, തൂക്കിപ്പിടിപ്പാൻ മൊത്തിയില്ല[10] . . . . മുട്ട.

൨൨. ആഴ്ങ്ങ്[11] തൂങ്ങ്[12] മരം, നാലാൾ ചെയ്യു പുണ്യം, ഒരുത്തന്റെ തലമേലിരിക്കട്ടേ. . . മഞ്ചൽ.

൨൩. അസ്ഥി നാസ്തി[13] ശിരോനാസ്തി, ബാഹുരസ്തി[14] നിരംഗുലം[15] | യസ്യമാനുഷ ഭക്ഷ്യോപി[16] സോന്യപാദേന[17] ഗച്ഛതി[18] . . . . ഇജാറും കുപ്പായവും.

൨൪. രോഗമേതുമതില്ലാതെ പാത്തി തന്നിൽ കിടക്കയും ദാഹക്ഷുത്തുകളില്ലാതെ[19] കാഞ്ഞ്യചൂർണ്ണ[20] മതുണ്കയും[21] ഉണ്ട ചോറു ദഹിക്കാതെ പിന്നെയങ്ങു ഭുജിക്കയും ദീപമങ്ങഥ തട്ടുമ്പോൾ പ്രാണനങ്ങു ഗമിക്കയും. . . . തോക്കു.

Twenty-first Lesson.

Something of Malayalam Poetry and Sanskrit Forms in Malayalam.

175. "സലാം! സലാം! ഞാൻ പോകുന്നേൻ!" (ഞാൻ പോകുന്നു).
"വസിച്ചു കൂടാ അടിയേൻ;"
"തൃമുഖത്തോടു എത്തുവേൻ.—നന്നെല്ലാം:|:"

Transl. Good bye! good bye! I go away!
Thy servant can no longer stay
O holy face, oh glorious day.—All is well :|:

അടിയേൻ= അടിയൻ; എത്തുവേൻ= ഞാൻ എത്തും.

176. "നീ വൈരി കാണ്കേ, സദ്യയെ"
"എനിക്കൊരുക്കിയോൻ;" (= ഒരുക്കിയവൻ).
"സുതൈലം കൊണ്ടെൻ തലയെ" (കൊണ്ടെൻ = കൊണ്ടു + എന്റെ)
"അഭ്യംഗവും ചെയ്തോൻ" (= ചെയ്യുവൻ).

Transl. In sight of all my enemies
A meal hast thou prepared
With fragrant oils thou hast my head
Anointed thou oh Lord.

---

9) Roof. 10) മൊത്തി calyse. 11) ആഴുക to sink. 12) തൂക്കുക. 13) Is not. 14) ബാഹുഃ+ അസ്തി കൈ ഉണ്ടു. 15) വിരലില്ല. 16) മാനുഷഭോജി. 17) അന്യകാൽകൊണ്ടു. 18) നടക്കുന്നു. 3rd Pers. 19) വിശപ്പില്ലാതെ. 20) കറുത്തപൊടി; gunpowder. 21) അതു ഉണ്ണുകയും.

177. “പാപം ഒക്കെയും വെടിഞ്ഞു”
“കൂടാ നിന്നെ വിടുന്നോ”ർ (അവർ വിടുന്നു)
“നിന്നെ കൊന്നേൻ! എന്നെ ജീവിപ്പിക്കേണം!” (ഞാൻ കൊന്നു).

Lit. Transl. They forsake thee, unable to part sin,
I have killed thee; oh do quicken me.

178. പോരുകെന്നതു കേട്ട ജാനകി സന്തോഷിച്ചാൾ (=അവൾ സന്തോഷിച്ചു) when the sister (ജാനകി = daughter of ജനകൻ = father) heard, that she shall go, she rejoiced.

179. ചുടുചുട നോക്കി കടുകടച്ചൊന്നാൻ: അലമലമിതു കുലവിനാശിനി!

Lit. Transl. Looking hotly hotly he said fiercely: “Enough, enough of this oh destroyer of the tribe”.

അലം enough; ചൊന്നാർ (ചൊന്നു poetical, instead of ചൊല്ലി) = അവർ ചൊല്ലി.

180. “വിശ്വാസത്താൽ പോരാടിയോർ”
“ആശ്വാസം കണ്ടു വാഴുവോർ”.
By faith they did (once) fight
Consoled they rule with might.

181. “ഇതൊക്കെയും പ്രയോഗിപ്പോൻ” (= അവൻ പ്രയോഗിക്കും)
“കില്ലില്ല വെല്ലുവോൻ” (= അവൻ വെല്ലും).
All this he was accustomed to practise
And doubtless he will overcome.

182. ഗൌതമീതീരേ ചെന്നാരസ്തമിച്ചീടുന്നേരം
യാമിനീ കഴിഞ്ഞർക്കനുദിച്ചോരന്തരം
തേരതിലേറിച്ചെന്നു ഗംഗാതീരവും പുക്കാർ
വാരിയിലിറങ്ങി സന്ധ്യാനുഷ്ഠാനവും ചെയ്താർ.

Lit. Transl. When they went to the bank of the river Gōdāvari and ascended
The night was over and whilst the sun rose
They got in their carriage, went and came to the bank of the [Ganges.
They descended to the water and performed their evening devotion.

തീരേ = തീരത്തിൽ from തീരം bank, shore; ചെന്നാർ + അസ്തമിച്ചു + ഈടുന്നു + നേരം; ചെന്നാർ = അവർ ചെന്നു for ഈടുന്നു see § 271; യാമിനി night; അർക്കൻ sun; കഴിഞ്ഞു + അർക്കൻ + ഉദിച്ചു + ഓർ + അന്തരം (= ഉദിച്ചാറെ); തേർ (chariot) + അതിൽ see § 272; വാരി water; സന്ധ്യ + അനുഷ്ഠാനം (performance of the evening devotion); പുക്കാർ = അവർ പുക്കു; ചെയ്താർ = അവർ ചെയ്തു.

183. “സർവ്വാന്തജ്ഞാനി സാധു താത!”
“സാനന്ദം നിന്നെ പോറ്റുന്നോം” (= ഞങ്ങൾ പോറ്റുന്നു)
“കൃതജ്ഞരായി പാടുന്നോം” (= ഞങ്ങൾ പാടുന്നു).

Oh thou the Omniscient, Father of the poor
Joyfully we do adore Thee
And thankfully we do sing praise unto Thee.

184. വൈദേഹി വിഷണ്ണയായെന്തതെന്നറിയാഞ്ഞു
ഖേദേന ബാഷ്പം വാൎത്തു ലക്ഷ്മണനോടു ചൊന്നാൾ.
Veidēhi (Sīta) not knowing why she was distressed
Her tears flowing sorrowfully she said to Lakshamana.

വിഷണ്ണൻ one distressed, Masc., Fem. വിഷണ്ണ + ആയി + എന്തു + അതു + എന്നു + അറിയാഞ്ഞു.—ഖേദേന Sansk. Instrum. see §257; ബാഷ്പം = കണ്ണുനീർ; ചൊന്നാൾ = അവൾ ചൊല്ലി.

185. മനുകുലവരനനുജനുമായി
മനം കലങ്ങാതേ രഥം കരേറിനാൻ (= അവൻ കരേറി).
The king with his younger brother (see §220, I. 3.)
With a heart not agitated ascended the carriage.

മനു + കലം + വരൻ = മനുഷ്യകലത്തിന്റെ വരൻ (the best) = രാജാവു (here Rāman) + അനുജൻ; കരേറിനാൻ = അവൻ കരേറി.

186. നീയും അതിന്നതിർ വെച്ചോൻ (നീ വെച്ചു).
Thou also hast set a limit to it.

187. ദുരന്തശോകങ്ങൾ കലൎന്നെല്ലാവരും
സുമന്ത്രരെ വിളിച്ചിവ്വണ്ണം ചൊല്ലിനാർ (= അവർ ചൊല്ലി).
Mixed with endless grief they all
Called for Sumantrar and said as follows: etc.

ചൊല്ലിനാർ = അവർ ചൊല്ലി; ദുരന്ത = ദുർ + അന്തം = തീരാത്ത; ശോകം = ദുഃഖം (അത്തൽ).

§254. All these examples show, that in poetry besides the Personal Nouns explained in §228, *Personal affixes* are employed, which in colloquial language are dropped, but are still preserved in Tamil. The terminations for the First Person Singular are ഏൻ and അൻ, for the Second Person ആ (ആയോ, ആയല്ലോ) ആൻ, but in ex. 176 we see the Personal Noun (ഒരുക്കിയോൻ, ചെയ്യോൻ) employed instead of this form ("you are he who has prepared" instead of "you have prepared"). For the Third Person the termination is ആൻ (besides ഓൻ in Future) in Masculine and ആൾ in Feminine. In Plural we have the following Affixes: ഓം in the First Person, and ആർ (besides ഓർ in the Present and Future Tenses) in the Third Person, the Second Person is scarcely used. The following table will show the way in which these affixes are employed.

§ 243. We have made acquaintance now with all the different ways, in which Adverbs are formed in Malayalam. They are

1. The first Adverbial Participle; *f. e.* നീ ലോകത്തിൽ അലഞ്ഞു നടക്കുമോ? (അലഞ്ഞു wearily); അടുത്തു വന്നു came near; വിശേഷിച്ചു. § 76. 175 etc.

2. ആയി; the Adverbial Participle of ആക gives Adverbial power to a preceding Noun; *f. e.* ദീനമായി കിടക്കുന്നു. Very often ഇട്ടു is added: തെററായിട്ടു. § 144. 152.

3. Adverbs expressing a direction are formed by means of പെട്ടു or പട്ടു (see § 179. II, 2); *f. e.* മേല്പെട്ടു, മേലോട്ടു, വടക്കോട്ടു.

4. Infinitives with the Particle "ഏ"; *f. e.* നറുകേ, ഉറക്കേ (ex. 164), ഒഴികേ, നീളേ, കറേ, അരികേ, അടുക്കേ, പതുക്കേ, താഴേ, കുറുകേ. § 213, 1.

5. Derived from Nouns: *a)* Pure Nominative in: മാത്രം, ഒട്ടുക്കം, വേഗം, പിന്നോക്കം, വണ്ണം, ആശ്ചൎയ്യം, നിശ്ചയം, സത്യം (ex. 162), പ്രത്യേകം, കേവലം, (മുഴുവൻ), ഭയങ്കരം. *b)* With "ഏ" in: മുമ്പേ, പിന്നേ, നേരേ, എതിരേ, വെറുതേ, ദൂരമേ, (ദൂരേ, ദൂരവേ), പണ്ടേ, ഇന്നലേ, നാളേ etc. *c)* Locative: ദൂരത്തു, അകത്തു. പുറത്തു, കീഴിൽ, വേഗത്തിൽ, എളുപ്പത്തിൽ. *d)* Instrumental and Social: പിന്നാലേ, മേലാൽ, സ്നേഹത്തോടു, കോപത്തോടേ. *e)* Dative: ഉച്ചെക്കു, മേല്ക്കുമേൽ, രാത്രിക്കു, എന്നേക്കും.

6. There are besides some Sanskrit Instrumental and Locative cases in use: ദിവസേന, സുഖേന, മദ്ധ്യേ, സദാ (always).

Exercise 1.

a.

A Conversation about Castes ജാതികളെ കുറിച്ചുള്ള സംഭാഷണം.

Of those four castes so prominent in earlier days we see in Malabar especially the highest caste and people of the fourth caste പണ്ടു പണ്ടേ കീൎത്തിപ്പെട്ട ആ നാലു വൎണ്ണങ്ങളിൽ കേരളത്തിൽ വിശേഷാൽ ഉയൎന്നജാതിയെയും നാലാം ജാതിയിലുള്ളവരെയും കാണ്മാൻ ഉണ്ടു.

Which is the highest caste? The Brahmans. We may divide them again in many classes. To which class does belong the Brahman's wife we saw yesterday? She is the wife of a Namburi. What is the occupation (of these Namburis)? As there are not many Namburis (in this country), they do not join Government service ഉയൎന്ന ജാതി ഏതു? ബ്രാഹ്മണർ തന്നേ. ഇവരെ വീണ്ടും പല തരങ്ങളായി വിഭാഗിക്കാം. ഇന്നലേ നാം കണ്ട ബ്രാഹ്മണി ഏതു തരത്തിൽ ഉള്ളവൾ? അവൾ ഒരു നമ്പൂതിരിയുടെ (നമ്പൂരി) ഭാൎയ്യ. അവരുടെ പ്രവൃത്തി എന്തു? നമ്പൂരികൾ അധികമില്ലായ്കകൊണ്ടു അവർ സൎക്കാർ ഉദ്യോഗങ്ങളെ ഏല്ക്കുന്നില്ല.

I heard that Pattars do not only take employment from Government, in Palghaut they take up also manual work. Are they real Brahmans? They are, but there are lots of them in Palghaut പട്ടന്മാർ സൎക്കാർ ഉദ്യോഗം ചെയ്യുന്നതല്ലാതെ പാലക്കാട്ടിൽ ഉള്ളവർ കൈത്തൊഴിലുകളെയും എടുക്കുന്നു എന്നു ഞാൻ കേട്ടു. അവർ ബ്രാഹ്മണർ തന്നേയോ? തന്നേ എങ്കിലും പാലക്കാട്ടിൽ പട്ടന്മാർ വളരേ ഉണ്ടു.

Are there also Kshatriyas & Vaisyas in this country? Only a few; but their place is taken in by great many of

Nāyars (Sūdras), who form the fourth caste. Is not that boy who brings milk every day a Nāyar? ഈ രാജ്യത്തിൽ ക്ഷത്രിയരും വൈശ്യരും കൂടേ ഉണ്ടോ? ചിലർ മാത്രമേ ഉള്ളു എങ്കിലും അവൎക്കു പകരം നാലാം വൎണ്ണമായ നായന്മാർ (ശൂദ്രർ) വളരേ ഉണ്ടു. ദിവസേന പാൽ കൊണ്ടു വരുന്ന ആ ചെറുക്കൻ ഒരു നായർ അല്ലേ?

He is a Nāyar. Then the woman who passes by there is the wife of a Nāyar അവൻ ഒരു നായർ തന്നേ. പിന്നേ അതിലേ കടന്നു പോകുന്ന സ്ത്രീ ഒരു നായരിച്ചി തന്നേ ആകുന്നു.

How do they support their life? ഇവർ ഉപജീവനം കഴിക്കുന്നതു എങ്ങിനേ?

Formerly they were the warriors of Malabar instead of the Kshatriyas. Now they are especially engaged in agriculture, and besides they take Government employment മുമ്പേ അവർ ക്ഷത്രിയൎക്കു പകരം മലയാളത്തിലേ യുദ്ധശാലികളായിരുന്നു. ഇപ്പോഴോ അവർ പ്രത്യേകമായി കൃഷിപ്പണി എടുപ്പിക്കുന്നതു കൂടാതെ സൎക്കാർ ഉദ്യോഗങ്ങളെ ഏല്ക്കയും ചെയ്യുന്നു.

To which caste belong the people who use to take up the work in our houses? നമ്മുടെ വീടുകളിൽ പണി ചെയ്യുന്ന ആളുകൾ ഏതു ജാതിയിലുള്ളവരാകുന്നു?

They are Tīyars. Tiyar and Iḻavar have come from Ceylon; they are the palm cultivators (they renew the cutting of the spadix of palms for drawing toddy), take employment from Government, and are servants in the houses of Europeans അവർ തീയർ തന്നേ. തീയരും ഈഴവരും ലങ്കാദ്വീപിൽനിന്നു വന്നു (ലങ്ക = ഈഴം) അവർ തെങ്ങു ചെത്തുകയും സൎക്കാർ ഉദ്യോഗം ഏല്ക്കയും സായ്പ്പന്മാരുടെ വീടുകളിൽ പണി എടുക്കയും ചെയ്യുവരുന്നു. (തീയൻ = തീവൻ from തീവു island, an islander, ഈഴവൻ from ഈഴം a Ceylonese).

Do you see that Tīyatti cutting grass with a sickle ആ തീയത്തി അരിവാൾ കൊണ്ടു പുല്ലു അരിയുന്നതു കാണുന്നുവോ?

I see. Which are the names of the chief castes, that earn their livelihood by handicraft? കാണുന്നു. കൈത്തൊഴിൽ കൊണ്ടു അഹോവൃത്തി കഴിക്കുന്ന മുഖ്യജാതികളുടെ പേർ ഏവ?

The carpenters, the goldsmiths, the blacksmiths, the braziers and the coppersmiths are craftsmen and are called Kammāḷar ആശാരി, തട്ടാൻ, പെരിങ്കൊല്ലൻ, മൂശാരി, ചെമ്പോട്ടി എന്നവർ കൈവേല ചെയ്യുന്നവരാകുന്നു. അവൎക്കു കമ്മാളർ (*fem.* കമ്മാട്ടി) എന്ന പേരുണ്ടു.

Is there no caste, which does the work of a weaver? നെയ്ത്തുപണി ചെയ്യുന്ന ഒരു ജാതി ഇല്ലയോ?

The Chāliyars did formerly only this kind of work, but now there are many other weavers മുമ്പേ ചാലിയർ മാത്രം ഈവക പണി ചെയ്യു. ഇപ്പോഴോ മററനേകനെയ്ത്തുകാരും ഉണ്ടു.

Are there some other castes? വേറേ ജാതികൾ ഉണ്ടോ?

The people who dwell near the sea and are engaged in fishing are called Mukkuvars കടപ്പുറത്തു പാൎത്തു മീൻ പിടിച്ചു കൊണ്ടിരിക്കുന്ന ആളുകൾക്കു മുക്കുവർ എന്ന പേരുണ്ടു.

But those who catch fish in rivers are called Mukayars പുഴയിലോ മീൻപിടിക്കുന്നവൎക്കു മുകവർ (മുകയർ) എന്ന പേർ ഉണ്ടു.

What is the name of those who support their life as astrologers and astronomers? ജോതിഷക്കാരും ഗണിതശാസ്ത്രികളുമായി തങ്ങളുടെ ഉപജീവനം കഴിക്കുന്ന ജാതികളുടെ പേർ എന്തു?

They are called Kaṇishar (in the North) or Paṇikkar (in the South). The same class of people generally also does instruct children അവരെ കണിശർ (*fem.* -ശത്തി, -യാട്ടി, -യാടിച്ചി) എന്നും പണിക്കർ എന്നും പറയാം. ഇവർ സാധാരണമായി കുട്ടികളെ പഠിപ്പിക്കുന്നവരും കൂടേ ആകുന്നു.

Pārayars, Puḷiyars, Vēṭṭuvars, Cherumakkaḷs (Pulayar), Nāyāḍigaḷs and some other tribes are at the very bottom of society പറയർ (*fem.* പറയി), പുളിയർ (*fem.* പുളിച്ചി), വേട്ടുവർ (*fem.* വേട്ടുവത്തി), ചെറുമക്കൾ (പുലയർ) (ചെറുമൻ, *fem.* ചെറുമി), നായാടികൾ (*fem.* നായാടിച്ചി) മുതലായ ജാതികൾ ഏററവും താണ സ്ഥിതിയിൽ ഇരിക്കുന്നു പോൽ.

Surely, they are obliged to work like slaves and you scarcely can imagine how far those four caste-people do despise them. Did you never hear how a Brahman seeing at a great distance a Cheruman cries out: "Go away! go away!" അവർ നിശ്ചയമായിട്ടും അടിമകൾ എന്ന പോലേ പണി ചെയ്യേണം. പിന്നേ ആ നാലു വർണ്ണക്കാർ ഇവരെ എത്രോളം നിരസിക്കുന്നു എന്നു നിങ്ങൾക്കു ഊഹിപ്പാൻ പോലും കഴിയാ. ഒരു ബ്രാഹ്മണൻ ഒരു ചെറുമനെ ദൂരത്തു കണ്ടാൽ പോ പോ എന്നു വിളിക്കുന്ന പ്രകാരം ഒരിക്കലും കേട്ടിട്ടില്ലേ?

Yes, I heard so. Why do they do so? കേട്ടു, അതവർ ചെയ്യുന്നതു എന്തുകൊണ്ടു?

If one of the higher caste people would touch one of the people mentioned above from the carpenter downward, he would have to bathe again as he has become unclean ആശാരി തുടങ്ങി മേല്പറഞ്ഞ ആളുകളെ ഉയന്ന ജാതികളിൽനിന്നു ഒരുവൻ തൊട്ടാൽ അവൻ അശുദ്ധിയായിപ്പോയി വീണ്ടും കുളിക്കയും വേണം.

Would they pollute themselves by touching an European? ഒരു വെള്ളക്കാരനെ തൊട്ടാൽ തീണ്ടിപ്പോകുമോ?

Surely it will cause pollution തീണ്ടൽ ഉണ്ടാകും നിശ്ചയം!

b.

The patrons of temple are in general very rich people അമ്പലങ്ങളിലേ ഊരാളർ സാധാരണയായി വലിയ ധനവാന്മാരാകുന്നു.

In this temple the officiating priest must be an Embrān ഈ ക്ഷേത്രത്തിലുള്ള ശാന്തിക്കാരൻ ഒരു എൻപുരാൻ (എമ്പ്രാൻ my lord) ആയിരിക്കേണം.

As there is a festival in honor of the Bhūdēvi (goddess of earth), people do not work to-day on the field ഇന്നു ഉച്ചാരൻ (ഉച്ചാരൽ, ഉച്ചാൽ) ആകകൊണ്ടു ആളുകൾ വയലുകളിൽ പണി എടുക്കുന്നില്ല (ഉച്ചാൽ വരഞ്ഞുനില്ക്കും).

On the 14th lunar day of the dark fortnight in Māgham Sivarātri is celebrated; people are engaged in reading Sivapurāṇam about this time മാഘമാസത്തിലേ കൃഷ്ണപക്ഷചന്ദ്രന്റെ ൧൪-ാം നു- ശിവരാത്രി കൊണ്ടാടുന്നു. ആ ദിവസത്തിൽ ആളുകൾ ശിവപുരാണം വായിക്കാറുണ്ടു.

The greatest national feast of the Malayāḷis is Ōṇam on new moon of September, lasting ten days, when Parasurāma is still said to visit Kēraḷa മലയാളികളുടെ ഏററവും സാധാരണമായ പെരുനാൾ ഓണം തന്നേ, സെപ്തെമ്പ്രമാസത്തിന്റെ അമാവാസിയിൽ തുടങ്ങി അതു പത്തു ദിവസത്തോളമുണ്ടു. പരശുരാമൻ ആ ദിവസത്തിലിപ്പോഴും കേരളത്തെ സന്ദശിക്കുന്നു പോൽ.

Is now the fortnight of moon's decrease? No, it is the bright lunar fortnight. Full moon, New moon ഇപ്പോൾ കൃഷ്ണപക്ഷം (കറുത്ത പക്ഷം, കൃഷ്ണാൎദ്ധചന്ദ്രൻ) ആകുന്നുവോ? അല്ല ശുക്ലപക്ഷം (ശുക്ലാൎദ്ധചന്ദ്രൻ) വെളുത്ത വാവു തന്നേ. പൌൎണ്ണമാസി, അമാവാസി.

To-morrow rice will be given to the Brahmins in this temple നാളെ ഈ ക്ഷേത്രത്തിൽ ബ്രാഹ്മണൎക്കു ഊട്ടു ഉണ്ടാകും.

On the first of Mēḍam (about the 10th of April) V i s h u (or the feast of vernal equinox) is celebrated; the first thing seen on Vishu is considered to be ominous for the whole year മേടമാസത്തിന്റെ ൧-ാം ൹ (ഏകദേശം എപ്രീൽമാസത്തിന്റെ ൧൦-ാം ൹) വിഷു കൊണ്ടാട്ടം. വിഷുദിവസം ഒന്നാമതു കാണുന്ന വസ്തു (വിഷുക്കണി) മുഴുവൻ കൊല്ലത്തിന്റെ ശകുനം ആയി വിചാരിച്ചു വരുന്നു.

The ceremony of commencing any new work is called Gaṇapatipūja (Gaṇapati, the son of Siva) ഓരോ നൂതനപ്രവൃത്തിയെ ആരംഭിക്കുന്ന സമയത്തിങ്കൽ കഴിക്കുന്ന ആചാരത്തിന്നു ഗണപതിപൂജ എന്നു പറയുന്നു.

About the commencement of October there is also a special worship of Sarasvati, the goddess of speech, called S a r a s v a t i-p ū j a ഒക്തോബർമാസത്തിന്റെ ആരംഭത്തിലും വാഗ്വൈഭവത്തിന്റെ ദേവിയാകുന്ന സരസ്വതിക്കു പ്രത്യേകമായ ഒരു നമസ്കാരമുണ്ടു അതിന്നു സരസ്വതിപൂജയെന്നു പേരുണ്ടു.

October is also considered to be the proper time for beginning to learn, a feast of 9 days is observed then by Sakti-worshippers, called N a v a r ā t r i വിദ്യാഭ്യാസം ആരംഭിപ്പാൻ ഒക്തോബർമാസം പററുന്ന സമയമാകുന്നു. അപ്പോൾ ശാക്തേയപൂജാരികൾ ൯ ദിവസത്തേക്കു ഉത്സവം കൊണ്ടാട്ടം. അതിന്നു നവരാത്രി (നവമി, വിദ്യാരംഭം, ത്രിരാത്രി) എന്നു പേരുണ്ടു.

Māpiḷḷas observe fasting during Ramazān റംസാൻ എന്ന മാസത്തിൽ മാപ്പിളമാർ നോമ്പു എടുക്കും.

Māpiḷḷas do not join the M u h a r̄ a m festival of the Muhammedans മുസല്മാനരുടെ പെരുനാളാകുന്ന മുഹറത്തിൽ മാപ്പിളമാർ ചേരുന്നില്ല.

He has taken the v o w of a B r a h m a n student അവൻ ബ്രഹ്മചൎയ്യവ്രതം ദീക്ഷിച്ചിരിക്കുന്നു.

He has been d i s p e n s e d from his v o w അവൻ നേൎച്ച കഴിച്ചിരിക്കുന്നു (തികെച്ചു).

He went to the temple to make an offering there ഒരു കാഴ്ച വെക്കേണ്ടതിന്നു (തിരുമുല്കാഴ്ച) അവനമ്പലത്തിലേക്കു ചെന്നു.

Rāman asked leave to perform the f u n e r a l o b s e q u i e s of his father അച്ഛന്നുവേണ്ടി ശേഷക്രിയ ചെയ്വാൻ രാമൻ കല്പന ചോദിച്ചു.

I have to c e l e b r a t e a m a r r i a g e in my f a m i l y to-morrow; hence I cannot attend work നാളെ തറവാട്ടിൽ ഒരടിയന്തരം കഴിപ്പാനുള്ളതുകൊണ്ടു എനിക്കു പണിക്കു വരുവാൻ കഴിവില്ല.

Those mendicants wearing red d y e d c l o t h s, having a rosary round their neck and a Kāvaḍi on their shoulders are going on pilgrimage to Paḷani; the temple there is dedicated to Subrahmaṇya (God of war) ആ സന്ന്യാസികൾ കാവിവസ്ത്രം ധരിച്ചു കണ്ഠത്തിന്റെ (കഴുത്തു) ചുററിലും രുദ്രാക്ഷ (ജപ)മാല കെട്ടി തോളിന്മേൽ കാവടി വെച്ചു പഴനിയിലേക്കു തീൎത്ഥയാത്ര ചെയ്യുന്നു (അവിടേയുള്ള ക്ഷേത്രം സുബ്രഹ്മണ്യന്നു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു). ആ ക്ഷേത്രത്തിൽ സുബ്രഹ്മണ്യപ്രതിഷ്ഠ ആകുന്നു ഉള്ളതു.

In this temple of Gaṇapati they are beating large drums all the night ഗണപതിയുടെ ഈ അമ്പലത്തിൽ അവർ രാത്രി മുഴുവനും ചെണ്ട മുട്ടുന്നു (കൊട്ടുന്നു).

In the house of that Nāyar they are muttering the name of Rāma every evening വൈകുന്നേരം തോറും ആ നായരുടെ വീട്ടിൽ വെച്ചു അവർ രാമ രാമ എന്നു ജപിക്കാറുണ്ടു.

He prostrates himself at the feet of an idol ഒരു ബിംബത്തിന്റെ (വിഗ്രഹം) കാല്ക്കൽ (കാലിന്നു) സാഷ്ടാംഗമായി നമസ്കരിക്കുന്നു.

That Māpilla goes to his mosque to offer prayer and recite portions of the Koran നിസ്കരിക്കേണ്ടതിന്നും (നിക്കാരം) മുസ്സാവിൽനിന്നു ഓരോ അംശങ്ങളെ ഓതേണ്ടതിന്നും ആ മാപ്പിള പള്ളി (സ്രാമ്പി) യിലേക്കു പോകുന്നു.

Exercise 2.

On Rice-Cultivation.

വയൽ (കണ്ടം) ഒന്നാമതു നല്ലവണ്ണം ഉഴുതു അരുവും[1] മൂലയും[2] കൊത്തി കട്ടതച്ചുടപ്പിച്ചിട്ടു[3] വളം[4] കൂട്ടി രണ്ടാമതും ഉഴുത ശേഷം വിത്തിറക്കേണ്ടതു[5]. രണ്ടു വിധമായ വിതയുണ്ടു. ഉഴുതു തയ്യാറായാൽ കൈകൊണ്ടു വാരി വിതറുന്നതിന്നു[6] വാളൽ[7] എന്നു പറയും. മറേറതു ഉഴുകുന്ന സമയം ഉഴവു ചാലിൽ[8] വിത്തിട്ടും കൊണ്ടു പോകുന്നതാകുന്നു. അതിനെ പിന്നേത്തതിൽ പറിച്ചു നടും[9]. മേടമാസത്തിലെ (ഏപ്രിൽ) വിഷു[10] കഴിഞ്ഞ ശേഷം തൊണ്ണൂറാൻ[11] എന്നു പേരായ വിത്തു വിതെക്കുന്നു. ഒരു മാസം കഴിഞ്ഞാൽ അതു ഞാറായിത്തീരും[12]. അപ്പോൾ അതിനെ പറിച്ചു കണ്ടങ്ങളിൽ[13] ദൂരേ ദൂരേ നടേണം. രണ്ടാം മാസത്തിൽ കരിനാട്ടി മറിയും[14]. ആ മാസത്തിന്റെ ഒടുവിൽ കണയുരുളും[15]. പിന്നേ പിട്ടലും കതിരും[16] പുറപ്പെടും. അതു 10, 20 ദിവസങ്ങൾക്കുള്ളിൽ പാലാകയും[17] 10 ദിവസംകൊണ്ടു വിളയുകയും[18] ചെയ്യും. അതു തൊണ്ണൂറു ദിവസംകൊണ്ടു വിളയുന്നതുകൊണ്ടാകുന്നു അതിന്നു തൊണ്ണൂറാൻ[11] എന്നു പേരുള്ളതു. നെല്ലുകൾ വെവ്വേറേ സമയങ്ങളിലും സ്ഥലങ്ങളിലും വിളയുന്നതുകൊണ്ടു പല വിധമായിരിക്കുന്നു. കഴമ[19] എന്നു പേരുള്ളതു മേടത്തിൽ (ഏപ്രിൽ) വിത്തിറക്കിയാൽ[20] കന്നിയിൽ (സെപ്തെമ്പർ) വിളയും. അതിന്നു കന്നിവിള എന്നു പെർ. മുണ്ടോൻ[21] വിത്തു മേടത്തിൽ വിതെച്ചു എടവത്തിൽ (മേയി) പറിച്ചു നടുകയും മകരത്തിൽ (ജനുവരി) കൊയ്യുകയും ചെയ്യുന്നു. ഇതു വെള്ളം അധികമായി നില്ക്കുന്ന കണ്ടത്തിൽ മാത്രമേ ഉണ്ടാകയുള്ളു. ഇതിന്നു മകരവിള[22] എന്നു പറയും. പുഴവക്കത്തോ[23] അധികം വെള്ളമുള്ള മററു വല്ല സ്ഥലത്തോ ഉള്ള വയലുകളിൽ കൃഷി ചെയ്യേണം എങ്കിൽ വേനൽ[24]കാലത്തിൽ നല്ലവണ്ണം ഉഴുതു വളമിട്ടു തയ്യാറാക്കിയശേഷം കണ്ടത്തിലെ മണ്ണു നല്ല

---

1) Margin. 2) Corner. 3) തക്കുക strike; ഉടെക്ക to break in pieces. 4) Manure. 5) Sow. 6) വാരുക scoop with the hands, take in a heap with the right hand; വിതറുക strew. 7) From വാളുക to sow, cultivate. 8) Furrow. 9) Pull out and plant (transplant). 10) Vernal equinox. 11) Kind of paddy. 12) Young plant fit for transplanting. 13) Division of a rice-field. 14) കരിനാട്ടി transplanted paddy taking root, assuming a dark-green colour; മറിയുക to turn over. 15) Knots (joints) will be formed. 16) Spike of corn. 17) Become milky. 18) Ripen. 19) Excellent rice reaped in Kanni after 6 months' growth. 20) To plant. 21) = മുണ്ടകം a rice of slow growth (yielding the best straw). 22) Crop of January. 23) River-side. 24) Hot season. 25) Broad hoe. 26) = കുമ്പൽ heap. 27) കതിർ small

വീതിയുള്ള വലിയ പടന്ന[25]കൊണ്ടു കൊത്തി ചെറിയ ക്രമ്പാരങ്ങളായി[26] ക്രുട്ടി വെക്കേണം. ഇതിന്നു കതിർ ക്രൂട്ടുക[27] എന്നു പേർ. അതിന്മേൽ ചെയ്യുന്ന കൃഷിക്കു വാലി[28] എന്നു പേർ. ആയതു ഇടവമാസത്തിൽ (മേയി) വിതെക്കേണം. ഒരു മാസംകൊണ്ടു ഞാറാകും. എങ്കിലും പിന്നെ ഒരു മാസത്തിന്നിടെ കൈക്കൊട്ടുകൊണ്ടു കൊത്തിയിറക്കേണം. അപ്പോൾ വയൽ എല്ലാം ശേഷമുള്ള കൃഷിനിലങ്ങൾ പോലെ നിറഞ്ഞിരിക്കും. ചിങ്ങത്തിൽ (ആഗുസ്ത്) കരിനാട്ടി മറിയുകയും[29] കന്നിയിൽ പിട്ടലും കതിരും വരികയും തുലാമാസം (ഒക്തോബർ) 10-ാംനു- മുതല്ക്കു കൊയ്ത്തു തുടങ്ങുകയുമാം. ഇങ്ങിനെ വിളയുവാൻ 6 മാസം വേണം.

ചില വയലുകളിൽ ഒരു കൊല്ലത്തിൽ രണ്ടു കറി കൃഷി ചെയ്യാം. അതു പുഞ്ചപ്പാട്ടിലത്രെ[30]. ഒരു കൃഷിമാത്രം ഉണ്ടാകുന്ന വയലുകൾക്കു കരക്കണ്ടം[31] എന്നു പേർ. രണ്ടാമത്തെ കൃഷി ചെയ്യുന്ന വിത്തു ചിറേറനി[32]. ഈ വിത്തു വലിയ പൊതിയായി[33] കെട്ടി ചിങ്ങമാസത്തിന്റെ ആരംഭത്തിൽ വെള്ളത്തിലിടുന്നു. നേരത്തോടു നേരം വരുമ്പോൾ അതെടുക്കയും പിറെറ ദിവസം ആ സമയത്തു തന്നേ അതു കഴിച്ചു വിത്തിനെ പച്ച വാഴയിലയിൽ ചൊരിയുകയും പച്ച (ചാണം) കടകയും[34] ചെയ്യും. അതിന്മേൽ പിന്നേയും വാഴയിലയിട്ടു കനം[35] വെക്കയും വേണം. ഈ കനവും പച്ചയുടെ ചൂടുംകൊണ്ടു പിറേറന്നു തന്നേ തൊണ്ടമുഴക്കും[36]. അതിന്റെ പിറേറന്നു മുളവരികയും[37] കാൽ നീളുകയും[38] ചെയ്യും. അന്നോ പിറേറന്നോ വിതെക്കുന്നതിന്നു വിരോധമില്ല. ഒരു മാസവും പത്തുദിവസവും കഴിഞ്ഞാൽ ഞാററിന്റെ പുല[39] തീരുന്നതുകൊണ്ടു ഞാറു പറിച്ചു അതിന്റെ പിടി[40] കല്ലിന്മേൽ വെച്ചു വേരിനെ തച്ചു[41] കഴുകി അയിരിയാക്കി[42] വെക്കേണം. നാലുദിവസം കഴിഞ്ഞാൽ ഞാററിന്റെ പുല തീരും. അതിന്നു മുമ്പായി ഞാറു പറിച്ചു നട്ടാൽ പുഴുതിന്നുകളയുന്നതാണ്. ആ അയിരിമേൽ വളരേ കനത്തിൽ ചളി[43] വാരിവെക്കേണം. എന്നാൽ മൂന്നു ദിവസം കഴിഞ്ഞാൽ പുതിയ വേർ പൊട്ടും. കന്നിയിലേ[44] ആദ്യവിള കൊയ്തു ശേഷം വയൽ നന്നാക്കീട്ടു അതിൽ അവ നട്ടു വരുന്നു. അതു അഞ്ചാം മാസത്തിൽ അതായതു മകരമാസത്തിൽ കൊയ്യാം.

നെല്ലു കൊയ്തു ശേഷം കററകളായി[45] കെട്ടിക്കൊണ്ടു വന്നു മെതിച്ചു[46] തൂററി[47] നാലു ദിവസത്തോളം വെയിലത്തിട്ടുണക്കേണം. വീണ്ടും തൂററിയാൽ സൂക്ഷിച്ചു വെപ്പാൻ പാകമായിത്തീരുന്നു[48]. അതിനെ കൃഷിക്കാർ കളപ്പുരയിലോ[49] പത്തായത്തിലോ[50] ക്രൂട്ടിവെക്കുന്നു. ഈ നെല്ലു ആളുകൾ പുഴുങ്ങി[51] മണിയുടെ വായി തുറന്നുവരുമ്പോൾ കിഴിച്ചു[52] വെയിലത്തിട്ടുണക്കുന്നു. കൈകൊണ്ടു തരുങ്ങുമ്പോൾ[53] ഉമി[54] നീങ്ങുന്നെന്നു കണ്ടാൽ എടുത്തു നിലത്തിട്ടു ഉലക്ക[55]കൊണ്ടു കുത്തി ഉമി കളയുന്നു[56]. അതിന്റെ ശേഷം പാററി[57] ഉരലിലിട്ടു വെളുപ്പിക്കും. പിന്നെ ചേറി[58] തവിടും[59] അരിയും

mounds of earth in rice-fields, on which the rice is sown and after it is grown sufficiently, is transplanted with a hoe. 28) A kind of bearded paddy. 29) See 14. 30) Wet land. 31) Fields yielding only one crop. 32) A sort of rice said to have come out from China. 33) Bundle. 34) Throw out. 35) Weight. 36) To swell as tumour. 37) Young plant. 38) Grow long. 39) Pollution. 40) A handful. 41) See 3. 42) = ഐരി hayrick. 43) Mud, mire. 44) September. 45) Sheaf of corn, bundle of gram. 46) Thrash. 47) Fan or winnow grain. 48) Maturity, season. 49) = കളം thrashing floor, barn. 50) A large chest to keep rice etc. 51) Parboil, to be boiling. 52) Take down. 53) = തരങ്ങുക to husk. 54) Husk, chaff. 55) ഉലക്ക and ഉരൽ pestle and wooden mortar for beating rice. 56) Throw away. 57) Let fly, dust. 58) Husk. 59) Bran. 60) To be broken into small pieces. 61) = പാററൽ അരി

വെവ്വേറെ ആകും. അരിക്കു കുത്തു കൊള്ളുന്നതിനാൽ അതു നുറുങ്ങി[60] പോകും. അതിൽ ഏറ്റവും ചെറുതിന്നു കണ്ണരി എന്നും അതിൽ അല്പം വലുതിന്നു നുറുക്കരി അഥവാ പാറലരി[61] എന്നും നുറുങ്ങാത്തതിന്നു നെടിയ അരി[62] എന്നും പേർ. ചാക്കിലും മൂടയിലും കയറ്റി വരുന്ന അരിയുടെ തുളി[63] ചൂളയിൽ[64] വെച്ചിട്ടാകുന്നു കളയുന്നതു. ആയതു കുത്തി വെളുപ്പിച്ച ശേഷം മാത്രമേ ചോറു വെപ്പാൻ ഉപയോഗിക്കാറുള്ളു. വെളുപ്പിച്ച അരിയെ കഴുകി അരിച്ചു[65] പച്ചവെള്ളത്തിലിട്ടു വേവിച്ചാൽ വെള്ളത്തോടു കൂടെയുള്ളതിന്നു കഞ്ഞി എന്നും വെള്ളം വാൎത്തതിന്നു[66] ചോറു എന്നും പറഞ്ഞുവരുന്നു.

പച്ചരി[67] എന്ന മറ്റൊരു വിധം അരി ഉണ്ടു. ആയതു നെല്ലു പുഴുങ്ങാതെ വെയിലത്തിട്ടുണക്കി കുത്തി തുളി കഴിച്ചു പാറ്റി[68] വെളുപ്പിച്ചാൽ പലമാതിരി പലഹാരങ്ങൾക്കായും പശെക്കായും മറ്റും ഉപയോഗമായിത്തീരും. തവിടു കോഴി, പശു, മൂരി, പന്നി മുതലായ നാൽക്കാലികൾക്കു ആഹാരമാകുന്നു. ഉമി തീ കെടാതെ സൂക്ഷിപ്പാനും ഉമിക്കരി[69] പല്ലു തേപ്പാനും[70] നന്നു.

Contributed by P. A.

166. കല്പണിക്കാൎക്ക് 5 കണ്ടിക്കോൽ കെട്ടേണ്ടതിന്നു 3 ഉറുപ്പികയും 3 പണവും കൊടുക്കേണ്ടി വന്നാൽ 150 കോൽ നീളവും 10 കോൽ ഉയരവും 18 വിരൽ കനവുമുള്ള ഒരു മതിലിനെ പണിയിച്ചാൽ അവൎക്ക് എത്ര ചെല്ലും? if we have to give a stone-cutter 3 Rupees and 10 annas for building up 5 cubic kōls, what will be required for building a wall 150 kōls long, 10 kōls high, and 18 inches broad?

കനം = അകലം here; കണ്ടി cubic; as to money and dimensions see page 91. ചെല്ലുക besides "pass through", "passion" means also "cost", "be required".

167. രണ്ടേ ഒന്നേ എട്ടു ഉണ്ടാകേണ്ടതിന്നു ഏഴേ എട്ടും അഞ്ചേ പന്ത്രണ്ടും എന്നതിനോടു എത്ര കൂട്ടേണം? ഒന്നേ മൂന്നേ നാലു ശേഷിക്കേണ്ടതിന്നു പതിനാലേ മൂന്നേ എട്ടിൽനിന്നു എത്ര കിഴിക്കേണം? how much must be added to $\frac{7}{8}+\frac{5}{12}$ in order to get $2\frac{1}{8}$? how much must be subtracted from $14\frac{3}{8}$ in order to leave $1\frac{3}{4}$? (*cf.* § 213, 7.)

168. ഒരു മുക്കോണിന്റെ മൂന്നു അന്തൎക്കോണുകൾ രണ്ടു സമകോണുകളോടു സമം the three interior angles of a triangle are equal to two right angles.

169. ൧൨-ാം സൂത്രം ആവിതു: ഒരു രേഖയുടെ പുറത്തു കിടക്കുന്ന ഒരു വിന്ദുവിൽനിന്നു ആ രേഖയിന്മേൽ ഒരു ലംബരേഖയെ വരെക്കുന്നതെങ്ങിനേ? the 12th Proposition runs thus: how do you draw a perpendicular line from a point outside of it?

170. ഗുരുനാഥന്ന് അല്ലാതെ വായിക്കരുതാതെയുള്ള ഈ പുസ്തകത്തെ നീ എടുത്തു വായിച്ചതു എന്തുകൊണ്ടാണു? എന്നെ ദുഃഖിപ്പി

powder-like rice. 62) From നെടു long whole rice freed from husks. 63) Husk, dust. 64) Brick-kiln. 65) Sift, clean rice by washing. 66) Pour. 67) Rice freed from the husk without moderation. 68) See 51. 69) Coal made of ഉമി. 70) Rub, clean.

പ്പാൻ അത്രേ നീ അതു ചെയ്തതു why did you take and read this book, which ought not to be read save by the master? you did it only in order to grieve me. As to വായിക്കരുതാതെ see § 197, 4.

§ 244. ചെയ്തതു (ex. 170) represents a use of *the Neutral Personal Noun,* with which we meet frequently; *f.e.* ഹൃദയത്തിൽ നിറഞ്ഞു വഴിയുന്നതിൽനിന്നല്ലോ തന്റെ വായി ഉരിയാടുന്നതു for out of the abundance of the heart his mouth speaketh. Luke 7, 45. These instances will throw light besides upon the most common kind of questions in Malayalam: നീ അതു ചെയ്തതു എന്തുകൊണ്ടു? (§ 102). At first sight this Neutral Personal Noun at the end of sentences seems to be superfluous, but in many cases it answers to the English "it is" or "is it" conveying emphasis. It makes a difference whether I say "he has done it", (അവൻ അതു ചെയ്തു) or "it is he, who has done it" (അവനല്ലോ അതു ചെയ്തതു). In some cases we see employed also the copula "ആകുന്നു"; *f.e.* അവനോടു ആകുന്നു നാം തർക്കിക്കുന്നതു (*cf.* § 173), but in most cases ആകുന്നു is omitted and the word to be emphasised is pointed out by അല്ലോ or അത്രേ (വഴിയുന്നതിൽനിന്നല്ലോ); അപ്പങ്ങളെ തിന്നവരോ അയ്യായിരം പുരുഷർ തന്നേ ആയതു; അതു അറിയായ്കകൊണ്ടല്ലോ തെററി ഉഴലുന്നതു.

പട്ടണത്തിലുള്ള സ്ത്രീകളും കുട്ടികളും നിമിത്തമല്ലോ കനിവു തോന്നിയതു. (It was on account of. . . .that he felt compassion) മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനു തീണ്ടൽ ഉണ്ടാക്കുന്നതു; നിന്റെ ബലഹീനത വിചാരിച്ചത്രേ ഞാൻ അതു കല്പിച്ചതു. In some cases even അല്ലോ or അത്രേ is to be understood. ഒരു കള്ളനെക്കൊള്ളെ എന്നപോലേ നിങ്ങൾ എന്നെ പിടിച്ചുവെപ്പാൻ വാളുവടികളുമായി പുറപ്പെട്ടതു; ഞാൻ നീതിമാന്മാരെ അല്ല പാപികളെ വിളിപ്പാൻ (അല്ലോ) വന്നതു.

Hence the answer to a question containing a Neutral Personal Noun (വായിച്ചതു ex. 170) will contain a Neutral Personal Noun too.

In the same manner the Neutral Personal Noun employed in questions corresponds to the English "is it" in emphatic questions, for നീ ഇതു ചെയ്തതു എന്തുകൊണ്ടു? means in full: എന്തുകൊണ്ടാകുന്നു നീ ഇതു ചെയ്തതു? why is it that you did this?

§ 245. ആവിതു (ex. 169) introduces a new kind of quotation, more European-like, but less common than what has been mentioned in connexion with എന്നു (*cf.* § 77). ആവിതു, following Nouns like "order" (കല്പനയാവിതു), "word" (വചനമാവിതു), means literally "will be or is this" (ആവു Second Future of ആകുന്നു and ഇതു). Of course it may also be employed after the Neutral Personal Noun of a *Verbum discendi* അവൻ പറഞ്ഞതാവിതു. . . .as much as: "what he said is the following". ഇതു or അതു may also be added to the *Verbum discendi* itself before a quotation; *f.e.* അവൻ പറഞ്ഞിതു: നീ എന്നെ വിട്ടു പോക, in the same manner ചൊല്ലുന്നിതു, പറയുന്നിതു, ഉപദേശിച്ചിതു, but ചൊല്ലിയതു, ഉത്തരം ചൊല്ലി തുടങ്ങിയതു (the Past Tense ending in ഇ, അതു is taken instead of ഇതു). This kind

of quotation may be resorted to in order to avoid monotony especially in lengthy conversations. For change's sake we see employed even the pure *Verbum discendi*, just as in English or German also the "Historical Praesens" (പറയുന്നു) helps to cause some variety of expression. To illustrate these different ways of quotation we give part of the conversation between Christ and the Samaritan woman (John 4, 7—11): ഒരു ശമൎയ്യക്കാരത്തി വെള്ളം കോരുവാൻ വരുന്നു, അവളോടു യേശു: "എനിക്കു കുടിപ്പാൻ തരിക" എന്നു പറയുന്നു. ശമൎയ്യസ്ത്രീ അവനോടു: നീ യഹൂദൻ എങ്കിലും ശമൎയ്യയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങിനേ? എന്നു പറഞ്ഞതിന്നു യേശു ഉത്തരം ചൊല്ലിയതു: നീ ദൈവത്തിന്റെ ദാനത്തെയും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇന്നവൻ എന്നതിനെയും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിണക്കു തരികയും ആയിരുന്നു. സ്ത്രീ അവനോടു പറഞ്ഞു: കൎത്താവേ നിണക്കു പാളയും ഇല്ല കിണറും ആഴമുള്ളതല്ലോ.

§ 246. What we have come to know now, about the *Numerals* in Malayalam is this:

I. *The Cardinals* (see Table III.).

a. 2 രണ്ടു and ഇരു; hence 20 = ഇരുപതു; 3 മൂന്നു and മൂ, hence 3000 മൂവായിരം, അഞ്ചു and ഐ, hence: 5000 ഐയായിരം, besides 50 ഐമ്പതു and അമ്പതു.

b. 90 തൊണ്ണൂറു, 900 തൊള്ളായിരം and 400 നാനൂറു.

c. All these Cardinals, may be declined; to make them Personal Nouns either ആൾ and പേർ (person) may be employed മൂന്നാൾ, ഇരുപതു പേർ, or they are furnished with personal terminations: ഒരുത്തൻ, ഇരുവർ, മൂവർ, നാല്വർ, ഐവർ, അറുവർ, എഴുവർ.

d. As to Compound Numerals up to 90 simply the tens are placed before the ones (for 1-20 see § 100 and Table III.); *f. e.* 37 മുപ്പത്തേഴ; 79 എഴുപത്തൊമ്പതു etc. The same order is kept also as to hundreds and thousands. Mark only that നൂറു changes into നൂററി (from നൂററിൽ Locative) and ആയിരം into ആയിരത്ത്; *f. e.* 345 മുന്നൂററി നാല്പത്തഞ്ചു; 4,789 നാലായിരത്തെഴുനൂറെറണ്പത്തൊമ്പതു.

II. *Ordinals* are formed by adding ആം, see § 98. Mark that also the Interrogative corresponding to these Numerals may partake of this termination: എത്രാം സ്ഥാനം?

These Ordinals too may be made Personal Nouns: ഒന്നാമൻ, (ഒന്നാമതു, ഒന്നാമത്തവൻ), രണ്ടാമൻ, മൂന്നാമൻ, നാലാമൻ, അഞ്ചാമൻ (അഞ്ചാമവൻ), ആറാമൻ (ആറാമവൾ), എട്ടാമൻ, പത്താമൻ. In the same manner they may be employed like Adjectives: രണ്ടാമത്തെ പുരുഷനു; മൂന്നാമത്തെ ദിവസത്തിൽ etc.

III. *Multiplicatives* (and Quotientives, see § 226).

Besides പ്രാവശ്യം, വട്ടം, കുറി, മടങ്ങു, ഉരുടേ, തുട, ഉരു, മേനി etc. mentioned already, also ആവൃത്തി is employed in Malayalam Mathematics; *f. e.* എത്രാവൃത്തി? എട്ടാവൃത്തി (8 times). In Arithmetical problems it is also sufficient to combine the numbers to be multiplied; ഇരുനാറു = 16; നാലേഴു = 28. Also the particle ഈററു may be employed; *f. e.* മുപ്പതിററുപ്പത്തു = 30 × 10; അമ്പതിററുനാലു = 50 × 4.

To this class of numbers we may also add the following expressions: *double* ഇരട്ട (also ഇരട്ടിച്ച Adjective Participle of ഇരട്ടിക്ക), ഇരട്ടി (with Dative അതിന്നു നാലിരട്ടി 4 times as much), hence ഇരട്ട കുട്ടികൾ twins. *A pair* ജോട്ട (Hindustani); *f. e.* ഒരു ജോട്ട (ഏർ) കാള a pair of bullocks; ദ്വന്ദ്വം (Sanskrit) (see § 261, Sanskrit Numerals).

Also ഒന്നു may be used instead of ഒരിക്കൽ (once). It is a common expression to say: എന്നെ ഒന്നു കാണ്മാൻ വരേണം please, come and see me once. ഒന്നു കയറി ആശുപത്രിയിൽ, ഒന്നു പരീക്ഷിച്ചു നോക്ക.

IV. *Distributives* (see § 233).

Besides വീതം, കണ്ടു, കൊണ്ടു (ഉരികൊണ്ടു സേവിക്ക, an ഉരി or half a Nāḷi a time, "weise" in Germ.), പടി and മേനി also the particle ഇച്ച (and ശ്ശ) is in use; *f. e.* ഇടങ്ങാഴിച്ച one Iṭannāḷi a time. This answers to the interrogatives എത്രച്ച and എത്തെത്ര how much for each?

V. *Fractions* (see § 213, 7).

Ex. 167 shows, that the general way to form a fraction is to affix എ to the Numerator and to add the Denominator; thus അഞ്ചേ പന്ത്രണ്ട $\frac{5}{12}$; മൂന്നേ എട്ട $\frac{3}{8}$. In the case of mixed fraction the Total too will affix എ (see ex. 167), hence രണ്ടേ ഏഴേ എട്ട $2\frac{7}{8}$; ഒന്നേ മൂന്നേ നാല $1\frac{3}{4}$.

In native books also the Locative with ഇറങ്ങിയ is used ആറിൽ ഇറങ്ങിയ അഞ്ച് $\frac{5}{6}$; അഞ്ചിൽ ഇറങ്ങിയ രണ്ടു $\frac{2}{5}$; or the Instrumental: പതിനേഴാലഞ്ചു $\frac{5}{17}$.

There are besides, as in English and German, some stereotype expressions, employed for the most important fractions: $\frac{1}{2}$ പാതി, പകുതി, അര, അൎദ്ധം; $\frac{1}{4}$ കാൽ, നാലൊന്നു, നാലാലൊന്നു, പാദാംശം, ചതുരംശം, § 261 (ഒന്നേകാൽ $1\frac{1}{4}$); $\frac{1}{6}$ ആറൊന്നു ഷഷ്ഠാംശം (see § 261); $\frac{3}{4}$ മുക്കാൽ hence അഞ്ചേ മുക്കാൽ $5\frac{3}{4}$; $\frac{1}{8}$ അരക്കാൽ (half of $\frac{1}{4}$); $\frac{1}{16}$ വീശം മാകാണി; $\frac{1}{32}$ അരവീശം; $\frac{1}{20}$ മാ (അരമാ $\frac{1}{40}$, ഇരുമാ $\frac{1}{10}$, $2\times\frac{1}{20}$, നാലുമാ $\frac{1}{5}$); $\frac{1}{80}$ കാണി (അരക്കാണി $\frac{1}{160}$); $\frac{1}{320}$ മുന്തിരി; $\frac{1}{21600}$ ഇലി.

VI. *Indefinite Numerals,* see § 130, 7; besides these:

ഓരോ, ഓരോരോ each one (as personal: ഓരോന്നു, ഓരോരുത്തൻ; Adjective use: ഓരോവിധത്തിൽ); വല്ല (Adjective participle of വല്ലു) any (വല്ലനാൾ, Adverb വല്ലേടവും anywhere; വല്ലപ്പോഴും at one time; Personal Noun: വല്ലവനും, വല്ലതും, വല്ലവർ); ചില some, several (Personal Noun: ചിലതു, ചിലർ; Adverb, ചിലപ്പോൾ); In colloquial language we meet with expressions like: ചിലതൊക്കയും a little much ("ein bisschen viel"); ചില വസ്തുക്കൾ ഒക്ക certain property; പല many, several, various (Personal Noun: പലർ, പലതു Plural പല, Adverb പലപ്പോഴും) and പല പല many, different. For *much* we have the following: വളരേ, പെരുത്തു, തുലോം, അത്യന്തം, എത്രയും, അത്രയും, അനേകം (അനേകർ). *All* എല്ലാം, സകല, ഒക്കയും, (ഒക്കവേ, ഒക്കവേയും), സൎവ്വം. With the exception of ഒക്കയും these words meaning "all" may be employed as personal Nouns (see § 130. 137). *Whole* മുഴുവൻ, മുററ, പൂൎണ്ണം, (എല്ലാം) also the words expressing a want or absence of something may be mentioned here: സൊന്നു (nought, a cypher 0); പൂജ്യം (nought or cypher in calculation); നാസ്തി न+अस्ति (nothing, hence

നാസ്തികൻ atheist); അശേഷം ഇല്ല nothing at all; *little* അല്പം, കുറേ, (കുറയ, കുറെച്ചു, കുറേശ്ശ; കുറവുപടി deficiency and നിറവുപടി perfection); ഇത്തിരി (very little); തെല്ലു (തെല്ലും ഇല്ല not at all തെല്ലു കൂടേ some more); ചിനമ്പു (ചിനക്കം a bit), "a little", also ചിനമ്പിച്ചു; അസാരം, ഒട്ടു (ഒട്ടും ഇല്ല not at all, ഒട്ടൊട്ടു a little, ഒട്ടേറു much; *f. e.* ഒട്ടേറു പടയാളികളെ ചേൎത്തു; further: ഒട്ടൊഴിയാതെ without any exception, altogether).

Also the Correlative Pronouns എത്ര, അത്ര and ഇത്ര may be called indefinite numbers. ഇത്ര is doubled into ഇത്തിത്ര; *f. e.* ഓരോന്നിൽ ഇത്തിത്ര so much in each.

Some adverbial expressions may also be ranked amongst the Indefinite Numerals: സാകാൎയ്യം, തനിയേ, തനിച്ചു (alone), മാത്രം, അത്രേ (only), ഏകദേശം (nearly), മതി (enough), പോരാ (not enough), ചില്വാനം (odd, remaining fraction; *f. e.* നൂററിൽ ചില്വാനം ആളുകൾ hundred and some more), ഒന്നാകേ (altogether), ഒന്നിച്ചു (together); ഒന്നു is employed not only as the Neuter of ഒരു but also as an Indefinite Number, meaning "something" ആ സമയത്തു ഞാൻ ഒന്നനുഭവിച്ചു I suffered something at that time. In the same manner also ഒരു is used very much like കുറേ; *f. e.* ഒരു മാങ്ങ പറിപ്പാൻ പോയി (he) went to pluck some mangoes. നിച്ചൽ (നിച്ചലും) = എല്ലായ്പോഴും.

Exercise 1.

Translate.

a.

കപ്പദോക്യയിൽ കൈസരയ്യ പട്ടണത്തു കുരില്ലൻ എന്ന കുഞ്ഞൻ യേശുവെ വിശ്വസിച്ചപ്പോൾ, കുട്ടികൾ പരിഹസിക്കുന്നതും, അച്ഛൻ അടിക്കുന്നതും നിഷ്ഫലമായി നിത്യം യേശുവെ പ്രാൎത്ഥിച്ചു വിളിക്കും[1]. ഒടുവിൽ അച്ഛൻ അവനെ വീട്ടിൽനിന്നു തള്ളി, അവനും ശാന്തനായി പുറപ്പെട്ടു. അനന്തരം ന്യായാധിപതി വസ്തുത ഗ്രഹിച്ചു, അവനെ വിളിച്ചു: "നീ തെററു ചെയ്തു, എങ്കിലും ഞാനും അച്ഛനും ക്ഷമിക്കും; അവന്റെ വസ്തുവക[2]യെല്ലാം നിണക്കു കിട്ടും" എന്നും മററും ബുദ്ധി പറഞ്ഞശേഷം, കുഞ്ഞൻ "ആ കഷ്ടംകൊണ്ടു എനിക്കു ദുഃഖം ഇല്ല; അച്ഛൻ എന്നെ വീട്ടിൽനിന്നു തള്ളി, ഇപ്പോൾ ദൈവം നല്ല ഭവനത്തിൽ ആക്കി തീൎക്കും. ചാവിന്നു പേടി ഇല്ല, അതിനാൽ നല്ല ജീവൻ വരുമല്ലോ" എന്നു കേട്ടാറേ, അഗ്നിമരണം വിധിച്ചു. "തീ കണ്ടു പേടിക്കും എന്നാൽ മടക്കിക്കൊണ്ടു വരേണം" എന്നു സ്വകാൎയ്യമായി കല്പിച്ചയച്ചു; അതുവും[3] വ്യൎത്ഥമായി. ന്യായാധിപതി പിന്നേയും അപേക്ഷിച്ചാറേ, കുഞ്ഞൻ "ഞാൻ നല്ല ഭവനത്തിൽ പോകട്ടേ! നല്ല ധനത്തെ അനുഭവിക്കട്ടേ! എന്നെ അയക്കേണമേ" എന്നു ചൊന്നാറേ കരഞ്ഞു നില്ക്കുന്നവരെ കണ്ടു "നിങ്ങൾ സന്തോഷിക്കേണ്ടതാകുന്നു എങ്കിലും ഞാൻ പോകുന്ന പട്ടണത്തെ നിങ്ങൾ അറിയുന്നില്ല" എന്നുരെച്ചു കൈസരയ്യ പട്ടണക്കാൎക്കു വിസ്മയം വരുമാറു[4] മരിക്കയും ചെയ്തു. Dr. Gundert's Church History.

b.

പിന്നേ യഹോവ പറഞ്ഞിതു: ചിയോൻ പുത്രിമാർ ഞെളിഞ്ഞുകൊണ്ടു കഴുത്തു നീട്ടി കണ്മുന[5] ചാടി നടന്നു തത്തിതത്തി[6] നടന്നുകൊണ്ടു കാലുകളാൽ ചിലമ്പൊലി[7] കേൾപ്പിക്കയാൽ, കൎത്താവു ചിയോൻ പുത്രിമാരുടെ നെറുകയെ[8] മുണ്ഡമാക്കി[9] കളയും. അന്നാൾ

1) See § 135. 2) Everything belonging to his property. 3) = അതും, more emphatic. 4) See § 224, 4. 5) Corner of the eye. 6) തത്തുക to trip, tripple. 7) ചിലമ്പു (foot-trinket filled with pebbles for tinkling) + ഒലി (sound). 8) Temples, crown of the head.

കത്താവു ചിലമ്പുകളും[10] ചെറു സൂൎയ്യചന്ദ്രാഭരണങ്ങളും, കാതില ചങ്ങല കവിണിക്കച്ചകളും[11], തലക്കെട്ടു കാൽത്തള[12] അരഞ്ഞാണകളും[13], സൌരഭ്യക്കുപ്പികൾ രക്ഷകളും, മോതിരങ്ങൾ മൂക്കുത്തികളും[14], ഉടയാടകൾ[15] ശാലുകൾ[16] പുടപുടസഞ്ചികളും[17], കണ്ണാടികൾ ചിററാടകൾ[18] തലപ്പാവു മുഖപ്പടങ്ങളും[19] ആകുന്ന ഭൂഷണത്തെ[20] നീക്കിക്കളയുന്നു. സുഗന്ധത്തിന്നു പകരം ദുൎഗ്ഗന്ധവും കച്ചെക്കു പകരം കയറും പുരികുഴലിന്നു[21] പകരം കഷണ്ടിയും[22] ഉടയാടെക്കു പകരം ചാക്കുകെട്ടും ഭംഗിക്കു പകരം പരിക്കും[23] ഉണ്ടാകും.

Gundert, Isaiah 3, 16—24.

Exercise 2.

Translate.

1.

ചന്ദനം (sandal-wood) എട്ടു പണത്തിന്നു (see page 92) പലം (weight of 8 Rupees, see page 92) ഇരുപത്തഞ്ചു കിട്ടുമാകിൽ ഇഹ (ഇവിടേ) ഇപ്പോഴഞ്ചു പണത്തിന്നു എത്ര പലം കിട്ടും?

അതു വരുത്തും പ്രകാരം: എട്ടു—തള്ളയാകുന്നു (first term in the rule of three); ൨൫ പലം പിള്ള തന്നേ (second term of the same kind, as x or the term sought for); ൫ പെരുവാൽ (third term of the same kind as the first); ഇങ്ങിനേ മൂന്നു രാശിയിൽ (sum) പിള്ള തന്നേ നടുവിലേതു; ഇരുപത്തഞ്ചിനെ അഞ്ചുകൊണ്ടു പെരുക്കിയാൽ ൱൨൫, അതിനെ എട്ടിൽ കിഴിച്ചാൽ പതിനഞ്ചു അഞ്ചേ അരക്കാൽ.

$$\frac{25\ (\text{പിള്ള}) \quad 5\ (\text{പെരുവാൽ})}{8\ (\text{തള്ള})} = 15\tfrac{5}{8}$$

2.

Promissory Notes and Receipts.

Tellicherry, 29th May 1888.

Ten months after this date I promise to pay to Dr. Strobel or order the sum of Rupees two hundred and seventy-five (Rs. 275) with interest at four per cent, for value received.

N. N.

തലശ്ശേരി, ൧൮൮൮ മേയി ൨൯.

ദക്തർ സ്ത്രോബൽ എന്നവൎക്കോ അവരുടെ ചീട്ടു കണ്ടാലോ കിട്ടി ബോധിച്ച സാമാനം വക ഇരുനൂററി എഴുപത്തഞ്ചു ഉറുപ്പിക (൨൭൫) നൂററിന്നു നാലു പ്രകാരം പലിശയോടു കൂടെ ഇന്നു മുതൽ പത്തു മാസംകൊണ്ടു തന്നു വീട്ടുവാൻ ഞാൻ വാഗ്ദത്തം കരാർ ചെയ്യുന്നു. എന്നു

ൻ. ൻ.

---

9) Firewood. 10) See 3. 11) കവിണി (കവണി, കൌണി) Muslin, fine cloth to cover the head; കച്ച (girdle), long cloth. 12) Foot-ring. 13) Waist-string. 14) Nose-ring. 15) Royal dress. 16) Shawl, silk cloth of noblemen. 17) പുടവ woman's cloth; സഞ്ചി bag. 18) Child's dress. 19) പടം fine cloth. 20) Ornament. 21) Curls. 22) See page 122. 23) Wound, scar.

On demand I promise to pay Mr. K. Schaal or order one hundred and eighty Rupees (Rs. 180), for value received. N. N.

കിട്ടി ബോധിച്ച സാമാനം വക നൂററി എണ്പതു (൧൮൦) ഉറുപ്പിക മിസ്റ്റർ കെ. ഷാൽ എന്നവൎക്കോ അവരുടെ ചീട്ടുപ്രകാരമോ ആവശ്യപ്പെടുമ്പോൾ കൊടുപ്പാൻ ഞാൻ വാഗ്ദത്തം (കരാർ) ചെയ്യുന്നു. ൻ. ൻ.

Receipt.

Received from N. N. ten Rupees (Rs. 10) on account.

L. J. Fr.

രശീതി.

ഇന്നാരിൽനിന്നു കണക്കു വക പത്തു ഉറുപ്പിക (൧൦) കിട്ടി ബോധിച്ചു.

എൽ. ജെ. ഫ്രേ.

Received from T. Z., through Raman, sixty-five Rupees (Rs. 65) in full of all accounts.

Tellicherry, May 30th 1888. A. B.

എല്ലാ വക കണക്കും കൂട്ടി ടി. സെഡ്. എന്നവർ രാമൻവശമയച്ച അറുപത്തഞ്ചു (൬൫) ഉറുപ്പിക കിട്ടി ബോധിച്ചു. എന്നു ൧൮൮൮ മേയി ൩൦-ാംനു-

തലശ്ശേരിയിൽനിന്നു. ഏ. ബി.

171. എന്റെ മനഃപീഡയെ കണ്ടു കനിഞ്ഞു എന്നെ വ്യസനാബ്ധിനിമജ്ജനത്തിൽനിന്നു ഉദ്ധരിച്ച ഈ മനുഷ്യന്റെ മനോഗുണത്തെ ഞാൻ ഒരിക്കലും മറക്കാതെ പ്രത്യുപകാരം ചെയ്വാൻ നിത്യം ചിന്തിക്കും the benevolence of this man, who seeing my heavy grief, took compassion and delivered me from immersion into an ocean of distress, I shall never forget, but shall always think about doing a service in return.

മനസ്സു + പീഡ = മനഃപീഡ; മനസ്സു + ഗുണം = മനോഗുണം; വ്യസനം + അബ്ധി + നിമജ്ജനം; പ്രതി + ഉപകാരം = പ്രത്യുപകാരം.

172. നമ്മുടെ ശബ്ദത്തിന്നു ഒരു പ്രതിശബ്ദം കേൾക്കുംവണ്ണം മററുള്ളവരോടു നാം ഏതുപ്രകാരം പെരുമാറുന്നുവോ അതേപ്രകാരം അവർ നമ്മെ സ്നേഹിക്കയോ വെറുക്കുകയോ ചെയ്യും just as we hear an echo in answer to our voice, in the same way according to our dealings with others they will either love or hate us.

പെരുമാറുക to have intercourse, to associate, to deal with.

173. ജന്തുക്കൾ സസ്യങ്ങൾക്കു വേണ്ടുന്ന അംഗാരാമ്ലത്തെയും സസ്യങ്ങൾ ജന്തുക്കൾക്കു ആവശ്യമുള്ള അമിലതം എന്ന ഉപകാരമേറിയ ഒരു വാഷ്പത്തെയും പുറപ്പെടുവിക്കുന്നു animals produce carbonic acid necessary to plants, and plants produce oxigen, a highly useful gas necessary to animals.

174. "ഒരുത്തൻ വചനത്തെ കേൾക്കുന്നല്ലാതെ അതിനെ ചെയ്യാത്തവനായാൽ, അവൻ സ്വഭാവമുഖത്തെ കണ്ണാടിയിൽ നോക്കികൊള്ളു

ന്ന പുരുഷനോടു ഒക്കും. ആയവൻ തന്നെ കണ്ടറിഞ്ഞു പുറപ്പെട്ടു ഉടനേ ഇന്ന രൂപമായി എന്നു മറന്നു" if any one is a hearer of the word and not a doer, he is like unto a man beholding his natural face in a mirror: for he beholdeth himself and goeth away and straightway forgetteth what manner of man he was. James 1, 23. 24.

§ 247. മനഃപീഡ, മനോഗുണം, പ്രത്യുപകാരം (ex. 171), പ്രതിശബ്ദം (ex. 172), അംഗാരാഗ്ഗം (ex. 173), സ്വഭാവമുഖം (ex. 174) and similar expressions give an opportunity to complete our remarks on *the Junction of Vowels and Consonants* with each other (see § 179).

As to Sanskrit words:

1. A simple vowel long or short, coalesces with the same simple vowel, long or short, into their long vowel: പുരുഷ + ആയുസ്സു് = പുരുഷായുസ്സു് man's life; പുരുഷ + അർത്ഥം = പുരുഷാർത്ഥം object of life; അഭി + ഇഷ്ടം = അഭീഷ്ടം wished for.

2. If അ or ആ is followed by any other simple vowel, the two vowels coalesce into the corresponding Guṇa, if followed by a dipthong into their Vṛddhi.

For examples, see § 179, III. 1. 2. Hence:

1) a *or* ā + i *or* ī = ē; *f. e.* യഥാ + ഇഷ്ടം = യഥേഷ്ടം.
2) a *or* ā + u *or* ū = ō; *f. e.* മഹാ + ഉദരം = മഹോദരം.
3) a *or* ā + e *or* ai = ai; *f. e.* ലോക + ഏകം = ലോകൈകം.
4) a *or* ā + o *or* au = au; *f. e.* മഹാ + ഔഷധം = മഹൌഷധം.
5) a *or* ā + ri = ar; *f. e.* ദൈവ + ഋഷി = ദൈവർഷി (a divine Ṛshi).

3. Simple vowels (except a and ā) followed by a dissimilar vowel are changed into their corresponding Semi-vowel, thus:

1) i *or* ī + x = y + x; *f. e.* പ്രതി + ഉപകാരം = പ്രത്യുപകാരം (ex. 171).
2) u *or* ū + x = v + x; *f. e.* തനു + അംഗി = തന്വംഗി slender bodied.
3) ri + x = r + x; *f. e.* പിതൃ + അനുഗ്രഹം = പിത്രനുഗ്രഹം.

4. Hard consonants before soft consonants are softened, and before nasals they are changed into nasals:

വാൿ + ദത്തം (given) = വാഗ്ദത്തം (promise). In the same manner: വാഗ്ദോഷം, വാഗ്വിശേഷം, വാഗ്വൈഭവം (eloquence).

വാൿ + മയം (consisting of) = വാങ്മയം, (तत्) തത് + ദിനം (day) = തദ്ദിനം (that day).

5. Sanskrit roots ending in അസ് (अस्) add half an ഉ in Malayalam, but as to their composition with other words the Sanskrit rules must be followed.

The most important words of this kind are: മനസ്സു, ഉരസ്സു (breast), തപസ്സു (heat, self-mortification), തേജസ്സു, ശിരസ്സു (head), നഭസ്സു (cloud, sky), യശസ്സു (glory), വയസ്സു, ഉഷസ്സു.

The chief rules are:

a. If followed by *soft consonant*, സ്സു is dropped and അ is lengthened into ഓ; *f. e.* മനോദുഃഖം, മനോജയൻ (overcoming himself), മനോദോഷം (malice), മനോബലം, മനോരഥം (heart's joy), മനോരാജ്യം (building air-castles), etc.—Irregularities in Malayalam

(not tolerated in Sanskrit) are: മനോകൎണ്ണിക (mind), മനോപാഠം (learning by heart).— Mark besides: തപോബലം, തപോധനൻ, തേജോമയം (consisting of light and power); ശിരോമണി (a gem worn in the crest), ശിരോരോഗം (headache); നഭോമണി (the sun); യശോഹാനി (dishonor); വയോബലം (strength of manhood); തമോഗുണം, നമോനമഃ (നമഃ + നമഃ) adoration!

b. If followed by a *hard* Guttural (ക, ഖ), Labial (പ, ഫ), സ്സ് is changed into a Visarga (ഃ); *f. e.* ഉഷഃകാലം (morning); മനഃപൂൎവ്വം, മനഃക്ലേശം; വയഃക്രമം (the order of age). In Sanskrit: മനഃകൎണ്ണിക and മനഃപാഠം.

c. Followed by a hard Palatal (ച, ഛ) സ്സ is changed into ശ; *f. e.* മനശ്ചഞ്ചലം (fickleness of mind; ശിരശ്ഛേദം (beheading).

d. Followed by a hard Sibilant (ശ,ഷ) സ is changed into the same sibilant: മനശ്ശില, മനശ്ശുദ്ധി, മനസ്സാക്ഷി.

e. Followed by a hard Dental (ത, ഥ) ഉ is dropped; *f. e.* മനസ്താപം (contrition), മനസ്തോഷം (inward joy).

Remark: There is a Tadbhava of മനസ്സ, namely മനം in use. Compounds with this form will take place according to the rules laid down in § 179 II. and thus besides മനോ ദോഷം (മനസ്സ + ദോഷം) also മനദോഷം (മനം + ദോഷം), മനഗ്ഗുണം, മനപ്രിയം etc. may be seen. To this Tadbhava chiefly Malayalam words are added.

6. The Sanskrit termination ഇസ്സ് comes under consideration in the word ആശിൎവ്വാ ദം (from ആശിസ്സ് + വാദം) "blessing" and in Compounds of the Adverb നിസ്സ്.

a. Before vowels and soft consonants ഇസ്സ് is changed into ര (നിർ). There are innumerable examples: നിരന്തരം, നിരാശ, നിരീശ്വരൻ, നിരുക്തം (etymology of a word) നിൎഗ്ഗുണം, നിൎജ്ജീവൻ, നിൎദ്ദോഷം, നിൎബ്ബന്ധം, നിൎമ്മൎയ്യാദം, നിൎയ്യാണം (death), നിൎവ്വാണം.

b. Followed by initial ര, സ്സ് is dropped and ഇ lengthened; *f. e.* നീരസം (നിസ്സ് + രസം).

c. Followed by a hard Guttural or Labial, instead of Visarga ഷ, is employed; *f. e.* നിഷ്കളങ്കൻ (spotless), നിഷ്ഫലം; before a Sibilant either Visarga or the same Sibilant: നിഃശ്രീകം unlucky, നിശ്ശങ്കം (fearless); നിസ്സാരം.

d. The rules about hard Palatals and Dentals are the same as above 5, *c. e.*; നി ശ്ചിന്തൻ (free from care), നിശ്ചഞ്ചലൻ;—നിസ്തമസ്സ് free from darkness.

7. As to the final ർ (*f. e.* in ദുർ) the rules are exactly the same as about നിസ്സ്; for examples see § 201. 4.

§ 248. All these rules on Sandhi (§ 179. 247) are of the highest importance for the *Formation of Compound Nouns* (*cf.* also § 201).

1. As to Sanskrit Compounds § 247. 179 give the necessary information, see besides § 255.

2. As to *Malayalam Compounds:*

a. A Noun in its Nominative Case is prefixed to another Noun just as it is. (See § 179. 201. 1 *a*). മഴക്കാലം, രാപ്പകൽ, തീക്കല്ലു, നരിപ്പല്ലു, ഉണക്കമരം, ചേരമാൻനാട്ടു country of a Chēramān.

b. The former member takes Substitutes: അൻ, അം.

തെക്കൻകാററു (തെക്കു); കാളക്കോമ്പു (കാള); പുഴങ്കര (പുഴ); പനങ്കുല (പന); പൂന്തേൻ.

Farther ത്തു or ഇൻ വലത്തുഭാഗം (ത്തു being the substitute); വീട്ടുകാര്യം, വളപട്ടത്തു കോട്ട (the fortress at Val.); ഈഴത്തുദ്വീപ് (the island of Ceylon); കിഴക്കിൻപുറം (ഇൻ); പൊന്നിൻതളിക (golden dish).

c. ഏ is affixed to the first Noun (see § 201, 2 and 213, 3) ഒരാണ്ടേ അനുഭവം. Especially Adverbs (വലത്തേ പെരുവിരൽ the thumb of the right hand) and the Locative are employed (കണ്ണിലേ വ്യാധി).

d. About roots of Adjectives combining with Nouns in order to form Compounds see § 201. 3. Here we may only add, that sometimes also the roots of Adjectives will accept affixes or will be lengthened; *f. e.* ഇളങ്കാററ് (ൻ), പഴഞ്ചോർ (ൻ), കൊടുങ്കാററ്, പുത്തരി (ത—പുതു + അരി new rice); മുത്തപ്പൻ—ചേവടി (ചെവ്വ് + അടി foot, as object of worship).

e. Also the Adverbial Past Participle may be employed for forming Compound Nouns; *f. e.* തീണ്ടിക്കുളി (washing after defilement).

f. Even a Pronoun may be used as the first part of a compound. കാരണവൻകാലം ഒരു കണ്ടി, ഞാങ്കാലം നാലു കണ്ടി in the time of my uncle one kandy, in my time (zetzt—zeit) four. Even in Genitive: തൻറടക്കം decency; തന്റേടം self-competency; തന്റേടക്കാരൻ a person of independent mind. Also അതു with and without ഏ may serve as part of a compound: അതുകാലം, അതേപ്രകാരം; but it may also be taken as a kind of Adjective in these cases (അതാതു ദിക്കിൽ).

As a rule Malayalam words ought to combine with Malayalam words and Sanskrit words with Sanskrit words, but this rule frequently is transgressed and some compositions of mixed origin have become quite stereotype; *f. e.* മനസ്സുകേടു, മനസ്സുതിരിവു, മനസ്സൊപ്പു, സ്നേഹക്കേടു (especially കേടു may be seen affixed to any quality expressed by a Sanskrit word in order to denote its absence, മനോതാഴ്ച (with tadbhava മനത്താഴ്ച).

Remark: In this connexion we may understand the way in which the *name of a fruit* is derived from the name of its plant. കായി (a fruit) is contracted into ങ്ങ and affixed to the plant's name, thus: ചുണ്ടങ്ങ (from ചുണ്ട + കായി), ചുരങ്ങ (fruit of the water-gourd); മാങ്ങ; വഴുതിനിങ്ങ (fruit of the egg-plant, *Solanum melongena*).

§ 249. In § 201 we have already seen, that the formation of Compound Nouns forms one of the most important ways to fill up a gap in the Malayalam language, caused by the absence of *Adjectives*. The different ways to make up for this are the following:

1) ഉള്ള; *f. e.* ഭംഗിയുള്ള വീടു § 54.

2) ആയ; *f. e.* ചേലായ ഉടുപ്പു § 88.

Remark: മയ്യഴിയിൽ ആണ്ട പുഴ (the river at Mahé) reminds us of a substitute for ഉള്ള, but seldom used. It is the past tense of ആളുക (rule) and means: "possess", "have". Also ഉണ്ടു and ആന്ന may be mentioned in this connexion, see § 251; *f. e.* അതിശയമാന്ന സംഭവം a wonderful occurence.

An old kind of Adjective we meet with in the Rāma Charitam, namely: ഇതവിയ from ഇതം (ഇതവു) ഇതവിയകാലാൾ well appointed soldiers; തിറവിയ from തിറം (old Mal. തിറവു) strong. This is one of the reasons why Dr. Gundert assigns such a high age to the

Rāma Charitam and considers it to be the oldest specimen of Malayalam composition (13th or 14th century). In modern Malayalam only അഴകിയ (fair, from അഴക beauty) is comparable to these old Adjectives എൻ അഴകിയ ആലയം Isaiah 60, 7.

3) Adjective Participle: ഉണങ്ങിയ മരം. . . . . § 248, 2. *g*.

4) Nouns: പൊൻസൂചി §§ 201, 1. *a*; 248, 2. *a*.

5) Nouns with Substitutes: കിഴക്കിൻ കാററ §§ 201, 1. *b*; 248, 2.

6) Nouns or Adverbs with ഏ: നാളേത്ത, അവിടത്തേ §§ 201, 2; 213, 3; 248, 2. *c*.

7) Roots of Adjectives: ചെറുവിരൽ §§ 201, 3; 248, 2. *f*.

8) Locative with ഏ: ഉള്ളിലേ കണ്ണു §§ 201, 2; 213, 4; 248, 2. *e*.

9) Pronouns: ഞാങ്കാലം § 248, 2. *h*.

10) Sanskrit Adjectives: സന്മാൎഗ്ഗം § 201, 4.

§ 250. ഉപകാരമേറിയ ഒരു വാക്കും (ex. 173) affords opportunity to give a further hint (see § 148) about the position of the Indefinite Article in Malayalam. Europeans are inclined to say: ഒരു ഉപകാരമേറിയ വാക്കും, which is wrong. The Indefinite Article is always placed between the Adjective Participle and its Noun or Pronoun. The same holds true also for Indefinite Numbers, that may be Attributes together with an Adjective Participle. It is not idiomatic to say: പല സാരമേറിയ സംഗതികൾ; പല ഭംഗിയുള്ള ഭവനങ്ങൾ.

§ 251. In ഉപകാരമേറിയ, ഏറിയ is employed to form something like a Compound Adjective, corresponding to English Adjectives ending in "ful" ("voll" and "reich" in German). This Adjective may be affixed to any Noun in order to denote abundance of what is indicated by the Noun; thus ഊക്കേറിയ (powerful—"kraftvoll"), മഹിമയേറിയ (full of majesty—"majestätsvoll glorreich"), etc. വിലയേറിയ (precious—"wertvoll"); or സന്തോഷം പൂണ്ടു പുറപ്പെട്ടു went away full of joy). The contrary is expressed likewise by the Adjective Participle കുറഞ്ഞ denoting want of and poverty in this or that. It corresponds to the German "arm", the second part of a great many Compound Adjectives. സ്നേഹം കുറഞ്ഞ (poor of love—"liebearm"), ബുദ്ധികുറഞ്ഞ ഒരു മനുഷ്യൻ (a man, poor in his intellect—"geistesarm").

§ 252. ഏതുപ്രകാരമോ—അതേപ്രകാരം (ex. 172) ഇന്ന രൂപം (ex. 174) offer an opportunity to finish our remarks on the *Malayalam Pronoun* in general and the Correlative Pronoun in particular.

1) As Personal Pronouns we have come to know:

1st. Pers. ഞാൻ (ഞങ്ങൾ; നാം, നമ്മൾ, നമ്മൾ).

2nd. Pers. നീ (നിങ്ങൾ).

3rd. Pers. താൻ (തങ്ങൾ) and താം see §§ 199. 269. From this താ is derived the Reciprocal Pronoun തമ്മിൽ (*cf.* അന്യോന്യം, പരസ്പരമായി); *f. e.* അവർ തമ്മിൽ ഇണങ്ങി. Also തമ്മിലുള്ള; *f. e.* തമ്മിലുള്ള സമാധാനം etc. A distributive meaning we get by doubling this Locative തമ്മിൽ തമ്മിൽ; അവർ തമ്മിൽ തമ്മിൽ വളരേ ഉപദേശിച്ചു കൊണ്ടിരുന്നു.

Instead of നാം we meet also in court style with നോം, Dative നോക്കു (നോംക, നൊമ്മക്കു), Accusative നൊമ്മെ, Genitive നൊമ്മുടെ (നൊമ്പടെ). Of course this നോം appears also as Plural majestaticous for ഞാൻ: "നോം കല്പിച്ചു" etc.

2) Demonstrative and Interrogative Pronouns, characteristic by the vowels അ (ആ), ഇ (ഈ) and എ (ഏ), *cf.* § 108.

a. *Adjective.*

ഈ മനുഷ്യൻ—ആ വീടു—ഏക്കാലം?
this man —that house—what time?

Remark: The real correlative with അ and ഇ is "ഉ", but it is never used now (*cf.* 212, *b*). Dr. Gundert is of opinion, that it survives in the Adjective Part. Future: ആവൂതു, ചെയ്യൂതു (ഇടുവൂതു Jer. 52, 11). One of its meanings being "above", very likely the *Conjunction* ഉം is derived from this. As to the Interrogative എ it is seldom used in connexion with Nouns; even where ഇ and അ are in use; *f. e.* അപ്രകാരം, ഇപ്രകാരം; but ഇവ്വണ്ണം, അവ്വണ്ണം, എവ്വണ്ണം (seldom),—മർത്യനെ നീ ഓർപ്പാൻ അവൻ എന്താകുന്നു, അവനെ സന്ദർശിപ്പാൻ മനുഷ്യപുത്രനും എമ്മാത്രം? എക്കാലത്തിലും എവിടത്തിലും സമീപത്തു തന്നേ നിന്നെ കണ്ടെത്തും.—ഇവ്വളവും എവ്വളവും so much, how much?

As an Indefinite Person or Number (with the affix ഉം) we meet this എ in എപ്പേരും every one; എപ്പേർപ്പെട്ടതു of whatever description.

b. *Adverbial Pronouns.*

ആ	ഇ	ഏ
അപ്പോൾ	ഇപ്പോൾ	എപ്പോൾ
അത്ര (അത്തിര)	ഇത്ര (ഇത്തിര, ഇവ്വളം)	എത്ര (എത്തിര, എവ്വളം)
അത്രോളം, അത്രോടം, അത്രത്തോളം	ഇത്രോടം, ഇത്രത്തോളം	എത്രോളം
അവിടെ	ഇവിടെ	എവിടെ എത്രോടം
അവ്വിടം	ഇവ്വിടം	എവ്വിടം
അന്നു	ഇന്നു	എന്നു[1]
അങ്ങു	ഇങ്ങു	എങ്ങു
അങ്ങോട്ടു	ഇങ്ങോട്ടു	എങ്ങോട്ടു
അങ്ങുന്നു	ഇങ്ങുന്നു	എങ്ങുന്നു(നിന്നു)
അങ്ങിനെ	ഇങ്ങിനെ	എങ്ങിനെ

1) This എന്നു is very seldom and of course something quite different from the Defective Verb എന്നു. In its form as an Interrogative ("what say?" "when"?) it does scarcely occur, but as an Adverb (ഉം being affixed) we met it long ago: എന്നും, എന്നേക്കും or എന്നെന്നേക്കും always.

c. *Substantive Pronouns.*

അ		ഇ	എ	
അവൻ (ഓൻ, ആൻ) അവൾ (ഓൾ, ആൾ)	അവർ (ഓർ, ആർ)	ഇവൻ (-ൾ, -ു, -ർ, ഇവ)	ഏവൻ (യാവൻ) ഏവൾ (യാവൾ)	ഏവർ (യാർ)
അതു	അവ		ഏതു (യാതു)	ഏവ (യാവ)

ഏതു as well as അതു (അതേ, അതാതു) may be employed as Adjectives too (*cf.* § 248, 2. *h.*); *f. e.* ഏതുവിധത്തിൽ, ഏതുപ്രകാരം (ex. 172. § 253) etc.

d. *Indefinite Pronouns.*

ഇന്നരൂപം (ex. 174) does acquaint us with the only Pronoun of this kind (besides most of the Indefinite Numbers). ഇന്ന each, this. It is used as an Adjective in ഇന്നരൂപം such a form, ഇന്നനാൾ such or this day ഇന്നപ്രകാരം in such a manner; ഇന്നിന്ന വസ്തുക്കൾ such and such articles. Also Substantive: ഇന്നവൻ, ഇന്നവൾ, ഇന്നവ etc.; *f. e.* അവൻ എല്ലാവരെയും അറികകൊണ്ടു ഇന്ന മനുഷ്യനിൽ ഇന്നതു എന്നു സാക്ഷ്യം ബോധിച്ചു etc. (John 2, 24); വിശ്വസിക്കാത്തവർ ഇന്നവർ എന്നും, തന്നെ കാണിച്ചുകൊടുപ്പവൻ ഇന്നവൻ എന്നും അവൻ ആദിമുതൽ അറിഞ്ഞിരുന്നു (John 6, 64). Besides: ഇന്നേടത്തു.

Remark: Indefinite Pronouns are also formed from the Interrogative ഏതു, namely: ഏതാനും, ഏതാണ്ടു, ഏറ്റും, ഏതേനും some, any; *f. e.* ഏതാനും ചിലർ some few; ഏതാണ്ടു സൈന്യങ്ങൾ some troops.—In the same manner from എന്തു: എന്തിരം (എന്തറം, എന്തനം, എന്നണം) "used for the name of something unknown, unremembered; *f. e.* ആ എന്തിരം കൊടുക്ക (give that "thing").

§ 253. ഏതുപ്രകാരമോ—അതുപ്രകാരം (ex. 172). This example introduces a construction, in which we see something like a compensation for *Relative Pronouns and Relative Sentences* in Malayalam. All the Interrogative Pronouns may be employed in such a manner, that they represent Relative Pronouns and they are followed by a chief sentence, at the head of which we see the corresponding Demonstrative Pronoun. The same constructions we meet with in English and German; *f. e.* where there is God, there is peace ("Wo man singt, da lass dich ruhig nieder").

In the first or Relative Sentence either എങ്കിലും is added to the Interrogative or ഓ affixed to the Verb; the Conditional or the Concessive also may be employed; *f. e.* എത്ര കൂലിക്കാരെ നീ കാണുന്നുവോ അത്ര കൂലിക്കാരെ ഇങ്ങോട്ടു കൊണ്ടു വാ! എപ്പോൾ എങ്കിലും ശിക്ഷ തട്ടിയാൽ അപ്പോൾ എന്നെ ഓൎക്കും. എത്രത്തോളം (എത്രോളം) നീ ദൈവത്തിൽനിന്നകന്നുപോയാലും അത്രത്തോളം അവന്റെ സ്നേഹം നിന്നെ തിരഞ്ഞു പിന്തുടരാതിരിക്കയില്ല. എങ്ങിനേ നിങ്ങൾ എന്നോടു പെരുമാറുന്നുവോ അങ്ങിനേ ഞാനും പെരുമാറും etc. For the Sanskrit Relatives, see § 262

Exercise 1.

വിഷൂചികെക്കൊരൌഷധം.

ചുക്കു[1] കറയാമ്പു[2] കറുവാത്തൊലി[3] ജാതിക്ക[4] ഏററവും കാരമുള്ള[5] കപ്പൽമുളക എന്നിവ ഓരോന്നു ഒന്നേകാൽ ഉറുപ്പികത്തൂക്കം (൨ കഴഞ്ചു[6], ıı ഔൺസ്[7]) എടുത്തു എല്ലാം പൊടിച്ച ശേഷം ഒരു കുപ്പിബ്രാണ്ടിയിലിട്ടു ഒരു മണിക്കൂറോളം കൂടക്കൂടേ കുലുക്ക. അതിൽ പിന്നെ ൧൨ മണിക്കൂർ കഴിഞ്ഞിട്ടു മാത്രമേ അതു ഉപയോഗിക്കാവൂ.

ചാരത്തു (അടുക്കൽ) വന്നൊരു നേരത്തപ്പോൾ.

Kr̥shṇačaritam P. XI., page 105.

6. The first half-verse 10 syllables, the second 8 (*cf.* Šilāvati IV.); *f. e.*

ക്രൂരതർ വന്നു നിറഞ്ഞു ഭുവി
ഭൂരിശുഭങ്ങൾ മറഞ്ഞു.
— ◡ ◡ — ◡ ◡ — ◡ — ◡
— ◡ ◡ — ◡ ◡ — ◡

Remark. All the poetry, the Granthams included, are sung either by professional songsters (ഭാഗവതന്മാർ or ചാക്യാർ) or by people in general, and any one of the manifold *Tunes* (രാഗം) may be taken. The chief tunes are the തോടി (the Pańčatantram is usually sung according to this), പാടി (Pańčatantram and Šivapurāṇam), പന്തുവരാടി (Naḷačaritam), സാവേരി, ഭൈരവി, നീലാംബരി, മോഹനം ശങ്കരാഭരണം etc. A tune employed for the തറപ്പാട്ടുകൾ is called തറരാഗം.

Exercise 1.

a. Nursery Rhymes.

കുട്ടി വാ വാ കുട്ടി കരയേണ്ട!
കുട്ടിന്റെ[1] അച്ഛനും കുട്ടിന്റെ അമ്മയും
പാലില്ലാകുന്നിന്[2] പാലിന് പോയിനേ[3]
പാലും കൊണ്ടിപ്പം[4] വരും കുട്ടീ പൈതലേ
കുട്ടി വാ വാ കുട്ടി കരയേണ്ട!
പാലും കൊണ്ടിങ്ങോട്ടു പോരുന്ന നേരത്ത്
പാലം മുറിഞ്ഞേടായി പോയോന്നറിഞ്ഞില്ല[5].
കുട്ടി വാ വാ കുട്ടി കരയേണ്ട!
പല്ലില്ലാ നായി കടിച്ചോന്നറിഞ്ഞില്ല.
കൊമ്പില്ലാ പയ്യാററം[6] കുത്ത്യോന്നറിഞ്ഞില്ല.
കുട്ടി വാ വാ കുട്ടി കരയേണ്ട!

b. Playful song, when planting cocoanut plants.

കുള്ളക്കായിരം പിള്ളക്കായിരം
ഉടയോക്കു പന്തീരായിരം.

Exercise. 2.

I.

അടവി[1] മഴകൊണ്ടു വെട്ടിയാലകെച്ചീടും[2]
കറിനവാചാ[3] വെട്ടി മുറിച്ചാലകെച്ചീടാ.
കാട്ടു തീ പിടിപെട്ടു ദഹിച്ചീടിലും വനം[4].
വാട്ടമെന്നിയേ ചിരാൽ[5] തളിക്കുമസംശയം[6]
ദുഷ്ടവാക്കിനാൽ ദഗ്ധമായതു[7] തളിക്കില്ല.
ഒട്ടേറക്കാലം[8] കഴിഞ്ഞാലുമെന്നറിയേണം.

Iṭṭikōmbimaṭhavāsa Pan̆čatantram.

II.

ഭാൎയ്യയാകുന്നതവൾ, ഏവൾ മന്ദിരദക്ഷ.[1]
ഭാൎയ്യയാകുന്നതവൾ, ഏവൾ സൽപ്രജാവതി.[2]

---

1) = കുട്ടിയുടെ; *cf.* നായിന്റെ. 2) To the hill. 3) See § 213, 8. 4) = ഇപ്പോൾ. 5) Do not know where the bridge has broken. 6) ആററം something, somewhat.

I. 1) Jungle. 2) അകെക്ക, അകെച്ചു to bud, അകെച്ചീടും = അകെക്കും see § 271. 3) See § 257. 4) Forest, jungle. 5) ചിരം long time; *Adv.* ചിരായ, ചിരാൽ, ചിരേണ *Dat. Abl.* and *Instr.* 6) അസംശയം. 7) ദഗ്ധം Part. Past Pass. Neuter, *cf.* § 267, *a.* ദഹ് (दह्) to burn, ദഹ് + തം = ദഗ്ധ, ഹ before ത being changed into ഗ, and ത into its aspirated soft consonant; hence: "burned" ദഹിക്കപ്പെട്ടതു. 8) After a little while.

II. 1) മന്ദിരം = വീടു, ദക്ഷൻ (*fem.* ദക്ഷ) dexterous; hence: വീട്ടുപണിക്കു പ്രാപ്തിയുള്ളവൾ. 2) Fruitful, not to be confounded with പ്രജാപതി king; സൽപ്രജാവതി നല്ല = മ

ഭാൎയ്യയാകുന്നതവൾ, ഏവൾ വല്ലഭപ്രാണ.[3]
ഭാൎയ്യയാകുന്നതവൾ, അതിഥിപ്രിയ[4] ഏവൾ.
പാതിയും മനുഷ്യന്നു ഭാൎയ്യയെന്നറിഞ്ഞാലും.
മേദിനീപതേ[5] ഭാൎയ്യ വലിയ സഖിയല്ലോ!
ധൎമ്മാൎത്ഥ[6]കാമങ്ങൾക്കും[7] കാരണം ഭാൎയ്യയത്രേ.
കൎമ്മികളാകുന്നതും ഭാൎയ്യാവത്തുക്കളത്രേ.[8]
ബന്ധുമാനാകുന്നതും ഭാൎയ്യയുള്ളവനത്രേ.
അശ്രാന്തം[9] പ്രിയം പറയുന്നതും ഭാൎയ്യയത്രേ.
വിശ്വാസ്യനാകുന്നതും ഭാൎയ്യയുള്ളവനത്രേ.
സാക്ഷിയായീടുന്നതും ഭാൎയ്യയുള്ളവനത്രേ.
പരബീജത്തെ[10]ധരിച്ചീടുന്ന കുലസ്ത്രീകൾ[11]
നരകം പ്രാപിച്ചീടും കുലവും നശിച്ചീടും.

Mahābhāratam.

III.

തങ്കലേ പ്രഭുത്വവും[1] കാട്ടിനില്ക്കുന്ന ഭവാൻ
സങ്കടം ശമിപ്പിപ്പാൻ ആളല്ലെന്നതും വന്നു.
തന്നുടെ കാൎയ്യത്തിങ്കൽ ദീക്ഷിച്ചു വസിക്കുന്ന
ദുൎന്നയന്മാരെ[2] ചെന്നു സേവിക്കുന്നവൻ ഭോഷൻ.[3]
പൎവ്വതങ്ങളും മരക്കൂട്ടവും[4] ലതകളും[5]
ദുൎവ്വഹങ്ങളല്ല[6] ഏതും ഭൂമിക്കെന്നറിക നീ!
ദീനമാനുഷന്മാരിൽ കാരുണ്യമില്ലാത്തൊരു
മാനുഷാധമന്മാരെ[7] ധരിപ്പാൻ പാരം ദണ്ഡം.[8]
തന്നുടെ ജനനം കൊണ്ടന്യനാം ഒരുത്തന്റെ
ഉന്നതി[9] വരുന്നാകിൽ ധന്യനശ്ശരീരവാൻ.[10]
തന്നുടെ ഉദരത്തെ പൂരിപ്പാനകോവിദൻ.[11]
മന്നിൽ[12] ഇല്ലൊരുത്തനും എന്നതു ഗുണമല്ല.
കൎമ്മ വാക്കായങ്ങളാൽ[13] അന്യരെ പാലിക്കേണം.
ധൎമ്മം ഒന്നിതു തന്നേ പോരും എന്നറിഞ്ഞാലും.
നിൎമ്മലൻ[14] നിരഞ്ജനൻ[15] വിശ്വനായകൻ[16] ദേവൻ
ധൎമ്മമുള്ളവർകളിൽ പ്രീതനായി വരും,[17] ദൃഢം.

Naḷačaritam.

ക്കളുള്ളവൾ. 3) വല്ലഭൻ husband; *fem.* വല്ലഭപ്രാണ a wife that will not survive her husband. 4) അതിഥി guest. 5) മേദിനി earth, പതി lord, the whole = king, see § 255, II. *b*. 6) See § 268, 18. 7) Pleasure. 8) ഭാൎയ്യയുള്ളവർ. 9) Married. 10) Illegal issue. 11) Noble women.

III. 1) Authority, sovereignty. 2) People of bad conduct, playing tricks. 3) Fool. 4) A clump of trees, grove. 5) Creeper (വള്ളികൾ). 6) Unbearable, troublesome. 7) See § 276, 1. 8) Stick, punishment, hard labour. 9) Height, advancement. 10) ധന്യൻ fortunate, ശരീരവാൻ person. 11) അകോവിദൻ = അറിയാത്തവൻ. 12) Earth. 13) Body. 14) The Pure, God. 15) Without pain, pure, God. 16) Lord of the universe. 17) Beloved.

IV.

ശതകൂപത്തിൽ[1] പരം വാപി[2] എന്നറിഞ്ഞാലും;
ശതവാപിയിൽ പരം യാഗം[3] ഒന്നെന്നു കേൾപ്പു;[4]
ശതയാഗത്തിൽ പരം പുത്രന്മാരൊന്നല്ലോ നൂനം;[5]
ശതപുത്രരിൽ പരം സത്യം ഒന്നെന്നു കേൾപ്പു.
സഹസ്രമശ്വമേധത്തോടൊരു[6] സത്യംതന്നെ;
സഹസ്രപത്രോത്ഭവൻ[7] തൂക്കി പണ്ടെന്നു കേൾപ്പു;
അന്നേരത്തുങ്ങിയതു സത്യമെന്നറിഞ്ഞാലും.[8]
മന്നവാ[9] സത്യത്തെക്കാൾ വലുതില്ലൊന്നുമോർത്താൽ.
സർവ്വവേദവുമൊക്ക നിത്യവും ജപിക്കിലും,
സർവ്വതീർത്ഥങ്ങളിലും നിത്യവും കുളിക്കിലും,
സത്യത്തിൻ ഫലം സഹസ്രാംശമില്ലറിഞ്ഞാലും.
സത്യത്തിൽ പരം ഒരു ധർമ്മം ഇല്ലോർക്കേണം നീ.

Mahābhāratam.

Exercise 3.

(Free Translation.)

1. ഉദിച്ചിട്ടസ്തമിക്കുമ്പോൾ	Zwischen Auf-und Niedergang
2. പകലങ്ങു കഴിഞ്ഞുപോം;	Zieht sich hin ein Tag so lang;
3. അതിന്നകത്തെന്തു പുണ്യം[1]	Was zu thun und was zu lassen
4. സമ്പാദിച്ചെന്നുമോർക്കേണം.	Sollst du wohl zu Herzen fassen!
5. നല്ലകാലമൊരുവന്നു വരുമ്പോൾ	Ist die rechte Zeit gekommen,
6. ഇല്ലൊരേടവുമവന്നു മുടക്കം.[2]	Alles muss dir schliesslich frommen.
7. ശല്യമൊന്നിലവനന്നു[3] തുടർന്നാൽ	Will sich was in Weg dir stellen,
8. തെല്ലടങ്ങി[4] മരുവുന്നതു[5] കൊള്ളാം.[6]	Weich! es legen sich die Wellen.
9. ന്യായമാരു പറഞ്ഞാലും ആയതപ്പൊഴെടുക്കണം.	Die Wahrheit nimm aus jedem Munde;
10. കുറഞ്ഞവരിൽനിന്നിട്ടും കുറവില്ലറിയുന്നതു.	Ist klein der Mund, wenn köstlich nur die Kunde.

IV. 1) Pit, well. 2) An oblong tank. 3) Sacrifice. 4) See § 174. 5) Surely. 6) സഹസ്രം (1000) + അശ്വ (horse) + മേധം (sacrifice). 7) ബ്രഹ്മാവു risen from the lotus. 8) See § 232. 9) King, *Voc.* see § 256. For more specimens of good Malayalam poetry see Dr. Gundert's പാഠമാല (out of print).

1) A good action, merit. 2) Obstacle, hinderance. 3) ശല്യം ഒന്നിൽ അവന്നു; ശല്യം embarrassment. 4) തെല്ലു a little. 5) മരുവുക to abide. 6) See § 141.

APPENDIX I.

Malayalisms.

അകവും പുറവും നോക്ക examine closely. അകട്ടു വികടാക്കി spoiled it all. അങ്ങാടിപ്പാട്ടു the talk in the town. അച്ചാരം വെക്ക betroth. അടവുകൾ പിഴെക്ക fail in examination. നല്ല അടി (കശാൽ) good luck. മൂന്നു അടിച്ചു പോയി it struck three o'clock. ശ്വാസം അടങ്ങി died. വയററിന്നു അടിക്ക to impose a fine. എടുത്തതിന്നു അടുത്ത കൂലി pay according to the work done. മുട്ടെക്കടുത്ത കോഴി a young fowl about to lay the first egg. അനുഭവം വെക്ക plant a parambu. അതിന്റെ ഇപ്പുറവും അപ്പുറവും നോക്കാതെ without hesitation. അഭയം പറക ചെല്ലുക വീഴുക surrender on discretion. അമ്മിട്ടം (the lower lip) കടിക്ക mark of displeasure, perplexity. അരവൈദ്യൻ a tolerable physician. അരങ്ങത്തു വരിക, അരങ്ങേറുക exhibit publicly. അരിയും തണ്ണീരും എത്തീട്ടില്ല did not die. അരിയുടെ നീളം life time. അറിമുഖം ഉണ്ടാക്ക (വരുത്തുക) to contract acquaintance. അറാത്ത വാക്ക് conditional promise. അറുതി ചെയ്ക (വെക്ക) finish, fix the last term. അററം കണ്ട ബുദ്ധി thorough knowledge. ഇങ്ങെ അററം ഒരു കാശുപോലും ഇല്ല even a pie. അററമററം കരേറുക to be in furious passion. അല്ലും തല്ലും പറക grumble, make grievance of it. അവററ പോയി those fellows went. അവളിൽ അവന്നു മനസ്സുഴിഞ്ഞു he fell in love with her. അസ്തുവാസ്ത്യോക to become a beggar, be reduced to nothing. നാട്ടിൽ അഴിയുന്ന മൎയ്യാദ current custom. അഴക്കറുക്ക to snuff a candle.

ഒന്നിന്നും ആകാ good for nothing. ആചാ(ശാ)രം തീൎക്ക, കൊടുക്ക to restore dowry, divorce. ആഞ്ഞിനോക്കുക searching look. അവനെ ആട്ടം പാട്ടം കൊടുത്തു പായിച്ചു കളഞ്ഞു drove him off by a sharp word. ഇവൻ ഒരു ആണി ആകുന്നു prime mover. ആന്തരമില്ലാത്തവൻ superficial man. ആരും ഓരും ഇല്ലാത്തവൻ left alone in the world. കേട്ടവാറാക്കീല did as if he had not heard it. ആറുനോററുപോക to be under a vow, to bathe and fast, to go on one's way, governed by one single thought, unmindful of hunger etc. അവൻ അതിന്നു ആൾ he is responsible for that.

പടയിലും ഇടയിലും at home and abroad. ഇട പറക = അവധി to speak for one, intercede. ഇടത്തൊണ്ട വിറെച്ചു ചൊല്ലുക to be choked. ഒരുവന്റേടം കഴിക്ക to do one's duty, to pass one's days. തന്റെ ഇടത്തും വലത്തുമായി with shield and sword. ഇടത്തിട്ടു നാവു വലത്തിട്ടില്ല did no more speak. ഇടിപൊടിയായി in haste. ഇടിപൊടിയാക്കി reduced to dust, of furious combat. അവന്നു ഇടിവു പററി he was degraded. ആണയിടുക swear. ഇണങ്ങിന്നു പുറത്തു വെക്ക to suspend from caste privileges. അവന്നു ഇരുത്തം കൊള്ളുന്നില്ല tumbled. വിഷം ഇറക്കുക to expel poison. വീട്ടിൽനിന്നിറക്കുക to send out of the house. ഒരുവനെ ഇറക്കിക്കളക to dispossess the tenant. വല്ലതും ഇറങ്ങുക to swallow anything. ദീനം ഇറക്കം വെച്ചു the patient is getting better. ഇറക്കേണ്ട സമയം as long as I live. നാം ഇങ്ങോട്ടു ഇറങ്ങുക let us go.

ഒന്നും ഇറങ്ങാത്ത സമയം when dying. എണ്ണ ഇളമിച്ചു പോയി (തണുപ്പു പററി) the oil has lost its virtue.

ഈ എന്നു പറയിക്ക (disgust). ഈററെടുക്ക to be in labour.

ഉക്കത്തെടുക്ക to carry a child (after the manner of Natives, on the hips). ആരാന്റെ ഉക്കത്തു പാൎക്ക (എറയത്തു) let under one's jutting roof. ഉച്ചതിരിഞ്ഞു afternoon, also height of age (above 50 years). ഉച്ച് പിടിക്ക to become a crack-brained man. ഉടെക്കത്തരം പറക = തറുതല പറക to speak indirectly, evasively. മാങ്ങ ഉണ്ണി തിരിഞ്ഞു the blossom has developed *a fruit.* അറിമുഖം ഉണ്ടാക്ക to contract acquaintance. ഒരുവന്റെ ചോർ ഉണ്ടുപോയി to be once indebted to anybody. ഉത്തരവും പ്രതിയും ഇല്ല silent. ഉന്തും തള്ളും quarrel. അവന്റെ ഉപ്പും വെള്ളവും എത്തീട്ടില്ല (ആയുസ്സ്, അരിനീളം). തമ്മിൽ ഉരനില്ക്ക resist, to fight it out. കാൎയ്യം ബഹു ഉരുസൽ ആയ്പ്പോയി in confusion. ഉരുക്കഴിക്ക, ഉരുവിടുക to repeat. മനസ്സിൽ ഉരു എത്തിപ്പോയി an impression fixed on the mind. ഉരുത്തിരിയുക to be shaped as child in womb, become distinguishable. ഉരുട്ടും പിരട്ടും പറക to speak nonsense. ഉരുണ്ടു പിരണ്ടു പോയ്ക്കളക to fly for life, to tumble off anyhow. ഉറക്കം ഇളെക്ക, സഹിക്ക to keep awake (*opp.* തെളിക). ഉറക്ക് ഒഴിയുക to awake, watch. തൂക്കുക dose. കുററം ഉറെക്ക to prove a charge. മനസ്സ് ഉറെക്ക to decide. മുട്ടെക്കു ഉലാവുക a he ton seek where to lay egg. ഉള്ളത്തിൽ പറുക (ഏറുക) a thought to raise.

ഊടായി പറക, നോക്ക, കേൾക്ക to communicate a secret, watch, listen curiously. നല്ല ഊട്ടിൽ തീരുക born most auspiciously. ഊന്നി വായിക്ക (വാക്കു ഊന്നുക) spell through, read laboriously. ഊരും ഉടല്വും ഇല്ല neither influence nor security. ഊററം പറക boast, threaten. ഊഹം കൊണ്ടു കോട്ട കെട്ടുക build castles in the air.

എന്റെ വീട്ടിൽ എച്ചില്വും കപ്പയും ആയി we are reduced to greatest poverty. വീടു എടുക്ക to build a house. വായിൽനിന്നു വീണാൽ എടുത്തുടാ cannot be retracted. നാവെടുത്തു പറക to speak loudly. എണ്ണപ്പെട്ടവൻ influential, respected. എണ്ണിപ്പറക to speak diffusely. ഒരുവനോടു എത്തുക to overtake or conquer any one. എനിക്കു ഒരുവനെ കൊണ്ടു എത്തുക to have any profit by somebody. എറിഞ്ഞു പറക to talk as if throwing at one. എള്ളോളമില്ല not a bit.

ഏടാകൂടം കൂട്ടുക to raise a mutiny. ഏടാകൂടം കാട്ടുവാൻ ഭാവിച്ചു showed a rebellious spirit. വഴിക്കലേക്കു ഒരു ഏണി ഇരിക്കട്ടേ may he meet with opposition. ഏന്തി ഏന്തിക്കൊണ്ടു നടക്ക to walk with evident pain. ഏറക്കുറ കണ്ടു മുതൽ nearly all the property. ഏററം കെട്ടുക to fasten a string to creepers. ഏലായി nicely done.

സംഗതിക്കു ഒത്തതു പോലേ പറക in keeping with the circumstances. നാം ഒത്തുനില്ക്കേണം ready for help. ഒടി വെക്ക to use enchantment. ഒടി തീൎക്ക to counteract enchantment. ഒട്ടുക്കാക, ഒട്ടിടുക to sum up. ഒന്നിനൊന്നായി പറക to leave no point answered. ഒഴിച്ചു തരിക to vacate. ഒരു നാളുമില്ല never.

ഓടുക understand. ബുദ്ധിക്കു ഓട്ടം ഉണ്ടു quick apprehension. ഓട്ട തോണിയിൽ ഒഴക്കുക to try and get rid of me. ഓതി ഇറക്ക to expel poison by formulas. ഓളം കളിക്ക (ഇടുക) to live in pleasure or grand style.

കടം ചെയ്യു (കൂട്ടുക) to make debts. കടം കൊൾക; മേടിക്ക to borrow. കടം കൊടുക്ക to lend. കടം ഇളെക്ക (പൊറുക്ക) to remit. കടം ഒഴിക്ക (വീട്ടുക) to pay

debt. കാൽ കടയുക the leg pains from walking. കടി കടി എന്നു പറക to speak harshly. ചിരട്ട ചെവിക്കു കടിപ്പിക്ക torture by pinching the ear. കണക്കിൽ ഇടുക to charge an account. കണക്കു ബോധിപ്പിക്ക to give account. കണക്കു തീൎക്ക to settle accounts. നല്ല കണക്കിൽ പറഞ്ഞു കൊടുത്തു to speak exhaustingly on. നല്ല കണക്കിൽ അടിക്ക to beat soundly. കണക്കിൽ ആക്ക kill. കാൎയ്യം കണക്കിൽ ആക്ക achieve. അവൻ പോവാൻ കണക്കു he has gone it seems. എനിക്കു എല്ലാം കണക്കു I am content with all. കണക്കും കാൎയ്യവും or കൈയും കണക്കും public business. കണ്ണിൽ ചോര ഇല്ലാത്തവൻ pitiless. കണ്ണിമ കൂട്ടിയില്ല; കൺകൊണ്ടു പൂട്ടിയില്ല could not sleep. കണ്ടകാഞ്ഞവൻ steady, stubborn, perverse. നിന്റെ കണ്ഠം താറി കളയും I shall break your neck. കണ്ടവൎക്കു കൊടുക്ക to give the next best. കണ്ടു കണ്ടില്ലെന്നിരിക്കുന്നവർ one hardly known. കണ്ടേടവും anywhere. കണ്ട മുതൽ all the property. കത്തലടക്ക to take the morning meal. കത്തിക്കാഞ്ഞു പോക to be scorched by the sun. കഥ കഴിഞ്ഞു died. കഥ കഴിക്ക kill. മുഖം കനപ്പിക്ക to frown. കന്നം കെട്ടി പറക to speak plausibly. കപ്പൽ തീൎക്ക to build a ship. കപ്പൽ ഏറുക embark. കപ്പൽ ഇറക്ക launch. കപ്പൽ നീക്കുക start. കപ്പൽ ഓട്ടുക sail. കപ്പം കാട്ടുക to declare oneself a vassal. കപ്പം കെട്ടുക to give tribute. കഫം കുടുക്കി വലിക്ക to have a sore throat. കമ്പി കളിക്ക, പിണയുക to be ensnared. കഞ്ഞിക്കു കയറിക്കൊൾക to go home to take food. പണി കയറുക to rise from labour. എഴുതി കയറുക to finish with writing. കര കാണുക to come to a conclusion. കര കാണാതിരിക്ക to be bewildered. കര കണ്ടവൻ thoroughly versed. കരക്കിടുക bring to shore. കറവുപറക, കറവുപഠിക്ക to invent a story, make out without a teacher. കലശൽ (അടിപിടി) കൂടുക to quarrel. നെഞ്ചു കലിക്ക to be in a rancid state. കല്പിച്ചു കൂടുക to fix on a course to be pursued. കല്പിച്ചു കൂട്ടിക്കൊണ്ടു ചെയ്യു to do intentionally or in spite of one. കല്ലിൽ ഇട്ടകാൽ disappointment. തലയിലേ കല്ലിളക്കുക to be crazy. കവുളി തുപ്പുക to rinse the mouth. കഷ്ഠം വെക്ക to lay the forefinger upon the nose in expression of surprise or sorrow. കളവു കാട്ടുക to idle away time. കളവും കയ്യുമായകപ്പെടുക to be seized in the very act. എന്റെ കള്ളിയിൽ ആക on my side or party. വല്ലതും കഴിക്ക to eat. ഒഴികഴിവു പറക to excuse oneself. കാടിയും പീരയും തിന്നു being very poor. കാടായി കിടക്ക to lie in waste. കാടും പടലും പറക to talk in a confused manner. കാടും മലയും കയറുക to walk hard. കാടു വാവാ വീടു പോപോ എന്നു പറയുന്ന കാലം death. വെള്ളം കാട്ടുക to water cattle. കാണാപാഠം by heart. കാണിച്ചുകൊടുക്ക betray. അവനു കാതൽ ഇല്ല = നിസ്സാരൻ. തീ കായുക (കുളിർ മാറുക) to warm oneself. നിലാവു കായുന്നു the moon shines. കാൎയ്യമായി സംസാരിക്ക speak without illustration. അവന്റെ കാൎയ്യം കഴിഞ്ഞു he is dead. നിണക്കെന്തു കാൎയ്യം what have you to do with this? പറഞ്ഞെന്തു കാൎയ്യം what is the use of further talking. കാൎയ്യമായുള്ളതു ചൊല്ലി gave good advice. കാൎയ്യം എന്നോൎത്തു thought is reasonable. കാൎയ്യം തന്നേ it is a fact. ഇതിൽ കാൎയ്യം ഒന്നും ഇല്ല it is of no use. കാൎയ്യം നടക്ക business to be done. കാറ്റുകൊണ്ടു നടക്ക (ഏല്ക്ക) take an airing. അവനു കാറ്റുണ്ടു he is crazy. കാറ്റാക്ക to make one crazy. കാൽ പിടിക്ക a client to prostrate himself at a superior's feet; to beg pardon. വയറ്റിന്നു കാളുന്നു to burn from hunger. ആ കിടയിൽ ആരും കാണാ

ന്നില്ല none like him. കിടക്കട്ടേ (വേണ്ടതില്ല) let it be. കിത്തി കിത്തി നടക്ക to walk on tiptoes. കിറഞ്ഞു വാങ്ങുക to insist or force it from one. കിളാവു നോക്കി വലിക്ക to pull a boat over long waves or a long sea. കിഴിച്ചു പറക jeer. കുടൽ കുത്തിപ്പോക to be frightened. കുടലൻ (വയറൻ) pot-bellied. കുടലേററം spasms in the bowels. വെള്ളം കുടിച്ചു ചാക to be drowned. കുടി മാററുക to wean. കുണ്ടി കുടുക്കുക to stop the entrance of water. കാൎയ്യത്തിന്നു കുതം ഉണ്ടു that can be helped. കൂലിക്കു കുത്തികൾ = മററൊരുത്തന്റെ ചൊൽപ്പടിക്കു നടക്കുന്നവർ, പക്ഷം പറയുന്നവർ (to be partial). തോണി കുത്തുക to push a boat with poles, to row. കുത്തി ഇരിക്ക to sit on one's heels. തല കുത്തിപ്പോക head to sink. കൈകുത്തി നടക്ക to walk on all fours. വെള്ളം കുത്തി ഒലിക്കുന്നു the water rushes down. കുത്തിക്കവരുക house-breaking. കുത്തിക്കൊടുക്ക to calumniate. കുത്തിത്തിരുത്തുക to correct a writing. കുത്തിപ്പറക to speak pointedly. കുത്തിപ്പൊട്ടിക്ക to open a boil. കുത്തിപ്പൊളിക്ക to force open a door. കുത്തിവെക്ക (കുരുപ്പു കീറിവെക്ക) to vaccinate. മുഖം കുത്തി വീഴുക to fall on one's face. മുട്ടുകുത്തുക to kneel. കുനിക്കു പറക to speak consciously, to find fault with. കുപ്പു കിളപ്പിക്ക to provoke one. ആക്കം കുറഞ്ഞു വീഴുക to lose the balance and fall. അങ്കം കുറെക്കുന്നു to fight a duel. ഇടി കുറെക്ക lightning to strike. മറുകുറി എഴുതുക to reply. കുറിയിടുക to mark the forehead. കുററി ഇല്ല don't know. കുററി കിട്ടുക, ഉണ്ടാക to prove. പണം കുററിയിൽ ആയ്പോക money outstanding. കുശുമ്പു പറക talebearing. കുളത്തിലിറക്ക to deceive. കുളത്തിൽ ഇറങ്ങുക to despair. കൂട്ടവും കുറിയും quarrels. ദിവസം കഴിച്ചു കൂട്ടുന്നു contrives to support himself. കൂട്ടിച്ചേൎത്തു വില്ക്ക to adulterate drugs. കൂട്ടിക്കടിപ്പിക്ക, കുത്തിക്കടിപ്പിക്ക set against each other. കൂട്ടിപ്പറക (കെട്ടിപ്പറക) to exaggerate. കൂട്ടിക്കൊണ്ടുപോക (ചെല്ലു) to take along. അറവും വറവും കെട്ടവൻ an impudent. ഇടംകെട്ടവൻ inconsistent, narrow-minded. കുററം കുത്തുക to be proved. സ്നേഹം (മമത) കെട്ടുക to make friendship. കെട്ടിനില്ക്കുന്ന വെള്ളം stagnant water. കെട്ടി ഇരിപ്പു property in store. കെട്ടിപ്പാൎക്ക to be detained. കെട്ടി മാടുക to construct a dam. കെട്ടി മേയുക to thatch. കെട്ടിയടക്കം seizure of mortgaged grounds, indemnity for unpaid rents, or failure of payment of interest. കെട്ടിയൊഴിക്ക to leave a house with one's baggage. കെട്ടിവെക്ക to lay up in store. കെട്ടുകെട്ടിപ്പോക to go for a journey. കെണിയും പണിയും അറിഞ്ഞവൻ one full of ways and means. മണം കേൾക്കുന്നു to smell. കൊണ്ട കൈ intimacy. ഒരു കയ്യായിരിക്ക to be at alliance. കയ്യാൽ കൂടുന്നപ്രകാരം according to one's means. കൈ ഏറുക to come to blows. കൈ ഏല്ക്ക assault. കൈ ഏല്പിക്ക to take charge of. കയ്യൊഴിക to abandon, to be at a leisure. കൈകണ്ട വിദ്യ practised; expert. കൈ പിടിക്ക to reconcile. കൈഫലമുണ്ടാക luck in a physician, great results of poor means used. കൈ ബന്ധംകൊണ്ടു by a slip of hand. കൈ മടക്കുവാൻ ഏതും ഇല്ല have nothing to give. കൈ വിടുക abandon. കൊക്കയും കൊളുത്തും പറക to speak so as to embroil the matter. കൊഞ്ഞനം കാട്ടുക to make wry faces. തീ കൊടുക്ക to set fire. വൈരം കൊട്ടുക്ക to bawl out. ഒർ ആൾക്കു കൊടുത്തതും തിന്നതും പറയുന്നതു ശീലമില്ല I don't like to stir up old accounts. കൊണ്ടുക്കൊടുക്ക to hand over. കൊണ്ടുതാ bring here. കൊണ്ടുകാട്ടുക produce. കണക്കിലേററം കൊണ്ടു കയററുക add to it overmuch. കൊതി കൂടു

ക (ഏല്ക്കു, പററുക) to be bewitched by an evil eye, to have the appetite injured by a by-stander. കൊത്തി വിളിക്ക a hen calling her chickens. നല്ല കൊത്തു = വരവു; ഒന്നു കൊളുത്തി laid a mind, set about to execute a deep plan. കൊള്ളിമുറിക്ക to vow lasting enmity by breaking a stick. കൊള്ളിവാക്കു പറക sarcasm, taunt. കോടി കൊടുക്ക to give unwillingly. വാക്കുകൊണ്ടു കോട്ട കെട്ടുക to talk much. കോട്ടുവാ ഇടുക (വാവിടുക) to yawn. നല്ല കോപ്പാക fine thing. നല്ല കോൾ very fine. കോറുവായി പറക to speak sarcastically. ഇവിടേ കോളല്ല intolerable; I can't stop. കോൾമയിർ കൊൾക horripilation.

ഖണ്ഡിച്ചു പറക to speak decisively.

ഗഭിച്ചു പറക to speak with reserve. ഗുണത്തിന്നു പോക have something to do with. കത്തിൽ ഗുണദോഷങ്ങൾ കാണുന്നില്ല no details on the letter.

ചങ്ങാതിതം പിടിക്ക separate and reconcile disputants. ചട്ടം വെക്ക (ഇടുക) to lay down a rule, law. ചതിച്ചുപോകുന്നുവോ? does he leave us (said in love)? ചതുരംഗം, ചൂതുചതുരംഗം, ചൂതിങ്കരുവെക്ക, കളിക്ക, പൊരുക to play chess.[1] ആനച്ചന്തം വെച്ചു നടക്ക stately walk. ചന്ദനപ്പടി (ചമ്മണപ്പടി) ഇട്ടിരിക്ക (ചാമ്പറ or ചമ്മണം കുത്തി ഇരിക്ക) to sit cross-legged. നിലം ചവിട്ടാതെ സേവിക്ക to take a medicine very early, still in bed. ചാടി വീണു കടിക്ക to leap against and bite. ചാകാതെ ചാക almost dead. ചാകാത്തതു എല്ലാം തിന്നുക to eat all except poison. ചെന്നു ചാടുക to precipitate. ഉടൽ ഒമ്പതു ചാണും വിറെക്ക to tremble all over (the body nine spans). ചാതികാരം പിടിക്ക to adjust a quarrel. എവിടേക്കു ചാഞ്ഞിരിക്കുന്നു where do you intend to go? ചാച്ചിയും ചേച്ചിയും ഉണ്ടാക to have friends of any kind. ചാർത്തിക്കൊടുക്ക to write for one. തൊണ്ട ചിനക്കുക (ഒച്ച കാട്ടുക) hem (räuspern), utter a warning cry to avert pollution. തൊട്ടാൽ ചിനിങ്ങി a child that cries at the slightest touch. കണ്ണു ചിമ്മിക്കളക to overlook. രണ്ടു കൈയിലും ചിരട്ട പിടിച്ചു പോക or നടക്ക to beg. ചിറ കെട്ടുക, കോരുക (മാട്ടുക, മറിക്ക, തടുക്ക) to dam a river. ചിറക അഴിക്ക, മുറിക്ക, വിടുക to dig a tank, to empty it. ചീച്ചുകളക (പറക) to render useless, dishonor. ചുട്ടു പുകയുന്നു to perspire. ചുററിക്കെട്ടി പറക to speak round about. ചുററിവളയുക, പിടിക്ക to besiege, to embrace. ചുവടു പിടിക്ക to take root, grow rich. ചുഴിഞ്ഞു ചോദിക്ക to investigate closely, to ask endless questions. ചൂടാന്തരം എടുക്ക to feel inward heat. ചൂണ്ടി ചൂണ്ടിപ്പറക allude, hit with words. ചൂതുവെക്ക (കളിക്ക, പോരുക, ആടുക) grumble, play with dice. ചെണ്ട പിണയുക to get into mischief, to be taken in. നേരം ചെന്നു it is late. ചെമ്പു പുറത്താക his guilding has worn off; he is found out. ഒരു ചെമ്പിലേ ചോറു eating the same meal. ചെലവു അഴിക്ക (ആക്കുക) to spend money, waste. ചെലവു ഇടുക, ചെലവു കഴിക to spend, to lay out, to live upon. ചെലവു കഴിക്ക to keep house. ചെവികടിക്ക to malign. ചെവി ഇരെക്ക (മൂളുക, ഊതുക) ears to tingle. ചെവിട്ടിൽ പോക to obey. ചെവിടു താഴ്ത്തി നടപ്പാൻ പാടില്ല I can hardly venture out, so ashamed I am of what people say. ചെളുക്ക

1) Chess-board ചതുരംഗപ്പലക; King രാജാ; The Queen is called മന്ത്രി ("minister"); the Bishop ആന (elephant); Horse കുതിര; Tower തേർ (chariot); Peasants കാലാളുകൾ Footmen. Terms: ഇക്ഷുരച്ചു, വെച്ചരച്ചു, രാജാ നിന്നു (check-mate).

എടുക്ക skin to burst as between the toes. പറഞ്ഞതിന്ന ചേൎച്ച ഇല്ല the statements do not agree. നല്ല ചേൎച്ച ഉണ്ട nice, to fit well. ചേലും ചട്ടവും a good character.

തലെക്കു ഒരു ചൊട്ടു a disappointment. കാൎയ്യം ചൊട്ടിപ്പോയി the matter proved abortive. തമ്മിൽ ചൊട്ടിപ്പോയി they fell out. അവനെ ചൊല്ലി എനിക്കു നിവൃത്തി ഇല്ല = അവന്റെ നിമിത്തം എനിക്കു സഹിച്ചുകൂടാ; ചൊല്ലിക്കൂട്ടുക to repeat a lesson. ചൊല്ലിക്കൂട്ടിക്ക to hear a child's lesson. ചൊല്ലിക്കൊടുക്ക, തരിക to teach, suggest. കണ്ണിൽ ചോര ഇല്ലാത്തവൻ pitiless.

ജീവൻ കത്തിപ്പോക to be frightened. തകൃതി പറക to talk big. ഒരുവനോടു തങ്കമുണ്ടാക to be in love. തടി ഉപേക്ഷിക്കുന്ന കാൎയ്യം enough to lead one to commit suicide. തട്ടും മുട്ടും പറക to oppose, object. കാൎയ്യം തട്ടിപ്പോക the scheme has proved abortive. തട്ടാമുട്ടി പറക controvert, evade. ഈ തരങ്ങൾക്കു ഞാനാളല്ല I cannot stand such a treatment. തരത്തിലാക്കുക to make comfortable. തരന്തരമായെടുക്ക to take according to the circumstances. തരം നോക്കുക to look for an opportunity. തരിപോലും ഇല്ല not a bit. അതിൽ തരിച്ചുപോയി quite taken up with it. തറക്കാർ moffussilites. തറവാട്ടുകാരൻ (മാനമൎയ്യാദക്കാരൻ) educated and well-to-do people. വാൽ തററിക്ക to put the tail between the legs. തലച്ചോററിൽ (ശിരസ്സിൽ) എഴുതുക one's destiny (ദൈവകല്പിതം, വിധി). തലമുട്ട കണ്ടില്ല I have not seen him at all.

പഴക്കവും തഴക്കവും continual experience. താക്കീത് അയക്ക to warn. താക്കോൽ കൊടുക്ക to mount a clock or watch. താങ്ങിപ്പറക to defend. താണു കൊടുക്ക to yield, give in. താമസവാക്കുകൾ കേട്ടു words of dark import. നെല്ലും തായാട്ടവും പറക to talk threatening injustice. താലോല ഭാവം കാണിക്ക to spoil a child. താളം പിഴെക്ക to miss time. വെയിൽ താഴുക to be towards evening. താഴ്ചയും വീഴ്ചയും wear and tear. തിന്നു നിരങ്ങി നടക്ക to idle about. തിന്മാൻ കൊണ്ടുവാ bring betel. തിരക്കി നോക്കുക to look close. ഇടവും വലവും തിരിയാത്തവൻ illbred, clownish. വിഷം തീണ്ടി മരിക്ക die from snake bite. എന്നെ തീട്ടി പറഞ്ഞു alluded to me. കണക്കിടപാടു തീൎക്ക to settle accounts. തീൎച്ചയും മൂൎച്ചയും ഇല്ല nothing settled. തീൎച്ച പറക to speak decidedly (to mention last price). ഈശ്വരൻ തുണ in the name of God. തുമ്പു അറിയാതെ പറഞ്ഞു spoke not to the purpose. തുമ്പില്ലാതെ പറക to babble. പണിയും തുരവും ഇല്ല no employment. തുറന്നു പറക to open one's mind freely. അവൻ തുലഞ്ഞുപോയി I got rid of him, he died.

വടക്കോട്ടു തെണ്ടുക to go on pilgrimage. തെറുത്തു നോക്ക to fix one with the eye. അവർ തമ്മിൽ തെററി quarrel. ഒററയും തെററയും here and there. കാലം തെററിക്ക to disappoint by delay. തെറെറന്നു as quick as short. കാർ തെളിഞ്ഞു it has cleared up. ആരാനെക്കൊണ്ടു തേപ്പു പറക to wound by allusions. കോപം തേടുക run into anger. തൊക്കി പറക to defend. തൊട്ടു വാശി തീൎക്ക to avoid touching. തോല്പി കിട്ടുക to be defeated at play. തൊള്ളയിടുക, തൊള്ളപൊളിക്ക to bawl, to make an indistinct sound with the mouth. തോററം വിളിക്ക to sing lullaby for children to sleep.

ദത്തു നീങ്ങുക, പിഴക്കുക, ഒഴിക adoption to relinquish. ദത്തു കയറുക, പുക്ക to be adopted. ദത്തു എടുക്ക, വെക്ക to adopt. ദയ വിചാരിച്ചു (ചെയ്തു) please. ദിക്കു മുട്ടുക to lose the way. ദൂഷ്യം പറക to find fault with. വേഷം ധരിക്ക assume shape. ധൂപം കാട്ടുക to burn incense.

നഖ ശിഖാപൎയ്യന്തം from top to toe. നഞ്ച തിന്നപോലേ ആയി stupified. നഞ്ഞിടുക to catch fish. നടകൊൾക to walk solemnly. നടാനടേ one after the other. ചൊല്പടിക്കു നടക്ക to obey. നടാടേ somewhat before this; for the first time. നടിപ്പാൻ തക്ക വാക്കുകൾ provoking language. നന്ദി അറിക be thankful. നന്നനന്നെത്രയും very well. നന്മവരട്ടേ farewell. നല്ല പാമ്പ cobra. നല്ല ഭോഷൻ perfect fool. നല്ല ജാതി high caste. നാടു കടത്തുക transportation. നാട്ടേടാടിഭാഷ current language. നാട്ട കുത്തിനില്ക്ക to stoop down. നാനാ വിധമാക്ക, വരുത്തുക disperse, waste. നാനാ വിധക്കാരൻ a profligate, adulterer. നാനാ വിധം കൂടാതിരിക്ക to live peaceably. നാററം പിടിക്ക begin to spoil. നാളം കോളം daily wages. നാൾപോക്കുക to spent or pass time. നിറയ ഉണ്ടിട്ടു with a full stomach. നിറം കെട്ടുക to lose one's character. ദോഷത്തിന്ന നിവൃത്തി amend. നിഴലെത്ര what is the time? നീട്ടി വായിക്ക to drawl in singing. നീട്ടിപ്പറക to speak slowly. നീട്ടിക്കൊടുക്ക to give into the hand, point out. നീന്തിക്കടക്ക, കരേറുക to swim to the shore. നൂൽ ഓട്ടുക, നൂൽ ഇളെക്ക to line, to wind up. നെഞ്ഞേററവൻ bold. നെഞ്ഞിനോടു നെഞ്ഞു പാഞ്ഞു breast against breast. നെഞ്ഞിൽ തച്ചു കുത്തി അടെച്ചു lamenting. നൈ വെക്ക to become fat, proud. നൈയിൽ കൈ മുക്കുക ordeal. നേരം ചെന്നു it is late. നേരം ക്ഷമിക്ക to give time. കാൽ നേരായി വന്നു the leg healed. നേരായി വരിക come to terms. നേരും നിലയും truth and right. കണക്കിന്റെ നേൎവ്വഴി—പോലേ ഉള്ളതു കൊടുക്ക what is justly due. കാൎയ്യത്തിന്റെ നേൎവ്വഴിപോലേ according to the merits of the case. നേൎവ്വഴിക്കു വരിക to submit. വീൎപ്പു നേൎത്തു പോകുന്നു to die. നൊടിച്ചു വിളിക്ക to call one near as a dog. നോമ്പു പിടിക്ക, കാക്ക, നോല്ക്ക to observe fasting.

പകവീളുക, പോക്കുക to revenge. പകരം ആക്ക to substitute. പകരം ചെയ്ക revenge. പകരത്തിന്ന പകരം like for like. പകരം വീട്ടുക, വീളുക, കൊടുക്ക to remunerate. പക്ഷം പറക to maintain one's own cause or friends. വേണ്ട എന്ന പക്ഷക്കാർ those that are against it. പട വെട്ടുക to commence a fight. പട ഓട്ടുക, തിരിഞ്ഞു മണ്ടുക, മടക്കുക to be defeated. പട ഏല്ക്ക, കഴിക്ക fight a battle. പട ജയിക്കുക to take the field. പട കയറുക to storm. ഒരു പടിയായിരിക്ക neither better nor worse. പട്ടിണി ഇടുക, വെക്ക to abstain from food, as one day after a death. പട്ടിണി കിടക്കുക to starve. പട്ടോല ചാൎത്തുക to sign an order. അവന്നു പതപ്പില്ല he is void of natural affection. പരപ്പിൽ ചൊല്ലി circumstantially. പരമുഖത്തു നോക്കുക to lust. പരിക്ഷ കൊടുക്ക to go up for an examination. പറഞ്ഞേച്ചു പോരുക return after performing a commission. കണ്ണു പറിക്കാതെ നോക്ക fix the eyes upon something. അവന്നു നന്നായി പററി went to his heart. പററി കൊൾക obtain possession. ഒരുവനെ പററിക്ക to cheat one. പള്ളി കൊൾക retire to rest. പഴകിപോയി an old hand at something. പഴി വാങ്ങുക to take revenge. മനസ്സിന്നു നല്ല പാകം വന്നിരിക്കുന്നു has become humble. ബുദ്ധി പാകം വരുത്തുക to direct properly. ന്യായത്തിന്നു പാങ്ങില്ല the reasoning is not to the purpose. പാങ്ങു പറക to excuse. നിന്റെ പാട്ടിന്നു പോയ്ക്കോ mind your business. കണ്ട പാടു in the same way as before. ഒരു പാട്ടിലായിരിക്ക in a tolerable order. പാട്ടും പേയും പറക to scold. പാട്ടായ്പോക to become public. പായും പലകയും തന്നു treated as her

husband. ഒട്ടും പാക്കാതെ at once. പാറാവിൽനിന്നു വിട്ടയച്ചു released from confinement. പാവിടുക, പാവോട്ടുക to make a warp. പാളയം കെട്ടുക, ഇറങ്ങുക to encamp. പിച്ചം നടക്ക the waddling of children when they begin to walk. പേയും പിച്ചും പറക to be delirious. ഉന്തലും പിടിയുമാക to quarrel, fight. ഉറക്കം പിടിക്ക to go on sleepy. പിട്ടു പറക impose on. പിട്ടു കാട്ടുക threaten. പിന്നോക്കം മാറുക retreat. വാക്കു പിരളുക to talk to no purpose. പിഴ ഏല്ക്ക, ചൊല്ക, കേൾപ്പിക്ക, മൂളുക to confess. പുകഞ്ഞു പോയി failed completely. പുടംവെക്ക, ഇടുക put to the test. ചുവരിന്മേൽ നില്പാൻ പുതം കിട്ടുന്നില്ല cannot get a footing. എന്തു പുതുമ ആയ് what can it be. പുറം കാട്ടുക to turn the back on one (flight or discourtesy). പുറത്താക to come out (a secret). പുറത്താക്ക to exclude. പുറത്തു പറക to speak out. വേല പൂജ്യം ആക്ക to lose appointment. കാൽ പെരുത്തു പോക to be benumbed. പാൽ പെരുത്തു (തെരുത്തു) പോയി milk spoiled. പേച്ചി പേച്ചി നടക്ക dragging one leg (as drunkards). ഭാഷ പേൎക്ക to translate. പൈ കെടുക്ക to satisfy hunger. പൈമാശി നൊക്കുക, എടുക്ക to survey a ground. പൊക്കണം ഇടുക, തോളിലിടുക to go begging. പൊങ്ങൽ പറക to talk impudently. പൊടന്ന (പോങ്ങ) (*f. e.* ഒരു പൊടന്ന അരി) as much as can be held by two hands. പൊട്ടി കരഞ്ഞു, ചിരിച്ചു bursting cry or laughter. ഒരു വെടി പൊട്ടി a gun fired. പൊട്ടിത്തെറിച്ചവൻ one who has lost all self-command. പൊട്ടിച്ചു പറക to chatter aloud. വിരൽ പൊട്ടിക്ക to crack the finger. ആക്കം പൊട്ടിയവൻ discontented. വായി പൊത്തുക to hold the hands before the mouth (reverentially). പൊത്തി പൊതിഞ്ഞു വെക്ക to conceal a matter. പൊത്തിപ്പിടിക്ക to seize round the shoulders and arms. പൊലിക്കടം കൊടുക്ക to lend on usury. കത്തു പൊളിക്ക to open a letter. പൊളിച്ചെഴുതുക to cancel and renew a deed. മാൎഗ്ഗം പൊളിക്ക to apostatise. പൊളിച്ചു കെട്ടുക to thatch afresh. പരീക്ഷയിൽ പൊളിഞ്ഞു പോയി to fail. പൊള്ളുന്നതും കുളുന്നതും warm and cold meals. എനിക്കു എന്തു പോയി what do I lose by it? പോയാണ്ടു last year. പോയ്ക്കൊൾക to take oneself off. ഒരു പോക്കിൽ കൊടുക്ക to manage it economically. പോക്കു വരവു passing to and fro, intercourse, income and expenditure. ജീവനെ പോക്കുക venture, sacrifice life. പോരാതെ പോക insufficient. ആറു ഉറുപ്പികെക്കു പോരുന്ന കത്തി worth six rupees. പോന്നവൻ competent. പോന്നു പോരായ്ക right and wrong. ചത്തു പ്രായമാക to be well nigh dead. പ്രിയം വലിക്ക to praise an article for sale.

കാൎയ്യത്താൽ ബന്ധിക്ക to take part in a business. ബുദ്ധി പറക, ഉപദേശിക്ക to admonish. ബുദ്ധിവെക്ക, ബുദ്ധികൊള്ളിക്ക to grow wiser, to comprehend. ബോധം കെട്ടു വീണു swooned. ഇനി നിണക്കു മനസ്സിൽ ബോധിച്ച പോലേ do as you think best. ബോധിച്ചു കൊൾക be persuaded. നിണക്കു ബോധമുള്ള ആൾ approved by you.

ഭഗീരഥ പ്രയത്നം പോലേ Herculean task. ഭരമേല്പിക്ക to give in charge. ഭരമേല്ക്ക receive in charge. ഭസ്മം ഇടുക, തൊടുക, ഭസ്മക്കുറിയിടുക to rub ashes on the forehead. എന്റെ ഭാഗം my lot. ഭേദാഭേദങ്ങൾ various items.

മംഗലം കൂറുക to congratulate. മംഗലമസ്തു farewell! മുട്ടിച്ചുകളക (വട്ടത്തിലാക്ക) play a trick unawares. മട്ടിന്നു നില്ക്ക to know one's place. മണി മുട്ടുക, തട്ടുക, കൊട്ടുക to strike a bell. മണി ഇളക്കുക, കിലുക്കുക to ring a bell. ഉറുപ്പിക മണിയുന്നില്ല

the rupee does not sound. മണ്ണിച്ചു വിളിക്ക to call for a dog or a servant. മതി കെട്ടുക to lose consciousness. കണ്ടാൽമതിയാകയില്ല I am never tired of seeing. മതിപോരുക to suffice. മദ്യപിച്ചുകൊണ്ടു നടക്ക to lead a drunkard's life. മദ്ധ്യേ മദ്ധ്യേ from time to time, again and again. മനമഴിഞ്ഞു melted by love. മനം പൊറുക്ക to have patience. മനോരാജ്യം ചിന്തിക്ക, വിചാരിക്ക to build air-castles. ആചാരം മന്ദമായ്പ്പൊന്നു goes out of fashion. നല്ല മയമായിരിക്ക to conduct oneself well. കോൾമയിർ കൊൾക horripilation. മരണപ്പാച്ചൽ പായുക to run for life. മരിച്ചുകളക to commit suicide. മരിച്ചു മരിക്കാതെ barely escaping. മായത്ത് ആട്ടുക to drive away. ആൾമറ കെട്ടുക to build a wall of wells. കാട്ടു മറഞ്ഞു പാൎക്ക to lie in ambush. കീഴ് മേൽ മറിയും വണ്ണം to roll. അവൻെറ മറു കണ്ണിൽ ആകുന്നുവോ he is greedy for everything. മറുമുഖം നോക്ക to commit adultery. അതുകേട്ടു മലൎന്നു പോയി I was persuaded, defenceless. കുട മലൎത്തി വെക്ക put the umbrella down. മഷി തെളിയിക്ക to snuff a candle. മഴ പെയ്യു; മഴ നില്ക്ക to rain; rain to cease. മാട്ടിവെച്ചു took him fairly in. മാനം നോക്ക to have respect of persons. മാനം കാട്ടുക to appear at court, pay a dumb visit, show courage. മാൎഗ്ഗം പൊളിക്ക to renounce a religion. മാൎഗ്ഗം കൂട്ടുക to admit into a religion. മാൎഗ്ഗം ചേരുക കൂടുക, പൂകുക to join a religion. ചൊടി മാറുക one's rage to be over. പല്ലു മാറുക to get new teeth. മാററം വരിക, ചെയ്യു, ആക്ക to transfer officials. മാററു മരുന്നു antidote. മാററമായി പറക to contradict. മാലയിടുക to marry (esp. of princess), to choose one's husband. മാലാൻ കടക്കുക to outwit the Mālān (being very cunning). മിനക്കെടുക to idle away time. കൺ മിഴിക്കുന്നതിനുമുമ്പേ in less than a moment. വാരി മിഴുങ്ങി to gulp down. മിഴുങ്ങിപ്പറക to slur, speak inarticulately. മീടിട്ടു കുടിക്ക to sip like animals. മുഖം മുറിച്ചു പറക to speak impartially. എൻെറ മുഖം നോക്കി പറഞ്ഞു dared to tell me. മുഖം കെട്ടുപോയി put to shame. മുഖതാവിൽ in the presence of. മുഖത്തിട്ടടിക്ക to beat one's own child (without a cause) before somebody, implying thereby that the person deserved to be beaten. ഒരു നാൾ മുമ്പുട്ടി a day before. മുടക്കിവെക്ക to lay up for a better market. പണം മുടക്കുക to advance money. തല മുടി കൊഴിയുക, വീഴുക to grow bald. മുടിഞ്ഞുപോ I wish you were dead. മുട്ടക്കോഴി a laying fowl (never put to brood). മുട്ടിന്നു എത്തുക for this time of need. ബുദ്ധിമുട്ടിപ്പോക to fail an argument. മുട്ടിച്ചു നടക്ക, പണിയുക without rest. മുന്നോട്ടു വെക്ക to revolt. മുറയിടുക to noise, complain. മുറം തുററുക to sift grain. മുറിവൈദ്യൻ half a doctor. മുഖം മുറിക്ക affront. മുറിയത്തിൽ ഒരു വഴി a short cut. മുറുക്ക, മുറുക്കയായിട്ടു most urgent. വെററില മുറുക്ക to chew betel nut. മുല മാററുക to wean. മുല വിടുക, മുലകുടി മാറി is weaned. മുല കുടിക്ക to suck the breast. മുഷിച്ചൽ തോന്നുക, ഭാവിക്ക, വിചാരിക്ക, വെക്ക to feel amiss. നിൻെറ മുഖത്തു മീശ മുളച്ചിട്ടില്ലേ you have no courage. മുഴം ഇടുക, വെക്ക to measure with fore arm. മുഴങ്കാലു കുത്തി (മുട്ടു കുത്തി) to kneel. പാൽ മുഴുത്തുപോയി congeal. മൂക്കിൽ കൈ കുത്തുക to give in. മൂക്കു കൊഞ്ഞിച്ചു പറക to speak through the nose. മൂക്കു ചീന്തുക, ചീററുക, പിഴിയുക to blow the nose മൂരി നിവിരുക, വിടുക, (വിജൃംഭിക്ക) to stretch oneself. ആയുധങ്ങളെ മൂൎച്ച കൂട്ടുവിൻ, ഊട്ടുവിൻ whet your swords. നെൽ മൂൎച്ച കൂട്ടുന്നു harvest is near. മൂലയിലായ്പ്പോക to become useless. മൂലാഗ്നി കത്തുക to have strong appetite. ചെവി മൂളുക ears to tingle. വയറു മൂളുക rumbling of bowels. അവൻ അതിന്നു മൂളിയില്ല

he did not consent or agree to that. മൂളി or മൂണ്ട കേൾക്ക listen attentively. മെയ്യറക്ക to faint etc. മെയ്യിടുക to transfer property to another person. മേളം കൂട്ടുക to unite in a concert. മേളം കൊട്ടുക to play. മേൽകീഴാക topsy-turvy. നിണക്കു ഒരു മേൽകീഴില്ലേ you do not care for rank. മൊഞ്ഞും മൊട്ടും പറക, കാട്ടുക discorteously to speak or behave. മൊട്ട അടിക്ക to shave the head completely. മൊഴിയും മൊഴികേടും wrong or right. മൊഴിവഴി just behaviour. മോതിരക്കൈ a gentleman's hand. മോത വീഴുക to ship a sea. മോന്തി കുടിക്ക to gulp down.

യമലോകപ്പിരട്ടൻ one who cheats the devil. യാത്ര ചൊല്ക, ഉണർത്തിക്ക, പറക to say good-bye. യാത്ര അയക്ക to send off, accompany for a short distance. യാത്ര ആക to set out. യാത്ര ആക്ക to despatch. അതിന്നു യുക്തി ഉണ്ടു that will do, very possible, plausible, quite conclusive. യുക്തിവിരോധം unseemly. യുക്തിയുക്തം adopted for the occasion. യുദ്ധം ഏററിടുക to give battle. യോഗം കൂട്ടുക to bring together a meeting. യോഗ്യം പൊറുക്ക to undertake a responsibility.

സത്യത്തെ രക്ഷിക്ക to keep an oath. രണ്ടാം പണി doing over again. രണ്ടനേരം twilight. രണ്ടും കെട്ട neither good nor bad. രാജി ബോധിപ്പിക്ക to retract a case. രാജി ആക to be reconciled. രാജി ആക്ക to compromise. രാജി കൊടുക്ക settle a complaint by amicable arrangement, take one's resignation.

ലാക്കു മുട്ടുക reduced to straits. ലാക്കു വെച്ചു mind has set in.

വക കാണുന്നില്ല no livelihood. വക വെക്ക to place to the account of, make allowance for, to mind. വകഞ്ഞു കൊടുക്ക to have a work done by agreement, so much for each job. വടക്കൻ ഭാഗം കിഴിക്ക to dismiss by the back-door a deceased Nayar's wife previous to his burial. പരന്ന വടിവു free hand. വട്ടം പിടിക്ക to move always round, be obstinate. വട്ടം പോരുക to go about dejected. വണ്ണേ കുടിക്ക the pure (medicine). വണ്ണേ കൊടുക്ക unasked. വമ്പുകൾ കാട്ടുക to behave insolently. വയറു ഇളക്ക to purge. വയററു പാടിന്നു പോക to go to work. വയസ്സു ചെല്ക become old. വന്നാപോട്ടേ let it come, if unavoidable, I am ready for it. ഒരു വററുപോലും ഉണ്ടായിരുന്നില്ല not a bit. കൈ വററിപ്പോക to have nothing more to give. വല വെക്ക to set a net. വല ഇടുക, വീശുക to cast a net. വല അടെക്ക to mend nets. വല ഉണ്ടാക്ക, കെട്ടുക to make a net. വല പോക to go fishing. വലത്തിടുക, വലംവെക്ക, വലത്തുവെക്ക circumambulate. ചുരുട്ട വലിക്ക to smoke a cigar. വല്ലാതെ തോന്നുക not to feel comfortable. ഒരു വഴി കല്പിക്ക to provide a livelihood. വഴിപറക, വഴിക്കാക്കുക to account for, set right. വഴിതെററുക, വഴിപിഴെക്ക to go astray. വഴിയെ പോയി, വഴിയോട്ടു പോയി get behind. വഴി യായ്പ്പോയി, വഴിയാക, വഴിവരിക come right, mend. വഴി വിടുക, കൊടുക്ക, നല്കുക, മൂളുക to let one pass. വഴിയും മൊഴിയും തിരിക്ക to decide disputes about honour and right. കുറേ വാങ്ങി നില്ക്കു give room. കുടി വാങ്ങിപ്പോക to emigrate. പിന്നോക്കം വാങ്ങുക to withdraw. വാചകം തീർക്ക to draw up a deed. വാട്ടം വരുത്തുക to put to shame. വാട്ടം പിടിക്ക to incline to one side. വായി കീറിയവൻ maker. വായിലാക to be already half-eaten. വാ പിളന്നു നില്ക്കു, വാ പറക to abuse. വായ്യാരം പറഞ്ഞു big talk. വാ വിടുക to yawn. വാരിക്കൊടുക്ക to give liberally. നെല്ലിന്നു വാറില്ല no great demand. വാരുവെക്ക to prize, make much of. നല്ലവാറ് very drunk. വാർത്തകൾ നടത്തുക to spread rumours.

വാലാട്ടിപ്പോക to draw in the tail, to be humbled. വാശി പറയുന്നു obstinate contradiction. ഉപ്പു വാഴുക (വിളയിക്ക) to make salt. പെണ്ണിനെ വാഴിക്ക to get a girl married. വിക്കിവിക്കിപ്പറക to stammer. വിട കൊടുക്ക to dismiss honorably. വിട കൊൾക get oneself dismissed. വിട വാങ്ങുക to go. വിട തൊഴുതു took farewell. എന്നെ തടവിലിട്ടു വിടക്കാക്കേണ്ട don't undo me. ഇരുവിന വന്നു കൂടി misfortunes came not singly. വില നിരക്ക agree about. വില സഹായം ആക്ക, വില ഖണ്ഡിക്ക, ഇരുത്തുക, മുറിക്ക, വെക്ക settle. വില ഏറുക to buy dear. എന്തു വില how dear! വലിയ വില dear. അരുതെന്നു വിലക്കൊല്ല don't refuse. വിലങ്ങി വെക്ക (വിലക്കുക) to cross out writing. വിലങ്ങിച്ചുകൂടാ I cannot get out, however I turn. വില്ലും കത്തിയും ഉള്ളവൻ energetic. ഒരു വിവരം അറിയുന്നില്ല all in a maze. വിവശപ്പെടുക്ക to drive mad with torments. വിവാഹം നിശ്ചയിക്ക betroth. വിശപ്പു അടങ്ങാറില്ല I am always hungry. വിശപ്പു അടക്ക; ദാഹം തീക്ക (ഇളെക്ക) to appease hunger; quench thirst. വിഷം തീണ്ടുക to be bitten (by a snake). നിന്റെ കൈവിളയാടിയാലേ നന്നായിരിക്കു it will be done well only if you take it in hand. കൊമ്പു വിളങ്ങുക to appear on the stage. വിളക്കു ഇടുക, വെക്ക to place a lamp in honour of Gods etc. വിളക്കു കെടുക്ക, ഊതുക, പൊലിക്ക, മറെക്ക, നിറെക്ക to put out. വിളക്കു തെളിയിക്ക, നിറത്തുക to trim a lamp. വിഴുങ്ങുക (കോപം) to swallow. വീണവായിക്ക to play the piano. വീൎപ്പു കളക, കഴിക്ക, വിടുക, അയക്ക to breathe out. വീൎപ്പു കൊൾക, ഇടുക to take breath. വീൎയ്യം വലിപ്പിക്ക or വെപ്പിക്ക to brag. വീറു പിടിപ്പിക്ക to ask an exorbitant price. വീറു കാണിക്ക to praise up goods. അത്ര വീറു (പൊങ്ങച്ചം) കാട്ടേണ്ട, വീറു കാട്ടുക to act the grandee. വല (മീൻ) വീശുക to cast the net. വീഴവീഴ ചെയ്തു made to fall off one by one. വീഴക്ഷരം പറക superfluous talk. പറഞ്ഞുവെക്ക be sure to tell. എന്നെ വെച്ചു പോയി unconcerned about me. പുഷ്ടി (തടി) വെച്ചു grow fat, stout. ഒരു കൊല്ലം വെച്ചു passing by one year, deferring. വെച്ചു പറക to allude slightly. വെച്ചേക്ക to leave off, give up. വെടി പിഴെക്ക to missfire. വെടി പറക (പൃ പറക) idle talk (mixed up with lies). വെട്ടാവെളിച്ചം broad day light. ഇടി വെട്ടുക the lightning to strike. വെപ്പു വെക്ക to burn tiles. രണ്ടു വെയിൽ കൊണ്ടു two days'. വെയിൽ കൊൾക, കായുക expose oneself to the sun. വെയിലോടേ പോരുക to come in the heat of the day. വെറും വയററിൽ സേവിക്ക empty stomach. വെററില കീറി പകുക്ക entire disrupture of a family. വെററിലപ്പാക്കും കൊടുത്തു to confirm an agreement. വെളിയിലാക്ക to put out, release. മുഖ വെളിവു a fair happy face. നേരം വെളുക്കുക the sun to rise. നിലാവു വെളുക്കുക the moon to rise. വെള്ള കീറിക്കൊണ്ടു ഇരിക്ക, വരിക the morning to dawn. വെള്ള കയറുക to dawn, the moon to rise. വെള്ള വീശുക to show a flag of truce. വെള്ളയിൽ പാഞ്ഞു uncoloured truth. വെള്ളം കുടിച്ചു മരിക്ക to be drowned. വേണ്ടതില്ല never mind. വേർ പാകി (നിന്നൊരു വാഴ്ച) well rooted. വേർ പായുക, ഓടുക to spread. വേലി കെട്ടുക, അടെക്ക, പൊളിക്ക to make a hedge. വേഷം ധരിക്ക, കളക, അഴിക്ക, തിരിക to assume a disguise. വേളി പിടിക്ക to grow frightened, as cattle. നേരം വൈകി it is late. വൈരം കൊടുക്ക to cry aloud as women, children. വ്യവഹാരം പറക to litigate.

ശകുനം നോക്ക, പാൎക്ക to consult omens. ശണ്ഠകൾ ഇടുക to fight. ശബ്ദം ഇടുക to make noise. ശബ്ദം തിരിക to pronounce distinctly. ശബ്ദം പിഴെക്ക, ഒക്കാതെ out of

tune. ശരണം പ്രാപിക്ക to throw oneself on one's mercy. ശരിപ്പതം പോരുക to suit one's taste. ശശശൃംഗം (a hare with horns) an absurdity. ശസ്ത്രാസ്ത്രവിദ്യകൾ fencing and archery. വ്യാധിക്കു ശാന്തം വരും disease will be cured. നല്ല ശിക്ഷയിൽ ഉണ്ടു I enjoyed my meal very much. ശിപാൎശി ചെയ്ക to give a recommendation. ശീതം പിടിക്ക (ജലദോഷം) to catch a cold.

സത്യം വാങ്ങുക (ഒരുവനെക്കൊണ്ടു) സത്യം ചെയ്യിക്ക to take an oath. സന്ധികൂട്ടുക to make peace. സമയം നോക്ക to watch for an opportunity. സമയവും സത്യവും ചെയ്ക solemn promises. ചോദ്യത്തിന്നു സമാധാനം കൊടുക്ക to settle a question. സമാധാനം ആക്ക, സമാധാനപ്പെടുത്തുക to reconcile parties. ആക്ടിലേ താല്പൎയ്യത്തിന്നു സംബന്ധിക്കും comes within the provisions of the Act. ഇതിനെ നിങ്ങൾക്കു സമ്മതം ആക്കി തരാം either I shall prove it to you or get your consent for it. പള്ളിയെ പ്രതിഷ്ഠിക്ക (സംസ്കരിക്ക) to consecrate a church. സവാരിക്കു പോക to ride out. സാമാന്യം നല്ലതു (വേണ്ടതില്ല, മൈക്കില്ല) upon the whole good. എന്നു സിദ്ധം it is acknowledged. സൂചിമുനയെക്കൊണ്ടു കുത്തുവാനുള്ള നിലം കൊടുക്കുന്നില്ല not yield an inch. മരുന്നു സേവിക്ക (ചെയ്ക) to take medicine. സ്ഥിതി ചെയ്ക to settle. സ്നേഹം വീഴുക to fall in love. സ്വകാൎയ്യമായി പോക, പറക go, speak alone. സ്വകാൎയ്യക്കത്തു private letter. സ്വപ്നം കാണുക to have a dream.

ഹിതങ്ങൾ പറക to give mixed advices. ഹിതാഹിതം more or less to the point. ഹിതങ്ങളെ വിചാരിക്ക, പ്രിയാപ്രിയങ്ങളെ വിചാരിയാതെ to mind the matter, not the feelings. ഹൃദയം (കള്ളി) തുറന്നു പറക unbosom oneself. ഹൃദയം കാട്ടാതെ reserved. ഹേതുവല്ലാത്ത മനുഷ്യൻ innocent.

APPENDIX II.

Some Important Words borrowed from other Languages and being in vogue in Malayalam.

1. Syrian.

കൂദാശ one of the seven sacraments of Rome. നസ്രാണി a Nazarene, Syrian or Syro-Roman Christian. ബെസ്പ്ക്കാന the purgatory, *Nasr.* മല്പാൻ Doctor of Divinity. മശിഹാ the Messiah. മാറാൻ Lord, a large inferior yam. മാലാക an angel. മെത്രാൻ a bishop. ശ്ലീഹാ an apostle. ഇസ്ത്രി smoothing iron. ഉണ്ടിക and ഹുണ്ടിക bill of exchange. ഉറുപ്പിക rupee. കട്ടാരി dagger. കീൽ pitch. കീശ, കീസ pocket. ചിട്ടി a note, chit, document given by the Travancore Government. ചേലാ one forced to become a Muhammedan. ടപ്പാൽ post, relay of bearers. തമ്പു tent. തൊപ്പി a hat, cap. തോക്ക a gun. സാൽ a "shawl", silk.

2. Persian.

അച്ചാർ pickles. അൽമാറി almeira, wardrobe. ഉറുമാൽ handkerchief, headcloth. ഓഹരി share, part, portion. കാക്ക, കാക്കാൻ (paternal uncle, kākō maternal uncle) mother's brother. കൂജ gogglet. ഗുമസ്തൻ agent in government employ. ചവുക്ക horse-whip. ചുറുക്ക vinegar. ജീൻ a saddle, a wooden anchor. തയ്യാർ ready. ത്രാസു balance. ദർബ്ബാർ audience, hall. ദിവാൻ a minister of state, vezir's office in Cochin and Travancore. നങ്കൂരം an anchor. പേഷ്കാർ a foreman. ബന്തർ port, bunder. ബന്തോവസ്തു settlement, arrangement. ബഹാദർ champion, hero, a title. ബദാം almond, also *terminalia.* മാലിക്കാന what is due to the mālik or proprietor, when set aside from the management of his estates, annual allowance to deposed Rājas. മൈതാനം a plain, flat, open field. മോഹർ gold coin, 15 Rupees. യാദാസ്തു a memorandum, postscript. രഹദാരി collection of duties on roads, passport specifying that the duties are paid, free pass. ലഗാം a bridle. ശരാശരി from end to end. ശിപ്പായി a soldier; peon ശിപാൎശി recommendation. ശിരസ്തു office. സൎക്കാർ Government. സവാരി riding. സമാൻ apparatus, materials, baggage, things.

3. Portuguese.

ഏലം, ലേലം auction. ഒല്യന്തു plummet. കമീസ് shirt. കസേര, കസേല chair. കരിശു cross. കൊമ്പസാരിക്ക to confess. ജനവാതിൽ window. തുറുങ്കു a jail. തുവാല towel. പിന്താരിക്ക to paint. പീപ്പ cask. പോൎക്കു pig. വത്തക്ക water-melon, *Cucurbita citrullus.* വരാന്ത verandah. വസ്സി vessel, basin. വില്ലൂത്തു velvet. വിശാകരി a hinge, iron band or clamp.

4. Arabic.

